# ശ്രീവാല്മീകിരാമായണം

(വൃത്താനുവൃത്തതർജ്ജമ)

## ബാലകാണ്ഡം

VALLATHOL GRANDHALAYAM

വിവർത്തകൻ:

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

(വൃത്താനുവൃത്തതർജ്ജമ)

ബാലകാണ്ഡം

വിവർത്തകൻ:

വള്ളത്തോൾ

Digitized By Kerala Sahitya Akademi

പരിഷ്കരിച്ച മൂന്നാം പതിപ്പ്

കോപ്പി ആയിരം.

വില:

ഒരുറുപ്പിക പന്തിരണ്ടണ.

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

ആയിരത്തിഒരുന്നൂററിമുപ്പത്തിരണ്ട് വൃശ്ചികം.

1956 നവമ്പർ.

അച്ചടി:

വള്ളത്തോൾ പ്രിൻററിങ്ങ് & പബ്ലിഷിംഗ് ഹൌസ്സ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# PREFACE.

The Ramayana of Valmiki needs no introduction to the Indian reader. For wealth of imagery, loftiness of thought and purity of diction, it has no parallel in the realm of literature, either ancient or modern. Homer and Virgil, Dante and Tasso, Ariosto and Camoenes, and Milton and Goethe have, in other times and countries, tried their hands at epic poetry with varying degrees of success. But, which impartial critic has not admitted that, after all these thirty centuries and more have rolled by, the grand old saint of Aryavarta sits as secure on his throne to-day as when Lord Brahma installed him thereon as related in the second Canto of the Ramayana, and that it has not fallen to the lot of any of these giants to dislodge him from that unique eminence? His magic, as Dryden says of Shakespeare's, is one that

"Could not equalled be;

Within that circle none might walk but he."

"The merit of poetry" writes Macaulay "consists in its truth—truth conveyed to the understanding not directly by the words, but circuitously by means of imaginative associations which serve as its conductors." Judged by this standard, no poet has fulfilled his mission more worthily than Valmiki. Leave the divine element which can possibly appeal only to the Hindu, and view it, if you chose, as even a work of art, pure and simple—the Ramayana still remains grand, inimitable and supreme a faithul portraiture of all that is good and noble in man. It is, beyond doubt, the high water mark of human imagintion. Small wonder than that it guides the thoughts and shapes the conduct of the vast majority of the population of this country. It enters into the very marrow of their bones and is, unto them, alike preceptor and law. One can well understand Murari and Jayadeva when they say that it is the theme and not the poet that is responsible for the selection. Just cause has India to be proud of Valmiki and his

Digitized By Kerala Sahitya Akademi

immortal poem, and if one fact more than another has contributed to elevate the Hindu nation to higher and higher eminences from age to age, it is the presence, in their literature, of works like the Ramayana, every syllable of which breathes a spirit of the purest morality and loftiest truth.

The story of Rama has been sung by different poets to diverse tunes and in diverse ways in all the important vernacular tongues of India. The perennial fountain has been perpetually tapped with advantage. Surdas and Tulasidas, Tukaram and Kampan, Fakir Mohan Senapati and Madhusudan Dutt have made the vast illiterate massess of India familiar with the immortal teachings of the Ramayana. In our own Kerala, Kannassa Panikkar and Kerala Varma Raja have striven to do for Malayalam, what these gifted poets have done for other Indian vernaculars, and it may be observed in this connection that the work of these two writers deserves no small measure of praise. Adaptations, and abridgments, however, hardly answer the purpose of the original. A photo can never be the actual portrait of which it is a mere representation. Nor can the moon in her reflected light shine half as brilliantly as the mid-day sun. A necessity for the translation of the original itself, therefore, came to be felt and Mr. Vallathol Narayana Menon, the young and talented author of Rituvilasa, Bhashapanchatantra and other poetical works, has come to the rescue. He has done to day for his mother-tongue what Hema Chandra Vidya Ratna has done for Bengali and Mr. Srinivasa Aiyangar has done for Tamil. How much time and trouble must have been sacrificed by V. N. Menon at the altar of his self-imposed task may well be left to the reader to imagine. It is a gigantic undertaking that the gifted poet has now brought to a happy close, and the thanks of the Malayalam-speaking public are in no small measure due to him.

The very work of translation is as we all know, dreary and wearisome. That of a lengthy, and at the same time inimitable epic poem like the Ramayana may well be described as a Herculean task. That Mr. Menon should have been able to accomplish a feat of this kind in any shape is

Digitized By Kerala Sahitya Akademi

in itself sufficient praise for him. But when it is remembered that the translation is faultless and faithful and preserves with admirable grace the sublime simplicity of the original, that praise becomes incapable of measurement in words. Mr. Menon's rendering challenges comparison with any similar work hiterto undertaken in Malayalam and reflects the highest credit upon its author. That the young author might be able to produce more works of the kind and other poets might come forward to follow in his footsteps is my earnest prayer.

TRIVANDRUM,
30–3–1909.

KERALA VARMA
VALIYA KOIL TAMPURAN, C. S. I.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അവതാരിക.

കവിലോകം മുഴുവനും രാമചരിതാമൃതസാഗരത്തിൽ മുഴുകിക്കൊണ്ടാണ് കിടക്കുന്നത്. എത്രതന്നെ ചർവ്വിതചർവ്വണം ചെയ്താലും ആസ്വാദ്യതയ്ക്കു കൂടുതലല്ലാതെ കുറവുവരാത്ത വിധത്തിൽ സകല രസങ്ങളും പാകംപോലെയിണങ്ങിയിട്ടുള്ളൊരു കാവ്യം രാമായണത്തിനു ശരി രാമായണം തന്നേയുള്ളു. അക്ഷയമായ ഈ നിക്ഷേപത്തിൽ കവികൾ കൈവെപ്പാൻ തുടങ്ങിയിട്ട് കാലം വളരെച്ചെന്നിരിക്കുന്നു. ഭൂമണ്ഡലത്തിൽ ഏതെല്ലാം പരിഷ്കൃതഭാഷകൾക്ക് പ്രചാരമുണ്ടോ, ആ ഭാഷകളിലും, ആ ഭാഷകൾ നടപ്പുള്ള ദിക്കുകളിലും വാല്മീകികൃതിയായ രാമായണകഥയ്ക്ക് പ്രചാരം സിദ്ധിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ അതിശയോക്തിസ്പർശം ലേശംപോലുമില്ല.

ഒരു നൂററാണ്ടു മുമ്പ് സർ വില്യംജോൺസ് എന്ന ആംഗ്ലേയസംസ്കൃതപണ്ഡിതന്റെ ശാകുന്തളതർജ്ജമ പുറത്തുവന്നപ്പോഴാണ്, യൂറോപ്പിലുള്ള വിദ്വാന്മാർക്ക് സംസ്കൃതസാഹിത്യത്തിൽ കഴമ്പുണ്ടെന്നറിവാനിടയായത്. ഈ ആംഗ്ലേയപണ്ഡിതൻതന്നെ മനുസ്മൃതി മുതലായവയും ഇംഗ്ലീഷിലേയ്ക്ക് ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്. ആ മാന്യപുരുഷനെ പിന്തുടർന്ന് കോൾബ്രൂക്ക്, ഡോക്ടർ എച്ച്. എച്ച്. വിൽസൺ തുടങ്ങി പ്രൊഫസ്സർ മ്യാക്സ്മുള്ളർ വരേയുള്ള ഇംഗ്ലീഷുകാരും ജർമ്മനിക്കാരും മററുമായി അനേകം പേർ വേദവേദാന്തങ്ങളിലും ഇതിഹാസപുരാണങ്ങളിലും കാവ്യനാടകാദികളിലും മററു പല സംസ്കൃതഗ്രന്ഥങ്ങളിലും കടന്നു ചുഴിയുവാൻ തുടങ്ങി. അക്കാലങ്ങളിൽത്തന്നെ രാജാരാമമോഹൻ റായി, ദയാനന്ദസരസ്വതി മുതലായ വിദ്വച്ഛിരോമണികൾ ഈ ഉത്സാഹത്തിൽ പങ്കുകൊള്ളുന്നുണ്ടായിരുന്നു. എന്നാൽ ഈ ഗീർവ്വാണഭാഷാപരിമളത്തെ വഹിച്ചുകൊണ്ടു വീശിയിരുന്ന പാശ്ചാത്യവായു ഇന്ത്യയിൽ എത്തുന്നതിന്ന് എത്രയോ കാലം മുമ്പുതന്നേ ഹിമവൽസേതുപര്യന്തം നാനാമതഭേദങ്ങളോടുകൂടി പരന്നുകിടക്കുന്ന സകലഹിന്തുജാതികളും, നമ്മുടെ പൂർവ്വന്മാർ അനശ്വരമായും അപാരമായും ശേഖരിച്ചുവെച്ചിട്ടുള്ള സംസ്കൃതരത്നാകരത്തിൽനിന്ന് സ്വഭാഷാസമ്പത്തിനെ പോഷിപ്പിച്ച് ചരിതാർത്ഥന്മാരായി നിർവൃതിയെ പ്രാപിക്കുന്നുണ്ടായിരുന്നു. രമേശചന്ദ്രദത്തൻ ഇംഗ്ലീഷിൽ പദ്യരൂപമായി എഴുതിയിട്ടുള്ള രാമായ

Digitized By Kerala Sahitya Akademi

ണകഥാസംഗ്രഹം ആംഗ്ലേയന്മാക്ക് ആശ്ചര്യത്തെ ജനിപ്പിച്ചിട്ടുള്ളതുപോലെ നമ്മാക്ക് ഉപകാരത്തെ ചെയ്യുന്നില്ല. ക്രിസ്ത്വബ്ദം 1532-നും 1623-നും മധ്യേ തുളസീദാസ് വാല്മീകിരാമായണതജ്ജമ ഹിന്ദിഭാഷയിൽ ചെയ്തിട്ടുള്ളതിനു ശരി ഇതുവരെ യാതൊരു തജ്ജമയും ഉണ്ടായിട്ടില്ലെന്നു സുപ്രസിദ്ധമാണ്. രാമാനന്ദൻ, കബീർദാസ്, റായിദാസ്, ദാദു എന്നീ ശ്രീരാമഭക്തന്മാരും രാമകഥാമൃതത്തെ കവിതാവിഷയമാക്കിയിട്ടുള്ളവരാണ്. ഗരുഡപ്രതിപാദിതമായ സംക്ഷിപ്തരാമായണം, വാല്മീകിപ്രണീതങ്ങളായ ഉത്തരരാമായണം, അത്ഭുതരാമായണം, ആനന്ദരാമായണം, അഗ്നിവേശ്യരാമായണം, വ്യാസപ്രണീതമായ ബ്രഹ്മാണ്ഡപുരാണത്തിന്റെ ഉത്തരഖണ്ഡത്തിൽ ഉമാമഹേശ്വരസംവാദരൂപമായ അധ്യാത്മരാമായണം, വാസിഷ്ഠരാമായണം എന്നിങ്ങിനെ സാക്ഷാത്തായ വാല്മീകിരാമായണത്തിൽനിന്നു വ്യതിരിക്തങ്ങളായ രാമായണങ്ങളെ അടിസ്ഥാനപ്പെടുത്തി അനേകം ഗ്രന്ഥപരമ്പരകൾ കമ്പർ മുതലായ പല വമ്പന്മാരും ദ്രാവിഡഭാഷകളിൽ നിർമ്മിച്ചിട്ടുണ്ട്. ദ്രാവിഡസംഘാതത്തിൽ മലയാളികൾക്കൊഴികെ മറ്റുള്ളവക്ക് വാല്മീകിരാമായണംമൂലത്തിന്റെ മഹിമ കുറച്ചെങ്കിലും അനുഭവിച്ചറിവാൻ അവരവരുടെ ഭാഷകളിലുള്ള പ്രബന്ധവിശേഷങ്ങൾതന്നേ സഹായിക്കുന്നതാണ്.

എന്നാൽ സംസ്കൃതഭാഷയിൽ അപരിചിതന്മാരായ കേരളീയക്ക് ഭാഷാഭേദിയുടെ പ്രസാദംകൊണ്ടു 'രാമായണകഥാസാരസർവസ്വം' പലവിധത്തിലും സുലഭമായിത്തീർന്നിട്ടുണ്ടെങ്കിലും, കവിതാശാഖയിലിരുന്നു രാമനാമത്തെ മധുരമാകുംവണ്ണം കൂജനംചെയ്യുന്ന വാല്മീകികോകിലത്തിന്റെ വാങ്മാധുരിയെ ആസ്വദിപ്പാൻ പ്രസ്തുതതജ്ജമ പുറത്തുവരുന്നതുവരെ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നതായി ഞാൻ ഓക്കുന്നില്ല.

കണ്ണശ്ശരാമായണം, എഴുത്തച്ഛൻപാട്ട്, ആട്ടക്കഥ, തുള്ളൽപ്പാട്ട്, എന്നുവേണ്ട ഭാഷാത്മികകളായ പല കവിതകളും രാമചരിതാമൃതപാനംകൊണ്ടു യശോരൂപമായ ജീവനെ അവലംബിച്ചു നാടെങ്ങും പ്രചരിച്ചുപോരുന്നുണ്ട്. നവീനങ്ങളായ അനേകം കാവ്യനാടകാദികളും അതേവിഷയത്തെത്തന്നെ അധ്യാത്മരൂപമാക്കുന്നതുമുണ്ട്. അപ്രകാരമെല്ലാമാണെങ്കിലും വാല്മീകിരാമായണം മൂലത്തിന്റെ അനുഭവമാത്രഗോചരമായ മാധുര്യം കഴിയുന്നേടത്തോളം കുറവുകൂടാതെ ഭാഷയിൽ പകത്തുവാൻ എവിടെയെങ്കിലും ശ്രമം ചെയ്തിട്ടുണ്ടെങ്കിൽ, അത് ഈ നേർതജ്ജമയിൽത്തന്നെയാണ്. സാഹിത്യനഭോമണ്ഡലത്തിൽ ഏതദ്വിഷ

Digitized By Kerala Sahitya Akademi

സമുദ്യോതകങ്ങളായ അനേകം തേജഃപുഞ്ജങ്ങൾക്ക്, അതാതിന്റെ സ്ഥാനത്തിന്ന് തക്ക വലിപ്പവും പ്രകാശവുമുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ വാല്മീകിരാമായണത്തിന്റെ സ്വയംപ്രകാശം കഴിയുന്നേടം പ്രതിബിംബിപ്പിക്കേണമെങ്കിൽ വഴിപോലെയുള്ള ഒരു തർജ്ജമകൊണ്ടേ സാധിക്കയുള്ളു. ഈയൊരു ഫലം ഈ വൃത്താനുവൃത്തതർജ്ജമകൊണ്ട് സിദ്ധിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നതിൽ ഞാൻ ഒട്ടും സംശയിക്കുന്നില്ല.

ആർഷമെന്നു സിദ്ധാന്തിച്ചുപോരുന്ന ഈ ഉൽകൃഷ്ടമായ ആദികാവ്യത്തെ ഹിന്തുക്കളായ നമ്മൾ ദൈവികദൃഷ്ടികൊണ്ടും, ഇതരമതാനുയായികൾ ലൌകികദൃഷ്ടികൊണ്ടുമാണ് പ്രധാനമായി പാരായണംചെയ്തുപോരുന്നത്. ആര്യപുരാതനന്മാരുടെ ആചാരനടപടികളും പരിഷ്കാരവും ഭേദപ്പെട്ടുവന്നിരുന്ന കാലക്രമത്തെയും, അവരുടെ ദേശാന്തരപ്പകർച്ചയുടെ ക്രമത്തെയും തീരുമാനിക്കുന്നതായി വിചാരിച്ചുപോരുന്ന ചരിത്രഗ്രന്ഥങ്ങളിൽ പ്രതിപാദിതങ്ങളായ സംഗതികളോടു, പുരാണപ്രസിദ്ധങ്ങളെന്നും ആർഷമെന്നും നാം വിതർക്കംകൂടാതെ പ്രമാണിച്ചുപോരുന്ന വിഷയങ്ങളെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇതെല്ലാം അസംബന്ധങ്ങളും അസംഭാവ്യങ്ങളുമാണ്, ചരിത്രകർത്താക്കന്മാർ കാണുന്നതെന്നു കല്പം കണക്കമില്ല. ബ്രാഹ്മം തുടങ്ങിയ പതിനെട്ടു പുരാണങ്ങൾക്കും, കാപിലാദി പതിനെട്ട് ഉപപുരാണങ്ങൾക്കും മൂലമായിട്ടുള്ളത് മഹാഭാരതമാണെന്നോ, ഭാരതരാമായണങ്ങൾതന്നെ വെറും കെട്ടുകഥകളാണെന്നോ, ആര്യചരിത്രപ്രതിധ്വനിയുടെ ലാഞ്ഛന മാത്രമല്ലാതെ ആയവയിൽ യാതൊരു വാസ്തവവുമില്ലെന്നോ, രാമായണനിർമ്മാണം ക്രിസ്ത്വബ്ദാരംഭത്തിന്ന് അഞ്ഞൂറുവർഷം മുമ്പാണെന്നോ, രാമായണാന്തർഗ്ഗതമായ കാലം മഹാഭാരതകാലം കഴിഞ്ഞിട്ടാണെന്നാണ് ചരിത്രദൃഷ്ടികൊണ്ടു കാണുന്നതെന്നോ, രാമരാവണയുദ്ധം ഭാരതയുദ്ധത്തിനുശേഷമാണെന്നോ, രാമായണം ഇരുപത്തിനാലായിരം ഗ്രന്ഥവും കടഞ്ഞു സത്തെടുത്താൽ ആര്യന്മാരുടെ ദക്ഷിണഖണ്ഡത്തിലെയ്ക്കുള്ള പുറപ്പാടും വാനരപ്രായന്മാരായ ദാക്ഷിണാത്യവനചരന്മാരുടെ സഹവാസവും ആര്യന്മാർക്ക കൃഷിവേലയിലുള്ള പരിചയവും ആര്യവിരോധികളുടെ പരാജയവും മാത്രമേ തെളിഞ്ഞുകിട്ടുന്നുള്ള എന്നോ, ഋഗ്വേദത്തിൽ കരിച്ചാല് എന്നർത്ഥത്തിൽ കൃഷിദേവതയായി വർണ്ണിച്ചിരിക്കുന്ന സീതാദേവിയേയും, കാശിരാജാവായ അജാതശത്രുവിന്റെ സമാനകാലീനനും കൃഷ്ണയജുശ്ശാഖയായ ശതപഥബ്രാഹ്മണകർത്താവും വിദേഹപതിയുമായ ജനകമഹാ

Digitized By Kerala Sahitya Akademi

രാജാവിനെയും വാല്മീകിമഹൎഷി സ്വകപോലകല്പിതമായ കാവ്യത്തിൽ കൊണ്ടുവരുവാൻവേണ്ടി വേഷംകെട്ടിച്ചതാണെന്നോ കേൾക്കുന്നതു സാമാന്യക്കാരുടെ ചെവിക്കു പുത്തരിയായിരിക്കും; പുരാണപാരായണത്തിൽ പരമസക്തന്മാരായ സനാതനന്മാൎക്കു കൎണ്ണകഠോരവുമായിരിക്കും. പുരാണാദികളുടെ ഏകകൎത്തൃത്വം, ശ്രൌതസ്മാൎത്തധൎമ്മസൂത്രാദികളിൽ മഹാഭാരതകഥാസൂചനകളുള്ളതുപോലെ മററുള്ളതിനെ തൊട്ടുകാണുന്നില്ലെന്നുള്ള സംഗതി മുതലായ കാരണങ്ങളുടെ യാഥാൎത്ഥ്യത്തെയും പ്രാമാണ്യത്തെയും വഴിപോലെ പൎയ്യാലോചിച്ചു മേൽപ്പറഞ്ഞ സിദ്ധാന്തങ്ങളുടെ ഗുണദോഷവിവേചനം ചെയ്യുവാനുള്ള പ്രയത്നത്തിന്നു തക്ക പ്രയോജനമൊന്നും കാണുന്നില്ല. അതിനാൽ ഐഹികവും ആമുഷ്മികവുമായ ശ്രേയസ്സാധനത്തിന്നൊരു നിസ്തുലമാൎഗ്ഗമെന്നു കരുതിപ്പോരുന്ന രാമായണമഹാകാവ്യത്തിൽ ഹിന്ദുക്കൾക്കു പണ്ടേയുള്ള വിശ്വാസദാൎഢ്യത്തെ അടിസ്ഥാനപ്പെടുത്തി, അപ്രകാരമുള്ള വിശ്വാസധോരണിയെ തടയുന്നതായി ആന്തരങ്ങളായ വല്ല പൂൎവ്വാപരവിരോധങ്ങളും യുക്തിഭംഗങ്ങളും പ്രസ്തുതഗ്രന്ഥപരമ്പരയിൽ കാണുന്നുണ്ടോ എന്നും, കഥാപുരുഷന്മാരിൽവെച്ചു ഓരോരുത്തർ ഏതൊരു പാത്രമാണു വഹിക്കുന്നതെന്നുമുള്ള വിചിന്തനമാകുന്ന ശാണോല്ലേഖനംകൊണ്ടു സൎവ്വോൽക്കൎഷേണ വൎത്തിക്കുന്ന കാവ്യരത്നത്തെ ഉത്തരോത്തരം തെളിയിക്കുവാൻ വേണ്ട പരിശ്രമമായിരിക്കും, ഉത്തമവും ഉപകാരവുമായിരിക്കുക.

അവതാരപുരുഷനായ ശ്രീരാമനെ നായകനാക്കി നിരൂപണം ചെയ്യുമ്പോൾ നരാംശമായിട്ടോ ഈശ്വരാംശമായിട്ടോ അതോ രണ്ടും കൂട്ടിക്കലൎത്തിക്കൊണ്ടോ പരിഗണനം ചെയ്യേണ്ടതെന്നാകുന്നു ഒന്നാമതായി വിചാരിപ്പാനുള്ളതു്. ചെയ്യുവാനും, ഇല്ലായ്മചെയ്യുവാനും, മററൊരുവിധത്തിൽ ചെയ്യുവാനും ശക്തനായ സൎവ്വേശ്വരൻ തന്നെയല്ലേ സൎവ്വചരാചരങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു മൂലകാരണം? അങ്ങിനെയിരിക്കേ, ഈശ്വരാംശഭൂതന്മാരായ കേവലമനുഷ്യനും അവതാരപുരുഷനും തമ്മിൽ വ്യത്യാസമെന്തുകൊണ്ടാകുന്നുവെന്നാണെങ്കിൽ, മനുഷ്യജന്മത്തിന്റെയും അവതാരത്തിന്റെയും കാരണങ്ങൾ രണ്ടും രണ്ടാകുന്നു. കേവലമനുഷ്യർ ജന്മജന്മാന്തരങ്ങളെ വഹിക്കുന്നതു കൎമ്മാധീനതകൊണ്ടു മാത്രമാണു്; അല്ലാതെ പരാൎത്ഥമായി യാതൊരു കാൎയ്യത്തെയും ഉദ്ദേശിച്ചിട്ടല്ല. അവതാരമെന്നതു ദേവന്മാരുടെ—വിശേഷിച്ചു് വിഷ്ണുവിന്റെ—പൂൎണ്ണാംശാവേശരൂപമായി മൎത്ത്യന്തരേണ ഭൂമിയിങ്കലുള്ള

Digitized By Kerala Sahitya Akademi

അവതാരമാകുന്നു. ദുഷ്ടനിഗ്രഹശിഷ്ടപരിപാലനാദി ധൎമ്മസംസ്ഥാപനാദിയുമാകുന്നു അവതാരത്തിന്റെ ഉദ്ദേശ്യങ്ങൾ; അധൎമ്മത്തിന്റെ ആധിക്യം അതിന്നുള്ള കാരണവുമാകുന്നു. എന്നാൽ മനുഷ്യാവതാരത്തിൽ അവതാരപുരുഷനും നരജന്മത്തെ അംഗീകരിക്കുന്നതുകൊണ്ടും, അവതാരപുരുഷന്നു സാധാരണമനുഷ്യശക്തിയിൽനിന്ന് അതിരിക്തയായൊരു ശക്തിമാത്രം വ്യക്തിപ്പെടാത്തപടി കല്പിക്കുന്നതായാൽ രാമായണപ്രതിപാദിതങ്ങളായ സകലസംഭവങ്ങളും അനായാസേന സാധൂകരിക്കാവുന്നതുകൊണ്ടും കാലഭേദത്തെ അനുസരിച്ചു മനുഷ്യരിൽ സാമാന്യമായി കാണുന്ന ശക്തിയിൽനിന്നു വിശേഷമായൊരു ശക്തി ഉത്തമനായകന്റെ നിലയിൽ ശ്രീരാമനു കല്പിക്കുന്നതായാൽ അതുകൊണ്ടുതന്നെ ധാരാളം മതിയാകുന്നതാണ്. ത്രേതായുഗത്തിങ്കൽ വൎത്തിച്ചിരുന്ന ജനങ്ങളിൽ നിൎമ്മാനം ഉണ്ടാകുവാൻ വയ്യാത്ത ഗുണഗണങ്ങൾ യാതൊന്നും ശ്രീരാമനിൽ ആരോപിക്കേണ്ട ആവശ്യമില്ല; എന്നാൽ കലിയുഗത്തിലെ തോതു പിടിച്ചു ത്രേതായുഗത്തെ അളക്കുന്നതു് യുക്തവുമല്ല. സാധാരണ ലോകവ്യവഹാരത്തിൽ അമാനുഷനെന്നു പറയുമ്പോൾ, അതാതു കാലത്തെ അനുസരിച്ചു സാധാരണക്കാരനല്ലെന്നു മാത്രമേ അൎത്ഥം വിവക്ഷിക്കാവുള്ളൂ. ആയതുകൊണ്ടു ശ്രീരാമനെ ഒരു നരനായകശ്രേഷ്ഠന്റെ നിലയിൽ നിരൂപണം ചെയ്യുവാനാണ് ന്യായം കാണുന്നതു്. അല്ലെങ്കിൽ ദേവാംശസംഭൂതന്മാരായ വാനരാദികളെയും അപ്രകാരംതന്നെ ഗണിക്കേണ്ടതായിവരും. നരനിൽ നരത്വേനയും, വാനരരിൽ വാനരത്വേനയും ഉള്ള ബോധം നശിച്ചു് അവരെ വെറുംനടന്മാരെന്നു വിചാരിക്കുന്നതായാൽ, അതോടുകൂടി കാവ്യത്തിൽ വൎണ്ണിക്കപ്പെടുന്ന പാത്രങ്ങളുടെ ദശാന്തരങ്ങൾക്കു് അനുഗുണമായി വായനക്കാരുടെ മനസ്സിൽ ഉദിക്കുന്ന രസങ്ങളുടെ ജീവൻ പകുതിപ്പെട്ടുപോകുന്നു. കപടപുരുഷന്മാരുടെ സന്തോഷദശയിലും, സന്താപദശയിലും നമ്മുടെ മനസ്സിന്റെ ഗതിക്കു വളരെ വ്യത്യാസമൊന്നും ഉണ്ടാകുന്നില്ല. അവരുടെ പരാക്രമങ്ങളിൽ ബഹുമതിയും ചുരുങ്ങുന്നു. അങ്ങിനെവരുന്ന സമയം രസാത്മകമായ കാവ്യമെവിടെ? രാമായണമെവിടെ? ഈയൊരവസ്ഥ രാമായണത്തിന്നു വരുന്നതുമല്ല; വരുത്തിക്കൂട്ടേണ്ടുന്ന ആവശ്യവുമില്ല. അനേകവും അപൂൎവ്വവുമായ ഗുണഗണത്തോടുകൂടിയ ഒരു നരശ്രേഷ്ഠനായിട്ടാണ്, നാരദൻതന്നേ ശ്രീരാമനെക്കുറിച്ചു് വാല്മീകിയോടുപദേശിച്ചിട്ടുള്ളതു്.



Digitized By Kerala Sahitya Akademi

* 'അനേകവും ദുർല്ലഭവുമാണെ നീ ചൊന്ന നന്മകൾ
മുനേ! ജ്ഞാത്വാതുചൊല്ലാം, കേൾവയുള്ള മനുഷ്യനെ.'

റെവം ആകാശത്തിൽ കിടന്നുതിരിയുന്ന രഥചക്രങ്ങൾക്ക ഭൂതലസ്പർശമില്ലെങ്കിൽ രഥത്തിന്നും മുന്നോട്ട് ചലനം ഉണ്ടാകാത്തതുപോലെ, അധർമ്മസമ്പർക്കമില്ലെങ്കിൽ ധർമ്മത്തിന്നും ഉൽഗ്ഗതി ഉണ്ടാകുന്നതല്ല. എന്നാൽ ചക്രങ്ങൾ ചളിയിൽ ആണ്ടുപോയാലും രഥത്തിന്ന ഗതിയില്ലാതാകുന്നു. അപ്രകാരംതന്നെ അധർമ്മപ്രാബല്യംകൊണ്ടും ധർമ്മനിരോധം വന്നുകൂടുന്നു. ഈ അവസരത്തിൽ അധർമ്മനിരോധം ചെയ്തു ധർമ്മത്തെ വഴിപോലെ നടത്തുവാൻ ഒരു ശക്തിവിശേഷം അത്യന്താപേക്ഷിതമായിത്തീരുന്നു. അധർമ്മരൂപിയായ രാവണനെക്കൊണ്ടു ധർമ്മത്തിന്നു ഗ്ലാനിവന്ന സമയത്ത് ലോകഹിതത്തിന്നായി മഹാവിഷ്ണു

..........................................................................

ക്രൂരനെദ്ദുഷ്ടനെക്കൊന്നു ദേവർഷിഭയകാരിയെ
പതിനായിരമാണ്ടും ഞാൻ പത്തുനൂറാണ്ടുമങ്ങിനെ
ഇപ്പാർത്തലത്തെയും കാത്തു മർത്ത്യലോകത്തു പാർത്തിടാം'

എന്ന് അധർമ്മനാശത്തെയും, ധർമ്മപ്രതിഷ്ഠയ്ക്ക് വേണ്ട കാലത്തെയും വ്യക്തമാക്കി

'ഒത്തുകൂടിയ ധർമ്മിഷ്ഠന്മാരാം നാരോടൊക്കെയാത്തിനാൻ.'

സർവ്വശക്തനായ ഭഗവാൻ പാർത്ഥലത്തിങ്കൽ പാകിയ ധർമ്മബീജത്തിൽ നിന്നുണ്ടായി സീതാലതയാൽ ചുററപ്പെട്ട്, ലക്ഷ്മണനാകുന്ന നാരായവേരോടുകൂടി വളർന്നുവന്ന രാമവൃക്ഷത്തിലും, അതിനെ ആശ്രയിച്ച് പടർന്നു പിടിച്ച സുഗ്രീവാദിശാഖാമൃഗശാഖോപശാഖകളിലുമാണ് ദേവകൾക്ക് ലഭിച്ച വരത്തിൻെറ ഫലോദയം ഉണ്ടായതെന്നല്ലാതെ, ആ വൃക്ഷത്തിൻെറ നിഴലിലിരുന്ന് ഫലാസ്വാദനം ചെയ്ത് സുഖമനുഭവിക്കുന്ന ജനങ്ങൾക്ക് മറവിലിരിക്കുന്ന കാതലിനെ കുറിച്ച് ചിന്തിക്കേണ്ടുന്ന അവകാശം ലേശംപോലുമുള്ളതായി തോന്നുന്നില്ല.

രാമായണാന്തർഗ്ഗതമായ കഥാബന്ധത്തിൻെറ സ്മരണം ഏതൊരു സമയത്ത് നമ്മുടെ മനസ്സിൽ ഉദിക്കുന്നുവോ, ആ ക്ഷണത്തിങ്കൽ സീതാലക്ഷ്മണസഹിതനായ ശ്രീരാമനേയും, മാരുതി മുമ്പായ വാനരന്മാരേയും, എതിരായിട്ട് രാവണാദിരാക്ഷസകുലത്തെയുമാണല്ലോ നമ്മുടെ

---

* പുനഃപരിശോധനയിൽ തിരുത്തിയതിനാൽ മിക്ക ശ്ലോകങ്ങൾക്കും മാററം വന്നിട്ടുണ്ട്—പ്രസാധകർ.

Digitized By Kerala Sahitya Akademi

മനോദർപ്പണത്തിൽ പ്രധാനമായി പ്രതിഫലിച്ചുകാണുന്നത്. ഇതിനുള്ള കാരണം, അതാതാളുകൾക്ക് പ്രത്യേകങ്ങളായ സ്വഭാവവിശേഷങ്ങളാണെന്നും പറയേണ്ടതില്ല. നിബിഡമായ അന്ധകാരവും, മധ്യാഹ്നസൂര്യപ്രകാശവും തമ്മിൽ എത്രകണ്ട് അന്തരമുണ്ടോ, അതിലൊരു മാറ്റു കൂടി കടന്ന നിലയിലാണ്, രാവണാദിനിശാചരന്മാരുടെ സ്വഭാവങ്ങളിലിനിന്നും രാമാദിധർമ്മരാശികളുടെ സ്വഭാവനൈർമ്മല്യവും ഭേദിച്ചു നില്ക്കുന്നത്. എന്നാൽ നിശയിങ്കൽ ശശലാഞ്ഛനനെങ്ങിനെയോ, അങ്ങിനെയാണ് നിശാചരവർഗ്ഗത്തിൽ വിഭീഷണൻ പ്രകാശിക്കുന്നത്. അതുകൊണ്ട് വിഭീഷണനെക്കൂടി രാമാദികളുടെ കൂട്ടത്തിൽ ഗണിക്കുന്നതിൽ ഔചിത്യവിരോധമൊന്നും വരുവാനില്ല.

'ധർമ്മങ്ങളൊക്കവേ കെടുപ്പാൻ പരസ്ത്രീരതിയുള്ളവൻ'

എന്ന് ജഗദ്രാവണനായ രാവണനെക്കുറിച്ചും, ഭൂതഭാവിഷ്യത്തുകളെ ഉദ്ഭാവിപ്പിച്ചും വാല്മീകി വർണ്ണിച്ചിട്ടുള്ളതിനെ

'പ്രമത്തൻ കാമഭോഗത്തിൽ സ്വതന്ത്രൻ തടവററവൻ
അറിയേണ്ടും കടുഭയം പിണഞ്ഞതറിവീല നീ.
ഗ്രാമ്യഭോഗരതൻ ലുബ്ധൻ തോന്നിവാസി മഹീശനെ
മാനിക്കയില്ലാ ചുടലത്തീയിനെപ്പോലെ നാട്ടുകാർ.
താന്താൻ കാര്യങ്ങളെക്കാലേ ചെയ്തുവെയ്ക്കാത്ത മന്നവൻ
അക്കാര്യങ്ങളോടും രാജ്യത്തോടും കൂടി മുടിഞ്ഞുപോം.
ക്രൗര്യം, മേനിക്കൊട്ടക്കാഴ്ച, ഗർവ്വം, ശാഠ്യം, പ്രമാദവും
ചേരും ഭൂപനെയാപത്തിലാരുമേ പിന്തുണച്ചിടാ.
തള്ളിച്ച, മല്ല, കൈക്കൊളംകരുതക്കാനില്ലായ്ക, ശുണ്ഠിയും
ചേരും ഭൂപനെയാപത്തിലാരുമേ പിന്തുണച്ചിടാ.
ഏതു രാജാവപ്രമത്തൻ സർവ്വജ്ഞൻ വിജിതേന്ദ്രിയൻ
കൃതജ്ഞൻ ധർമ്മചാരനാ രാജാവുമതുമേറെനാൾ.'

എന്നു വ്യാഖ്യാനിച്ചുകൊണ്ടാണോ, ശൂർപ്പണഖ രാവണഗർഹണം ചെയ്യുന്നതെന്ന് തോന്നും. വരബലംകൊണ്ട് ഗർവ്വിഷ്ഠനും, പരസ്ത്രീസക്തനും അധർമ്മനിരതനുമായ രാവണന്റെ ക്രൂരകൃത്യങ്ങളും ചാപല്യങ്ങളും സീതാപഹരണത്തിന്നായി മാരീചസാഹായ്യത്തെ പ്രാർത്ഥിക്കുന്നതുമുതൽ മരിക്കുന്നതുവരേയുള്ള ഓരോ പ്രവൃത്തികളിൽനിന്നും വാക്കുകളിൽനിന്നും കരതലാമലകംപോലെ തെളിഞ്ഞു കാണാവുന്നതാണ്.

'ധാരാളമുണ്ടാം രാജാവേ, നിത്യം പ്രിയമുരപ്പവർ
അപ്രിയം പത്ഥ്യമോതുന്നോൻ കേൾക്കുന്നോനും ചുരുക്കമാം'

Digitized By Kerala Sahitya Akademi

എന്ന മാരീചവചനത്തെ ചാകാൻപോകുന്ന രോഗി ഔഷധത്തെയെന്ന പോലെ കൈക്കൊണ്ടില്ലെന്നു മാത്രമല്ല,

'മൃത്യുദ്വാരമിതാരോതിത്തന്നു ലാക്കിൽ നിനക്കഹോ'

എന്ന് പിന്നേയും പ്രിയംനോക്കാതെ പാരുഷ്യത്തെത്തന്നേ പിടിച്ചുകൊണ്ട് മാരീചൻ ചോദിച്ചത് കേട്ട് രോഷത്തെ കൈക്കൊള്ളുകകൂടി ചെയ്യുവെങ്കിലും,

'എന്തൊന്നു ചെയ്യാനെളുതാമേറ്റം ദുഷ്ടാത്മ നിങ്കൽ മേ?
ഇതാ, ഞാൻ പോകയായ് താത ശുഭമാക നിശാചര!'

എന്ന് അനുവദിച്ചുപറഞ്ഞ താമസം, സന്തോഷിച്ച് മാരീചനെ കെട്ടിപ്പുണർന്ന രാവണന്റെ ചാപലൃത്തിൽ അത്ഭുതപ്പെടുന്നതിനെക്കാൾ മാരീചന്റെ ധൈര്യത്തേയും സൽബുദ്ധിയേയുമാദരിക്കുകയാണ് ചെയ്യേണ്ടത്.

ഹനുമാൻ ലങ്ക ചുട്ട് ചൂഡാമണിയും കൊണ്ട് നിർഗ്ഗമിച്ചതിനു ശേഷമുണ്ടായ രാവണമന്ത്രാവസരത്തിൽ പരിഘപട്ടസപ്രാസശൂലാദികളായ ആയുധങ്ങളോടുകൂടി ക്രുദ്ധന്മാരായി

'കൊല്ലാം ലക്ഷ്മണസുഗ്രീവരൊത്ത രാമനെയിപ്പൊഴേ
ലങ്കയെദ്ധർഷണം ചെയ്ത സാധുവാം ഹനുമാനെയും.'

എന്നു ഘോഷിച്ചുകൊണ്ടെഴുന്നേററ നികുംഭരഭസവീരുപാക്ഷയൂപാക്ഷാദിരാക്ഷസപ്രവീരരെ വിലക്കി കൈ രണ്ടും കൂപ്പിത്തൊഴുത് വീണ്ടുമിരുത്തിക്കൊണ്ടാണ് വിഭീഷണന്റെ പ്രധാനരംഗപ്രവേശം. രാവണാനുജനായ വിഭീഷണൻ ശത്രുപക്ഷത്തിൽ ചേർന്നത് യുക്തമാണോ എന്ന ശങ്കയ്ക്ക് സത്യവിക്രമനായ ശ്രീരാമൻ പറഞ്ഞിട്ടുള്ള മറുപടിതന്നെയാണ് ശരിയായ സമാധാനം.

'ഒന്നുണ്ടിതിൽ മററാസ്വസ്ഥ്യം തോന്നുന്നുണ്ടിതെനിക്കെടോ!
പ്രത്യക്ഷമോ ലൌകികമോ മന്നോക്കാക്കയുമുള്ളതാമ്.
ശേഷക്കാരരത്രാജാക്കളെന്നീശ്ശത്രുക്കളൊന്നുപോൽ
ആപത്തിൽ പ്രഹരിക്കുന്നോരതിനാൽ വന്നതാണിവൻ.
ചെയ്യും സത്തുക്കൾ ശേഷക്കാർ ഹിതം സജനപൂജനം
ഇവൻ പ്രായേണ ദുഷ്ടർക്കു ശങ്ക്യനാം ശിഷ്ടനാകിലും.

*　　　*　　　*　　　*

ഭ്രാതാക്കളൊക്കയും താത ഭരതോപമരാകുമോ
അച്ഛനു മക്കളെന്മട്ടും കുറവുകാർ നിൻതരത്തിലും.'

Digitized By Kerala Sahitya Akademi

ശ്രീരാമനെ ശരണം പ്രാപിച്ചതിൽപ്പിന്നെ ശിഷ്യനായ വിഭീഷണന്നു് പ ത്ഥ്യം വിട്ടു് പ്രിയം പറയേണ്ടുന്ന ആവശ്യം ഒരിയ്ക്കലും വന്നിട്ടില്ല. രാമാദികാംക്കു് ഒരിയ്ക്കലും ശങ്ക്യനമായിത്തീന്നിട്ടില്ല. താൻ ജ്യേഷ്ഠഭ്രാതാവിനെ ഉപേക്ഷിയ്ക്കുവാനുള്ള ഹേതു വിഭീഷണൻ ഇന്ദ്രജിത്തിനോടു് പ്രത്യക്ഷമായിപ്പറഞ്ഞിട്ടുള്ളതു് ശ്ലോകക:

'പരദ്രവ്യാപഹരണം, പരദാരാഭിമശനം,
സുഹൃദാരിലതിശങ്കാ, ത്രിദോഷാഃക്ഷയാവഹാഃ.'

വാസ്തവത്തിൽ വിഭീഷണന്നു് ഭ്രാതൃസ്നേഹമില്ലെന്നല്ല; രാമനിജ്ജിതനായി മരിച്ചുകിടക്കുന്ന സഹോദരനെ കണ്ടിട്ടു്,

'* അല്ലൽത്തള്ളലുറത്തിങ്ങി വിലപിച്ചു വിഭീഷണൻ.

എന്നുമാത്രമല്ലാ

'ഇങ്ങോർ മററാതാപസനാഹിതാഗ്നി ഭേദാന്തവിത്തുത്തമകമ്മശൂരൻ;
പണ്ടെതപ്പമാനോരിവനൊത്ത കൃത്യം ഞാൻ ചെയ്തുകൊള്ളട്ടെ തവ
പ്രസാദാൽ.'

എന്നു പറഞ്ഞതിൽനിന്നു് വിഭീഷണന്റെ മനശ്ശുദ്ധി തെളിഞ്ഞു കാണുന്നു്.

'സലിലമംഭോധി കടന്നു സീതാമാൽത്തിരഞ്ഞിട്ടുകൊണ്ടെതന്നേ
ലങ്കാപുരം ഭസ്മീകരിച്ചോരാഞ്ജനേയനു കൈകൂപ്പി വണങ്ങിടുന്നേൻ.'

ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠനായി വാനരയൂഥമുഖ്യനായ ശ്രീരാമദൂതനെന്ന പേരു കേൾക്കുമ്പോൾ ഹനുമാനെയല്ലാതെ മററാരെയും ഓമ്മ വരുന്നതല്ലല്ലോ.

'യഥോക്തവാദീ ദൂതഃ സ്യാദ്ദേശഭാഷാവിശാരദഃ
ശക്തഃ ക്ലേശസഹോ വാഗ്മീ ദേശകാലവിഭാഗവിൽ.'
'വിജ്ഞാതദേശകാലശ്ച ദൂതഃ സ്യാൽ സ മഹീക്ഷിതഃ
വക്താ നയസ്യ യഃ കാലേ സ ദൂതോ നൃപതേർഭവേൽ.'
'ദൂതംചൈവ പ്രകുവ്വീത സവ്വശാസ്ത്രവിശാരദം
ഇംഗിതജ്ഞം തഥാ സത്യം ദക്ഷം സൽകുലസംഭവം.
അനുരക്തശ്ശുചിർദ്ദക്ഷഃ സ്മൃതിമാൻ ദേശകാലവിൽ
വപുഷ്മാൻ വീതഭീവ്വാഗ്മീ ദൂതോ രാജ്ഞഃ പ്രശസ്യതേ.'

ഈ പ്രമാണത്തെ അനുസരിച്ചു ദൌത്യത്തിനു സവ്വപ്രകാരേണ അഹനായിട്ടുള്ള മററാതാവും ഹനുമാൻതന്നെയാണു്. യുദ്ധം കഴിഞ്ഞു വിഭീഷണസൽക്കാരവുമേററു് അയോദ്ധ്യയ്ക്കു തിരിച്ചുപോരുംവഴി ഭരദ്വാജാശ്രമത്തിൽ താമസിച്ചു, പിന്നെ വേണ്ടകായ്യം ആലോചിച്ചു കൂട്ട

Digitized By Kerala Sahitya Akademi

ത്തിൽ, പോകുംവഴി ഗുഹനെക്കണ്ടു് അയോധ്യയിലെ വർത്തമാനവും അറിഞ്ഞു വേഗത്തിൽ വരുവാനും ഭരതനെ വിവരം അറിയിപ്പാനും ആരെയാണയയ്ക്കേണ്ടതെന്നു ശ്രീരാമനു യാതൊരു സംശയവുമുണ്ടായില്ല. ഹനൂമാനെപ്പോലെ സ്വാമിഭക്തിയുള്ള ഒരുവന്നു് ഇപ്രകാരമുള്ള വിശ്വാസവും സ്നേഹവും സ്വാമിയിൽനിന്നു ലഭിയ്ക്കുന്നതു ആശ്ചര്യമല്ലല്ലോ. ശ്രീരാമന്റെ പട്ടാഭിഷേകദിവസം സീതാദേവി കഴുത്തിൽനിന്നു ഹാരത്തെ ഊരി അഭിപ്രായത്തോടുകൂടി ഭർത്താവിനെ നോക്കിയപ്പോൾ,

'കൊടുക്കു സുഭഗേ, ഹാര, മാരിൽ നിൻ തുഷ്ടി ഭാമിനി,
പൌരുഷം വിക്രമം ബുദ്ധിയിതെല്ലാമാർക്ക്, വന്നതാൻ.'

എന്നു് ഇംഗിതമറിഞ്ഞ ശ്രീരാമൻ പറഞ്ഞ ക്ഷണത്തിൽ യാതൊരു സംശയവും കൂടാതെ

'ആ മുത്തുമാലയക്കന്നൽക്കണ്ണി വായുജനേകിനാൾ—'

തൽസമയത്തു ഹനൂമാനു രോമകൂപംതോറുമുണ്ടായ പുളകവും മുഖഭാവവും നമ്മാലാലോചിയ്ക്കാവുന്നതാണു്.

'മയ്യേവ ജീർണ്ണതാം യാതു യത്ത്വയോപകൃതം കപേ:
നരഃ പ്രത്യുപകാരാർത്ഥീ വിപത്തിമുപകാംക്ഷതേ.'

എന്നു ശ്രീരാമൻ ഹനൂമാനെ യാത്രയയപ്പിയ്ക്കുമ്പോൾ പറഞ്ഞതായിട്ടു് ഒരു കവി വർണ്ണിച്ചിട്ടുള്ളതിൽ ഒതുങ്ങിയിരിയ്ക്കുന്ന സാരം ഹനൂമാൻതന്നെ വ്യാഖ്യാനിച്ചേ മതിയാകയുള്ളു.

'ലക്ഷ്മണൻ ലക്ഷ്മി വാച്ചിപ്പോൻ ബാല്യംതൊട്ടേററമിഷ്ടനായ്
ലോകാഭിരാമനാം രാമജ്യേഷ്ഠഭ്രാതാവിലെപ്പൊഴും;
മുററം പ്രിയം ചെയ്യുവനാ രാമനും ചെയ്യിനപ്പുറം
ബോധിട്ടാജ്ഞയിൽപോലായീ ലക്ഷ്മണൻ ലക്ഷ്മിയാണവൻ.'

അപ്രകാരമുള്ള ലക്ഷ്മണന്റേയും,

'ഇതാ എന്മകളാം സീതയങ്ങേക്കു സഹധർമ്മിണി
വാങ്ങിയ്ക്കുകിവളെബ്ഭദ്രം കൈ പിടിയ്ക്കുക കയ്യിനാൽ,
നിഴൽപോലേ മഹാഭാഗ സതി പിന്തുടരും സദാ'

എന്നു് അഗ്നിസമക്ഷത്തുവെച്ചു പറയത്തക്കവണ്ണം ജനകമഹാരാജാവിനു വിശ്വാസത്തെ ജനിപ്പിച്ചിട്ടുള്ള സീതയുടെയും, സകലഗുണസമ്പന്നനായ രാമദേവന്റെയും ഗുണഗണങ്ങളെ വർണ്ണിച്ചൊടുക്കുകയെന്നുവെയ്ക്കേണ്ട, വർണ്ണിയ്ക്കുവാൻ തുടങ്ങുന്നതുപോലും സാഹസമാകും. രാമായണം വായിയ്ക്കുവാൻപോകുന്നവരോടും, വായിച്ചിട്ടുള്ളവരോടും സീതയാം

Digitized By Kerala Sahitya Akademi

രെന്നോ, രാമനാരെന്നോ, സീതയ്ക്കു രാമനാരെന്നോ പറവാൻ തുടങ്ങുന്നതു് അവിവേകവും അനാവശ്യവുമായിരിക്കും.

'രാമൻ പിരിഞ്ഞതീ നഗരി ശോഭിക്കുന്നീല തെല്ലുമേ
ഗരുഡൻ ഉഗ്രസർപ്പത്തെ ഹരിച്ച പുഴ പോലവേ.
ചന്ദ്രനറ്റംബരംപോലെ തണ്ണീരറ്റാഴിപോലെയും
ആനന്ദം കെട്ട നഗരം കണ്ടാർ മതിമറന്നവർ.'

അയോദ്ധ്യാപുരി ഇപ്രകാരമുള്ള അവസ്ഥയിലാക്കിവിട്ടു വീണ്ടും ശ്രീരാമൻ ആ പുരിയിൽ പ്രവേശിച്ചപ്പോൾ,

'അമാത്യരും ബ്രാഹ്മണരും പൌരരും ചൂഴെനില്ക്കവേ
സോമൻ താരങ്ങളാൽപ്പോലേ രാമൻ ശ്രീകൊണ്ടു മിന്നിനാൻ.'
'രാമൻ രാമൻ രാമ'നെന്നായു് സംസാരം പ്രജകൾക്കഹോ.

അയോദ്ധ്യയുടെ ഈ ദശാന്തരങ്ങൾക്കു മദ്ധ്യേയുള്ള പതിന്നാലുസംവത്സരം, ശ്രീരാമന്റെ ആയുഷ്ക്കാലമായ പതിനോരായിരം സംവത്സരത്തിൽ എത്രയോ തുച്ഛമായ ഒരു ഭാഗമാണെങ്കിലും, രാമചരിതത്തിന്റെ ജീവൻ മുഴുവനും ഈ അല്പകാലത്തിന്റെ ഉള്ളിലാണിരിക്കുന്നതു്. ഇതിനിടയ്ക്കാണു് പ്രധാനങ്ങളായ മിക്ക സംഭവങ്ങളും നടന്നിട്ടുള്ളതു്. വിശ്വാമിത്രന്റെ യാഗരക്ഷയ്ക്കായി ആയുധം ധരിച്ചപ്പോൾ ബ്രഹ്മചര്യം അവസാനിച്ചതായി വിചാരിക്കണം. ശ്രീരാമൻ സീതയെ പരിഗ്രഹിച്ചകാലം ശ്രീരാമനു പതിനാറു വയസ്സും സീതയ്ക്കു് ആറുവയസ്സും കഴിഞ്ഞിരിക്കുന്നു.

'പന്ത്രണ്ടുകൊല്ലമിക്ഷ്വാകുപത്തനത്തിൽ വസിച്ചു ഞാൻ'

എന്ന സീതയുടെ വാക്കുകൊണ്ടു, വനവാസത്തിനു പോയപ്പോൾ സീതയ്ക്കു പതിനെട്ടും, ശ്രീരാമന്നു് ഇരുപത്തെട്ടും വയസ്സു ചെന്നിരിക്കുന്നു. ചൈത്രമാസത്തിൽ പൂയം നാളിലാണു്, രാമന്റെ വനത്തിലെയ്ക്കുള്ള യാത്രയെന്നു് അയോധ്യാകാണ്ഡത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. ചൈത്രത്തിൽ പൂയം വെളുത്ത പക്ഷത്തിലേ വരുള്ളു എന്നും, അതുതന്നെ നവമി തുടങ്ങി മൂന്നു തിഥികളിൽ ഏതെങ്കിലും ഒന്നിലേ ആവുള്ളു എന്നും ജ്യോതിഷസിദ്ധാന്തമാണു്. എന്നാൽ വനപ്രസ്ഥാനദിവസം, അഭിഷേകത്തിനു നിശ്ചയിച്ച ദിവസംതന്നെയാകയാൽ രിക്താതിഥിദോഷംകൊണ്ടു നവമിയാകുവാൻ പാടില്ല; ഉത്തമത്വംകൊണ്ടു് ദശമിതന്നെയായി

Digitized By Kerala Sahitya Akademi

രിയ്ക്കണം. അതുകൊണ്ട വനപ്രസ്ഥാനദിവസം ചൈത്രശുക്ലദശമിനാൾ തന്നെയായിരിയ്ക്കണം. വിശേഷിച്ച്,

'പതിന്നാലാണ്ട തികവായ്പ്പഞ്ചമിയ്ക്കാം ലക്ഷ്മണാഗ്രജൻ
ഭരദ്വാജാശ്രമം പുക്ക മുനിയെക്കണ്ടപ്പി തായ്ക്കയിൽ'

എന്നു കാണുന്നതുകൊണ്ട പഞ്ചമിയോടുകൂടി പതിന്നാലുവഷം തികഞ്ഞു എന്നറയ്ക്കാം. ചൈത്രശുക്ലദശമിയിങ്കൽ തുടങ്ങി ഒരു പഞ്ചമിയോടുകൂടി വനവാസത്തിന്ന് നിശ്ചയിച്ച കാലം ശരിയായിട്ടു കഴിയണമെങ്കിൽ (യുദ്ധം കഴിഞ്ഞിട്ട ലങ്കയിൽ താമസിച്ചതായി വിചാരിപ്പാൻ ന്യായമില്ലാത്തതുകൊണ്ട്) വഷാവസാനം അമാവാസിയായാൽ ആശ്വിനകൃഷ്ണചതുദ്ദശിനാളോ, പൗണ്ണമിയായാൽ കാത്തികകൃഷ്ണഷഷ്ഠിനാളോ യുദ്ധം അവസാനിച്ചിരിയ്ക്കുവാനേ തരമുള്ളു. അല്ലെങ്കിൽ ഏതൊരു വഷനിയമത്തെ പിടിച്ചു കണക്കാക്കിയാലും കുറേ ദിവസം കൂടിയിട്ടോ കുറേ ദിവസം കുറഞ്ഞിട്ടോ വരുന്നതാകയാൽ പതിന്നാലുവഷം വനവാസം ചെയ്തുകൊള്ളാമെന്ന ശ്രീരാമൻ ചെയ്ത പ്രതിജ്ഞയ്ക്കു ഹാനിയും, വാല്മീകിയുടെ വാക്കിന്ന് അസംഗതത്വവും, ശ്രീരാമൻ നിശ്ചിതകാലം കഴിയുമ്പോൾ അയോധ്യയിൽ എത്തിയില്ലെങ്കിൽ പ്രാണൻ ത്യജിയ്ക്കുന്നതാണെന്നു ഭരതൻ ചെയ്ത ശപഥത്തിനു വിരോധവും വന്നുകൂടുന്നു. ചൈത്രശുക്ലദശമിനാൾ തുടങ്ങി ഒരു പഞ്ചമിനാൾ പതിന്നാലു സംവത്സരം തികയണമെങ്കിൽത്തന്നേ തിഥിബദ്ധദ്വാദശമാസങ്ങളെക്കൊണ്ട വഷം കണക്കാക്കി വഷാന്തരഗണനാപ്രകാരം പതിന്നാലു സംവത്സരം തികയുവാൻ വേണ്ട കാലത്തിനു തിഥിബദ്ധവഷഗണനാംകൊണ്ട കിട്ടുന്ന അധികമാസങ്ങളെ കിഴിവുനീക്കുകയും വേണം. ഇപ്രകാരം കണക്കുകൂട്ടുന്നത് ന്യായമോ എന്നതിനു ഭാരതം വിരാടപവ്വത്തിൽ യുധിഷ്ഠിരവനവാസകാലത്തെ നിണ്ണയിയ്ക്കുന്ന വിഷയത്തിൽ ഭീഷ്മർ ദുയ്യോധനനോടു പറഞ്ഞിട്ടുള്ളതുതന്നെ പ്രമാണികരിയ്ക്കാവുന്നതാണ്.

'പഞ്ചമേ പഞ്ചമേ വഷേ ദ്വൌ മാസാവുപജായതഃ
ഏഷാമഭ്യധികാ മാസാഃ പഞ്ചാശദ്ദ്വാദശക്ഷപാഃ
ത്രയോദശാനാം വഷാണാമിതി മേ ധീയതേ മതിഃ
സവ്വം യഥാവച്ചരിതം യദ്യുദേഭിഃ പ്രതിശ്രുതം
ഏവമേതൽ ധ്രുവം ജ്ഞാത്വാ തതോ ബിഭത്സുരാഗതഃ
സവ്വേ ചൈവ മഹാത്മാനഃ സവ്വേ ധമ്മാത്ഥകോവിദാഃ
യേഷാം യുധിഷ്ഠിരോ രാജാ കസ്മാൽ ധമ്മേ പരാധ്നുയുഃ'

Digitized By Kerala Sahitya Akademi

ഈ വൎഷഗണനാപ്രകാരം പതിന്നാലുവൎഷത്തിൽ പതിനൊന്നുദിവസം കുറയെ ആറു മാസം ലാഭം കിട്ടുന്നതാണ്. ഈ ലാഭം ധൎമ്മത്തിനൊത്തതെന്നു വരുന്ന അവസ്ഥയ്ക്കു രാമനെന്തിനാകുന്നു അതിനെ ഉപേക്ഷിക്കുന്നത്? ഭരതനും എന്തിനാണതിനെ വിട്ടുകളയുന്നതു്? ഈ മതപ്രകാരം പന്തിരണ്ടാമത്തെ വൎഷം കഴിഞ്ഞു പതിമൂന്നാമത്തേതു കുറച്ചു ചെന്നതിനു ശേഷം ഫാൽഗുനാഷ്ടമിനാൾ രാവണൻ സീതയെ അപഹരിച്ചു. പതിന്നാലാമത്തെ വൎഷം കുറെ ചെന്നപ്പോൾ രാമൻ ലങ്കാസമീപത്തിലെത്തി.

'പത്താംമാസമിതാകുന്നു ബാക്കി രണ്ടേ പ്ലവംഗമ.'

എന്നു സീത പറഞ്ഞിരിക്കുന്നതു, തന്നെ അപഹരിച്ച ദിവസം മുതൽ സാവനവൎഷപ്രകാരം കണക്കാക്കിയിട്ടാകുന്നു. അവിടെ 'വാർതിങ്കളാൽ തിളങ്ങുന്ന' എന്നു രാമൻ പറഞ്ഞിട്ടുള്ളതുകൊണ്ടു് രാമന്റെ ത്രികൂടശിഖരപ്രാപ്തി പൌഷമാസത്തിൽ ശുക്ലചതുൎദ്ദശിനാളോ വെളുത്ത വാവിന്നാളോ ആകുന്നു. എന്നാൽ ലങ്കയിൽ കടന്നു സീതയെ കാണുന്ന സമയം

'ആറായിരംരശ്മികളൊത്തുമഞ്ഞില്ലാതെന്നുദിച്ചന്തിന തിങ്കൾതാനും'
എന്നു ഹനുമാനും,

'പാൎക്കേണം രണ്ടുമാസം ഞാൻ നിനക്കവധിവെച്ചതിൽ'

എന്നു രാവണനും പറഞ്ഞിട്ടുള്ളതുകൊണ്ടു മാൎഗ്ഗശുക്ലദശമിക്കുശേഷം രണ്ടു ദിവസത്തിനകത്താണ് ഹനുമാന്റെ ലങ്കാപ്രവേശമെന്നു രാമരാജൻ സുന്ദരകാണ്ഡത്തിൽ വ്യാഖ്യാനംകൊണ്ടു സാധിച്ചിട്ടുണ്ടു്. അതിന്നുശേഷം മാൎഗ്ഗമാസത്തിൽ കൃഷ്ണാഷ്ടമിനാൾ രാഘവപ്രസ്ഥാനമെന്നും വേറൊരിടത്തു സാധിച്ചിട്ടുള്ളതിനാൽ, പൌഷമാസം വെളുത്ത വാവിന്നാൾ തന്നെയാണ്, ശ്രീരാമന്റെ ത്രികൂടശിഖരപ്രാപ്തി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അതിന്നുശേഷം പതിനഞ്ചുദിവസം സേനാനിവേശവും ദൂതപ്രേഷണവുമായിട്ടു കഴിഞ്ഞു. പിന്നെ യുദ്ധാരംഭം; അന്നുമുതൽ ഭാദ്രം, ശ്രാവണം ഈ രണ്ടു മാസം കഴിയുന്നതുവരെ ലങ്കാപുരത്തിന്നു പുറമേ സംകുലമായ യുദ്ധം നടന്നു. എന്നിട്ടു് അനവധി രാക്ഷസന്മാർ നശിച്ചതു കണ്ടു ഭയാക്രാന്തന്മാരായി ശേഷിച്ച രാക്ഷസസൈന്യങ്ങൾ ലങ്കാപുരത്തിലെല്ലാം കടന്നു. അന്നു പിന്നെ യുദ്ധമുണ്ടായില്ല. പിന്നത്തെ വെളുത്ത പ്രതിപദത്തിന്നാൾ രാത്രി ഇന്ദ്രജിത്തിന്റെ ശരബന്ധം.



Digitized By Kerala Sahitya Akademi

'അക്ഷൌഭ്യമാഴി ം പിന്നിട്ടു ചത്തു ഭ്രാതാക്കളും ഗോപ്പുരേ'

എന്നു സീത വിലപിക്കുന്നതിൽനിന്നു്, ഇത്ര വളരെ ദിവസം യുദ്ധം ചെയ്തു വളരെ രാക്ഷസന്മാരെ നിഗ്രഹിച്ചു് അല്പം ആളുകൾ മാത്രം ശേഷിച്ച സമയത്തിങ്കൽ ഈ ശരബന്ധത്തിന്നു സംഗതി വന്നല്ലോ എന്നു നല്ലവണ്ണം ധ്വനിക്കുന്നുണ്ടു്. അപ്രകാരംതന്നെ

'ഇന്നൊക്കൊട്ടേറെനാളായ് നീയുറങ്ങുന്നു മഹാബല.'

എന്നു രാവണൻ കുംഭകർണ്ണനോടു ജല്പിക്കുന്നതിൽ സാധാരണപതിവുള്ള ആറുമാസത്തിലധികം ഉറങ്ങിയെന്നും വരുന്നു. 'സേതുബന്ധിച്ചകഥകൂടി നീയറിയുന്നില്ല' എന്നു രാവണൻ പറയുന്നതുകൊണ്ടു പൂർവമന്ത്രം കഴിഞ്ഞതിൽപ്പിന്നെ കുംഭകർണ്ണൻ ഉണർന്നിട്ടില്ലെന്നും വരുന്നു. അതിൽനിന്നു യുദ്ധം തീർച്ചയായും ആറുമാസത്തിലധികം ഉണ്ടായിരിക്കണമെന്നും തെളിയുന്നു. പാത്മപുരാണത്തിൽ ലങ്കാപുരത്തിന്നുള്ളിൽവെച്ചുണ്ടായ യുദ്ധദിവസക്രമം താഴെ പറയുംപ്രകാരമാണു് വർണ്ണിച്ചിരിക്കുന്നതു്. ശുക്ലപ്രതിപദത്തിന്നാൾ ഉച്ചക്കു് യുദ്ധം തുടങ്ങി. അവിടുന്നു വളരെ ദിവസം സങ്കുലയുദ്ധം നടന്നതിന്നു ശേഷം ഒരു ശുക്ലപ്രതിപദത്തിന്നാൾ രാത്രി ഇന്ദ്രജിത്തിന്റെ നാഗാസ്ത്രബന്ധനം. അന്നുതൊട്ടു രണ്ടാംദിവസം പകൽ ധൂമ്രാക്ഷവധം. മൂന്നാംദിവസം അംഗദൻ വജ്രദംഷ്ട്രനെക്കൊന്നു. നാലാംദിനം ഹനൂമാന്റെ കൈകൊണ്ടു് അകമ്പനവധം. പഞ്ചമിനാൾ പ്രഹസ്തവധം. ഷഷ്ഠിദിവസം രാവണന്റെ പ്രഥമയുദ്ധപലായനം. എന്നിട്ടു രണ്ടുദിവസത്തോളം വേണ്ടിവന്നു കുംഭകർണ്ണനെ ഉണർത്തുവാൻ. കുംഭകർണ്ണൻ ഉണർന്നിട്ടു ഏഴാംദിവസമാണു് രാമബാണത്തിന്നിരയായിത്തീർന്നതു്. കുംഭകർണ്ണനെ ഉണർത്തുവാനുള്ള താമസവും, രാവണമന്ദിരത്തിലേക്കു ചെന്ന സമയത്തുള്ള സൂര്യപ്രകാശവും, ആലോചനക്കു വേണ്ട കാലവും, ഇന്ദ്രജിത്തിനെ കൊല്ലുവാൻ മൂന്നു ദിവസം വേണ്ടിവന്നതും ഒത്തുനോക്കുമ്പോൾ കുംഭകർണ്ണവധകാലം ഇങ്ങിനെതന്നെ വരുവാനേ പാടുള്ളു. രാവണനെ ഓടിച്ചിട്ടു പിറേറദിവസം ആറുയാമംകൊണ്ടാണു് കുംഭകർണ്ണനെ കൊന്നതെന്നുള്ള മതം ഒരിക്കലും യുക്തമല്ല. അതുകൊണ്ടു ഭാദ്രമാസം വെളുത്തവാവിന്നാൾതന്നെയാവണം കുംഭകർണ്ണവധം. പിന്നെ ആറു ദിവസംകൊണ്ടു് അതികായൻ, ത്രിശിരസ്സ്–ദേവാന്തക–നരാന്തക–മഹോദര–മഹാപാർശ്വന്മാർ ഇവരുടെ വധം. പിറേറദിവസം ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രപ്രയോഗം. അതിന്നടുത്ത ദിവസങ്ങളിൽ കുംഭനികുംഭന്മാരുടെ വധം. ആ രാത്രിതന്നെ മകരാക്ഷമരണം. ദശമീചതുർത്ഥ

Digitized By Kerala Sahitya Akademi

യാമം മുതൽ ത്രയോദശീചതുൎത്ഥയാമംവരെ ഇന്ദ്രജിത്തായിട്ടുള്ള യുദ്ധവും അന്നുതന്നെ വധവും. ചതുൎദ്ദശിനാൾ രഘുവരൻ മൂലബലത്തെ ധ്വംസിച്ചു. രാവണൻ നികുംഭിലയിൽ ചെന്നു ഹോമം കഴിച്ചു തിരിയെ യുദ്ധത്തിന്നു വന്നതു് ആശ്വിനമാസത്തിൽ ശുക്ലപ്രതിപദത്തിന്നാളാണു്. അതിന്റെശേഷം രാമരാവണമഹാസംഗ്രാമകോലാഹലം ഏഴു ദിവസം അഹോരാത്രം ഇടമുറിയാതെ മുഴങ്ങിക്കൊണ്ടിരുന്നു. നവമിനാൾ രാവണവധവും കഴിഞ്ഞു. മാതലി രഥം കൊണ്ടുവന്ന ദിവസം, അതായതു് രാമരാവണയുദ്ധത്തിന്റെ തലദിവസം മുതൽ നവമിവരെ സകലദേവഗണങ്ങളാലും പൂജിതയായിട്ടു സാക്ഷാൽ മഹാദേവി സംഗ്രാമഭൂമിയിൽ സന്നിഹിതയായിരുന്നുവെന്നും, അതുപ്രമാണിച്ചാണു് നവരാത്രിമഹോത്സവം നടന്നുവരുന്നതെന്നും കാളികാപുരാണത്തിൽ പ്രതിപാദിച്ചിരിക്കുന്നു. മേൽ വിവരിച്ച സംഗതികളെക്കൊണ്ടു് പൌഷമാസം വെളുത്ത വാവിന്നാൾ ശ്രീരാമന്റെ ത്രികൂടപ്രാപ്തിമുതൽ ആശ്വിനമാസത്തിൽ വെളുത്ത നവമിവരെ ഏകദേശം എട്ടുമാസവും ഇരുപത്തിനാലു ദിവസവും ഉള്ളതിൽ സേനാനിവേശാദി പതിനഞ്ചു ദിവസം നീക്കി എട്ടു മാസവും ഒമ്പതു ദിവസവും യുദ്ധകാലമാകുന്നു. അതു കഴിഞ്ഞതു് അടുത്ത പഞ്ചമിതന്നെ ശ്രീരാമാദികൾ ഭരദ്വാജാശ്രമത്തിങ്കലും എത്തി.

‘നാളെപ്പൂയം ഉദയേ കാണാമങ്ങേക്കു രാമനെ’

എന്ന ഹനുമദ്വാക്യത്തെ ഭരതൻ കേട്ടു ‘ചിരാൽഫലിക്കുന്നത്രേ മദ്ധ്യമെന്മനോരഥം’ എന്നു സന്തോഷാശ്രുക്കളെ വാൎത്തുകൊണ്ടു സ്വീകാരത്തിന്നു വേണ്ട വട്ടങ്ങളെല്ലാം ഒരുക്കിക്കൂട്ടി; രാജദാരങ്ങളും, സചിവർ, സൈന്യങ്ങളും, പടനായകന്മാർ, രാജന്യർ, അന്തണന്മാർ, സുമന്ത്രാദിമന്ത്രപാലകന്മാർ, അനേകം ആന, കുതിര, തേരു്, കാലാൾപ്പടകൾ, പൌരജനങ്ങൾ ഇവരോടും അമ്മമാരോടും ശത്രുഘ്നനോടുംകൂടി വീഥീമദ്ധ്യത്തിൽ രാമാഗമനത്തെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടും, ഇപ്രകാരം അയോധ്യാപട്ടണം മുഴുവനും കുതിരകൾ ചാടിയോടുന്ന ചടപടാശബ്ദത്താലും തേരുരുളുന്ന ഘനാഘനധ്വനിയാലും മുഴങ്ങിക്കൊണ്ടിരിക്കേ, ‘രാമനതാ’ എന്ന അമൃതമയമായ മധുരനിസ്വനത്തെ ശ്രവിച്ചു് ആനന്ദാബ്ധിയിൽ മുഴുകി ‘ജയ ജയ രാമ! രാമ!’ എന്നു രണ്ടു കൈകളും ഉയൎത്തി എതിരേല്ക്കുന്ന സ്ത്രീബാലയുവവൃദ്ധജനങ്ങളുടെ മദ്ധ്യത്തിൽ ശ്രീരാമദേവൻ പുഷ്പകവിമാനത്തിൽനിന്നിറങ്ങി സ്വപ്രതിജ്ഞയെയും, ഭരതന്റെ അഭിലാഷത്തെയും സഫലമാക്കി ലോകത്തിന്നു സന്തോഷത്തേയും വൎദ്ധിപ്പിച്ചു.

Digitized By Kerala Sahitya Akademi

'ഹോരം വെളുക്കമ്പോ'ഴെയ്ക്കും നാലുസമുദ്രത്തിൽനിന്നും പൊന്നിങ്കുടത്തിൽ അഭിഷേകജലവും വരുത്തി സീതാസമേതനായ രാമനെ രത്നപീഠത്തിലിരുത്തി വസിഷ്ഠാദികൾ അഭിഷേകശുഭകൎമ്മവും നിൎവ്വഹിച്ചു.

പുത്രനായോ, ഭ്രാതാവായോ, തപസ്വിയായോ, ഭൎത്താവായോ, രാജാവായോ, മിത്രമായോ, ശത്രുവായോ ഉള്ള ഏതൊരു നിലയിലാകട്ടെ, ബ്രഹ്മചൎയ്യം മുതലായ മുന്നാശ്രമാവസ്ഥകളിൽ ഏതെങ്കിലുമാകട്ടേ, ധൎമ്മവീരനായ ശ്രീരാമനോടു തുല്യനായിട്ട് ഒരു ഉപദേഷ്ടാവും രാമായണംപോലെ അത്ര രസാലങ്കാരസാരോപദേശശ്രേയിഷ്ഠമായ ഒരു കാവ്യവും, വാല്മീകിയെപ്പോലെ ഒരു കവിയും രണ്ടാമതുണ്ടാവാൻ അസാധ്യമാണെന്നു സൎവ്വസമ്മതമായതുകൊണ്ടുതന്നെയാകുന്നു, രാമായണം ഇരുപത്തിനാലായിരം ഗ്രന്ഥവും പാരായണംചെയ്യുംതോറും അതിൽ പ്രതിപത്തി ദിനംപ്രതി വൎദ്ധിച്ചുവരുന്നത്. അപ്രകാരമുള്ള ഒരു ഗ്രന്ഥത്തിൽ ഇഹവും പരവും ഒതുങ്ങിയിട്ടുണ്ടെന്നു പറയുന്നതിൽ എങ്ങിനെയാണ് പക്ഷാന്തരമുണ്ടാകുന്നത്? എങ്ങിനെയാണ് അതിന്റെ പ്രശസ്തിയ്ക്കു് ഹാനിവരുന്നത്?

ചുരുക്കിപ്പറയുന്നതായാൽ,

'ഗവാമനേകവൎണ്ണാനാം ക്ഷീരസ്യാപ്യേകവൎണ്ണതാ'

എന്നു പറഞ്ഞ കൂട്ടത്തിൽ രാമകഥാരൂപിണികളായ ഗോക്കൾ അനേകമുണ്ടെങ്കിലും, അവയെ കറന്നുകിട്ടുന്നതായ ദുഗ്ദ്ധം വാല്മീകിരാമായണാന്തൎഗ്ഗതമായ സാരസഞ്ചയംതന്നെ. ഈ ഉപന്യാസം വായിയ്ക്കുന്നവൎക്കു പ്രസ്തുതഗ്രന്ഥം വായിയ്ക്കുവാൻ സ്വല്പമെങ്കിലും ഉൽക്കണ്ഠയുണ്ടാകുന്നതായാൽ, അല്പബുദ്ധികൊണ്ടു കെട്ടിച്ചമച്ച ഈ അവതാരികഫലാഢ്യയും ഉപന്യാസകൻ അനുഗൃഹീതനുമായി.

കുമാരമന്ദിരം, അയ്യന്തോൾ
1084 ഇടവം 1-ാംനു.
കൊച്ചി 12-ാംകൂർ അപ്പൻതമ്പുരാൻ.

Digitized By Kerala Sahitya Akademi

# രാമായണം

## പതിവായി വായിക്കുവാൻ തുടങ്ങുമ്പോൾ ചൊല്ലേണ്ടും
## വന്ദനശ്ലോകങ്ങൾ

---

ശുക്ലാംബരധരൻ വിഷ്ണു കൈനാലുള്ളോൻ ശശിപ്രഭൻ
പ്രസന്നാസ്യൻതന്നെയോർക്ക വിഘ്നമെല്ലാമൊഴിഞ്ഞിടാൻ। 1
വാഗീശാദിനിലിമ്പന്മാർ കാര്യാരംഭത്തിലൊക്കയും
കൃതാർത്ഥരാമാരെ നമിച്ചു,ഗ്ഗജാസ്യന്നു കുമ്പിടാം। 2
പരാനന്ദശ്രീഗുരുവായുപദേശിക്കുമീശനായ്
പാരെങ്ങും ചേർന്നിരിപ്പോനാം കാരണാത്മാവിനെത്തൊഴാം! 3
ഏതിടത്തെൻറ ഗുരുവിൻ പാദപദ്മം ലസിപ്പിതോ,
അദ്ദിക്കിനു നമിക്കുന്നേൻ ദേഹവാങ്മാനസങ്ങളാൽ. 4
ലോകത്തിനെല്ലാം ഗുരുവായ്സ്സംസാരാർത്തർക്ക വൈദ്യനായ്
സർവ്വവിദ്യാനിധിയുമാം ദക്ഷിണാമൂർത്തിയെത്തൊഴാം। 5
ഗുരുബ്രഹ്മൻ ഗുരുവിഷ്ണു ഗുരു ദേവൻ മഹേശ്വരൻ
ഗുരു തന്നേ ജഗത്തെല്ലാമാ ശ്രീഗുരുവിനെത്തൊഴാം। 6

---

വെള്ളപ്പങ്കേരുഹം, പുസ്തക, മരിയപളുങ്കാലെ നിർമ്മിച്ചതായി-
ട്ടുള്ളക്ഷസ്രക്കി,ളംപൊൻകിളിയിവയണിയും നാലു തൃക്കൈകളോടും,
മുല്ലപ്പൂ തിങ്കൾ ശംഖം സ്ഫടികവുമടികൂപ്പുന്ന വർണ്ണത്തൊടും നി-
സ്തുല്യം മിന്നുന്ന വാണീഭഗവതി തെളിവോടെന്മുഖേ വാഴ്ക നിത്യം! 7
കവിതാശാഖമേലേറി രാമ,രാമേതി ഭംഗിയിൽ
കൂകും വാല്മീകിയാകുന്ന കോകിലത്തെ വണങ്ങുവേൻ। 8
കവിതക്കാട്ടു ചുറ്റുന്ന വാല്മീകിമുനികേസരി
ഉകും രാമകഥാനാദം കേട്ടാർ സൽഗ്ഗതി പൂകിടാ? 9
ആരെപ്പൊഴും രാമകഥാസുധക്കടൽ കുടിക്കിലും
തൃപ്തിപ്പെടാ, വണങ്ങാമാധന്യപ്രാചേതസർഷിയെ; 10
ആഴിയെപ്പൈക്കുളമ്പാക്കി,ക്കൊതുകാക്കിയരക്കരെ,
രാമായണസ്രഗ്മണിയായ് മേവും മാരുതിയെത്തൊഴാം। 11

Digitized By Kerala Sahitya Akademi

**ജാനകിക്കുഴൽ തീർത്തോനായ് വീരനായാഞ്ജനേയനായ്**
ലങ്കാഭയദനായക്ഷജിത്താം കീശേശനെത്തൊഴാം! 12
സലീലമംഭോധി കടന്നു സീതാമാൽത്തിയെട്ടത്തിട്ട,തുകൊണ്ടു തന്നേ
ലങ്കാപുരം ചുട്ടുകരിച്ചോരാഞ്ജനേയനു കൈക്കൂപ്പി വണങ്ങിടുന്നേൻ. 13
പാടലാസ്യമെഴുമാഞ്ജനേയനായ്പ്പൊന്മലയ്ക്കെതിർമനോജ്ഞദേഹനായ്
പാരിജാതതരുമൂലവാസിയാം മാരുതാത്മജനെയോർത്തിടുന്നു ഞാൻ. 14
രാമകീർത്തനമെഴുന്നെടങ്ങളിൽക്കൂപ്പുകൈ തലയിൽ വെച്ചുകൊണ്ടഹോ
കണ്ണുനീർ മിഴിയിലാണ്ടു മേവിടും രാക്ഷസാരി ഹനുമാനു കൂപ്പുവിൻ! 15
മനോജവൻ മാരുതതുല്യവേഗൻ ജിതേന്ദ്രിയൻ മുതിയ ബുദ്ധിശാലി
കാററിൻെറ പുത്രൻ കപിയൂഥമുഖ്യൻ ശ്രീരാമദൂതനു നമസ്കരിപ്പിൻ! 16
ശ്രീവാല്മീകിമുഖാരവിന്ദമതിൽനിന്നുണ്ടായ രാമായണാ-
ത്തേനെന്നും ശ്രവണദ്വയാഞ്ജലികളെക്കൊണ്ടാസ്വദിക്കുന്നവർ
ജന്മവ്യാധിജരാവിപന്മൃതികളാലേറെക്കുഴപ്പം പെടും
സംസാരത്തെ വെടിഞ്ഞു നാശമകലും വൈകുണ്ഠമെത്തീടുമേ. 17
ഉചിതപദസമാസസന്ധിയോടും പൊരുളാംവെളിവാം
സമരമ്യവാക്യമോടും
മുനിയരുളിയ രാഘവേന്ദ്രവൃത്തം ദശമുഖനിഗ്രഹവർണ്ണനം ശ്രവിപ്പിൻ. 18
വാല്മീകിക്കുന്നിലുളവായ് രാമാബ്ധിയിങ്കൽ ഗമിപ്പതായ്
നല്ലോരു രാമായണവൻനദി ശുദ്ധി തരേണമേ! 19
ശ്ലോകസാരങ്ങളാം തിങ്ങിക്കാണ്ഡനക്രൗഘഷാഢ്യമായ്
സർഗ്ഗത്തിര പെടും രാമായണക്കടലിനെത്തൊഴാം! 20
വേദവേദ്യൻ പരൻ ദാശരഥിയായിപ്പിറന്നതിൽ,
പ്രാചേതസങ്കൽനിന്നുണ്ടായ് വേദം രാമായണാത്മകം. 21
ക്രമാതൊന്നു സുരദ്രുക്കൂട്ടിൽ വലുതാം പൊന്മണ്ഡപേ പുഷ്പകം-
തന്മദ്ധ്യേ മണിവിഷ്ടരോപരി സുഖം വീരാസനം വാണു താൻ
മുൻഭാഗം ഹനുമാൻെറ വായനയിലെസ്സാരം മുനിക്കൂട്ടരോ-
ടായോതിബ്ഭരതാദ്യർ ചുഴെ മരുവും ശ്രീരാമനെക്കൂപ്പുവൻ! 22
സീതാദേവിയിടത്തു, മുന്നിലനുമാൻ, പിന്നിൽസ്സുമിത്രാസുതൻ,
ശത്രുഘ്നൻ ഭരതാദ്യനായിരുപുറം, വായവ്യാദികോണങ്ങളിൽ
സുഗ്രീവൻ സവിഭീഷണൻ യുവനൃപൻ താരേയനൃക്ഷേശനും;
മദ്ധ്യേ ശ്യാമളപദ്മഭാസ്സൊടമരും ശ്രീരാമനെക്കൂപ്പുവൻ! 23
നമസ്സു രാമന്നഥ ലക്ഷ്മണന്നുമാ ദേവിയാകും ജനകാത്മജയ്ക്കും;
നമസ്സു രുദ്രേന്ദ്രയമാനിലർക്കും നമസ്സു ചന്ദ്രാർക്കമരുൽഗണങ്ങൾക്കും! 24

Digitized By Kerala Sahitya Akademi

# വായന നിത്ത്യംപോൾ ചൊല്ലേണ്ടും ശ്ലോകങ്ങൾ

സ്വസ്തി പ്രജൌഘത്തിന്നു; മന്നിടത്തെക്കാക്കട്ടെ വേണ്ടുംപടി മന്നവന്മാർ;
ഗോബ്രാഹ്മണൎക്കും ശുഭമാക നിത്യം; ലോകങ്ങളെല്ലാം സുഖമാൎന്നിടട്ടേ! 1

കാലേ വൎഷിക്ക പൎജ്ജന്യൻ; സസ്യം വാച്ചട്ടെയൂഴിയിൽ;
ക്ഷോഭമീ നാട്ടിലേശായ്ക; ഭയം തേടായ്ക ഭൂസുരർ! 2

അപുത്രന്നുണ്ണിയുണ്ടാക; പുത്രനുള്ളാൾക്കു പൌത്രനും;
ധനാഢ്യരാക നിസ്വന്മാരൊ,ത്ത നൂററാണ്ടിരിക്കുക! 3

രഘുനാഥൻെറ ചരിതം ശതകോടിപ്രവിസ്തരം;
ഓരോരക്ഷരവും മഹാപാപങ്ങൾ പോക്കുന്നതാണുപോൽ. 4

രാമന്നു രാമഭദ്രന്നു വേധസ്സാം രാമചന്ദ്രനും
രഘുനാഥന്നു നാഥന്നു സീതാകാന്തന്നു കുമ്പിടാം! 5

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയാനുക്രമണിക

## ബാലകാണ്ഡം


| സൎഗ്ഗം | | | വിഷയം | | ഭാഗം |
|---|---|---|---|---|---|
| ഒന്നാം | സൎഗ്ഗം | , | കഥാസംക്ഷേപം | , | 29 |
| രണ്ടാം | , | , | ബ്രഹ്മാഗമനം | , | 35 |
| മൂന്നാം | , | , | കഥാന്വേഷണം | , | 38 |
| നാലാം | , | , | കുശീലവാഗമനം | , | 40 |
| അഞ്ചാം | , | , | അയോദ്ധ്യാവൎണ്ണനം | , | 42 |
| ആറാം | , | , | രാജവൎണ്ണനം | , | 44 |
| ഏഴാം | , | , | മന്ത്രിവൎണ്ണനം | , | 46 |
| എട്ടാം | , | , | യജ്ഞനിശ്ചയം | , | 48 |
| ഒമ്പതാം | , | , | സുമന്ത്രവാക്യം | , | 49 |
| പത്താം | , | , | ഋശ്യശൃംഗാനയനകഥനം | , | 50 |
| പതിനൊന്നാം | , | , | ഋശ്യശൃംഗാനയനം | , | 53 |
| പന്ത്രണ്ടാം | , | , | ഋത്വിഗ്വരണം | , | 55 |
| പതിമൂന്നാം | , | , | യജ്ഞശാലാപ്രവേശം | , | 56 |
| പതിനാലാം | , | , | അശ്വമേധയാഗം | , | 59 |
| പതിനഞ്ചാം | , | , | രാമാവതാരനിശ്ചയം | , | 62 |
| പതിനാറാം | , | , | ഗൎഭോൽപത്തി | , | 65 |
| പതിനേഴാം | , | , | വാനരോൽപത്തി | , | 67 |
| പതിനെട്ടാം | , | , | വിശ്വാമിത്രാഗമനം | , | 69 |
| പത്തൊമ്പതാം | , | , | രാമയാചനം | , | 73 |
| ഇരുപതാം | , | , | ദശരഥജല്പനം | , | 75 |
| ഇരുപത്തൊന്നാം | , | , | ദശരഥപ്രതിബോധനം | , | 77 |
| ഇരുപത്തിരണ്ടാം | , | , | ബലാതിബലോപദേശം | , | 78 |
| ഇരുപത്തിമൂന്നാം | , | , | കാമാശ്രമവാസം | , | 80 |
| ഇരുപത്തിനാലാം | , | , | താടകാവനദൎശനം | , | 81 |
| ഇരുപത്തഞ്ചാം | , | , | താടകോൽപത്തികഥനം | , | 84 |
| ഇരുപത്താറാം | , | , | താടകാവധം | , | 85 |




Digitized By Kerala Sahitya Akademi

| സർഗ്ഗം | | | വിഷയം | | ഭാഗം |
|---|---|---|---|---|---|
| ഇരുപത്തേഴാം | സർഗ്ഗം | , | അസ്ത്രോപദേശം | , | 88 |
| ഇരുപത്തെട്ടാം | , | , | അസ്ത്രസംഹാരോപദേശം | , | 89 |
| ഇരുപത്തൊമ്പതാം | , | , | സിദ്ധാശ്രമപ്രവേശം | , | 91 |
| മുപ്പതാം | , | , | യാഗരക്ഷ | , | 93 |
| മുപ്പത്തൊന്നാം | , | , | മിഥിലാപ്രസ്ഥാനം | , | 95 |
| മുപ്പത്തിരണ്ടാം | , | . | കന്യാകുബ്ജീകരണം | , | 96 |
| മുപ്പത്തിമൂന്നാം | , | , | കുശനാഭകന്യാപ്രദാനം | , | 98 |
| മുപ്പത്തിനാലാം | , | , | കൌശികവംശകീർത്തനം | , | 100 |
| മുപ്പത്തഞ്ചാം | , | , | ഗംഗോൽപത്തി | , | 102 |
| മുപ്പത്താറാം | , | , | ഉമാമാഹാത്മ്യം | , | 103 |
| മുപ്പത്തേഴാം | , | , | സ്കന്ദാവതാരം | , | 105 |
| മുപ്പത്തെട്ടാം | , | , | സഗരപുത്രജന്മം | , | 107 |
| മുപ്പത്തൊമ്പതാം | , | , | സഗരാശ്വഹരണം | , | 109 |
| നാല്പതാം | , | , | കപിലദർശനം | , | 111 |
| നാല്പത്തൊന്നാം | , | , | സഗരയജ്ഞസമാപനം | , | 113 |
| നാല്പത്തിരണ്ടാം | , | , | ഭഗീരഥോൽപത്തി | , | 114 |
| നാല്പത്തിമൂന്നാം | , | , | ഗംഗാവതരണം | , | 116 |
| നാല്പത്തിനാലാം | , | , | സാഗരോദകക്രിയ | , | 119 |
| നാല്പത്തഞ്ചാം | , | , | പാലാഴിമഥനം | , | 120 |
| നാല്പത്താറാം | , | , | ദിതിഗർഭച്ഛേദം | , | 123 |
| നാല്പത്തേഴാം | , | , | സുമതിസമാഗമം | , | 125 |
| നാല്പത്തെട്ടാം | , | , | അഹല്യേന്ദ്രശാപം | , | 126 |
| നാല്പത്തൊമ്പതാം | , | , | അഹല്യാമോക്ഷം | , | 129 |
| ഐംപതാം | , | , | മിഥിലാപ്രവേശം | , | 130 |
| ഐംപത്തൊന്നാം | , | , | വിശ്വാമിത്രോപാഖ്യാനപ്രാരംഭം | , | 132 |
| ഐംപത്തിരണ്ടാം | , | , | വിശ്വാമിത്രനിമന്ത്രണം | , | 134 |
| ഐംപത്തിമൂന്നാം | , | , | കാമധേനുപ്രാർത്ഥനം | , | 135 |
| ഐംപത്തിനാലാം | , | , | കാമധേനുവിൻെറ സൈന്യസൃഷ്ടി | | 137 |
| ഐംപത്തഞ്ചാം | , | , | വസിഷ്ഠാശ്രമനാശനം | , | 139 |
| ഐംപത്താറാം | , | , | വിശ്വാമിത്രപ്രതിജ്ഞ | , | 140 |
| ഐംപത്തേഴാം | , | , | ത്രിശങ്കുമനോരഥം | , | 142 |
| ഐംപത്തെട്ടാം | , | , | ത്രിശങ്കുശാപം | , | 144 |


Digitized By Kerala Sahitya Akademi

| സർഗ്ഗം | | | വിഷയം | | ഭാഗം |
|---|---|---|---|---|---|
| ഐമ്പത്തൊമ്പതാം | സർഗ്ഗം | , | വസിഷ്ഠശാപം | ' | 145 |
| അറുപതാം | , | , | ത്രിശങ്കുസ്വർഗ്ഗാരോഹണം | , | 147 |
| അറുപത്തൊന്നാം | , | , | ശുനശ്ശേഫവിക്രയം | , | 149 |
| അറുപത്തിരണ്ടാം | , | , | ശുനശ്ശേഫരക്ഷണം | , | 150 |
| അറുപത്തിമൂന്നാം | , | , | മേനകാനിവാസനം | , | 152 |
| അറുപത്തിനാലാം | , | , | രംഭാശാപം | , | 154 |
| അറുപത്തഞ്ചാം | , | , | ബ്രഹ്മർഷിത്വപ്രാപ്തി | , | 155 |
| അറുപത്താറാം | , | , | ജനകവാക്യം | , | 157 |
| അറുപത്തേഴാം | , | , | ധനുർഭംഗം | . , | 159 |
| അറുപത്തെട്ടാം | , | , | ജനകദൂതവാക്യം | , | 161 |
| അറുപത്തൊമ്പതാം | , | , | ദശരഥമിഥിലാഗമനം | , | 162 |
| എഴുപതാം | , | , | ഇക്ഷ്വാകുവംശകീർത്തനം | , | 164 |
| എഴുപത്തൊന്നാം | , | , | ജനകവംശകീർത്തനം | , | 166 |
| എഴുപത്തിരണ്ടാം | , | , | ഗോദാനകർമ്മം | , | 168 |
| എഴുപത്തിമൂന്നാം | , | , | രാമാദിവിവാഹം | , | 170 |
| എഴുപത്തിനാലാം | , | , | ജാമദഗ്ന്യസമാഗമം | , | 172 |
| എഴുപത്തഞ്ചാം | , | , | ജാമദഗ്ന്യവാക്യം | , | 174 |
| എഴുപത്താറാം | , | , | ജാമദഗ്ന്യദർപ്പഹരണം | , | 176 |
| എഴുപത്തേഴാം | , | , | അയോധ്യാപ്രത്യാഗമനം | , | 177 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## ബാലകാണ്ഡം

### ഒന്നാം സർഗ്ഗം: കഥാസംക്ഷേപം.

തപസ്സ്വാദ്ധ്യായരതനായ് വാഗ്മിജ്ഞരിൽ മുമ്പനായ്
മുനീന്ദ്രനാം നാരദനോടോതീ വാല്മീകി താപസൻ:— 1
"ഇപ്പോളിപ്പാരിലാരാണു ഗുണവാ,നാരു വീര്യവാൻ,
കൃതജ്ഞൻ, ധർമ്മമറിവോൻ, നേരോതുന്നോൻ, ദൃഢവ്രതൻ? 2
മര്യാദക്കാരനാരാ,രു സർവ്വഭൂതത്തിനും ഹിതൻ?
ആർ വിദ്വാൻ, ത്രാണിയുടയോ,നാരൊരാൾ പ്രിയദർശനൻ? 3
ആരസൂയയൊഴിഞ്ഞവൻ ശ്രീമാ,നാർ ജിതക്രോധനാത്മവാൻ?
ആർ പോരിലരിശംകൊണ്ടാലുമ്പർക്കുമുളവാം ഭയം? 4
ഇതു കേൾപ്പാൻ കൊതിപ്പൂ ഞാൻ, കുതുകം പെരുതുണ്ടു മേ;
ഈ മട്ടുള്ളാളെയറിവാൻ പോന്നവൻ മാമുനേ, ഭവാൻ." 5
ഈ വാല്മീകിഗിരം കേട്ടു മുപ്പാരും കണ്ട നാരദൻ
'എങ്കിലോ കേൾക്ക നീ'യെന്നു ചൊന്നാനതികുതൂഹലാൽ:— 6
"സുദുർല്ലഭങ്ങളാം താന,ങ്ങുന്നരച്ച പൃഥുനാമകം:
മുനേ, ഞാനോർത്തു ചൊല്ലാം, കേളവയൊത്തൊരു മർത്ത്യനെ: 7
ഇക്ഷ്വാകുവംശസംഭൂതൻ രാമനെന്നുലകിൽ ശ്രുതൻ
യതാത്മാവു മഹാവീര്യൻ ദ്യുതിധൃതിയുതൻ വശി 8
ബുദ്ധിമാൻ വാഗ്മി നീതിജ്ഞൻ ശ്രീമാൻ ക്ഷുദ്രലർനാശനൻ
തോളും തടിച്ചോൻ കൈ പെരിയോൻ കംബുകണ്ഠൻ മഹാഹനു 9
മാർ വിരിഞ്ഞോൻ മഹാവില്ലൻ ഗൂഢജത്രുവരിന്ദമൻ
ആജാനുബാഹു നൽനെറ്റിതലകാൽവെപ്പു ചേർന്നവൻ 10
ഒത്താളംഗങ്ങളൊത്തുള്ളോൻ സ്നിഗ്ദ്ധവർണ്ണൻ പ്രതാപവാൻ
മാർ തടിച്ചോൻ കണ്ണു നീണ്ടോൻ ലക്ഷ്മീവാൻ ശുഭലക്ഷണൻ 11
നാട്ടാർക്കു നന്മ ചെയ്യുന്നോൻ ധർമ്മജ്ഞൻ സത്യസംഗരൻ
പുകഴ്ന്നവൻ ജ്ഞാനശാലി ശുചി വശ്യൻ സമാധിമാൻ 12



Digitized By Kerala Sahitya Akademi

പ്രജാപതിസമൻ ശ്രീമാൻ ധാതാവരിവിമർദ്ദനൻ
ജീവലോകത്തെ രക്ഷിപ്പോൻ ധർമ്മരക്ഷ നടത്തുവോൻ 13
രക്ഷിപ്പോൻ നിജധർമ്മത്തെ, രക്ഷിപ്പോൻ സ്വജനത്തെയും
വേദവേദാംഗസാരജ്ഞൻ ധനുർവ്വേദവിശാരദൻ 14
സർവ്വശാസ്ത്രാർത്ഥതത്ത്വജ്ഞൻ പ്രതിഭാസ്മൃതിസംയുതൻ
എല്ലാവർക്കും പ്രിയൻ നല്ലോരു കല്യാത്മാവു വിചക്ഷണൻ 15
നിത്യം പുഴകളൊത്താഴിയ്ക്കൊത്തു സജ്ജനങ്ങൾ ചേരുവോൻ
എല്ലാററിലും സമൻ പൂജ്യനെപ്പോഴും പ്രിയദർശനൻ 16
എല്ലാഗ്ഗുണങ്ങളും ചേർന്നോൻ കൌസല്യാനന്ദവർദ്ധനൻ
ധൈര്യത്താൽ ഹിമവാൻ പോലേ ഗാംഭീര്യാലാഴി പോലവേ 17
വീര്യത്താൽ വിഷ്ണുവെപ്പോലേ തിങ്കൾപോലിഷ്ടദർശനൻ
കാലാഗ്നിതുല്യൻ ക്രോധത്തിൽ ക്ഷമയിൽ ക്ഷ്മയൊത്തവൻ 18
സത്യത്തിലപരം ധർമ്മം ദാനത്തിൽധനദോപമൻ.
ഇത്ഥം ഗുണങ്ങൾ പൂണ്ടുള്ളാസ്സത്യവിക്രമി രാമനെ, 19
ഗുണാഢ്യനെ,ദ്ദശരഥൻ പ്രിയനാം മൂത്ത പുത്രനെ,
പ്രജാഹിതപ്രവണനെ പ്രജകൾക്കു പ്രിയററവാൻ 20
ഇളംകൂറായി വാഴിപ്പാനൊരുങ്ങി പ്രീതിയാൽ നൃപൻ.
അഭിഷേകപദാർത്ഥങ്ങൾ കണ്ടു തദ്ഭാര്യ്യ കൈകയി, 21
മുൻ ദത്തവരയാം ദേവി യാചിച്ചാളീ വരത്തിനെ:
രാമന്നു നാടു വിടലും, ഭരതന്നഭിഷേകവും. 22
അമ്മന്നൻ സത്യവാക്യത്താൽധർമ്മപാശനിബദ്ധനായ്
അകററിനാൻ ദശരഥൻ പ്രിയനാം സൂനു രാമനെ. 23
പോയാൻ വനത്തിനാ വീരൻ പ്രതിജ്ഞ നിറവേററുവാൻ,
കൈകേയിതൻ പ്രിയത്തിന്നായച്ഛൻ കല്പിച്ചവാക്കിനാൽ. 24
പോകുംപോൾപ്പിന്തുടർന്നാനങ്ങുമത്തംപി ലക്ഷ്മണൻ
സ്നേഹത്താൽ വിനയം വായ്ക്കുചാൻ സുമിത്രാനന്ദവർദ്ധനൻ 25
സൌഭ്രാത്രം കാട്ടിയുംകൊണ്ടാ ഭ്രാതാവെ ഭ്രാതൃവല്ലഭൻ.
രാമന്നു നിത്യഹിതയാം പ്രാണപ്രേയസി ഭാര്യ്യയാം 26
മൂർത്തയാം ദേവമായയ്ക്കൊത്തുള്ളോം ജനകവംശജ
സർവ്വലക്ഷണ പെണ്മൌലി സീതയും രാമനെ സ്വയം 27
പിന്തുടർന്നിതു, നക്ഷത്രേശനെ രോഹിണിപോലവേ.
അച്ഛൻ ദശരഥൻ, ദൂരം പൌരരും പിന്തുടർന്നവൻ 28
ശൃംഗിവേരപുരേ വിട്ടു ഗംഗാതീരത്തു സൂതനെ.
വേഴ്ച പൂണ്ട നിഷാദേന്ദ്രഗുഹനെക്കണ്ടു ധാർമ്മികൻ; 29
ചേർന്നു ഗുഹനുമായ് രാമൻ സീതാലക്ഷ്മണസംയുതൻ.

Digitized By Kerala Sahitya Akademi

വനാൽ വനം പുക്കംഭസ്സേറുന്നാറുകൾ കടന്നവർ 30
ഭരദ്വാജനിയോഗത്താൽച്ചിത്രകൂടമണഞ്ഞുടൻ
രമ്യമാം പാർപ്പിടം തീർത്തു ദേവഗന്ധർവ്വസന്നിഭർ 31
രമിച്ചുംകൊണ്ടു സുഖമായ് വാണാരക്കാട്ടിൽ മൂവരും.
രാഘവൻ ചിത്രകൂടത്തിൽ വാഴ്കെദ്ദശരഥൻ നൃപൻ 32
പുത്രശോകേന മകനെയോർത്തു കേണന്തരിച്ചുപോയ്.
അദ്ദേഹം വിണ്ണണഞ്ഞാറേ വസിഷ്ഠാദികളന്തണർ 33
ശാസിച്ചു ഭരതൻ കൈക്കൊണ്ടീല രാജ്യം മഹാബലൻ;
ആ മഹാൻ കാടു പുക്കാൻ ശ്രീരാമനെക്കനിയിയ്ക്കുവാൻ. 34
സത്യവിക്രമനാം ഭ്രാതാവാകും പെരിയ രാമനിൽ
ചെന്നാ,ര്യത്വത്തെ മുൻനിർത്തിയർത്ഥിച്ചാൻ രാമനോടവൻ; 35
'നീയേ രാജാവു ധർമ്മജ്ഞ'നെന്നു രാമനൊടോതിനാൻ.
രാമനും പരമോദാരൻ സുമുഖൻ പുകൾ വായ്ചവൻ 36
അച്ഛന്റെയാജ്ഞയാൽക്കൈക്കൊണ്ടീല രാജ്യം മഹാബലൻ.
നാടു വാഴ്വാൻ മെതിയടിയീടായ് നല്കിപ്പുനഃപുനഃ 37
തിരിച്ചയച്ചാൻ ഭരതൻതന്നെബ്ഭരതപൂർവ്വജൻ.
കാമം സാധിയ്ക്കാതെതന്നേ രാമപാദം ഭജിച്ചവൻ 38
നന്ദിഗ്രാമേ നാടു വാണാൻ രാമാഗമനകാംക്ഷിയായ്.
ഭരതൻ പോന്നതിൻ ശേഷം സത്യസന്ധൻ ജിതേന്ദ്രിയൻ, 39
പിന്നെയും പൌരരവിടെ വന്നേയ്ക്കാമെന്നു കണ്ടുടൻ
ഗമിച്ചാൻ ദണ്ഡകാരണ്യം ശ്രീരാമൻ സ്ഥിരമാനസൻ. 40
ആ മഹാവനമുൾപ്പുക്ക രാമൻ രാജീവലോചനൻ
വിരാധാശരനെക്കൊന്നു ദർശിച്ചാൻ ശരഭംഗനെ, 41
സുതീക്ഷ്ണാഗസ്ത്യരെയു,മഗ്ഗസ്ത്യാനുജനെയുമേ.
അഗസ്ത്യൻ ചൊന്നതിൻവണ്ണം കൈക്കൊണ്ടാനിന്ദ്രചാപവും, 42
അമ്പൊടുങ്ങാത്ത രണ്ടാവനാഴി വാളിവയും മുദാ.
കാട്ടുവാഴികളോടൊത്തു രാമനക്കാട്ടിൽ വാഴ്കവേ, 43
വന്നെത്തി മുനിമാരെല്ലാം ദൈത്യരക്ഷോവധാർത്ഥമായ്;
പ്രതിജ്ഞ ചെയ്താനവരോടവൻ രക്ഷോവധം വനേ. 44
ഏറച്ചൊല്ലീടിനാൻ രാമൻ പോരിലാശരനിഗ്രഹം
ദണ്ഡകാടവിയിൽപ്പാർക്കും വഹ്നിയ്ക്കൊത്ത മുനീന്ദ്രരിൽ. 45
അങ്ങുതാൻ വാഴ്കെ വൈരൂപ്യം വരുത്തീ കാമരൂപമായ്
ജനസ്ഥാനസ്ഥയാം നക്തഞ്ചരി ശൂർപ്പണഖയ്ക്കവൻ. 46
അശ്ശൂർപ്പണഖതൻ വാക്കാൽ വന്നാശരരെയൊക്കെയും,
ഖരൻ ദൂഷണരക്ഷസ്സാ ത്രിശിരസ്സിവർതമ്മെയും 47

Digitized By Kerala Sahitya Akademi

കൊന്നൊടുക്കീ രണേ രാമനവർതൻ കൂട്ടുകാരെയും;
ജനസ്ഥാനസ്ഥിതന്മാരെ,യക്കാട്ടിൽപ്പാർത്തിടുംപൊഴേ 48
പതിന്നാലായിരം പേരെക്കൊന്നുവിട്ടാനരക്കരെ.
ഉടൻ, ജ്ഞാതിവധം കേട്ടിട്ടരിശം മൂത്ത രാവണൻ 49
മാരീചനാം രാക്ഷസനെ വരിച്ചു തുണ ചെയ്യുവാൻ.
മാരീചനാ രാവണനെത്തടുത്തു പലവട്ടവും:— 50
"നന്നല്ല വൈരമിവിടെയ്ക്കാ മഹാത്മനോടു രാവണ!"
അവന്റെ വാക്കെടുക്കാതെ രാവണൻ കാലചോദിതൻ 51
മാരീചാന്വിതനായ്ച്ചെന്നുകേറിനാനത്തദാശ്രമേ;
അവന്റെ മായയാൽന്നൃപകുമാരരെയകറ്റിയും 52
ജടായുഗൃദ്ധ്രനെക്കൊന്നും കട്ടാൻ രാമന്റെ ഭാര്യയെ.
ഹതനാം ഗൃദ്ധ്രനെക്കണ്ടു സീതാപഹൃതി കേൾക്കയാൽ 53
വിലപിച്ചിതു കാകുൽസ്ഥൻ മാലിൽ വെന്താകുലേന്ദ്രിയൻ.
ആ മാലോടേ ജടായുസ്സാം ഗൃദ്ധ്രനെസ്സംസ്കരിച്ചുടൻ 54
സീതയെക്കാട്ടിലാരായ്കെക്കണ്ടാനങ്ങൊരരക്കനെ,
കാണ്മോർ നടുങ്ങും വല്ലാത്ത വടിവൊത്ത കബന്ധനെ. 55
മഹാഭുജൻ കൊന്നവനെച്ചുട്ടു; വിണ്ണേറിനാനവൻ.
അവൻ നിന്നോതിനാൻ, 'ധർമ്മം ചെയ്വോളായ്ശ്ശബരത്തിയായ് 56
ധർമ്മജ്ഞയാം ശ്രമണിയെക്കാണ്കെ'ന്നായ് രാമനോടുടൻ;
അരിജിത്താ മഹാതേജസ്സണഞ്ഞാൻ ശബരത്തിയെ. 57
നന്നായ്ശ്ശബരി പൂജിച്ച രാമൻ ദശരഥാത്മജൻ
ഇണങ്ങി, പമ്പാതീരത്തു ഹനുമാനാം കുരങ്ങുമായ്. 58
ഹനുമാനുടെ വാക്കാലേ സുഗ്രീവങ്കലണഞ്ഞുടൻ
സുഗ്രീവനോടും ചൊന്നാനതൊക്കെ രാമൻ മഹാബലൻ 59
ആദിതൊട്ടുള്ള ചരിതം, വിശേഷാൽസ്സീതതന്റെയും.
രാമന്റെ കഥയെല്ലാമേ കേട്ടു സുഗ്രീവവാനരൻ 60
സഖ്യം ചെയ്താൻ സസന്തോഷം രാമനോടഗ്നിസാക്ഷിയായ്.
പിന്നെക്കപീന്ദ്രനോടുള്ള വൈരത്തിൻ കാരണത്തെയും 61
വെഴ്പയാല,ഴലാണ്ടെല്ലാമറിയിച്ചീതു രാമനെ;
അപ്പോൾ ബാലിവധത്തിന്നു ശപഥം ചെയ്തു രാമനും. 62
പിന്നീടു വാനരൻ വർണ്ണിച്ചുരച്ചാൻ ബാലിതൻ ബലം;
ഉണ്ടായ് രാമന്റെ വീര്യത്തിൽസ്സുഗ്രീവന്നതിശങ്കയും. 63
രാമങ്കൽ വിശ്വാസമുദിപ്പാനായ് ദുന്ദുഭിവിഗ്രഹം
കാട്ടിക്കൊടുത്തു സുഗ്രീവൻ മാമലയ്ക്കൊപ്പമുന്നതം. 64

Digitized By Kerala Sahitya Akademi

എല്ലു നോക്കി മഹാബാഹു ചിരി പൂണ്ടു മഹാബലൻ
എറിഞ്ഞു കാൽവൻവിരലാൽത്തികച്ചും പത്തു യോജന. 65
ഒററ വങ്കണയാൽ വീണ്ടും പിളത്താനേഴു സാലവും,
മല പാതാളമിവയും, വിശ്വാസമുളവാക്കുവാൻ. 66
അതിൽ വിശ്വാസമാന്നുള്ളം തെളിഞ്ഞ കപിസത്തമൻ
കിഷ്കിന്ധയെന്ന ഗുഹയിൽപ്പുക്കാൻ രാമനൊടൊപ്പമേ. 67
കപീന്ദ്രനാത്തലറിനാൻ സുഗ്രീവൻ സ്വണ്ണപിംഗളൻ;
ആ വമ്പിച്ച രവം കേട്ടു പുറപ്പെട്ടു ഹരീശ്വരൻ. 68
താരയെസ്സമ്മതിപ്പിച്ചിട്ടേററു സുഗ്രീവനോടവൻ;
കൊലചെയ്താനവനെയങ്ങൊററയംപോലെ രാഘവൻ. 69
സുഗ്രീവമൊഴിയാൽപ്പോരിൽ ബാലിനെക്കൊലചെയ്തുടൻ
സുഗ്രീവനെത്താനാ നാട്ടിൽപ്പെരുമാളാക്കി രാഘവൻ. 70
വരുത്തി പ്ലവഗന്മാരെയെല്ലാമാ പ്ലവഗേന്ദ്രനും
സീതയെക്കണ്ടുകിട്ടാനായയച്ചൂ ദിക്കുതോറുമേ. 71
പിമ്പാ മഹാനാം ഹനുമാൻ സംപാതിപതഗോക്തിയാൽ
നൂറുയോജന വിസ്താരം ചേരുമപ്പാഴി ചാടിനാൻ. 72
അപ്പുറം രാവണൻ കാത്ത ലംകാനഗരി പുക്കവൻ
കണ്ടാനശോകവനിയിൽച്ചിന്ത തേടിന സീതയെ. 73
അടയാളം സമപ്പിച്ചു വൃത്താന്തമറിയിച്ചവൻ
സീതയ്ക്കോരാശ്വാസമണച്ചു,ടച്ചാൻ തോരണത്തെയും; 74
അഞ്ചു സേനേശരെക്കൊന്നേഴമാത്യാത്മജർതമ്മെയും
ശൂരനാമക്ഷനെയുമിട്ടുരച്ചേ,ററിതു ബന്ധവും. 75
അസ്ത്രം വിധിവരാൽത്തങ്കൽനിന്നൊഴിഞ്ഞതറിഞ്ഞുമേ
സഹിച്ചാൻ സ്വേച്ഛയാ വീരനരക്കരുടെ ബന്ധനം. 76
സീതയ്ക്കു ബാധ പററാതെ ലംകാപുരിയെരിച്ചുടൻ
രാമനോടീ പ്രിയം ചൊൽവാനിങ്ങു പോന്നാൻ മഹാകപി. 77
വന്നണഞ്ഞു വലംവെച്ചാ മഹാത്മാവായ രാമനെ
'കണ്ടു സീതയെ'യെന്നായ് നേക്കണനത്തിച്ചാൻ മഹാശയൻ. 78
പിന്നെസ്സുഗ്രീവനോടൊത്തു വങ്കടല്ക്കര പുക്കവൻ
കലക്കിനാൻ സമുദ്രത്തെയഗ്നിതുല്യശരങ്ങളാൽ. 79
നേരേ പ്രത്യക്ഷനായ് നിന്നാനാക്കടൽക്കീശനാഴിയും;
നളനെക്കൊണ്ടു കെട്ടിച്ചാൻ ചിറയങ്ങ,ബ്ധി ചൊല്ലുമാൽ. 80
അതിലൂടേ ലങ്ക പുക്കു പടയിൽദ്ദശകണ്ഠനെ
കൊന്നു, ജാനകിയെക്കണ്ടിട്ടേററം നാണിച്ചു രാഘവൻ; 81

Digitized By Kerala Sahitya Akademi

അതിനാൽപ്പരുഷം ചൊന്നാനവളോടു സഭാന്തരേ.
പൊറാഞ്ഞാസ്സാദ്ധ്വിയാം സീത ചാടിനാളെരിവഹ്നിയിൽ. 82
സീത നിർദ്ദോഷയെന്നഗ്നിവചനത്താലറിഞ്ഞതിൽ
തുഷ്ടനായ് വിലസീ രാമനശേഷസുരപൂജിതൻ. 83
മഹാനാം രാമനുടെയാ വങ്കർമ്മത്താൽ പ്രസന്നമായ്
ചരാചരജഗത്തെല്ലാം സുരർഷിനികരത്തൊടും. 84
പിന്നാടരക്കർകോനാക്കി വിഭീഷണനെ ലങ്കയിൽ
വാഴിച്ചു രാമൻ സിദ്ധാർത്ഥൻ മാൽ നീങ്ങിത്തുഷ്ടി നേടിനാൻ. 85
വാനോരുടെ വരം നേടിക്കപികൾക്കുയിർ ചേർത്തവൻ
പുഷ്പകത്താലയോദ്ധ്യയ്ക്കു പുറപ്പെട്ടു സുഹൃദ്വൃതൻ 86
ഭരദ്വാജാശ്രമം പുക്കു രാമൻ സത്യപരാക്രമൻ
ഭരതന്റെ സമീപത്തേയ്ക്കയച്ചാനാഞ്ജനേയനെ. 87
നടന്ന കഥ സുഗ്രീവനൊത്തു ചൊല്ലി രസിച്ചവൻ
വീണ്ടുമപ്പുഷ്പകം കേറി നന്ദിഗ്രാമത്തിലെത്തിനാൻ. 88
നന്ദിഗ്രാമേ ജട കളഞ്ഞനഘൻ സോദരാന്വിതൻ
നാടേറ്റുവാങ്ങിനാൻ രാമൻ വൈദേഹീസമുപേതനായ്. 89
ഹർഷം മോദം തുഷ്ടി പുഷ്ടി ധർമ്മവും നേടിയാളുകൾ
അരോഗാമയരായ് വാഴും ദുർഭിക്ഷഭയമെന്നിയേ. 90
കാണില്ല ബാലമരണം മനുഷ്യരൊരിടത്തിലും;
സ്ത്രീകൾ വൈധവ്യമേല്ക്കാതെ പാതിവ്രത്യം പുലർത്തുമേ; 91
ചെറ്റും പേടില്ലഗ്നിഭയം; നീരിൽ വീഴില്ല ജീവികൾ;
ഇല്ലേതും വായുഭയവു,മില്ലല്ലോ രോഗഭീതിയും; 92
തീരെപ്പെടാ ക്ഷുദ്ഭയവു,മങ്ങേല്ലാ ചോരഭീതിയും:
ധനധാന്യസമൃദ്ധങ്ങൾ രാഷ്ട്രങ്ങൾ നഗരങ്ങളും; 93
സദാ കൃതയുഗത്തിൽപ്പോലതിസന്തുഷ്ടരേവരും.
നൂറുനൂറശ്വമേധങ്ങൾ പെരുത്തുരു സുവർണ്ണവും 94
ചെയ്തു ഗോകോടിദാതാവായ് ബ്രഹ്മലോകമണഞ്ഞിടും;
അസംഖ്യമാം ധനം വിപ്രർക്കേകി,പ്പുകൾ തഴച്ചവൻ 95
സ്ഥാപിക്കും, ഗുണവാന്യൊത്ത രാജവംശങ്ങൾ രാഘവൻ;
നാലുജാതിയെയും പാരിൽത്തൻതൻ ധർമ്മത്തിൽ നിർത്തുമേ. 96
പതിനായിരമാമാണ്ടും, പത്തുനൂറാണ്ടുമങ്ങിനെ
നാടുവാണിട്ടു കാകുൽസ്ഥൻ ബ്രഹ്മലോകമണഞ്ഞിടും. 97
പാപപ്രണാശനം പുണ്യം പവിത്രം വേദസന്നിഭം
ഈ 'രാമചരിതം' ചൊന്നാൽത്തീരും, പാപങ്ങളൊക്കയും. 98

Digitized By Kerala Sahitya Akademi

ഈ രാമായണമാഖ്യാനമായുഷ്യം ചൊല്ലീടും നരൻ
പുത്രപൌത്രഗണത്തോടും ചത്താൽ വിണ്ണിൽസ്സുഖിക്കുമേ. 99

ദ്വിജന്നു വിദ്യാമികവുദ്ഭവിക്കും,
ക്ഷത്രാന്വയോത്ഥൻ ക്ഷിതിനാഥനാകും,
വൈശ്യന്നു വാണിജ്യസമൃദ്ധിയുണ്ടാം,
ശൂദ്രൻ മഹാനാം,മിതു ചൊൽവതായാൽ." 100

---

## രണ്ടാം സർഗ്ഗം: ബ്രഹ്മാഗമനം.

നാരദൻതന്റെയാ വാക്കു കേട്ടു വാക്യവിശാരദൻ
ശിഷ്യരോടൊത്തു പൂജിച്ചു ധർമ്മാത്മാവു മഹാമുനി. 1
അവനാൽ നേർക്കു പൂജിക്കപ്പെട്ട ദേവർഷി നാരദൻ
യാത്ര ചോദിച്ചു വിടയും വാങ്ങി വാനത്തു കേറിനാൻ. 2
അവൻ വിണ്ണിന്നു പോയിട്ടൊട്ടിട ചെന്നളവാ മുനി
ഗംഗയ്ക്കടുത്താം തമസാതീരത്തേയ്ക്കെഴുന്നള്ളിനാൻ 3
തമസാനദിതൻതീരം ചെന്നണഞ്ഞാ മഹാമുനി
ചേററ കടവും പാർത്തു ചാരേ ശിഷ്യനൊടോതിനാൻ: 4
"ഭരദ്വാജ, ഭവാൻ കാണ്ക, ചേറില്ലാക്കടവൊന്നിതാ,
വെള്ളം തെളിഞ്ഞു ചേലൊത്തു, നല്ലോർതൻ കരളുപോലവേ. 5
കുടം വെയ്ക്കുക നീ കുഞ്ഞേ, തരികെനിക്കു വല്ക്കലം;
മികച്ചതാമിത്തമസക്കടവിൽത്താനിറങ്ങുവൻ." 6
ഈമട്ടങ്ങു മഹാത്മാവാം വാല്മീകിയരുളിച്ചെയ്കയാൽ,
മരത്തോലാ മുനിക്കേകീ ഭരദ്വാജൻ ഗുരുപ്രിയൻ. 7
വല്ക്കലം ശിഷ്യഹസ്തത്തിൽനിന്നു വാങ്ങിജ്ജിതേന്ദ്രിയൻ
നടന്നാനാ,പ്പരപ്പുള്ള കാടെങ്ങും പാർത്തുകൊണ്ടവൻ. 8
ഭഗവാനങ്ങതിൻ ചാരേ കണ്ടെത്തീ, കളനാദമായ്
പിരിയാതെ നടന്നീടും ക്രൌഞ്ചപക്ഷിയുഗത്തിനെ. 9
അദ്ദേഹം കാണ്കവേ കൊന്നാനാ രണ്ടെണ്ണത്തിലാണിനെ
നിഷാദനൊരുവൻ വൈരത്തിന്നു വീടാം ദുരാശയൻ. 10
അതു മന്നിൽപ്പിടഞ്ഞുംകൊണ്ടുതിരം വാർന്ന മെയ്യുമായ്
കൊലപ്പെട്ടതു കണ്ടിട്ടു കരുണം കൂകിനാൾ പിട, 11
നെഞ്ചിണക്കത്തൊടൊന്നിച്ചു സഞ്ചരിക്കുന്ന വല്ലഭൻ
മത്തൻ തല ചുടുത്തോനപ്പക്ഷി വേർപെട്ടുപോകയാൽ. 12
നിഷാദനേവം വീഴിച്ച പക്ഷിയെപ്പാർത്തുകാണ്കയാൽ
ധർമ്മാത്മാവാമൃഷിയവന്നുളവായ്, കനിവററവും. 13

Digitized By Kerala Sahitya Akademi

'അധർമ്മമാണിതെ'ന്നുള്ളിലലിവോലുകയാൽ ദ്വിജൻ
കരയും ക്രൌഞ്ചിയെക്കണ്ടൊന്നുരചെയ്താനിതിൻവിധം:— 14
"മാനിഷാദ, ഭവാൻ നേടുകേറെനാൾ നിലനില്പിനെ,
കൊന്നല്ലോ ക്രൌഞ്ചയുഗത്തിൽക്കാമപ്പിച്ചാളുമാണിനെ." 15
നോക്കിക്കൊണ്ടീവിധം ചൊല്ലിച്ചിന്ത പൂണ്ടീടിനാനവൻ:—
"ഇപ്പക്ഷിയെക്കുറിച്ചല്ലലാൽപ്പെട്ടിച്ചൊന്നതെന്തു ഞാൻ?" 16
ചിന്ത പൂണ്ട മഹാപ്രാജ്ഞനൊന്നുറച്ചിതു ബുദ്ധിമാൻ;
ശിഷ്യനോടായ്പ്പറകയുംചെയ്താനമ്മുനിപുംഗവൻ:— 17
"സമാക്ഷരം പാദബദ്ധം തന്ത്രീലയസമന്വിതം
ശ്ലോകമത്രേ, മറിച്ചാകാ, ശോകാവേശേന തോന്നി മേ." 18
ആക്കഥിക്കുന്ന മുനിതന്നഗ്ര്യമാം വാക്കു ശിഷ്യനും
കൈക്കൊണ്ടാൻ ഹൃഷ്ടനായ്; തുഷ്ടിയുംകൊണ്ടാനവനിൽഗ്ഗുരു. 19
പില്പാടക്കടവിൽശ്ശാസ്ത്രംപോലെ സ്നാനം കഴിച്ചവൻ
മടങ്ങിപ്പോന്നിത,ക്കാര്യം തന്നെ ചിന്തിച്ചുകൊണ്ടൃഷി. 20
ശിഷ്യൻ പഠിപ്പുള്ളവനാം ഭരദ്വാജനുമാദരാൽ
നിറനീർക്കുടമേന്തിപ്പിന്തുടർന്നാനൃഷിയെത്തദാ. 21
ശിഷ്യനൊത്താശ്രമസ്ഥാനം പുക്കിരുന്നസ്സധർമ്മികൻ
മനോരാജ്യത്തോടേ മറ്റോരോരോ കഥകൾ ചൊല്ലിനാൻ. 22
അപ്പോൾത്താന്താനെഴുന്നള്ളിവന്നാൻ സൃഷ്ടിക്കുമീശ്വരൻ
അമ്മുനിശ്രേഷ്ഠനെക്കാണ്മാൻ വന്മഹസ്സുള്ള നാന്മുഖൻ. 23
അവനെക്കണ്ടു വെമ്പല്ക്കൊണ്ടെണീറ്റു തൊഴുകയ്യോടും
വണങ്ങി മൌനിയായ് നിന്നാൻ വാല്മീകിയതിവിസ്മിതൻ. 24
പൂജിച്ചാൻ ദേവനെപ്പാദ്യാർഘ്യാസനസ്തവനങ്ങളാൽ,
ശരിക്കു കുമ്പിട്ടു നിരാമയം ചോദിച്ചഭംഗുരം. 25
സംപൂജിതാസനത്തിന്മേലിരുന്നു ഭഗവാനുടൻ
വാല്മീകിയാമൃഷിയൊടുമരുൾചെയ്താനിരിക്കുവാൻ; 26
ബ്രഹ്മാനുജ്ഞാതനവനുമിരുന്നാനാസനോപരി.
സാക്ഷാൽ പിതാമഹൻതാനങ്ങെഴുന്നള്ളിയിരിക്കവേ, 27
വാല്മീകി ചിന്തപൂണ്ടാനുൾ,ക്കാമ്പതിൽത്തന്നെ നില്ക്കയാൽ:—
"കട്ടപ്പമേ ചെയ്തു കരൾപ്പകയേറിയ പാതകി; 28
ആർ കൊല്ലും കമ്രരവമാമാ ക്രൌഞ്ചത്തെ വൃഥാവിലേ?"
പേർത്തുമേ ക്രൌഞ്ചിയെത്തന്നെയോർത്തു ശോചിച്ചുകൊണ്ടവൻ 29
ശോകത്തിലാണ്ട ചിത്തംകൊണ്ടാ ശ്ലോകം പാടി വീണ്ടുമേ.
ബ്രഹ്മാവുടൻ ചിരിച്ചുംകൊണ്ടമ്മാമുനിയൊടോതിനാൻ:— 30

Digitized By Kerala Sahitya Akademi

“ശ്ലോകം തന്നെ ഭവാൻ തീർത്ത,താകലപ്പെട്ടിടേണ്ടിതിൽ;
എന്നിച്ഛയാൽത്താനീ, വാക്കു തവ തോന്നിയതന്തണ. 31
രാമന്റെ കഥയൊട്ടുക്ക മാമുനീന്ദ്ര, ചമയ്ക്ക നീ.
ഉലകിൽഗ്ഗുണവാൻ ധർമ്മാത്മാവു ധീശാലി ധൈര്യവാൻ 32
രാമൻതൻ ചരിതം ചൊല്ക നാരദൻ ചൊന്നമട്ടു നീ.
സൌമിത്രിയൊത്താധീമാനാം രാമൻതൻ ഗൂഢവൃത്തവും 33
വെളിപ്പെട്ടതുമൊട്ടുക്ക രാക്ഷസന്മാരുടേതുമേ,
വിസ്പഷ്ടവും ഗൂഢവുമായുള്ള സീതാചരിത്രവും, 34
അറിയാത്തുള്ളതഖിലം ഭവാനാലറിയപ്പെടും.
തൽക്കാവ്യമിതിലോ, പാഴ്വാക്കൊന്നുമുളവാസ്സരാ; 35
രമ്യം രാമായണം പുണ്യം നിർമ്മിയ്ക്കുക ശ്ലോകരീതിയിൽ.
മന്നിൽപ്പുഴകളും ശൈലങ്ങളിവ നില്പുള്ള നാളവരെ 36
രാമായണമുപാഖ്യാനം പാരാകെ പ്രചരിയ്ക്കുമേ.
നീ തീർത്ത രാമചരിതം നടപ്പുള്ളളവൊക്കയും, 37
മേലും കീഴും ഭവാനെന്റെ ലോകങ്ങളിൽ വസിച്ചിടും.”
എന്നുരച്ചവിടെത്തന്നേ മറഞ്ഞു ഭഗവാനജൻ; 38
ഭഗവാൻ മുനിയും ശിഷ്യരൊത്തു വിസ്മയമാണ്ടുപോയ്.
അവന്റെ ശിഷ്യരാ ശ്ലോകം പാടിനാർ വീണ്ടുമേവരും; 39
വീണ്ടും വീണ്ടും മഹാശ്ചര്യം പൂണ്ടു മോദിച്ചു ചൊല്ലിനാർ:—
“സമാക്ഷരചതുഷ്പാദം യാതൊന്നോ പാടി മാമുനി, 40
ഉടൻ ചൊന്നതിൽ വർദ്ധിച്ചശ്ശോകമേ ശ്ലോകരൂപമായ്.”
ഭാവിതാത്മാവു വാല്മീകി തീർപ്പു ചെയ്താനിതിൻവിധം:— 41
“രാമായണം കാവ്യമാകെയീമട്ടിൽ വിരചിയ്ക്കുവൻ.”

ഉദാരവൃത്താർത്ഥപദങ്ങളൊത്ത നൽ-
　　സ്സമാക്ഷരശ്ലോകശതങ്ങളാൽ മുനി
രചിച്ചു കാവ്യം പുകളുററ രാമനെ-
　　ക്കുറിച്ചു, ധീവായ്ച്ച സുകീർത്തി കീർത്തിദം. 42
ഉചിതപദസമാസസന്ധിയോടും
　　പൊരുളും വെളിവാം സമരമ്യവാക്യമോടും
മുനിയരുളിയ രാഘവേന്ദ്രവൃത്തം
　　ദശമുഖനിഗ്രഹവർണ്ണനം ശ്രവിപ്പിൻ. 43



Digitized By Kerala Sahitya Akademi

## മൂന്നാം സർഗ്ഗം: കഥാന്വേഷണം.

ആദ്ധർമ്മയുക്തമാം വസ്തുവെല്ലാം കേട്ടിട്ടു ധാർമ്മികൻ
തിരഞ്ഞാന,ബ്ബുദ്ധിമാന്റെ ചരിതം വ്യക്തമാക്കുവാൻ. 1
വിധിപോലാചമിച്ചു,ഗ്രം കിഴക്കോട്ടായ ദർഭയിൽ
ഇരുന്നു മുനി കൈക്കുപ്പിദ്ധർമ്മത്താൽ നോക്കിനാൻ ഗതി. 2
രാമസീതാലക്ഷ്മണരും, രാജ്യഭാര്യാസമന്വിതൻ
നൃപൻ ദശരഥൻതാനും ശരിക്കനുഭവിച്ചതും, 3
ചിരിച്ചതും, ചൊല്ലിയതും, പോയതും, വ്യാപരിച്ചതും
ഒക്കെയും ധർമ്മവീര്യത്താൽദ്ദർശിച്ചാൻ വഴിപോലവേ. 4
മൂന്നാമത്താം പെണ്ണുമായിട്ടന്നു കാട്ടിൽ നടക്കവേ
ആസ്സത്യസന്ധനാം രാമൻ ചെയ്തതും കണ്ടിതൊക്കെയും; 5
പിന്നെദ്ധർമ്മിഷ്ഠനവിടെയുണ്ടാവുന്നതശേഷവും
കണ്ടാൻ യോഗബലത്താലേ കരാമലകരീതിയിൽ. 6
ധർമ്മത്താലായതൊട്ടുക്കു നേരേ കണ്ടാ മഹാമതി
അഭിരാമന്റെ രാമന്റെ കഥ കെട്ടാനൊരുങ്ങിനാൻ. 7
കാമാർത്ഥനന്മയെച്ചേർത്തും, ധർമ്മാർത്ഥത്തെപ്പരത്തിയും,
സമുദ്രംപോലെ രത്നാഢ്യം, സർവ്വശ്രുതിമനോഹരം, 8
നാരദർഷിവരൻ മുന്നമരുൾചെയ്തതുപോലവേ
രചിച്ചാൻ രഘുവംശത്തിൻ ചരിതം ഭഗവാൻ മുനി. 9
രാമന്റെ ജന്മം, പെരുതാം വീര്യം, സർവ്വാനുകൂല്യവും,
ലോകപ്രിയത്വം, സൌമ്യത്വം, ക്ഷമ, സത്യസ്വഭാവവും, 10
വിശ്വാമിത്രാനുഗതിയിൽ മററു നാനാചരിത്രവും,
ജനകാത്മജതൻ വേളി, പള്ളിവില്ലു മുറിച്ചതും, 11
രാമരാമവിവാദം, ശ്രീരഘുരാമഗുണങ്ങളും,
രാമാഭിഷേകവു,മതിൽക്കൈകേയിയുടെ തിന്മയും, 12
അഭിഷേകക്രിയാവിഘ്നം, രാമൻതൻ ദൂരയാത്രയും,
മന്നവന്റെ മനസ്താപം വിലാപം നാടുനീങ്ങലും, 13
നാട്ടാരുടെയഴല്പാടും, നാട്ടാരെക്കൈവെടിഞ്ഞതും,
നിഷാദാധിപസല്ലാപം, സൂതൻ തിരിയെ വന്നതും, 14
ഗംഗാതരണവും, പിന്നെബ്ഭരദ്വാജാവലോകവും,
ഭരദ്വാജാനുമതിയാൽച്ചിത്രകൂടാദ്രി കണ്ടതും, 15

Digitized By Kerala Sahitya Akademi

പാൎപ്പിടം തീൎക്കലു,മപ്പൂകൽ, ഭരതൻ വന്നുചേൎന്നതും,
രാമപ്രസാദനവു,മച്ഛന്നുദകദാനവും, 16
തൃപ്പാദുകാഭിഷേകം, തൻനന്ദിഗ്രാമനിവാസവും,
ദണ്ഡകാടവിയിൽപ്പ്രവേശം, വിരാധനെ വധിച്ചതും, 17
ശരഭംഗൎഷിയെക്കാണൽ, സുതീക്ഷ്ണനൊടണഞ്ഞതും,
അനസൂയയുമായ്ച്ചേൎപ്പും, കുറിക്കൂട്ടു കൊടുക്കലും, 18
അഗസ്ത്യദൎശനം, പിന്നെജ്ജടായുവൊടിണങ്ങലും,
പഞ്ചവട്യാപ്തിയും, ശൂൎപ്പണഖയെക്കണ്ടുകൊണ്ടതും, 19
അശ്ശൂൎപ്പണഖയായ്സ്സംവാദവും, വൈരൂപ്യമേകലും
ഖരത്രിമൂൎദ്ധവധവും, രാവണന്റെയൊരുക്കവും, 20
മാരീചനെക്കൊന്നതു,മസ്സീതയെക്കട്ടുകൊണ്ടതും.
രാഘവൻതൻ വിലപനം, ഗൃദ്ധ്രരാജൻ മരിച്ചതും, 21
കബന്ധനെക്കണ്ടുമുട്ട,ലുടനേ പമ്പ കണ്ടതും,
ശബരീദൎശനവു,മാ ഹനൂമദവലോകവും, 22
ഋശ്യമൂകാഭിഗമനം, സുഗ്രീവനൊടിണങ്ങലും,
വിശ്വസിപ്പിയ്ക്കലും, സഖ്യം, ബാലിസുഗ്രീവയുദ്ധവും 23
ബാലിയെക്കൊന്നതും, നാടു സുഗ്രീവനു കൊടുത്തതും,
താരാവിലാപം, ശപഥം, മഴക്കാലം കഴിയ്ക്കലും, 24
രാഘവസിംഹന്റെയരിശം, മികവിൽപ്പടകൂട്ടലും,
സമസ്തദിക്പ്രേഷണവും, പാരൊക്കെയറിയിയ്ക്കലും, 25
കൈമോതിരം നല്കിയതു,മൃക്ഷത്തിൻ ഗുഹ കണ്ടതും,
പ്രായോപവേശവിധിയും, സമ്പാതിയുടെ ദൎശനം, 26
മലതന്മേൽക്കയറലും, കടൽ ചാടിക്കടക്കലും,
സാഗരം ചൊല്ലിട്ടുകയാൽ മൈനാകം വന്നുകാണലും, 27
സിംഹികാവധവും, പിന്നെ ലങ്കാമലയദൎശനം,
നിശി ലങ്കയിലുൾപ്പൂക,ലൊറ്റയ്ക്കുള്ള വിചാരവും, 28
രാവണപ്രേക്ഷണം, പിന്നെപ്പുഷ്പകം നേൎക്കു കണ്ടതും,
ആപാനഭൂമിയിൽപ്പ്രോഢ,മവരോധാവലോകവും, 29
അശോകവാടിയിൽപ്പ്രവേശം, സീതയെക്കണ്ടുകൊണ്ടതും,
അടയാളം നല്കിയതും, ദശകണ്ഠാവലോകവും, 30
നിശാചരീതൎജ്ജനവും, സ്വപ്നം ത്രിജട കണ്ടതും,
സീത ചൂഡാമണി കൊടുത്തതും, തോട്ടം തകൎത്തതും, 31

Digitized By Kerala Sahitya Akademi

അരക്കസ്ത്രീകോന്തൻ പാഞ്ഞുപോകൽ, കിങ്കരഹിംസയും,
ഹനുമൽഗ്രഹണം, ലങ്ക ചുട്ടപ്പോളുള്ള ഘോഷവും, 32
ഇങ്ങോട്ടു ചാടലും, പിന്നെത്തേൻ കവൻകുടിയ്ക്കലും,
രാമന്നാശ്വാസമുണ്ടാക്കൽ, ചൂഡാമണി കൊടുക്കലും, 33
അലയാഴിയുമായ്ച്ചേർച്ച, നളൻെറ ചിറകെട്ടലും,
പയോധിയെച്ചുന്നിടലും, നിശി ലങ്ക വളഞ്ഞതും, 34
വിഭീഷണനുമായ്ച്ചേർച്ച, വധോപായമുണർത്തലും,
കുംഭകർണ്ണൻെറ വധവും, മേഘനാദനിഘാതവും, 35
രാവണക്ഷയവും, സീതാപ്രാപ്തിയും, ശത്രുവിൻപുരേ
വിഭീഷണാഭിഷേകം, പിന്നാട്ടു പുഷ്പകദർശനം, 36
അയോധ്യയ്ക്കായെഴുന്നള്ളൽ, ഭരതാജസമാഗമം,
മരുത്സുതപ്രേഷണവും, ഭരതങ്കലണഞ്ഞതും, 37
രാമാഭിഷേകോത്സവവും, സൈന്യമെല്ലാം പിരിയ്ക്കലും,
സ്വരാജ്യസംരഞ്ജനം, മസ്സീതയെക്കൈവെടിഞ്ഞതും, 38
ധരാതലേ രാഘവനു വരാൻപോകുന്നതെന്തതും,
തീർത്താനുത്തരകാര്യത്തിൽ വാല്മീകി ഭഗവാനൃഷി. 39

---

## നാലാം സർഗ്ഗം: കുശീലവാഗമനം.

രാജ്യം കയ്യേററ രാമൻെറ കഥയൊക്കയുമാത്മവാൻ
തീർത്തു വിചിത്രപദമായ്വാല്മീകി ഭഗവാനൃഷി. 1
തീർത്താൻ ശ്ലോകങ്ങളെയിരുപത്തിനാലായിരം മുനി
അഞ്ഞൂറു സർഗ്ഗങ്ങളെയും കാണ്ഡമാറുത്തരത്തെയും. 2
ഭാവിയോടുത്തരത്തോടുമതു തീർത്തതിബുദ്ധിമാൻ
ചിന്തിച്ചാ, 'നേതു നിപുണൻ പ്രയോഗിയ്ക്കുമിതെ'ന്നവൻ. 3
ആച്ചിന്തചെയ്യുന്ന കൃതാത്മാവാം മാമുനിതന്നുടെ
കാൽ പിടിച്ചാർ, മുനിവടിവാണ്ട രണ്ടാം കുശീലവർ: 4
പുകഴ്ന്ന പാട്ടുകാരായ ധർമ്മജ്ഞരാം നൃപപുത്രരെ
ഭ്രാതാക്കളെസ്സ്വരരെക്കണ്ടാനാശ്രമസംസ്ഥരെ. 5
അവർതൻ വേദവേദാംഗപാഠചാതുരി കാങ്കയാൽ
വേദാർത്ഥപരിപുഷ്ടിയ്ക്കായ്ഗ്രഹിപ്പിച്ചാനവൻ പ്രഭു, 6

Digitized By Kerala Sahitya Akademi

കാവ്യം രാമായണം സർവ്വം സീതതൻ വൻചരിത്രവും
'പൌലസ്ത്യവധ'നാമത്തിൽ നിർമ്മിച്ചതു ധൃതവ്രതൻ. 7
വായിക്കിലും പാടുകിലും മധുരം, ത്രിപ്രമാണവും
ഏഴു ജാതികളും ചേർന്നുള്ളൊന്നു, തന്ത്രീലയാന്വിതം, 8
ശൃംഗാരവീരകരുണരൌദ്രഹാസ്യഭയാനകം—
രസങ്ങളും മററും കലർന്നമക്കാവ്യമഥ പാടിനാർ, 9
അവർ സംഗീതസാരജ്ഞർ മൂർച്ഛനാസ്ഥാനകോവിദർ
ഭ്രാതാക്കളിരുഗന്ധർവ്വർപോലെ സുന്ദരർ സുസ്വരർ. 10
രൂപലക്ഷണസമ്പന്നർ മധുരസ്വരഭാഷികൾ
രാമദേഹാന്യബിംബാഭർ ബിംബോദ്ധൃതബിംബസന്നിഭർ 11
മുഴുവൻ ധർമ്മ്യമാം ശ്രേഷ്ഠാഖ്യാനമക്കാവ്യമൊക്കെയും
ഉരുവിട്ടിട്ടുറപ്പിച്ചാ രാജപുത്രരനിന്ദിതർ, 12
ഋഷിസജ്ജനവിപ്രന്മാർക്കിടയിൽത്തടവെന്നിയേ
പാടിപ്പോന്നാർ പഠിപ്പിച്ചപോലവേ തത്ത്വവേദികൾ, 13
മഹാത്മാക്കൾ മഹാഭാഗർ വിദിതാഖിലലക്ഷണർ.

ഒരുനാൾ ഭാവിതാത്മാക്കളൃഷിമാർ ചേർന്നിരിക്കവേ, 14
അവർതന്നരികേവെച്ചിക്കാവ്യം പാടീടിനാരവർ.
അതു കേട്ടൃഷിമാരെല്ലാം കണ്ണീർ ചിന്നിയ കണ്ണുമായ് 15
'നന്നു നന്നെ'ന്നരുളിനാരവരോടതിവിസ്മയാൽ.
മനം തെളിഞ്ഞാധർമ്മിഷ്ഠന്മാരാം മുനികളേവരും 16
വാഴ്ത്തേണ്ടുംപടി പാടുന്നാക്കുശീലവരെ വാഴ്ത്തിനാർ:—
'അമ്പോ,' പാട്ടിൻെറ മാധുര്യം, ശ്ലോകങ്ങളുടെയേറെയും! 17
പ്രത്യക്ഷമട്ടിൽക്കാണിച്ചു പഴതാകിലുമിക്കഥ.'
ചെമ്മേ ഭാവത്തിൽ മുഴുകിപ്പാടിനാരിരുപേരവർ 18
ഒപ്പം മധുരമായ് രാഗത്തോടും സ്വരഗുണത്തോടും.
ഏവം മഹാത്മാക്കൾ തപശ്ശ്ലാഘ്യർ വാഴ്ത്തീടുമാററവർ 19
പാടീ രാഗക്കൊഴുപ്പോടേ തുലോം മധുരമാംവിധം.
രസിച്ചെണീററൊരു മുനിയവർക്കേകീടിനാൻ കുടം; 20
തെളിഞ്ഞൊരാൾ മരവുരിയവർക്കേകീ പുകഴ്ന്നവൻ.
"മുനി നന്നായി വർണ്ണിച്ചോരിതിഹാസമിതത്ഭുതം, 21
കവികൾക്കേററമാധാരം, സമാപ്തം, ക്രമമാംവിധം;
പാട്ടിൽപ്പാടിയൊരിപ്പാട്ടു പാട്ടിലെല്ലാം പടുക്കളേ, 22

Digitized By Kerala Sahitya Akademi

ആയുഷ്കരം പുഷ്ടികരം സവ്വശ്രുതിമനോഹരം!''
ഒരുനാള,ങ്ങു തേർവീഥിവൻപാതകളിലെങ്ങുമേ 23
വാഴ്ത്തപ്പെട്ടും ഗായകരെക്കണ്ടെത്തി ഭരതാഗ്രജൻ.
അക്കുശീലവരാം മാന്യഭ്രാതാക്കളെ നിജാലയേ 24
വരുത്തിയഥ മാനിച്ചാനാ രാമനരിമദ്ദനൻ.
പ്രഭു ദിവ്യസ്വണ്ണസിംഹാസനത്തിന്മേലിരുന്നവൻ 25
ചാരേ സോദരരും മന്ത്രിമാരുമൊത്തു പരന്തപൻ
അത്ര സുന്ദരരാം രണ്ടുപേരെയും പാർത്തു സുവ്രതൻ 26
രാമൻ ഭരതശത്രുഘ്നലക്ഷ്മണന്മാരൊടോതിനാൻ:—
''ദേവാഭരാകുമിവർതന്നാഖ്യാനമിതു കേൾക്കുവിൻ 27
ചെമ്മേ ചിത്രാർത്ഥപദ''മെന്ന,വരോടോതി പാടുവാൻ.
അവരും രക്തമധുരം നെട്ടതാം നതസ്വരത്തൊടും 28
വീണ മീട്ടിപ്പോരുമാം തുലോം വെളിവാംപടി പാടിനാർ,
സവ്വാംഗങ്ങൾക്കുഹൃത്തിന്നും കരണങ്ങൾക്കും കുളിർ ചേപ്പതായ് 29
കണ്ണാനന്ദമഗ്ഗാനം മുതിന്നിതു സഭാന്തരേ.
'ഇതാ മഹീപാലകലക്ഷണാഢ്യരായ്—
ത്തപസ്സു വാഴ്ചും മുനിമാർ കുശീലവർ;
ശ്രവിപ്പിനെൻവൃത്ത,മുദാരവൈഭവം
വിഭൂതിസന്ദായിയുമെന്നുദീരിതം.' 30
അനന്തരം മാഗ്ഗവിധാനവാസ്യോടും
രാഘൂദപഹപ്രേരിതർ പാടിനാരവർ
പാടുകവേ, സഭാസദ പൂക്കു രാമനും
സമാസ്വാദിപ്പാൻ മതിവെച്ചു മേവിനാൻ. 31

## അഞ്ചാം സഗ്ഗം: അയോധ്യാവണ്ണനം.

പ്രജാപതി മുതൽക്കുദ്യജ്ജയരാം നൃപരേവരോ
അടക്കിവാണു നിശ്ശേഷം പണ്ടിപ്പാരിടമൊക്കയും, 1
ഏവരിൽ,ക്കടൽ കുത്തിച്ച സഗരൻ, നിജയാത്രയിൽ
നന്ദനന്മാരറുപതിനായിരംപേർ ചുഴന്നവൻ; 2
ആ മഹാത്മാക്കളിക്ഷ്വാകുമന്നോരുടെ കുലത്തിലാം,
പിറന്നതു, മഹാഖ്യാനമിതു രാമായണാഹ്വയം. 3

Digitized By Kerala Sahitya Akademi

ആദിതൊട്ടൊഴിയാതാദിതൊട്ടെല്ലാം ചൊല്ലിടുന്നു ഞാൻ;
ധർമ്മാർത്ഥകാമസഹിതമാസ്ഥയിൽക്കേട്ടിടേണ്ടതാം. 4

തുഷ്ടസംപുഷ്ടമാസ്സന്നാടൊന്നു കോസലനാമകം
സരയുക്കരമേലുണ്ടു ധനധാന്യസമൃദ്ധമായ്. 5

അങ്ങുണ്ടയോധ്യയെന്നായിപ്പാരിൽപ്പുകൾ പെട്ടും പുരി:
മനുവാം മാനവശ്രേഷ്ഠൻ താന്താൻ തീർപ്പിച്ചതിപ്പുരി. 6

ഈരാറുയോജനപ്പാടാം നീളവും മൂന്നു വീതിയും
ചേലൊത്ത വമ്പാതകളും ചേർന്നതി,ശ്രീമഹാപുരി. 7

വെള്ളമെല്ലായ്പ്പൊഴും പാററിപ്പൂക്കൾ ചിന്നിവിരിക്കയാൽ
ചേലിയന്ന മഹാരാജമാർഗ്ഗത്താലേ ലസിച്ചതാം. 8

രാജാവാകും ദശരഥൻ വൻനാടിനെ വളർത്തുവോൻ
വാണിടിനാനപ്പുരിയിൽ, ദ്യോവിൽപ്പാകാരിപോലവേ. 9

ഇടംതടവുമങ്ങാടി കമാനം വാതിലൊത്തതായ്,
സർവയന്ത്രായുധം ചേർന്ന, സർവശില്പിസമേതമായ്, 10

സൂതമാഗധരും തിങ്ങി, ശ്രീ പൂണ്ടതുലശോഭമായ്,
കൊടിക്കാൽ കൊത്തളം പൊങ്ങി,ശ്ശതഘ്നീശതയുക്തമായ്, 11

നാരീനാടകസംഘങ്ങളുള്ളൊന്നപ്പുരിയെങ്ങുമേ.
മതിലാമരത്തോൺ ചാർത്തി മാംകാവുദ്യാനമൊത്തതാം; 12

പെരുംകുണ്ടുകിടങ്ങും ചേർന്നന്യർ കേറാതെ ദുർഗ്ഗമാം;
ഒട്ടകംകാളകഴുതഗജാശ്വങ്ങളാൽ നിറഞ്ഞതാം; 13

കപ്പം കൊടുക്കുവാൻ വന്ന കീഴ്മന്നവർ ചുഴന്നതാം;
നാനാപ്രദേശങ്ങളിലെക്കച്ചോടക്കാരണഞ്ഞതാം; 14

കളിക്കുന്നുകളും രത്നപ്പള്ളിമേടവരാന്തയും
നിറഞ്ഞി,ന്ദ്രന്റെയമരാവതിപോലെ ലസിച്ചതാം. 15

നൽസ്സ്ത്രീകൾ വാഴ്വതായ്ച്ചൂതുപടത്തിൻ വടിവൊത്തതായ്,
സർവരത്നാഢ്യമായ്ച്ചിത്രവിമാനഗൃഹയുക്തമായ്, 16

ഗൃഹങ്ങൾ തിങ്ങിടക്കിടെന്യേ നിരന്ന ഭുവി നില്പതാം;
വെൺനെല്ലരി കരിമ്പിൻനീരെതിർനീരും നിറഞ്ഞതാം; 17

മൃദംഗം പണവം വീണ പെരുംപറയിവററിനാൽ
ഉലോമൊലികൊള്ളുവതാം; മന്നിൽവെച്ചു മികച്ചതാം; 18

സിദ്ധക്കു തപസാ കിട്ടും വിമാനത്തിന്നു തുല്യമാം;
ചേലൊത്ത വീടുകളുമായ് ശ്രേഷ്ഠമർത്ത്യർ ചുഴന്നതാം. 19

Digitized By Kerala Sahitya Akademi

അസഹായൻ, വീട്ടിലേകൻ, കേട്ടെയ്യേണ്ടവനോട്ടവോൻ
ഇവരിൽശ്ശൂരമെയ്യില്ലാ ദക്ഷർ കൈവേഗമുള്ളവർ; 20
തിമത്തു കാട്ടിലലറം നരിപന്നിമൃഗന്ദ്രരെ
കൊല്ലും, തീക്ഷ്ണായുധംകൊണ്ടു കരുത്താൽക്കൈക്കരുത്തിനാൽ; 21
ഈമട്ടുകാരായ മഹാരഥന്മാർ പെരുതായിരം
നിറഞ്ഞ വമ്പുരിയതിൽ വാണു ദശരഥൻ നൃപൻ. 22

അങ്ങുണ്ടു,പാത്താഗ്നികരാം നന്മയേറിട്ടും
ദ്വിജേന്ദ്രരാമ്നായഷഡംഗപാരഗർ
ഉദാരർ സത്യവ്രതർ കേവലർഷിമാർ,
മഹർഷിമട്ടാന്നവരും മഹാശയർ. 23

---

## ആറാം സർഗ്ഗം: രാജവർണ്ണനം.

ആയയോധ്യാപുരത്തിങ്കൽ വേദജ്ഞൻ, സർവ്വസംഗ്രഹൻ,
ദീർഘദർശി, സുതേജസ്സ്, പൌരനാട്ടാർക്കു വല്ലഭൻ, 1
ഇക്ഷ്വാകുക്കൾക്കതിരഥൻ, യജ്വാവു, വശി, ധാർമ്മികൻ,
മഹർഷിതുല്യൻ രാജർഷി, മൂപ്പാരിൽ വിളികൊണ്ടവൻ, 2
ബലി, മാററലരെക്കൊന്നോൻ, മിത്രശാലി, ജിതേന്ദ്രിയൻ,
സ്വത്തീട്ടിവെപ്പെന്നിവയാലിന്ദ്രവൈശ്രവണോപമൻ, 3
എപ്രകാരം മനു മഹാതേജസ്സുലകു കാത്തിതോ
അപ്രകാരം വസിച്ചൂഴി കാത്താൻ ദശരഥൻ നൃപൻ. 4
ത്രിവർഗ്ഗം കൈവരുംമാറു രക്ഷിച്ചാൻ ശ്രേഷ്ഠമപ്പുരി,
അമരാവതിയിന്ദ്രൻപോലെ,ദ്ദേഹം സത്യസംഗരൻ. 5
ആ നൽപ്പുരത്തെഴും മർത്ത്യർ, ധർമ്മാത്മാക്കൾ, ബഹുശ്രുതർ,
ഹൃഷ്ടരാ,ത്മധനപ്രീതർ, നേർചൊൽവോർ, ദുര വിട്ടവർ. 6
നേട്ടം കുറഞ്ഞപ്പുരിയിലന്നില്ലൊരു കുടുംബിയും,
ഗോവശ്വധനധാന്യങ്ങൾ വിട്ടും, വീതാർത്ഥനായുമേ. 7
പിശുക്കനെക്കാമിയെയും നൃശംസനെയുമെങ്ങുമേ
അയോധ്യയിൽക്കണ്ടുകിട്ടാ മൂഢനാസ്തികർതമ്മെയും. 8
സ്ത്രീകളും പുരുഷന്മാരുമെപ്പേരും ദാന്തർ, ധാർമ്മികർ,
ശീലാചാരം സ്വത്തേ ചേർന്നോർ, മഹർഷിസമനിർമ്മലർ. 9

Digitized By Kerala Sahitya Akademi

അമാല്യനില്ല,ല്ലസ്രഘനാകിരീടനാകുണ്ഡലൻ
അമൃഷ്ടൻ കുറി പൂശാത്തോനില്ലില്ലങ്ങസുഗന്ധനാം. 10
നിറച്ചുണ്ണാത്തവൻ നല്കാത്താൻ കൈക്കോപ്പിടാത്തവൻ
പതക്കംതോടവളയിടാത്തോനുമില്ലങ്ങധീരനാം. 11
അനഗ്നിഹോത്രിയുമയജ്വാവും കള്ളനുമല്പനും
സംകരം ചെയ്തവനുമായില്ലയോധ്യയിലാരുമേ. 12
സദാ സ്വകർമ്മസക്തന്മാരന്തണന്മാർ ജിതേന്ദ്രിയർ
ദാനാധ്യയനശീലന്മാർ ദാനം വാങ്ങാൻ മടിപ്പവർ. 13
നുണയൻ നാസ്തികനുമില്ലി,ല്ലല്പശ്രുതനാമൊരാൾ
അസൂയക്കാരനില്ലജ്ഞനില്ലി,ല്ലന്നൊരശക്തനാം. 14
ഷഡംഗമറിയാത്തോനില്ലില്ലല്പദൻ വ്രതശൂന്യനാം,
ദീനനില്ലുള്ളഴന്നോനില്ലില്ലാരും രോഗിയായുമേ. 15
അശ്രീ പൂണ്ടും ചന്തമറ്റുമില്ലൊരാണൊരു പെണ്ണുമേ;
അരാജഭക്തിമാനേയും കണ്ടുകിട്ടില്ലയോധ്യയിൽ. 16
നാലുജാതിയിലുള്ളോരും ദേവതാതിഥിപൂജകർ,
കൃതജ്ഞന്മാർ, വദാന്യന്മാർ, ശൂരർ, വിക്രമശാലികൾ. 17
മർത്ത്യരായുസ്സു നീണ്ടുള്ളോർ സത്യധർമ്മധരേവരും
നിത്യമാ ശ്രേഷ്ഠപുരിയിൽപ്പുത്രപൗത്രാംഗനാന്വിതർ. 18
ബ്രഹ്മപ്രധാനമായ് ക്ഷത്രം; വൈശ്യരോ, ക്ഷത്രിയാനുഗർ;
സ്വധർമ്മരതർ ശൂദ്രന്മാർ ത്രിവർണ്ണപരിചാരകർ. 19
രക്ഷിച്ചാനപ്പുരി ശരിയ്ക്കിക്ഷ്വാകുപ്പെരുമാളവൻ
മനുജക്കീന്ദ്രനാം ധീമാൻ മനു പണ്ടെന്നപോലവേ. 20
അഗ്നിതുല്യർ പയറ്റൊത്തോർ ചുണയും നേരുമുള്ളവർ
പടയാളികൾ, സിംഹങ്ങൾ ഗുഹയിൽപ്പോലെ തിങ്ങിയും; 21
വനായു സിന്ധു കാംബോജം ബാഹ്ലീകമിവിടങ്ങളിൽ
പിറന്ന ശക്രാശ്വസമപ്രവരാശ്വങ്ങൾ തിങ്ങിയും; 22
വിന്ധ്യാദ്രിജങ്ങൾ മത്തങ്ങൾ മലയ്ക്കൊത്ത ഗജങ്ങളും,
മദവും ഭൂരിബലവും ചേർന്ന ഹൈമവതങ്ങളും, 23
ഐരാവതാന്വയോത്ഥങ്ങൾ മഹാപദ്മകുലങ്ങളും,
വാമനാഞ്ജനവംശത്തിലുണ്ടായ്വന്ന ഗജങ്ങളും, 24
ഭദ്രം, മന്ദ്രം, മൃഗം പിന്നെബ്ഭദ്രമന്ദ്രമൃഗങ്ങളും,
ഭദ്രമന്ദ്രം, ഭദ്രമൃഗം, മൃഗമന്ദ്രങ്ങളിങ്ങിനെ— 25



Digitized By Kerala Sahitya Akademi

നിത്യമത്താദ്രിതുല്യേഭങ്ങളും തിങ്ങിയുമപ്പുരി
വിളങ്ങീ രണ്ടുകാതപ്പാടത്യന്തം സാൎത്ഥനാമമായ്: 26
ഇങ്ങല്ലോ വാണുലകിനെക്കാത്തു ദശരഥൻ നൃപൻ
അപ്പുരത്തെ മഹൌജസ്സാ മഹാൻ ദശരഥൻ നൃപൻ, 27
ചന്ദ്രൻ താരങ്ങളെപ്പോലെ രക്ഷിച്ചു രിപുനാശനൻ.

ദൃഢങ്ങളാമൎഗ്ഗളതോരണങ്ങളും
വിചിത്രഗേഹങ്ങളുമാൎന്നതിരക്കമായ്
ശോഭിച്ചുമാ നൽപ്പുരി, സാൎത്ഥനാമമാ-
മയോധ്യ, കാത്താനരചൻ ഹരിപ്രഭൻ. 28

---

## ഏഴാം സൎഗ്ഗം: മന്ത്രിവൎണ്ണനം.

ആ മഹാശയനിക്ഷ്വാകുതന്നമാത്യർ ഗുണാന്വിതർ
മന്ത്രജ്ഞരിംഗിതജ്ഞന്മാരെന്നും പ്രിയഹിതൈഷികൾ. 1
അമാത്യരെട്ടുപേരുണ്ടാ വീരന്നു പുകളേറിയോർ
വിശുദ്ധരെപ്പൊഴും രാജകാൎയ്യത്തിൽക്കുളറിയന്നവർ: 2
ജയന്തൻ, ധൃഷ്ടി, വിജയ, നസ്സിദ്ധാൎത്ഥാ-ൎത്ഥസാധകർ,
അശോക-മന്ത്രപാലന്മാ,-രെട്ടാമതു സുമന്ത്രനും. 3
അവിടെയ്ക്കിരുപേർ മുഖ്യപുരോഹിതർ മഹൎഷിമാർ
വസിഷ്ഠവാമദേവന്മാർ; മന്ത്രിമാർ മററുപേരുമേ. 4
വിദ്യാവിനീതർ, നാണിപ്പോർ, വിദഗ്ദ്ധന്മാർ, യതേന്ദ്രിയർ,
ശ്രീയുള്ളവർ, മഹാത്മാക്കൾ, ശസ്ത്രജ്ഞർ, ദൃഢവിക്രമർ, 5
പുകഴ്ന്നവർ, പിഴയ്ക്കാത്തോർ, പറഞ്ഞപടി ചെയ്യുവോർ,
തേജഃക്ഷമായശസ്സാൎന്നോർ, പുഞ്ചിരികൊണ്ടു ചൊല്ലുവോർ. 6
ക്രോധമോ കാമമോ മൂലമസത്യമുരിയാടിടാ;
അവൎക്കില്ലറിയാതൊന്നും നിജാന്യവിഷയങ്ങളിൽ 7
ചെയ്യതും, ചെയ്തതും, ചാരൻപോലും ചെയ്യാൻ നിനപ്പതും.
വ്യവഹാരവിദഗ്ദ്ധന്മാർ സൌഹൃദത്തിൽപ്പരീക്ഷിതർ 8
വേണ്ടിവന്നാൽസ്സുതന്മാൎക്കുമവർ ശിക്ഷ കൊടുക്കുമേ.
ഭണ്ഡാരം നേടുവതിലും, സൈന്യരക്ഷയിലും രതർ 9

Digitized By Kerala Sahitya Akademi

ദ്രോഹിയ്ക്കാ, ശത്രുവായാലും കുറ്റമില്ലാത്ത മർത്ത്യനെ.
നിത്യോത്സാഹികൾ വീരന്മാർ നീതിശാസ്ത്രാനുസാരികൾ 10
നാട്ടിലെസ്സജ്ജനങ്ങൾക്കു സദാ സംരക്ഷ ചെയ്യുവോർ.
നിറച്ചാരവർ ഭണ്ഡാരം ബ്രഹ്മക്ഷത്രാവിഹിംസകർ 11
ആൾതൻ ബലാബലം നോക്കിത്തീക്ഷ്ണശിക്ഷ കൊടുപ്പവർ.
ശുദ്ധരെപ്പേരുമൈക്യത്തിൽക്കാര്യാലോചന ചെയ്കയാൽ, 12
ഭോഷ്കോതും നരനില്ലെങ്ങും നാട്ടിലും നഗരത്തിലും.
ദുഷ്ടനായാരുമില്ലങ്ങു പരസ്ത്രീരതനായുമേ; 13
ആ രാജ്യവും നല്ലൂരും ശാന്തമായ്ത്തീർന്നിതൊക്കവേ.
സുവസ്ത്രന്മാർ, സുവേഷന്മാർ, സുശീലര,വരേവരും 14
നയക്കണ്ണാൽ നരേന്ദ്രന്റെ ഹിതത്തിന്നുണർന്നവർ,
ഗുരുവിൻനന്മ കൈക്കൊൾവോർ, വിക്രമത്തിൽപ്പ്രകൃഷ്ടന്മാർ, 15
വിദേശത്തും വിളിപ്പെട്ടോരെങ്ങും ബുദ്ധിയുറപ്പിനാൽ,
സന്ധിവിഗ്രഹതത്ത്വജ്ഞർ, പ്രകൃത്യാ ധനശാലികൾ, 16
മന്ത്രം മറയ്ക്കാൻ കെല്പുള്ളോർ, സൂക്ഷ്മചിന്താവിശാരദർ,
നീതിശാസ്ത്രവിശേഷജ്ഞരെപ്പോഴും പ്രിയവാദികൾ; 17
ഈമട്ടൊത്താഗ്ഗുണികളാമമാത്യരൊടുമൊപ്പമേ
അനഘൻ ഭൂമി രക്ഷിച്ചുവാണു ദശരഥൻ നൃപൻ. 18
ചാരനാൽ നോക്കിയും, ധർമ്മാൽ പ്രീതി നാട്ടാർക്കു നല്കിയും,
നാട്ടാരെപ്പാലനംചെയ്തു,മധർമ്മത്തെയകററിയും, 19
മൂപ്പാരിലും വിളിപ്പെട്ടു വദാന്യൻ സത്യസംഗരൻ
ആ നരവ്യാഘ്രനവിടെബ്ഭരിച്ചാനിദ്ധരിത്രിയെ. 20
അറിഞ്ഞീല, തനിയ്ക്കൊത്തോ കവിഞ്ഞോ ശത്രുവുള്ളതായ്;
മിത്രവാൻ നതസാമന്തൻ പ്രതാപഹതശാത്രവൻ 21
ആ രാജാവുലകം കാത്തു വിണ്ണോർകോൻ വിണ്ണു പോലവേ.

ആ മന്ത്രിമാർ മന്ത്രഹിതപ്രവൃത്തർ
കൂറും പഠിപ്പും വിരുതും പെടുന്നോർ
ചേർന്നാ നൃപൻ, തൈജസഗോക്കളോടൊ-
ത്തുദിച്ച സൂര്യന്നെതിരായ്ത്തിളങ്ങീ. 22

Digitized By Kerala Sahitya Akademi

## എട്ടാം സർഗ്ഗം: യജ്ഞനിശ്ചയം.

ഈദൃക്പ്രഭാവാൽപ്പെരിയോനാധർമ്മജ്ഞൻ സുതാർത്ഥമായ്
ക്ലേശിച്ചിരിയ്ക്കെ,യുണ്ടായ്വന്നീല വംശകരൻ സുതൻ. 1
മഹാത്മാവാമവന്നാലോചിച്ചതിൽത്തോന്നിയിങ്ങിനെ:—
'സുതാർത്ഥമശ്വമേധത്തെയെന്തേ ചെയ്യാതിരുന്നു ഞാൻ?' 2
യാഗം ചെയ്യേണമെന്നുള്ളാൽത്തീർപ്പു ചെയ്തിട്ടു ബുദ്ധിമാൻ
ധർമ്മാത്മാവു കൃതാത്മാക്കളാം മന്ത്രിമാരൊക്കെയൊത്തുടൻ 3
സുമന്ത്രമന്ത്രീന്ദ്രനോടായ്ച്ചൊന്നാൻ മന്നവനിങ്ങിനെ:—
'വെക്കം വരുത്തു വാധ്യാനൊത്തെൻഗുരുക്കളെയൊക്കയും.' 4
അസ്സുമന്ത്രനുടൻതന്നേ തിടുക്കത്തോടുകൂടവേ
പോയ്ക്കൊണ്ടുവന്നാനാ വേദപാരഗന്മാരെയൊക്കയും: 5
സുയജ്ഞവാമദേവന്മാർ, ജാബാലി,യഥ കാശ്യപൻ,
വാധ്യാൻ വസിഷ്ഠനിവരെ, മററു വിപ്രേന്ദ്രർതമ്മെയും. 6
ധർമ്മാത്മാവവരെപ്പൂജിച്ചിട്ടു ദശരഥൻ നൃപൻ
ധർമ്മാർത്ഥയുക്തം മധുരമീവണ്ണമുരിയാടിനാൻ:— 7
'മകനായ് വിലപിച്ചീടുമെനിയ്ക്കില്ലൊരു സൌഖ്യവും;
അതിന്നായശ്വമേധത്തെച്ചെയ്യാമെന്നെന്മനോരഥം. 8
ശാസ്ത്രത്തിൽക്കണ്ടതിൻവണ്ണം യജിപ്പാനാഗ്രഹിപ്പു ഞാൻ;
കാമമെങ്ങിനെ ഞാൻ നേടുമതിന്നു വഴി നോക്കുവിൻ.' 9
അന്നേര,മത്തു കൊള്ളാമെന്നഭിനന്ദിച്ചിതന്തണർ
വസുധേശന്റെ വചനം വസിഷ്ഠാദികളേവരും. 10
ചൊന്നാർ ദശരഥൻതന്നോടന്യൂനാമോദമേവരും:—
'സംഭാരങ്ങളൊരുക്കിയ്ക്കാം; വിടാം, നിൻതുരഗത്തെയും. 11
എല്ലാംകൊണ്ടും ഭവാൻ നേടുമിഷ്ടപുത്രരെ മന്നവ;
ഇദ്ധർമ്മബുദ്ധിയങ്ങെയ്ക്കു തോന്നിയല്ലോ സുതാർത്ഥമായ്.' 12
ആ വിപ്രരുടെ വാക്യം കേട്ടരാജൻ പ്രീതി തേടിനാൻ;
അമാത്യന്മാരൊടൊരചൻ ചൊന്നാൻ ഹർഷാകുലേക്ഷണൻ:— 13
''സംഭാരങ്ങളൊരുക്കീടുകിങ്ങെൻഗുരുവചസ്സിനാൽ;
സമർത്ഥർ കാക്കുമശ്വത്തെ വിടുവിൻ സപുരോഹിതം. 14
സരയൂത്തരതീരത്തിൽത്തീർക്കുവിൻ യജ്ഞഭൂമിയും;
ശാന്തികർമ്മം നടക്കട്ടേ യഥാവിധി യഥാക്രമം. 15

Digitized By Kerala Sahitya Akademi

എതു രാജാവിനും സാധിയ്ക്കാവതാണീയൊരധ്വരം,
ഇസ്സന്മഖത്തിൽക്കൊട്ടുതാം കുററം പററാതിരിയ്ക്കുകിൽ. 16
ഇതിൽപ്പഴുതു നോക്കീടും, വിജ്ഞരാം ബ്രഹ്മരാക്ഷസർ;
യജ്ഞം മുടങ്ങിപ്പോയാലോ, കർത്താവാശു നശിയ്ക്കുമേ. 17
അതിനാലെന്റെയീ യാഗം ശരിയ്ക്കു കഴിയുംവിധം
ഏർപ്പാടു ചെയ്തുകൊണ്ടാലു,മിഹ കർമ്മസമർത്ഥരേ.'' 18
അതാംചെയ്തതുപോലാവാമെന്നാർ മന്ത്രികളേവരും:
പാർത്ഥിവേന്ദ്രന്റെ വചനം കേട്ടു കൊണ്ടാടിനാരവർ. 19
ധർമ്മജ്ഞരാം ബ്രാഹ്മണരും പ്രശംസിച്ചാർ നൃപേന്ദ്രനെ;
വിടവാങ്ങി മടങ്ങിപ്പോയ് വന്നപാടവരേവരും. 20
ആ വിപ്രരെയയച്ചിട്ടു മന്ത്രിമാരോടിതോതിനാൻ:—
'ഗുരൂപദിഷ്ടമീ യാഗം വഴിപോലെ നടത്തുവിൻ!' 21
എന്നുരച്ചു നൃപവ്യാഘ്രൻ ചാരേ മേവുമമാത്യരെ
പിരിച്ചയച്ചാന്തഃഗൃഹമകംപുക്കാൻ മഹാദ്യുതി. 22
പിന്നോമൽപ്പത്നിമാരെക്കണ്ടുരചെയ്താൻ നരാധിപൻ:—
'ദീക്ഷകൊണ്ടീടുവിൻ, യാഗം ചെയ്യുവൻ ഞാൻ സുതാർത്ഥമായ്.' 23
തേജസ്സു കൂടീടുമവർക്കീയതിപ്രിയവാക്കിനാൽ
മുഖപദ്മം പ്രകാശിച്ചു, ഹിമാന്തേ പദ്മമാംവിധം. 24

---

## ഒമ്പതാം സർഗ്ഗം: സുമന്ത്രവാക്യം.

ഇതു കേട്ടോതിനാൻ സൂതനേകാന്തേ നൃപനോടിദം:
''ഗുരൂപദിഷ്ടമിതു ഞാൻ കേട്ടിട്ടുണ്ടിതിഹാസമായ്. 1
സനൽക്കുമാരൻ ഭഗവാൻ കഥയൊന്നോതിനാൻ പുരാ
നിൻപുത്രോൽപത്തിയെപ്പററിപ്പുരാനേ, മുനിസന്നിധൌ: 2
കാശ്യപന്നുണ്ടൊരു മകൻ വിഭണ്ഡകസമാഹ്വയൻ;
ആയവന്നൃശ്യശൃംഗാഖ്യനായൊരുണ്ണി പിറന്നിടും. 3
നിത്യം കാട്ടിൽ വളർന്നെന്നും കാട്ടുചുററിടുമാ മുനി
വിപ്രേന്ദ്രനറിയാ മറെറാന്നെ,ന്നും താതാനുവർത്തനാൽ. 4
ബ്രഹ്മചര്യം മഹാത്മാവിന്നുണ്ടാം രണ്ടുവിധത്തിലും:
പാരിൽപ്പുകഴ്ന്നതും ഭൂപ, വിപ്രർ ചൊല്ലിയതും സദാ. 5

Digitized By Kerala Sahitya Akademi

അവനിമ്മട്ടിലഗ്നിയ്ക്കും ഗുരുകാം പൂണ്ട പിതാവിനും
പരിചര്യകൾ ചെയ്തുംകൊണ്ടേറ്റു കാലം കഴിച്ചിടും. 6
അക്കാലത്തുതാൻ ലോമപാദനെന്നോരു മന്നവൻ
ഉളവാമംഗരാജ്യത്തു സുപ്രതാപൻ മഹാബലൻ. 7
ആ നൃപന്റെയധർമ്മത്താലാരും പേടിച്ചുപോംവിധം
കൊടുതായൊരനാവൃഷ്ടി നെടുനാളുളവായിതും. 8
മഴയില്ലായ്കയാൽപ്പാരമഴലുംകൊണ്ടു മന്നവൻ
ശ്രുതവൃദ്ധദ്വിജന്മാരെ വരുത്തിയുരചെയ്തിടും:— 9
'ഭവാന്മാർ ശ്രുതധർമ്മാക്കൾ നാട്ടാചാരമറിഞ്ഞവർ;
വേണ്ടുന്നതരുൾചെയ്യേണം പ്രായശ്ചിത്തം കഴിക്കുവാൻ.' 10
മേദിനീശനൊടോതീടും വേദപാരഗരാം ദ്വിജർ:—
'വരുത്തു വല്ലവിധവും വൈഭണ്ഡകിയെ മന്നവ! 11
വരുത്തിസ്സൽക്കരിച്ചാലും, ഋശ്യശൃംഗനു വിധിപോലവേ
കൊടുക്ക മടികൂടാതെ മഹീശ, മകൾ ശാന്തയെ.' 12
അവർ ചൊന്നതു കേട്ടിട്ടു നൃപൻ നിനവു പൂണ്ടിടും:—
'എന്താണുപായ,മിങ്ങോട്ടാ വീര്യവാനെ വരുത്തുവാൻ? 13
പിന്നെ മന്ത്രികളൊന്നിച്ചു തീർച്ച ചെയ്താദരാൽ നൃപൻ
സൽക്കരിച്ചു നിയോഗിക്കും വാദ്ധ്യാനൊടുമമാത്യരെ. 14
രാജാവിൻമൊഴി കേട്ടുള്ളിൽ പൂണ്ടു വക്ത്രം കുനിച്ചവർ,
പോവാൻ വയ്യെന്നൃഷിഭയാൽസ്സാന്ത്വം നൃപനൊടോതിടും, 15
നിനച്ചുണർത്തിക്കുമവരതിന്നൊരുപായവും:—
വരുത്താം വിപ്രനെ നമുക്കുളവാകില്ല ദോഷവും'. 16
അമ്മട്ടംഗേശ്വരൻ വേശ്യമാരെക്കൊണ്ടൃഷിപുത്രനെ
വരുത്തി, മഴയും പെയ്തു, കൊടുത്തു ശാന്തതന്നെയും. 17
ജാമാതാവൃശ്യശൃംഗൻതാനുണ്ടാക്കും തവ പുത്രരെ:
സനത്കുമാരനച്ചൊന്നതിത്രത്തോളമുണർത്തി ഞാൻ.'' 18
ചോദിച്ചാനദ്ദശരഥൻ സുമന്ത്രനൊടു ഹൃഷ്ടനായ്:—
'ഋശ്യശൃംഗാനയനമെമ്മട്ടു? ചൊല്ലു സവിസ്തരം.' 19

---

## പത്താം സർഗ്ഗം: ഋശ്യശൃംഗാനയനകഥനം.

നൃപന്റെയരുളപ്പാടാലുണർത്തിച്ചാൻ സുമന്ത്രനും:—
“കേൾ, കൊണ്ടുപോന്നതെമ്മട്ടെന്നൃശ്യശൃംഗനെ മന്ത്രിമാർ: 1

Digitized By Kerala Sahitya Akademi

വാദ്ധ്യാനമാത്യരൊത്തേവം ലോമപാദനൊടോതിനാൻ:—
ഒരുപായമിതാ, ഞങ്ങൾ കണ്ടിട്ടുണ്ടനപായമായ്: 2
ഋശ്യശൃംഗൻ വനചരൻ തപസ്സ്വാദ്ധ്യായതൽപരൻ:
നാരീവിഷയസൌഖ്യങ്ങളറിയാത്തവനാണവൻ; 3
നരർതന്നുള്ളലച്ചീടുമഭീഷ്ടവിഷയങ്ങളാൽ
പുരേ കൊണ്ടുവരാം നമ്മൾക്കാ,ശു കല്പിച്ചുറയ്ക്കണം. 4
കോപ്പണിഞ്ഞങ്ങു ചെല്ലട്ടെ മാനിഷ്ടപ്പെട്ട വേശ്യമാർ;
നാനോപായാൽക്കൊതിപ്പിച്ചിങ്ങാനയിക്കും, സുരൂപമാർ.' 5
കേട്ടിട്ടങ്ങിനെതാനെന്നാൻ വാദ്ധ്യാനോടു നരേന്ദ്രനും;
വാദ്ധ്യാനുമാ മന്ത്രികളും ചെയ്തുകൊണ്ടാരതേവിധം. 6
ആജ്ഞ കേട്ടഗ്ര്യമാർ വേശ്യാസ്ത്രീകൾ വങ്കാടു പൂകിനാർ.
അങ്ങാശ്രമത്തിന്നരികെ കണ്ടെത്താൻ വേലചെയ്കയായ് 7
എപ്പോഴുമാശ്രമേ വാഴും ധീരനാമൃഷിപുത്രനെ;
അച്ഛങ്കൽ നിത്യസന്തുഷ്ടനാശ്രമം വിടുകില്ലവൻ. 8
പിറപ്പുതൊട്ടുതാൻ കാണപ്പെട്ടിട്ടില്ലത്തപസ്വിയാൽ
സ്ത്രീയോ, പുരുഷനോ, മററു രാജ്യപട്ടണസത്വമോ. 9
പില്പാടൊരിക്കലട്ടിക്കിൽ വന്നണഞ്ഞാൻ യദൃച്ഛയാ:
വിഭണ്ഡകാത്മജൻ കണ്ടാനങ്ങാ നന്മടവാർകളെ. 10
പാട്ടു പാടിപ്പലേ മോടി പൂണ്ടാ മധുരകണ്ഠിമാർ
ഋഷിപുത്രൻെറയരികിൽച്ചെന്നു ചോദിച്ചിതേവരും:— 11
'ആർ ഭവാൻ? ചെയ്വതെന്തെ?ഞങ്ങൾക്കിതിച്ഛയറിവാൻ രുചി.
ചൊല്ലുകൊ,ററയ്ക്കു നടക്കുന്നുവല്ലോ ശൂന്യോഗ്രകാനനേ.' 12
അക്കാമൃഗാക്ഷിമാർ കാട്ടിൽത്താൻ കാണാത്തവരാകയാൽ
അവന്നു തോന്നീ സ്നേഹത്താൽത്തന്നച്ഛനെയുരയ്ക്കുവാൻ:— 13
'അച്ഛൻ വിഭണ്ഡകൻ ഞങ്ങൾക്ക,വന്നൌരസസൂനു ഞാൻ;
പേരൃശ്യശൃംഗനെന്നാണെ,ൻകർമ്മവും ഖ്യാതമൃഷിയിൽ, 14
ഇങ്ങടുത്താണു ഞങ്ങൾക്കുള്ളാശ്രമം ശുഭരൂപരേ;
സൽക്കരിപ്പൻ,ഭവാന്മാരെയെല്ലാമങ്ങു ശരിക്കു ഞാൻ.' 15
ഋഷിപുത്രൻെറ ചൊൽ കേട്ടിട്ടാ,ശ്രമസ്ഥലി കാണുവാൻ
വാഞ്ഛ തോന്നുകയാൽപ്പോയാരവനൊത്തവരേവരും. 16
ആഗതക്കുടനേ ചെയ്താൻ സൽക്കാരമൃഷിനന്ദനൻ
'ഇതാ അർഘ്യ,മിതാ പാദ്യ,മിതാ ഞങ്ങടെ കായ്കനി.' 17

Digitized By Kerala Sahitya Akademi

ഔത്സുക്യമോടസ്സൽക്കാരം കൈക്കൊണ്ടിട്ടവരേവരും
ഋഷിയിൽപ്പേടിയാൽ വെക്കം തിരിപ്പാൻ നിശ്ചയാക്കിനാർ. 18
'ഫലം ഞങ്ങളുടെയും നല്ക്കാമുളിവയന്തണ,
വാങ്ങുക,ങ്ങയ്ക്കു ശുഭമാം; ഭക്ഷിയ്ക്കുക ഭവാനുടൻ.' 19
എന്നദ്ദേഹത്തെയാശ്ലേഷിച്ചും കളിത്തവരേവരും
നല്കീ കൊഴുക്കട്ടകളുമേററം വിവിധഭക്ഷ്യവും. 20
അവ തിന്നിട്ടു തേജസ്വി കരുതീ കായ്കളെന്നതാൻ,
നിത്യം കാട്ടിൽപ്പാൎക്കുമന്നാർ മുൻതിന്നാത്തവയാകയാൽ. 21
സ്ത്രീകളോ, വ്രതമൊന്നുണ്ടെന്നുരച്ചാ ദ്വിജനോടുടൻ
യാത്രയും ചൊല്ലിയടവിൽപ്പോന്നാർ തത്താതഭീതിയാൽ. 22
അവരെല്ലാം തിരിച്ചാറേ വിഭണ്ഡകസുതൻ ദ്വിജൻ
അസ്വസ്ഥചിത്തനായ്ച്ചുററിനടന്നാനാഴൽമൂലമായ്. 23
അതിനാലഥ പിറേറന്നും വന്നെത്തി വീൎയ്യവാനവൻ
ചമഞ്ഞ ചേലെഴും വേശ്യാഗ്ര്യകളെക്കണ്ട ദിക്കതിൽ. 24
ബ്രാഹ്മണൻതൻവരവു കണ്ടാംകളിത്തക്ഷണത്തിലേ
ചാരേ ചെന്നവനോടേവം ചൊല്ലിനാരവരേവരും:— 25
'പോന്നാലുമീ ഞങ്ങളുടെയാശ്രമത്തെയ്ക്കു സൌമ്യ, നീ;
വളരെക്കിട്ടുമവിടെപ്പലമാതിരി കായ്കനി; 26
അങ്ങും നടക്കുമീക്കൎമ്മം വിശേഷേണ സമുദമായ്.'
അവരെല്ലാവരുടെയും ഹൃദ്യമാം മൊഴി കേൾക്കയാൽ 27
പോവാനുറച്ചാന,വനെക്കൊണ്ടുപോന്നിതു മാതരും.
ആ മഹാവിപ്രനെയത്ര കൊണ്ടുചെൽവതൊടൊപ്പമേ 28
മഴ പെയ്തീടിനാൻ ദേവൻ, പാരാഹ്ലാദപ്പെടുംവിധം.
വൎഷത്തോടേ സ്വരാജ്യത്തെയ്ക്കെത്തുമാ മുനിവിപ്രനെ 29
എതിരേററാദരാൽ മന്നിൽത്തല മുട്ടിച്ചു, മന്നവൻ;
നല്കിനാനൎഘ്യവും ശാസ്ത്രംപോലവന്നപ്രമത്തനായ്; 30
വിപ്രന്നരിശമേശായ്വാൻ കനിയിച്ചാൻ ദ്വിജേന്ദ്രനെ.
അന്തഃപുരം പുക്ക മകാം ശാന്തയെശ്ശാന്തചിത്തനായ് 31
അവന്നു വിധിപോലേകിത്തോഷിച്ചാനാ ക്ഷിതീശ്വരൻ.
ഇവ്വണ്ണം മേവിനാനങ്ങു സൎവകാമാദിപൂജിതൻ 32
ഋശ്യശൃംഗൻ സ്വതേജസ്വി ശാന്തയാം കാന്തയാളുമായ്.

Digitized By Kerala Sahitya Akademi

## പതിനൊന്നാം സർഗ്ഗം: ഋശ്യശൃംഗാനയനം.

“ഇനിയും കേൾക്ക രാജേന്ദ്ര, ഹിതമാമെന്റെ ഭാഷിതം
കഥയ്ക്കിടയിലത്രാഗ്രേശ്രുവനിങ്ങിനെ ചൊല്ലിനാൻ:— 1
‘ഇക്ഷ്വാകുരാജവംശത്തിലുണ്ടാമൊരതിധാർമ്മികൻ
ശ്രീസംയുതൻ ദശരഥാഭിഖ്യൻ സത്യപ്രതിശ്രവൻ. 2
അംഗരാജാവുമായ്സ്സഖ്യമാ നൃപന്നുളവാമ്പരം;
അവന്നുണ്ടാം മഹാഭാഗ ശാന്തയെന്നൊരു കന്യയും. 3
അംഗരാജന്റെ തനയൻ ലോമപാദസമാഹ്വയൻ;
അവനങ്കലണയും കീർത്തിമാനാദ്ദശരഥൻ നൃപൻ. 4
‘ധർമ്മാത്മൻ, മക്കളില്ലാ മേ; ശാന്താകാന്തൻ ത്വദാജ്ഞയാൽ
മമ യാഗം നടത്തട്ടേ കുലത്തിന്നുദയത്തിനായ്.’ 5
രാജാവിന്നുടെയാ വാക്ക കേട്ടുള്ളാൽച്ചിന്തചെയ്തവൻ
നല്കീടും പുത്രവാനായ ശാന്താകാന്തനെയാത്മവാൻ. 6
ആ ദ്വിജോത്തമനൊക്കെക്കൊണ്ടാമയം നീങ്ങിയാ നൃപൻ
ആ യജ്ഞവും നടത്തീടുമുള്ളം കുളിരുമാറതാൻ. 7
യജ്ഞാപേക്ഷുവാം ദശരഥക്ഷ്മാപൻ തൊഴുതു ധാർമ്മികൻ
ആ ദ്വിജശ്രേഷ്ഠനാമൃശ്യശൃംഗനെയത്താൻ വരിച്ചിടും, 8
യജ്ഞത്തിന്നും സന്തതിക്കും സ്വർഗ്ഗത്തിന്നും നരേശ്വരൻ.
അക്കാമവും ദ്വിജേന്ദ്രങ്കൽനിന്നാ നൃപതി നേടിടും: 9
അവന്നുണ്ടാമ്പരം നാലു പുത്രന്മാർ പുരുവിക്രമർ
വംശത്തെ നിലനിർത്തുന്നോർ പാരെങ്ങും പേരുകേട്ടവർ.’ 10
മുൻകൂട്ടിച്ചൊല്ലിയുണ്ടായി ദേവേശൻ കഥയിങ്ങിനെ
സനൽകുമാരൻ ഭഗവാൻ പണ്ടു ദേവയുഗേ പ്രഭു. 11
അതിനാലവനെപ്പൂജിച്ചാനയിക്ക നരർഷഭ;
സസൈന്യവാഹനായ്ത്താൻതാനെഴുന്നള്ളി മഹാനൃപ.” 12
സൂതന്റെ ചൊൽ കേട്ടു വസിഷ്ഠാനുവാദം ലഭിച്ചവൻ
അന്തഃപുരാമാത്യരുമായൊപ്പമായനാ, ദ്വിജനുള്ളിടം. 13
വനങ്ങളും നദികളും മെല്ലെമെല്ലെക്കടന്നവൻ
ചെന്നെത്തിനാൻ, മുനിവ്യാഘ്രൻ കുടികൊള്ളുന്ന നാടതിൽ. 14
ചെന്നിട്ടാ, ലോമപാദന്റെ പാർശ്വമേറും ദ്വിജേന്ദ്രനെ
കണ്ടാൻ മുമ്പേ, പ്രദീപ്താഗ്നിതുല്യനാമൃഷിപുത്രനെ. 15



Digitized By Kerala Sahitya Akademi

ആ രാജാവിനെ രാജാവു സൽക്കരിച്ചാൻ യഥാവിധി,
വേഷ്ടമൂലം വിശേഷിച്ചും പ്രഹഷ്ടിതഹൃദന്തനായ്. 16
വേഷ്ടയും ചാച്ച്യയും ലോമപാദൻ ചൊന്നറിയിക്കയാൽ
പേത്തു പൂജിച്ചിതവനെ പ്രാജ്ഞനാമൃഷിപുത്രനും 17
ഏവം സൽക്കാരമേറേറഴെട്ടഹസ്സവനാടൊപ്പമേ
പാത്തു മത്ത്യർഷഭൻ മന്നൻ മന്നനോടിതു ചൊല്ലിനാൻ:— 18
'ശാന്ത നിൻപുത്രി രാജാവേ ഭത്താവൊത്തു ധരാപതേ,
എൻപുരത്തെയ്ക്കു പോരേണമുണ്ടു വങ്കാര്യമൊന്നിഹ.' 19
അവ്വണ്ണമെന്നധീമാൻെറ യാത്രയേറവപറഞ്ഞുടൻ
വിപ്രനോടോതിനാൻ ഭൂപൻ:—'പോക ഭാര്യയുമായ്ഭവാൻ.' 20
കേട്ടിട്ടു നൃപനോടാ,വാമെന്നാനൃഷികുമാരകൻ;
നൃപാനുജ്ഞാതനായിട്ടു പോന്നാൻ ഭാര്യയുമൊത്തവൻ. 21
തമ്മിൽക്കൈതൊഴുതുംസ്നേഹാൽ മാറണച്ചു പുണന്നവർ
നന്ദിച്ചു, പംക്തിരഥനും വീഴ്വാൻ ലോമപാദനും. 22

വയസ്യനോടു വിടയും വാങ്ങിപ്പോന്നിട്ടു രാഘവൻ
കല്പിച്ചയച്ചാൻ പൌരക്ക് വെക്കം പോകുന്ന ദൂതരെ: 23
'അലംകരിപ്പിൻ വിക്കെന്നു നന്നായ് നഗരമൊക്കയും
പുകച്ചുടിച്ചുമെഴുകിക്കൊടികളുറകാം ചാത്തിയും. 24
തമ്പുരാൻെറയെഴുന്നള്ളൽ കേട്ടപ്പൌരർ സഹഷരായ്
ചെയ്തുകൊണ്ടീടിനാർ, കല്പിച്ചയച്ചവിധമൊക്കയും. 25
പിന്നെ, നേക്കണിയപ്പെട്ട നഗരം പൂകിനാൻ നൃപൻ
ദ്വിജഷഭനെ മുൻനിത്തിശ്ശംഖഭേരീരവത്തൊടും. 26
വിണ്ണിൽ വാമനനെശ്ശക്രൻ സഹസ്രാക്ഷൻ കണക്കിന,
നൃപനിന്ദ്രസഖൻ പൂജിച്ചുംപ്പുകിക്കുന്ന വിപ്രനെ
കണ്ടു സന്തുഷ്ടരായ്ത്തീന്നാരങ്ങു നാഗരരേവരും. 27
അകത്തുപൂകിച്ചവനെശ്ശരിയായ്സ്സൽക്കരിച്ചുടൻ
കൃതാത്ഥനായ് താനെന്നോത്താന,വനെക്കൊണ്ടുപോന്നതിൽ. 28
തോംഷിച്ചാരമ്പിനാലന്തഃപുരനാരികളൊക്കയും,
കാന്തനൊത്താ വിശാലാക്ഷി ശാന്ത വന്നതു കാണ്കയാൽ. 29
ആ സ്ത്രീകളും വിശേഷേണ രാജാവും സൽക്കരിക്കയാൽ
സുഖമായവിടെപ്പാത്താളപ്പൃതപിക്കൊത്തൊട്ടുനാളവാം. 30

Digitized By Kerala Sahitya Akademi

## പന്തിരണ്ടാം സർഗ്ഗം: ഋത്വിഗ്വരണം.

പലനാളും ചെന്നതിൻശേഷ,മൊരു നിർഭരഭംഗിയിൽ
വസന്തം വന്നണഞ്ഞാറേ യജനോദ്യതനായ് നൃപൻ. 1
വണങ്ങിക്കനിയിച്ചിട്ടാദ്ദേവശ്രീ പൂണ്ട വിപ്രനെ
വരിച്ചാനധ്വരത്തിന്നായ്, കുലസന്തതി നേടുവാൻ. 2
ആവാമെന്നവനും ചൊല്ലീ നൃപനോടതിസൽകൃതൻ:—
'സംഭാരങ്ങളൊരുക്കിയ്ക്കാം; വിടാം നിൻ തുരഗത്തെയും.' 3
പിന്നെസ്സുമന്ത്രമന്ത്രീന്ദ്രൻതന്നോടരുളി മന്നവൻ:—
'സുമന്ത്ര, കൊണ്ടുവന്നാലുമൃത്വിഗ്ബ്രാഹ്മണരെ ദ്രുതം: 4
സുയജ്ഞവാമദേവന്മാർ, ജാബാലി,യഥ കാശ്യപൻ,
വാധ്യാൻ വസിഷ്ഠരിവരെ മററു വിപ്രേന്ദ്രർതമ്മെയും.' 5
സുമന്ത്രൻ വെമ്പലോടേ പോയ്ക്കൊണ്ടുവന്നിതു സത്വരം
ആ വേദപാരഗന്മാരാമാരണന്മാരെയൊക്കയും. 6
ധർമ്മാത്മാവവരെപ്പൂജിച്ചിട്ടു ദശരഥൻ നൃപൻ
ധർമ്മാർത്ഥയുക്തമാമൊന്നു ചൊന്നാൻ മധുരമാംവിധം:— 7
'മകനായ് വിലപിച്ചീടുമെനിയ്ക്കില്ലൊരു സൌഖ്യവും;
അതിന്നായശ്വമേധത്തെച്ചെയ്യാമെന്നെൻമനോരഥം. 8
ശാസ്ത്രത്തിൽക്കണ്ടതിൻവണ്ണം യജിപ്പാനാഗ്രഹിപ്പു ഞാൻ;
ഋഷിപുത്രപ്രഭാവത്താൽ നേടാവൂ ഞാനഭീഷ്ടവും!' 9
അന്നേരമതു കൊള്ളാമെന്നഭിനന്ദിച്ചിതന്തണർ
വസുധേശന്റെ വാദം വസിഷ്ഠാദികളേവരും. 10
ഋശ്യശൃംഗാദികളുടൻ ചൊന്നാർ നൃപനൊടുത്തരം:—
'സംഭാരങ്ങളൊരുക്കിയ്ക്കാം; വിടാം നിൻ തുരഗത്തെയും. 11
സർവ്വഥാ നാലു പുത്രന്മാരുണ്ടാം തേ പുരുവിക്രമർ;
ഇദ്ധർമ്മബുദ്ധിയങ്ങേയ്ക്കു തോന്നിയല്ലോ സുതാർത്ഥമായ്.' 12
ആ വിപ്രവചനം കേട്ടിട്ടരചൻ പ്രീതി തേടിനാൻ;
അമാത്യന്മാരൊടരചൻ ചൊന്നാൻ ഹർഷാൽ ശുഭാക്ഷരം:— 13
'സംഭാരങ്ങളൊരുക്കീടുകെൻഗുരുച്ചൊല്ലിനാൽ ദ്രുതം;
സമർത്ഥർ കാക്കുമശ്വത്തെ വിടുവിൻ സപുരോഹിതം. 14
സരയൂത്തരതീരത്തിൽത്തീർക്കുവിൻ യജ്ഞഭൂമിയും,
ശാന്തികർമ്മം നടക്കട്ടേ യഥാവിധി യഥാക്രമം. 15

Digitized By Kerala Sahitya Akademi

ഏതു രാജാവിനും സാധിയ്ക്കാവതാണീയൊരധ്വര,
ഇസ്സന്മഖത്തിൽക്കൊട്ടതാം കുററം പററാതിരിയ്ക്കുകിൽ; 16
ഇതിൽപ്പഴുതു നോക്കീട്ടും വിജ്ഞരാം ബ്രഹ്മരാക്ഷസർ
യജ്ഞം മുടക്കിപ്പോയാലോ, കർത്താവാശു നശിയ്ക്കുമേ. 17
അതിനാലെൻറയീ യാഗം ശരിയ്ക്കു കഴിയുംവിധം
ഏർപ്പാടുചെയ്തുകൊണ്ടാലുമിഹ കർമ്മസമർത്ഥരേ!' 18
ആവാമെന്നഭിനന്ദിച്ചാരാ മഹാരാജഭാഷിതം;
കല്പിച്ചു ചൊന്നതിൻവണ്ണം ചെയ്താർ സചിവരേവരും. 19
പുകഴ്ത്തിനാരാ വിപ്രന്മാർ ധർമ്മവിത്താം നൃപേന്ദ്രനെ;
വിട വാങ്ങി മടങ്ങിപ്പോയ് വന്നപാടവരേവരും. 20
ദ്വിജേന്ദ്രർ പോയതോടൊപ്പം മന്ത്രിമാരെപ്പിരിച്ചുടൻ
നിജമന്ദിരമുൾപ്പുക്കാൻ മഹീപതി മഹാദ്യുതി. 21

## പതിമൂന്നാം സർഗ്ഗം: യജ്ഞശാലാപ്രവേശം.

വീണ്ടും വസന്തം വന്നാക്കാ തികഞ്ഞിതൊരു വത്സരം;
സുതാർത്ഥമശ്വമേധത്തെച്ചെയ്യുവാനായ്ച്ചെന്നു വീഴ്ത്തുവാൻ 1
വസിഷ്ഠവിപ്രോത്തമനെപ്പണിഞ്ഞു വിധിപോലവേ
പൂജിച്ചിട്ടു വണക്കത്തിലുണർത്തിച്ചാൻ സുതാർത്ഥമായ്:— 2
“നടത്തുകെൻമഖം ബ്രഹ്മൻ, ശരിയ്ക്കു മുനിപുംഗവ;
ചെയ്യു; യജ്ഞാംഗമൊന്നിനും വിഘ്നം പററാത്തവണ്ണമേ. 3
ഭവാൻ സ്നേഹിതനാം മുഖ്യമഹാഗുരുവുമാണ മേ;
ഭവാൻ തന്നെ വഹിയ്ക്കേണം യജ്ഞത്തിൻ ഭാരമൊക്കയും.” 4
ആവാമെന്നരചൻതന്നോടരുൾചെയ്താൻ ദ്വിജേന്ദ്രനും:
‘ചെയ്തുകൊള്ളവനാ,ണുന്നീയാവശ്യപ്പെട്ടതൊക്കെ ഞാൻ.’ 5
പിന്നെച്ചൊന്നാൻ, വിപ്രവൃദ്ധർ, യജ്ഞകർമ്മങ്ങൾ ചെയ്യുവോർ
ഒരുക്കുകാരിൽ മുമ്പന്മാർ, വൃദ്ധന്മാരതിധാർമ്മികർ, 6
കുലിപ്പണിക്കാർ, തച്ചന്മാർ, കൈവേലക്കാർ, കുഴിപ്പവർ,
ജ്യോത്സ്യന്മാർ, കൊത്തുവേലക്കാർ, നടന്മാര,ഥ നർത്തകർ, 7
വിശുദ്ധർ, ശാസ്ത്രജ്ഞർ പഠിപ്പേറിയോരിവരോടവൻ:—
‘യജ്ഞകർമ്മം തുടരുവിൻ ഭവാന്മാർ നൃപശാസനാൽ. 8

Digitized By Kerala Sahitya Akademi

അനേകമായിരം കൊണ്ടുവരികി,ഷ്ടകയഞ്ജസാ;
അരചക്കു ഗൃഹം കൂട്ടം പുറമേടകൾ തീൎക്കുവിൻ; 9
നല്ലാപ്പിടങ്ങളൊട്ടേറെത്തീൎക്കേണം ബ്രാഹ്മണൎക്കുമേ,
ഭക്ഷ്യാന്നപാനം വളരെച്ചേൎന്നു പാരമുറപ്പോടും. 10
പൌരൎക്കും സുവിശാലങ്ങൾ പാൎപ്പിടങ്ങൾ ചമയ്ക്കണം,
പെരുത്തു ഭക്ഷ്യങ്ങളോടും സൎവ്വകാമസമൃദ്ധിയിൽ. 11
ഉൾനാട്ടുകാൎക്കും നല്കേണം ശുചിയാമന്നമേറവും
ശരിക്കു സൽക്കരിച്ചിട്ടു, കളിയായല്ല കേവലം. 12
എല്ലാജ്ജാതിയെയും പൂജിച്ചീടേണം സൽക്കരിക്കണം;
കാണിക്കൊല്ലാദരക്കേടു രാഗദ്വേഷങ്ങളാലുമേ. 13
യജ്ഞകൎമ്മത്തിനദ്ധ്വാനിച്ചീടുമാളുകൾ, ശില്പികൾ
ഇവരെസ്സൽക്കരിക്കേണം വിശേഷിച്ചും യഥാക്രമം; 14
അവരെല്ലാം പണം സദ്യയിവയാൽത്തൃപ്തരാകണം.
ഒക്കയും ഭംഗിയാകേണ,മൊന്നിനും കുറവേല്ലൊലാ; 15
ആവിധം ചെയ്യുവിൻ നിങ്ങളുംസ്നേഹത്തോടുകൂടവേ.'
ഉടനേവരുമൊന്നിച്ചു വസിഷ്ഠനൊടിതോതിനാർ:— 16
'യഥേഷ്ടം ഭംഗിയാംവണ്ണമൊന്നിനും കുറവെന്നിയേ
ചൊന്നവണ്ണം ചെയ്തുകൊള്ളാമൊന്നിനും കുറവേറിടാ.' 17
പിന്നെസ്സുമന്ത്രനെവിളിച്ചാ വസിഷ്ഠനിതോതിനാൻ:—
"ക്ഷണിക്ക നൃപരെപ്പാരിലുള്ള ധാൎമ്മികരെയും, 18
ബ്രാഹ്മക്ഷത്രിയവിട്ശൂദ്രരെയുമായിരമായിരം;
വരുത്തു സൽക്കരിച്ചെല്ലാടത്തുമുള്ള ജനങ്ങളെ. 19
മിഥിലാധിപനാം ശൂരൻ ജനകൻ സത്യവിക്രമൻ,
എല്ലാശ്ശാസ്ത്രത്തിലും വേദത്തിലും പടുതയുള്ളവൻ; 20
ആ മഹാഭാഗനെത്താന്താൻ സൽക്കരിച്ചാനയിക്കണം:
പണ്ടേ സുഹൃത്തെന്നോൎത്തിട്ടാണാദ്യമേ പറയുന്നു ഞാൻ. 21
രാജസിംഹന്റെ കുററാ മിത്രമെന്നും പ്രിയംവദൻ,
അക്കാശിരാജാവിനെയും താന്താനേ കൊണ്ടുപോരണം: 22
ഏവം മഹാധാൎമ്മികനാം വൃദ്ധകേകയരാജനെ,
രാജസിംഹശ്വശുരനെ,പ്പുത്രനൊത്താനയിക്ക നീ. 23
സൽക്കരിച്ചു മഹാഭാഗനംഗേശൻ ലോമപാദനെ,
രാജസിംഹന്റെ മിത്രത്തെ വരുത്തുക യശസ്വിയെ. 24

Digitized By Kerala Sahitya Akademi

കിഴക്കർ സിന്ധുസൌവീരസൌരാഷ്ട്രനൃപാലരെ,
തെക്കരാം മന്നവരെയുമൊക്കെയിങ്ങാനയിക്കു നീ. 25
പാർത്തട്ടിൽ വേഴ്ച പൂണ്ടുള്ള മററു ഭൂപതിമാരെയും
വരുത്തുകാശുവേഗത്തിൽസ്സബന്ധുജനത്തോടും". 26
ആ വസിഷ്ഠോക്തി കേട്ടിട്ടു വെമ്പലോടേ സുമന്ത്രനും
നല്ലാൾക്കാരെ നിയോഗിച്ചാൻ നൃപരെക്കൊണ്ടുവന്നിടാൻ. 27
താന്തന്നെയും പുറപ്പെട്ടാൻ ധാർമ്മികൻ മുനിശാസനാൽ
സുമന്ത്രൻ വെമ്പൽപൂണ്ടുഴിവരരെക്കൊണ്ടുവന്നിടാൻ. 28
അപ്പണിക്കാരുമെപ്പേരും ബുദ്ധിമാനാം വസിഷ്ഠനെ
അറിയിച്ചിതു യാഗത്തിന്നെല്ലാമപ്പാടു ചെയ്തതായ്. 29
അതിൽ നന്ദിച്ചു വിപ്രേന്ദ്രനവരോടൊക്കെയോതിനാൻ:—
‘അനാദരനിലയ്ക്കാർക്കുമേകൊലാ കളിമട്ടിലും: 30
കില്ലില്ല,നാദരാൽച്ചെയ്കിൽനാശം ദാതാവിനേററുപോം.’
പിന്നീട്ടു ചിലനാൾകളിൽ വന്നുചേർന്നു മഹീശ്വരർ, 31
പെരുമാളാം ദശരഥന്നേററം രത്നങ്ങളോടുമേ.
ഉടൻ വസിഷ്ഠൻ നന്ദിച്ചു രാജാവോടിതു ചൊല്ലിനാൻ:— 32
‘വന്നുചേർന്നു നരവ്യാഘ്ര, രാജാക്കൾ തവ ശാസനാൽ;
ചെയ്തേൻ സൽക്കാരവും രാജശ്രേഷ്ഠർക്കൊക്കെ മുറയ്ക്കു ഞാൻ. 33
കൂട്ടിക്കഴിഞ്ഞതു സശ്രദ്ധമാൾക്കാർ വട്ടങ്ങളും നൃപ;
പോരികങ്ങുന്നു യജ്ഞാർത്ഥം, ചാരവേ യജ്ഞമന്ദിരം 34
വേണ്ടുന്നതൊക്കെയും കൊണ്ടുവന്നെങ്ങും ശേഖരിച്ചതാം,
ശരിയ്ക്കു കരളാൽത്തീർത്തപോലുള്ളൊന്നാം നൃപോത്തമ.’ 35
വസിഷ്ഠഋശ്യശൃംഗൻ, രണ്ടാളുമിങ്ങിനെ ചൊല്കയാൽ
നല്ല നാളായ ദിവസമെഴുന്നള്ളീ നരേശ്വരൻ. 36
ഉടൻ വസിഷ്ഠാദികളാം ദ്വിജസത്തമരേവരും
ഋശ്യശൃംഗനെ മുൻനിർത്തി യജ്ഞകർമ്മം തുടങ്ങിനാർ. 37
യജ്ഞാലയം പുക്കപ്പെരും യഥാശാസ്ത്രം യഥാവിധി
ദീക്ഷകൊണ്ടാനരചനും ശ്രീമാൻ പത്നീസമേതനായ്. 38

Digitized By Kerala Sahitya Akademi

## പതിന്നാലാം സർഗ്ഗം: അശ്വമേധയാഗം.

ആ വത്സരം തികഞ്ഞാറേ, തുരഗം വന്നതിന്നുമേൽ
സരയൂത്തരതീരത്തിൽത്തുടങ്ങീ സ്വവരാധ്വരം. 1
ഋശ്യശൃംഗനെ മുൻനിർത്തികർമ്മം ചെയ്തു ദ്വിജർഷഭർ
മഹാത്മാവാം മഹീശന്റെയശ്വമേധമഹാധ്വരേ; 2
കർമ്മം ചെയ്താർ വിധിയ്ക്കൊത്തു വേദപാരഗർ യാജകർ
യഥാന്യായം യഥാശാസ്ത്രം പെരുമാറീ യഥാവിധി; 3
ചെയ്താർ പ്രവർഗ്ഗ്യവും ശാസ്ത്രപ്രോക്തോപസദവും ദ്വിജർ;
ശരിക്കു ശാസ്ത്രാധികമായ്ച്ചെയ്താർ സകലകർമ്മവും. 4
വിധിപോലഥ പൂജിച്ചു ഹൃഷ്ടരായ്ച്ചെയ്തിതേവരും
പ്രാതസവനാം മുമ്പാം കർമ്മങ്ങളാം മുനിപുംഗവർ: 5
ഐന്ദ്രത്തെ വിധിപോലേകീ; പിഴിഞ്ഞു നല്ല സോമവും;
മാധ്യാഹ്നികം സവനവും നടന്നിതു യഥാക്രമം. 6
മൂന്നാമത്തെസ്സവനവും മഹാനാം പെരുമാളിനായ്
ചെയ്താർ ശാസ്ത്രപ്രകാരേണ ചിന്തിച്ചന്തണപുംഗവർ. 7
ആവാഹിച്ചീടിനാരങ്ങു ശക്രാദിസുരമുഖ്യരെ,
ഋശ്യശൃംഗാദ്യർ ശീലിയ്ക്കപ്പെട്ട മന്ത്രാക്ഷരങ്ങളാൽ; 8
മധുരസ്വരശോഭമാം സാമമന്ത്രാഹ്വാനാൽ യഥോചിതം
ആവാഹിച്ചമരർക്കേകീ ഹവ്യാംശം ഹോമകർമ്മികൾ. 9
ശരിക്കു ഹോമിയാതൊന്നുമില്ലങ്ങി,ടിവുപററിയും;
എല്ലാം സമന്ത്രമായ്ക്കാണായ്; ചെയ്തല്ലോ ക്ഷേമമാംവിധം. 10
വിശന്നോനും തളർന്നോനും കാണായീലത്തിനങ്ങളിൽ.
വിപ്രനില്ലങ്ങവിദ്വാനായ് നൂറു ശിഷ്യർ പെടാതെയും; 11
സദ്യയുണ്ടാർ സദാ വിപ്രർ; സദ്യയുണ്ടിതു ദാസരും;
സദ്യയുണ്ടാർ ശ്രമണരും, സദ്യയുണ്ടാർ തപസ്ഥരും, 12
ദീനക്കാർ വൃദ്ധർ കുഞ്ഞുങ്ങൾ നല്ലാരിവരുമങ്ങിനെ;
പതിവായ്സ്സദ്യയുണ്ടിട്ടും തോന്നീല മതിവന്നതായ്. 13
'നല്കുവിൻ നല്കുവിൻ ചോറും വിചിത്രവസനങ്ങളും'
എന്നീ പ്രേരണയാൽച്ചെയ്താർ പലവട്ടമതേവിധം. 14
നാളിൽ നാളിൽശ്ശരിയ്ക്കങ്ങു വെച്ച ചോർ പല ദിക്കിലും
കുംഭാരമായ്ക്കൂട്ടിയതു കാണായീ മല പോലവേ. 15

Digitized By Kerala Sahitya Akademi

നാനാദേശത്തുനിന്നെത്തിച്ചേർന്നോരന്നങ്ങളേററവും
തൃപ്തരായന്നപാനത്താ,ലാ മഹാത്മാവുതൻ മഖേ. 16
ഉപചാരാഢ്യമാം സദ്യ വാഴ്ത്തിനാർ ദ്വിജപുംഗവർ:—
'ഹാ, തൃപ്തർ ഞങ്ങൾ, തേ നന്മ!'—യെന്നു കേട്ടീതു രാഘവൻ. 17
ചാരുഭൂഷണരാമാൾക്കാരാരണർക്കു വിളമ്പിനാർ;
ചിലരങ്ങു സഹായിച്ചാർ സുമൃഷ്ടമണികുണ്ഡലർ. 18
കർമ്മങ്ങൾക്കിടയിൽച്ചെയ്താർ ധീരർ വാഗ്മികളന്തണർ
യുക്തിവാദങ്ങൾ പലതും, തമ്മിൽത്തമ്മിൽജ്ജയിക്കുവാൻ. 19
നാളിൽനാളിൽ യഥാശാസ്ത്രമതിചോദിതരാ ദ്വിജർ
നടത്തി കർമ്മമെല്ലാമങ്ങധ്വരത്തിൽ വിശാരദർ. 20
അങ്ങില്ലൊരഷഡംഗജ്ഞനവ്രതൻ, സ്വല്പശാസ്ത്രനും,
വാദം വയ്യാത്ത വിപ്രനാരില്ലാ രാജസദസ്യരിൽ. 21
    നേരത്തു നാട്ടീ യൂപങ്ങളാറെണ്ണം ബില്വത്തിനാൽ,
അത്രതാൻ ഖദിരത്താലും, പലാശാലുമതേവിധം, 22
ശ്ലേഷ്മാതകത്തിനാലൊന്നു, രണ്ടെണ്ണം ദേവദാരുവാൽ;
ഒരു മാറാണകല,മാ രണ്ടെണ്ണത്തിനു തങ്ങളിൽ. 23
അവ, ശാസ്ത്രജ്ഞരാം യജ്ഞപടുക്കൾ പണിയിച്ചവ,
ആ യജ്ഞത്തിൻെറ ഭംഗിക്കായ്പ്പൊന്നണിഞ്ഞവയൊക്കയും. 24
മുവ്വേഴുകോൽ പൊക്കമിയന്നുള്ളാ മുവ്വേഴുയൂപവും
പൊതിഞ്ഞിരുന്നു, മുവ്വേഴു മുവ്വേഴു വസനങ്ങളാൽ. 25
നാട്ടപ്പെട്ടു വിധിയ്ക്കൊത്തു, തച്ചർ ചേലിൽച്ചമച്ചവ
എട്ടുകോണും മിനുസവും കെല്പുമൊത്തവയൊക്കയും. 26
വസ്ത്രങ്ങളാൽപ്പൊതിഞ്ഞിട്ടു പുഷ്പഗന്ധമണിഞ്ഞവ
മിന്നിത്തിളങ്ങി, വാനിങ്കൽസ്സപ്തർഷികൾ കണക്കിനേ 27
വിധിയ്ക്കൊത്ത വലുപ്പത്തിൽത്തീർത്തോരിഷ്ടികാപംക്തിയാൽ
ചെയ്താരങ്ങഗ്നിചയനം, യജ്ഞകർമ്മജ്ഞരാം ദ്വിജർ. 28
രാജസിംഹൻെറയച്ചിത്യം പടുദ്വിജവിനിർമ്മിതം
പൊൻപക്ഷഗരുഡൻ പോലായ്, ത്രിഗുണാഷ്ടാദശാത്മകം. 29
    അതാതു ദേവതയ്ക്കായിട്ടങ്ങു കെട്ടീ പശുക്കളെ;
പക്ഷിപാമ്പെന്നിവയെയും വിധിപോലെപ്പെടുത്തിനാർ. 30
ശാമിത്രത്തിൽ യഥാശാസ്ത്രമൃഷിമാരെപ്പെടുത്തിനാർ
തുരംഗം ജലജന്തുക്കളിത്യാദികളെയൊക്കയും. 31

Digitized By Kerala Sahitya Akademi

മുന്നൂറപശുവെത്തത്ര കെട്ടീ യൂപങ്ങളിൽത്തദാ,
അപ്പോൾദ്ദശരഥഭൂപന്റെയശ്വരത്നോത്തമത്തെയും. 32
കൌസല്യയക്കുതിരതൻ ചുററുമേ സഞ്ചരിച്ചുടൻ
വാൾ മൂന്നാലതിനെക്കുത്തിക്കീറിനാൾ പരമാദരാൽ. 33
പിന്നെത്തുരംഗമോടൊന്നിച്ചൊരു രാവങ്ങു മേവിനാൾ
കൌസല്യ ധർമ്മസിദ്ധിയ്ക്കായ്ച്ചിത്തചാഞ്ചല്യമെന്നിയേ. 34
ചേർത്തു ഹയാന്തേ ഹോതാവധ്വര്യൂദ്ഗാതാക്കളെന്നിവർ
മഹിഷീപരിവൃത്ത്യാഖ്യവാവാതാംഗനമാർകളെ. 35

ആ ഹയത്തിൻ വപ മുറിച്ചെടുത്തു വിധിപോലവേ
പചിച്ചാൻ, പാടവം കൂട്ടുമൃത്വിക്ക നിയതേന്ദ്രിയൻ. 36
വപതൻ ധൂമഗന്ധത്തെ ഘ്രാണിച്ചു മനുജാധിപൻ
വേണ്ടുംനേരത്തു വേണ്ടുംപോലാത്മപാപമകററുവാൻ. 37
ആ വാജിതന്നവയവങ്ങളെല്ലാം സമന്ത്രമായ്
ഹോമിച്ചാരഗ്നിയിൽ ഷോഡശർത്വിഗ്ദ്വിജാതികൾ. 38
ഹവിസ്സിട്ടപ്ലാക്ഷത്തിലൊക്കെയാണു മററു മഖങ്ങളിൽ;
അശ്വമേധമഖത്തിങ്കലാററുവഞ്ഞിയിലേതുതാൻ. 39

മുന്നാളാണശ്വമേധത്തിൽക്കല്പബ്രാഹ്മണകല്പിതം:
അതിൽവെച്ചു, ചതുഷ്ടോമമാണുപോലാദ്യമായ നാൾ; 40
രണ്ടാമത്തുക്ഥ്യമാണെന്നാർ; പിന്നേത്തതതിരാത്രമാം.
അതിൽച്ചെയ്യിച്ചു പലതും, ശാസ്ത്രത്തിൽക്കണ്ടവണ്ണമേ: 41
ജ്യോതിഷ്ടോമവുമായുസ്സും ചെയ്തു രണ്ടതിരാത്രവും
അഭിജിത്തും വിശ്വജിത്തുമപ്തോര്യാമസുയജ്ഞവും. 42

കിഴക്കേദ്ദിക്ക ഹോതാവിന്നേകീ സ്വകുലവർദ്ധനൻ,
മേക്കധ്വര്യുവിന്നും, തെക്കേദ്ദിക്കാ ബ്രഹ്മന്നുമൂഴിപൻ, 43
വടക്കദ്ദിക്കുദ്ഗാതാവിന്നി—ഇമട്ടാണു ദക്ഷിണ,
പണ്ടു ധാതാവു നിർമ്മിച്ചോരശ്വമേധമഹാധ്വരേ. 44
യജ്ഞത്തെ മുഴുമിപ്പിച്ചു വിധിപോലെ നരർഷഭൻ
ആ മന്നൃത്വിക്കുകൾക്കേകീ മന്നവൻ യജ്ഞവർദ്ധനൻ. 45
സർവ്വർത്വിക്കുകളും പാപമററ ഭൂപനൊടോതിനാർ:—
‘ഭവാനൊരാൾതാൻ രക്ഷിയ്ക്കവേണം മന്നിടമൊക്കയും: 46
കാര്യമില്ലൂഴിയാലെങ്ങൾക്കി,ല്ലല്ലോ ശേഷി കാക്കുവാൻ:
സദാ സ്വാധ്യായനിരതരത്രേ ഞങ്ങൾ ധരേശ്വര. 47



Digitized By Kerala Sahitya Akademi

തന്നേയ്ക്കുകെന്തെങ്കിലുമൊന്നിതിന്നുപകരം ഭവാൻ:
പൊന്നോ, നന്മണിയോ, പയ്യോ, പക്കലുള്ളതു വല്ലതും 48
തന്നാൽ മതി നരശ്രേഷ്ഠ, കാര്യമില്ല ധരിത്രിയാൽ.'
എന്നത്രേ നൃപനോടോതീ വേദപാരഗരാം ദ്വിജർ; 49
അവൎക്കു നല്കിനാൻ പത്തുലക്ഷം പൈക്കളെ മന്നവൻ
പത്തുകോടിക്കനകവും, നാലേറീടിന വെള്ളിയും. 50
സൎവ്വത്വിക്കുകളും ചേൎന്നൊത്തേകിനാരദ്ധനങ്ങളെ
ഋശ്യശൃംഗൎഷി, ധീമാനാം വസിഷ്ഠനിവർതൻവശം. 51
വിഭാഗ വിഹിതംപോലേ വീതിച്ചിട്ടതിതുഷ്ടരായ്
സംപ്രീതിയറിയിച്ചാരാ ബ്രാഹ്മണോത്തമരേവരും. 52
പിന്നെക്കാണികളാസ്സന്ന വിപ്രന്മാൎക്കേറ്റമാസ്ഥയിൽ
ജാംബൂനദസുവൎണ്ണത്തെക്കോടി നല്കീടിനാൻ നൃപൻ. 53
ഒരു യാചകനായുള്ള ദരിദ്രബ്രാഹ്മണന്നുടൻ
മെച്ചപ്പെട്ടോരു കൈപ്പണ്ടം നല്കീ രാഘവനന്ദനൻ. 54
അതിൽ ദ്വിജന്മാർ നന്ദിക്കേപ്പാൎത്ഥിവൻ ദ്വിജവത്സലൻ
നമസ്കരിച്ചാനവരെ, പ്രഹൎഷാകുലനേത്രനായ്. 55
നരവീരന്നു പലമട്ടാശിസ്സരുളിനാർ ദ്വിജർ,
ഉദാരനാമവൻ മന്നിൽ പ്രണാമംചെയ്തനേരമേ. 56
മികച്ച യജ്ഞം സാധിച്ചു നൃപനുൾപ്രീതി തേടിനാൻ,
പാപപ്രണാശനം സ്വൎഗ്ഗ്യം പാൎത്ഥിവേന്ദ്രൎക്കു ദുഷ്കരം. 57
ഋശ്യശൃംഗനൊടായ്പ്പിന്നെച്ചൊന്നാൻ ദശരഥൻ നൃപൻ:—
'വംശം വൎദ്ധിക്കുവാൻ വേണ്ടതെന്തു ചെയ്യുക സുവ്രത!' 58
ആവാമെന്നരുളിച്ചെയ്തു രാജാവോടാ ദ്വിജേന്ദ്രനും:—
'രാജാവേ, നാലു പുത്രന്മാരുണ്ടാം തവ കുലോദ്വഹർ.' 59

---

## പതിനഞ്ചാം സൎഗ്ഗം: രാമാവതാരനിശ്ചയം.

പിന്നെച്ചെററ നിനച്ചോൎമ്മ പൂണ്ട മേധാവിയാമവൻ
ചൊന്നാനാ നൃപനോടേവമുത്തരം വേദകോവിദൻ:— 1
'കഴിപ്പൻ പുത്രകാമേഷ്ടി തവ പുത്രർ പിറക്കുവാൻ,
വിധിപോലെയഥൎവ്വാഗ്രപ്രോക്തമന്ത്രങ്ങളാൽകൊണ്ടു ഞാൻ.' 2

Digitized By Kerala Sahitya Akademi

പുത്രാർത്ഥം പുത്രകാമേഷ്ടി തുടന്നഥ മഹാദ്യുതി
വേദത്തിൽക്കണ്ടതിൻവണ്ണം ചെയ്തു ഹോമവുമഗ്നിയിൽ. 3

അവിടെദ്ദേവഗന്ധർവ്വസിദ്ധന്മാരൃഷിമുഖ്യരും
വന്നുകൂടിയിരുന്നല്ലോ, വീതം വാങ്ങാൻ യഥാവിധി; 4
യഥാർഹമസ്സദസ്സിങ്കലൊത്തുചേർന്നസ്സുധാശനർ
വിശ്വം ചമച്ചോം ബ്രഹ്മാവോടോതിനാർ വലുതാം മൊഴി:— 5
'ഭഗവൻ, ത്വൽപ്രസാദത്താലരക്കൻ രാവണാഹ്വയൻ
ദ്രോഹിപ്പൂ ഞങ്ങളെയെല്ലാമാ,കില്ലവനെ നിറുത്തുവാൻ. 6
ഭഗവാൻ പണ്ടവന്നേകിയല്ലോ മുദിതനായ് വരം;
അതു മാനിച്ചു സകലം ക്ഷമിപ്പൂ ഞങ്ങളെപ്പൊഴും. 7
പേടിപ്പിപ്പൂ ത്രിലോകത്തെ, ദുഷ്ടൻ ദ്വേഷിപ്പൂ മാന്യരെ,
അടിച്ചമർത്താൻനോക്കുന്നു വാനോർക്കോനാം മഹേന്ദ്രനെ. 8

യക്ഷർഷിഗന്ധർവ്വരെയും ബ്രാഹ്മണാസുരർതമ്മെയും
കേറിദ്രോഹിപ്പൂ ദുർധർഷൻ വരദാനവിമോഹിതൻ. 9
അവനു സൂര്യൻ ചൂടേറ്റില്ല,രിക്ക കാറ്റടിച്ചിടാ;
അനങ്ങില്ലവനെക്കണ്ടാ,ലലതല്ലീടുമാഴിയും! 10
ഞങ്ങൾക്കൊട്ടല്ല ഭയമാഘോരാകാരനരക്കനാൽ;
നിനയ്ക്കവേണം ഭഗവാനവനെക്കൊല്ലുവാൻ വഴി.' 11
എന്നമ്പരെല്ലാം ചൊന്നാറെ നിരൂപിച്ചുരിയാടിനാൻ:—
'കൊള്ളാ,മീ വഴി കണ്ടിട്ടുണ്ടദ്ദുഷ്ടനെ വധിക്കുവാൻ: 12
ആയവൻ, 'യക്ഷഗന്ധർവ്വദേവാസുരരരക്കരും
എന്നെക്കൊല്ലരുതെ'ന്നാനന്ന,പ്പടിയേറ്റു ഞാനുമേ. 13
മർത്ത്യനെച്ചൊല്ലുകയുണ്ടായീലാ രാക്ഷസനവജ്ഞയാൽ;
അതിനാൽ മർത്ത്യനവനെക്കൊല്ലാം, മറ്റില്ലൊരന്തകൻ.' 14
ബ്രഹ്മാവീയരുളിച്ചെയ്ത ഹിതമാം വാക്കു കേൾക്കയാൽ
ഉൾക്കുളിർത്തവരായ്ത്തീർന്നാരദ്ദേവർഷീന്ദ്രരേവരും. 15

അന്നേരമങ്ങെഴുന്നള്ളീ വിഷ്ണു തേജസ്സു വായ്ച്ചവൻ,
പീതാംബരൻ, ജഗന്നാഥൻ, ശംഖചക്രഗദാധരൻ; 16
ബ്രഹ്മാവിനോടു ചേർന്നങ്ങു നിന്നാനേകാഗ്രചിത്തനായ്.
സ്തുതിച്ചു കുമ്പിട്ടവനോടുരച്ചാർ സുരരേവരും:— 17
'ഞങ്ങൾ നിന്നെയുണർത്തുന്നു വിഷ്ണോ, ലോകഹിതത്തിനായ്:
പെരുമാളാം ദശരഥനയോധ്യയ്ക്കധിപൻ വിഭോ, 18

Digitized By Kerala Sahitya Akademi

തേജസ്സാൽ മാമുനിസമൻ ധമ്മജ്ഞൻ ദാനതൽപരൻ;
അവൻെറ കീത്തിഹ്രീലക്ഷ്മീമട്ടാം പത്നികരം മൂവരിൽ 19
വിഷ്ണോ, തന്നുടൽ നാലാക്കിപ്പുത്രത്വം പൂണ്ടുകൊരംക നീ.
തത്ര മാനുഷനായ്ത്തീൎന്നു കൊല്ലു രാവണനെബ്ബലവാൻ, 20
മുതിൎന്ന ലോകശല്യത്തെ,പ്പോരിൽ വാനോക്കവധ്യനെ.
ദേവഗന്ധൎവ്വസിദ്ധന്മാരെയും മാമുനിമാരെയും 21
ദ്രോഹിപ്പു വീൎയ്യഗൎവ്വാലാ മൂർഖൻ രാവണരാക്ഷസൻ.
ഉപദ്രവിച്ചപോൽ ക്രൂരനവൻ, നന്ദനവാടിയിൽ 22
രമിയ്ക്കുമപ്സരോഗന്ധൎവ്വരെയും മുനിമാരെയും.
അവനെക്കൊല്ലുവാനാത്രേ വന്നു മുനികരം ഞങ്ങളും; 23
ഭവാനെശ്ശരണംപൂകീ സിദ്ധഗന്ധൎവ്വയക്ഷരും.
അങ്ങാണെററാശ്രയം ദേവ, ഞങ്ങരംക്കെല്ലാം പരന്തപ; 24
മനംവെയ്ക്കു നൃലോകത്തിൽദ്ദേവശത്രുവധത്തിനായ്.'
എന്നു കേട്ടിട്ടു ദേവേശൻ വിഷ്ണു നിജ്ജരപുംഗവൻ 25
ആച്ചേന്നൊത്ത വിരിഞ്ചാദിധമ്മിഷ്ഠാമരരോടുടൻ
ചൊന്നാനെല്ലാവരൊടുമേ, ലോകമെല്ലാം വണങ്ങിയോൻ:— 26
'ഭയം വെടിയുവിൻ, ഭദ്രമസ്തു! നിങ്ങരംക്കുവേണ്ടി ഞാൻ,
ദേവഷിമാരെ ദ്വേഷിയ്ക്കും ക്രൂരരാവണദുഷ്ടനെ 27
പുത്രപൌത്രസഖാമാത്യജ്ഞാതിബന്ധുജനത്തൊടേ
കൊന്നീ,ട്ടയ്യായിരത്താണ്ടു പത്തുനൂററാണ്ടുമങ്ങിനെ 28
വാഴുവൻ നരലോകത്തിലൂഴി രക്ഷിച്ചുകൊണ്ടുതാൻ.'
ദേവകരംക്കീ വരം നല്കി,ദ്ദേവനാം വിഷ്ണുവാത്മവാൻ 29
നിനച്ചാൻ നരലോകത്തു തനതുൽപത്തിഭൂവിനെ.
പിന്നെ ത്തന്നുടൽ നാലാക്കി, നാളീകദളലോചനൻ 30
തീൎപ്പുചെയ്താൻ ദശരഥക്ഷ്മാപനെത്താതനാക്കുവാൻ.
അതിനാൽദ്ദേവഗന്ധൎവ്വരപ്സരോരുദ്രവൃന്ദവും 31
ദിവ്യരൂപസ്തുതികളാൽ സ്തുതിച്ചു മധുമാഥിയെ.

"കുറുംപനാം രാവണനുഗ്രവിക്രമൻ
സുരേശപരദ്രോഹി മദം മുഴുത്തവൻ
കരച്ചിലേകുന്ന തപസ്വിശല്യ;-മ-
ത്തപസ്വിഭീമനു വരുത്തുക,ത്യയം. 32

Digitized By Kerala Sahitya Akademi

കരച്ചിലേകും കടുപൌരുഷാഢ്യനാം
ദശാസ്യനെക്കൂട്ടമൊടും വധിച്ചു നീ
അശേഷപങ്കം സുരരാജപാലിതം
സ്വലോകമേ പുക്കുക, തുഷ്ടനായ്ച്ചിരം.'' 33

## പതിനാറാം സർഗ്ഗം: ഗർഭോൽപത്തി.

സുരേന്ദ്രനാൽ പ്രാർത്ഥിതനാം ദേവൻ നാരായണൻ തദാ
അറിവുണ്ടെങ്കിലും ഭംഗ്യാ ചോദിച്ചാൻ സുരരോടിദം:— 1
"ഉപായമെന്താദ്ദ്യർബുധരേ ദശാസ്യനെ വധിക്കുവാൻ;
എന്തെടുത്താ മുനിജനശല്യത്തെപ്പോക്കിടേണ്ടു ഞാൻ?' 2
എന്നു കേട്ടോതിനാർ നിത്യൻ വിഷ്ണുവോടും സുരവരർ:—
"മനുഷ്യരൂപിയായ്പ്പോരിൽക്കൊല്ലൂ രാവണനെബ്ഭവാൻ: 3
കടുംതപസ്സവൻ ചെയ്തു ചിരകാലമരിന്ദമ;
അതിൽത്തെളിഞ്ഞാൻ ബ്രഹ്മാവു ജഗദാദ്യൻ ജഗൽകരൻ. 4
തെളിഞ്ഞാ യാതുധാനനു വരവും പ്രീത നല്കിനാൻ:
'നാനാഭൂതങ്ങളാലില്ലാ, മർത്ത്യനാലെന്നിയേ ഭയം.' 5
അവനന്നു ഗണിച്ചീലാ വരദാനത്തിൽ മർത്ത്യരെ.
എന്നപ്പിതാമഹനൊടു വരം വാങ്ങി ഞെളിഞ്ഞവൻ 6
വലയ്ക്കുന്നു ത്രിലോകത്തെ,പ്പിടിപ്പു നാരിമാരെയും;
അതിനാലവനെക്കൊൽവാൻ മർത്ത്യർ വേണം പരന്തപ." 7
എന്നീദ്ദേവകൾതൻവാക്കു കേട്ടിട്ടാ വിഷ്ണുവാത്മവാൻ
തീർപ്പുചെയ്താൻ ദശരഥക്ഷ്മാപനെത്താതനാക്കുവാൻ. 8
അപുത്രനാ നൃപനമക്കാലത്തത്രേ മഹാദ്യുതി
പുത്രകാമേഷ്ടിയെച്ചെയ്തു പുത്രാർത്ഥം ശത്രുമർദ്ദനൻ. 9
നിശ്ചയം ചെയ്തജനൊടു യാത്രയും ചൊല്ലി മാധവൻ
മറഞ്ഞാൻ, മുനിമാരാലും സുരന്മാരാലുമർച്ചിതൻ. 10

ഉടൻ വെളിപ്പെട്ടു, മഖാഗ്നിയിൽനിന്നതുലപ്രഭം
കറുത്തൊരു മഹാഭൂതം, മഹാവീര്യം, മഹാബലം: 11
ഉടുത്തതാമുടുപ്പും ചെമ്മുഖവും ഭേരിയൊച്ചയും
ശ്മശ്രുകേസരിരോമാഢ്യമായ നന്മീശകേശവും 12

Digitized By Kerala Sahitya Akademi

സല്ലക്ഷണങ്ങളുമുള്ളൊന്നു, ദിവ്യാഭരണഭൂഷിതം,
മഹീധ്രശിഖരോത്തുംഗം, ദൃപ്തശാർദ്ദൂലവിക്രമം, 13
ആദിത്യനൊത്ത വടിവി,ലെരിതീജ്വാലപോലവേ,
തങ്കപ്പൊന്മയിയായ്മേലേ വെള്ളികൊണ്ടൊരടപ്പുമായ് 14
മായപോലുള്ളൊരു മഹാദിവ്യപായസപാത്രിയെ
കൈകളാലേ സ്വയമെടുത്തോ,മൽപ്പത്നിയെയാംവിധം. 15
പാർത്തുചൊന്നാൻ ദശരഥക്ഷോണീശനൊടതിങ്ങിനെ:—
'രാജൻ, പ്രജാപതിയുടെയാളാണീ, വന്നണഞ്ഞ ഞാൻ.' 16
രാജാവുടൻ കൈതൊഴുതു മറുവാക്കരിയാടിനാൻ:—
'ഭഗവാനേ, സ്വാഗതം തേ! ഞാനങ്ങയ്ക്കെന്തു ചെയ്യണം?' 17
ചൊന്നാൻ പ്രജാപതിയുടെയാളവൻ വീണ്ടുമിങ്ങിനെ:—
'ഇതു കിട്ടീ ഭവാന്നിപ്പോൾ നൃപതേ, ദേവപൂജയാൽ: 18
ഇതോ, പാർത്ഥിവശാർദ്ദൂല, പായസം, ദേവനിർമ്മിതം;
കൈക്കൊൾക, സന്തതികരം ധന്യമാരോഗ്യവർദ്ധനം. 19
നേരൊത്ത ഭാര്യമാർക്കേകുകുണ്ണുവാനിതു മന്നവ;
അവരിൽപ്പുത്രരുളവാ,മതിന്നല്ലോ യജിപ്പു നീ.' 20
'ആവാ'മെന്ന,ഥ ദേവാന്നപൂർണ്ണമാം സ്വർണ്ണഭാജനം
ദേവപ്രദത്തം ശിരസാ വാങ്ങി നന്ദിച്ചു മന്നവൻ 21
ആച്ഛന്നമേറമാശ്ചര്യഭൂതത്തൊക്കൈവണങ്ങിനാൻ;
വലംവെയ്ക്കുകയും ചെയ്താനതിസന്തോഷയുക്തനായ്. 22
പായസം ദേവരചിതം നേടിദ്ദശരഥൻ തദാ,
ധനം നേടിദ്ദരിദ്രൻപോലത്യന്തം പ്രീതി തേടിനാൻ. 23
ആദ്ദീപ്രതേജസ്സിയലുമദ്ഭുതാകൃതി ഭൂതവും
അക്കർമ്മം മുഴമിപ്പിച്ചു മറഞ്ഞാനാ,സ്ഥലത്തുതാൻ. 24

അവൻെറയന്തഃപുരമോ, വിളങ്ങീ ഹർഷരശ്മിയാൽ,
ചാരുശാരദചന്ദ്രൻെറ ശോഭയാൽ വാനു പോലവേ. 25
അവനന്തഃപുരം പുക്കു കൌസല്യയൊടിതോതിനാൻ:—
'ഇപ്പായസം വാങ്ങുക നീ, നിനക്കുണ്ണി പിറക്കുവാൻ.' 26
കൌസല്യയ്ക്കു നരാധീശൻ പായസം പാതി നല്കിനാൻ;
നല്കിനാൻ പാതിയിൽപ്പാതി സുമിത്രയ്ക്കു നരാധിപൻ; 27
ബാക്കിയിൽപ്പാതി കൈകേയിയ്ക്കായും നല്കീ സുതാർത്ഥമായ്.
പായസം ബാക്കിയിൽപ്പാതി നല്കിനാന,മൃതോപമം 28

Digitized By Kerala Sahitya Akademi

ആലോചിച്ചു സുമിത്രയ്ക്കായ് വീണ്ടുമേ ഭൂമിവല്ലഭൻ;
ഏവമബ്ഭാര്യമാർക്കേകീ വെവ്വേറേ പായസം നൃപൻ. 29
അപ്പായസത്തെക്കൈക്കൊണ്ടാ മന്നന്റെ മണിമങ്കമാർ
സമ്മാനമായ്ക്കരുതിനാരുൾക്കുളിർത്തവരേവരും. 30

നൃപങ്കൽനിന്നാ മികവുററ പായസം
പകുത്തശിച്ചാ മികവുററ മങ്കമാർ
ചിരാൽ ദിനേശാനലതുല്യമാം മഹ-
സ്സിയന്ന ഗർഭങ്ങൾ ധരിച്ചിതപ്പൊഴേ. 31
പ്രജേശനപ്പെണ്മണിമാർക്കു ഗർഭമുദ്-
ഭവിച്ചതീക്ഷിച്ചു മനസ്സുഖത്തൊടും
സഹർഷനായീ, ദിവി ജിഷ്ണുപോലവേ
സുരേന്ദ്രസിദ്ധർഷിഗണാഭിപൂജിതൻ. 32

---

## പതിനേഴാം സർഗ്ഗം: വാനരോൽപത്തി.

വിഷ്ണുവാദ്ധന്യനാം ഭൂപനുണ്ണിയാകാനുറയ്ക്കയാൽ,
സ്വയംഭൂഭഗവാനേവം സുരരോടൊക്കെയോതിനാൻ:— 1
"നമുക്കെല്ലാം ഹിതം തേടും സത്യസന്ധൻ വീരവിഷ്ണുവെ
തുണയ്ക്കുവാനായ്സ്സൃഷ്ടിപ്പിൻ കെല്പേറും കാമരൂപരെ: 2
മായാവിജ്ഞാനവും ശൗര്യം കാററടിയ്ക്കൊത്ത വേഗവും
നീതിയും ബുദ്ധിയും ചേർന്ന വിഷ്ണുവിക്രമയുക്തരെ, 3
അവധ്യരെ,യുപായജ്ഞന്മാരെ,സ്സിംഹശരീരരെ,
സുധാശർപോലുള്ളവരെ,സ്സർവായുധഗുണാഢ്യരെ, 4
മുഖ്യാപ്സരസ്സുകളിലും ഗന്ധർവാംഗനമാരിലും
സൃഷ്ടിപ്പിൻ കപിരൂപത്തിൽത്തുല്യവിക്രമപുത്രരെ. 5
സൃഷ്ടിച്ചിരിപ്പു ഞാൻ മുന്നേ: ജാംബവാനൃക്ഷപുംഗവൻ
കോട്ടുവായിടുമെൻ വായിൽനിന്നു പെട്ടന്നു ചാടിനാൻ." 6

ഭഗവാനുടെ ചൊൽ കേട്ടുശ്ശാസനം സ്വീകരിച്ചവർ
ജനിപ്പിച്ചാരിതിൻവണ്ണം വാനരാകാരപുത്രരെ. 7
മഹാന്മാരൃഷിമാർ സിദ്ധവിദ്യാധരഭുജംഗരും
സൃഷ്ടിച്ചു ചാരണന്മാരും വീരവാനരപുത്രരെ: 8

Digitized By Kerala Sahitya Akademi

ഇന്ദ്രനിന്ദ്രാഭനാമൂർജ്ജസ്സൊത്ത ബാലികപീന്ദ്രനെ;
സുഗ്രീവനെജ്ജനിപ്പിച്ചു തപനൻ താപനോത്തമൻ; 9
ബൃഹസ്പതി ജനിപ്പിച്ചു താരനാം വങ്കുരങ്ങനെ,
എല്ലാക്കപീന്ദ്രരെക്കാളും മേലെയാം ബുദ്ധിശാലിയെ; 10
കുബേരന്റെ മകൻ ശ്രീമാൻ ഗന്ധമാദനവാനരൻ;
വിശ്വകർമ്മാവു സൃഷ്ടിച്ചു നളനാം വങ്കുരങ്ങനെ; 11
പാവകന്റെ മകൻ, ശ്രീമാൻ നീലനഗ്നിസമപ്രഭൻ,
തേജസ്സാൽക്കീർത്തിയാൽ വീര്യാൽ വാനരന്മാരിൽ മുന്തിയോൻ; 12
സൌന്ദര്യസംപത്തിയലും മൈന്ദദ്വിവിദരെ സ്വയം
ജനിപ്പിച്ചിതു സൌന്ദര്യംകൊണ്ടു വിശ്രുതരശ്വികൾ; 13
ജനിപ്പിച്ചു വരുണനസ്സുഷേണകപിസിംഹനെ;
ജനിപ്പിച്ചു ശരഭനെപ്പർജ്ജന്യൻ ബലശാലിയെ; 14
വായുവിന്റെ മകൻ, ശ്രീമാൻ ഹനൂമാനെന്ന വാനരൻ
വജ്രത്തിനൊത്ത മെയ്യുള്ളോൻ വേഗത്താൽഗ്ഗരുഡോപമൻ. 15
സൃഷ്ടരായ് ലക്ഷലക്ഷംപേർ ദശഗ്രീവവധോദ്യതർ
അമേയബലർ വിക്രാന്തർ വീരന്മാർ കാമരൂപികൾ. 16
മെയ്യുറപ്പേറിയോർ മേരുമന്ദരാഭർ മഹാബലർ
തൽക്ഷണം ജാതരായ്വന്നിതൃക്ഷഗോപുച്ഛവാനരർ. 17
ഏതു ദേവന്നു വടിവെന്തെന്തു വേഷം പരാക്രമം,
അവനവനതിന്നൊപ്പം വെവ്വേറെയുളവായ് മകൻ. 18
പെൺമുള്ളികളിലുണ്ടായീ തുംഗവിക്രമരാം ചിലർ;
പിറന്നാരൃക്ഷികളിലും കീശർ കിന്നരിമാരിലും 19
ദേവമാമുനിഗന്ധർവ്വർ പേരാളും താർക്ഷ്യയക്ഷരും
നാഗകിന്നരരും വിദ്യാധരസിദ്ധോരഗങ്ങളും 20
വളരെപ്പേർ ജനിപ്പിച്ചു ഹർഷിച്ചായിരമായിരം
കാട്ടു ചുററും പെരുങ്കുറങ്കരങ്ങന്മാരെയൊക്കയും, 21
മുഖ്യാപ്സരസ്ത്രീകളില്വ,മാ വിദ്യാധരിമാരിലും,
ഗന്ധർവ്വനല്ലാർകളിലും, നാഗകന്യകമാരിലും. 22
കാമരൂപബലോപേതർ, കാമംപോലേ നടപ്പവർ,
കരുത്താലും കുരംപാലും സിംഹശാർദ്ദൂലസന്നിഭർ, 23
കല്ലാൽപ്പോരാടുവോരെല്ലാ, മെല്ലാം വൃക്ഷപ്രഹാരികൾ,
എല്ലാം സർവ്വാസ്ത്രനിപുണരെ,ല്ലാം ദംഷ്ട്രാനഖായുധർ; 24

Digitized By Kerala Sahitya Akademi

കുലുക്കാം മാമലകളെ,പ്പിളർത്താം വന്മരങ്ങളെ,
കലക്കാ,മാറുകൾക്കീശനാകുമാഴിയെയൂക്കിനാൽ; 25
പാർ ചവുട്ടിപ്പൊളിയ്ക്കാം, വങ്കടൽ ചാടിക്കടന്നിടാം,
ആകാശത്തേയ്ക്കു കയറാം, കാർകളേയും പിടിയ്ക്കുമേ; 26
പിടിയ്ക്കും മത്തരായ്ക്കാട്ടിൽപ്പായുമാനകളേയുമേ;
വിഹംഗമരെ വീഴിയ്ക്കു,മലറീട്ടമലച്ചയാൽ. 27
ഈമട്ടിലുളവായ്വന്നു കാമരൂപികൾ വാനരർ
നൂറുനൂറായിരം പേർകൾ വമ്പരാം യൂഥപാലകർ. 28
പ്രധാനകപിയൂഥത്തിൽവെച്ചു യൂഥപവര്യരായ്,
കപിവീരരെയുൽപാദിപ്പിച്ചാരക്കപിയൂഥപർ. 29
ഋക്ഷവത്സാനുവിൽപ്പാർത്താർ ചിലരായിരമായിരം;
നാനാതരം മലയിലും കാട്ടിലും മേവിനാർ ചിലർ. 30

സൂര്യന്റെ സൂനു സുഗ്രീവ,നമ്പർകോനുണ്ണി ബാലിയും,
ഈ ഭ്രാതാക്കൾക്കു കീഴ്നിന്നിതക്കപിശ്രേഷ്ഠരേവരും; 31
നളനീലഹനുമാന്മാർക്കന്യരാം യൂഥപർക്കുമേ.
അവർ താർക്ഷ്യബലം ചേർന്നോരേവരും പടയാളികൾ 32
നടന്നു മട്ടിച്ചു മദാൽ സിംഹവ്യാഘ്രോരഗേന്ദ്രരെ.
ആ വാനരർക്ഷഗോപുച്ഛന്മാരെയെല്ലാം മഹാഭുജൻ 33
പാലിച്ചാൻ ഭുജവീര്യത്താൽബ്ബാലി വിസ്തീർണ്ണവിക്രമൻ.
അശ്ശൂരർ കാടുമാടാഴി ചേരുമിപ്പാരിലൊക്കയും 34
നിറഞ്ഞു വിവിധാകാരർ നാനാലക്ഷണശാലികൾ.

മേഘാവലീപർവ്വതശൃംഗതുല്യർ
ബലിഷ്ഠരാ വാനരയൂഥപന്മാർ,
കരാളരൂപാംഗകർ മന്നിലെല്ലാം
നിറഞ്ഞു, രാമന്നു തുണയ്ക്കുവാനായ്. 35

---

## പതിനെട്ടാം സർഗ്ഗം: വിശ്വാമിത്രാഗമനം.

ആ മഹാത്മാവുതന്നശ്വമേധത്തിന്റെ സമാപ്തിയിൽ
ഭാഗങ്ങൾ വാങ്ങിദ്ദേവന്മാർ വന്നപാടേ മടങ്ങിനാർ. 1
ദീക്ഷാവിധി കഴിഞ്ഞാറേ, പത്നിമാരൊത്തു പാർത്ഥിവൻ
പുരിയ്ക്കായിപ്പുറപ്പെട്ടാൻ ഭൃത്യയാനബലാന്വിതൻ. 2

Digitized By Kerala Sahitya Akademi

ആ രാജാവുചിതംപോലെ മാനിച്ച നൃപർ തുഷ്ടരായ്
മുനിവൃന്ദത്തെ വന്ദിച്ചു നാട്ടിലെല്ലാം മടങ്ങിനാർ. 3
അപ്പുരാൽത്തൻപുരത്തെല്ലാം പോകും ശ്രീനൃപർതമ്മുടെ
സൈന്യങ്ങളും വെണ്മപൂണ്ടുള്ളംകുളിർത്തു വിലസീടിനാർ. 4
മേദിനീജാനിമാർ പോയശേഷം ദശരഥൻ നൃപൻ
ശ്രീമാൻ ദ്വിജോത്തമന്മാരെ മുൻനിർത്തിപ്പുരി പൂകിനാൻ. 5
ശാന്തയൊത്തെഴുനള്ളീ നല്പൃജയേററൃശൃശൃംഗനും
സഭൃത്യനായ ധീമാനാം നൃപനാലനുയാതനായ്. 6
ഈമട്ടവരെയൊട്ടുക്ക പിരിച്ചു കൃതകൃത്യനായ്
പുത്രോൽപത്തി നിനച്ചുംകൊണ്ടങ്ങു വാണു സുഖം നൃപൻ. 7
യാഗം നടന്നതിൽപ്പിന്നെയാറൃതുക്കളും കഴിഞ്ഞുപോയ്;
പിമ്പീരാറാമതാം ചൈത്രമാസേ, പുണർതനാളതിൽ, 8
നവമീതിഥിയിൽ,പ്പഞ്ചഗ്രഹമുച്ചത്തിൽ നില്ക്കവേ,
ലഗ്നേ കർക്കടകേ, വ്യാഴം ചന്ദ്രനൊന്നിച്ചുദിക്കവേ 9
പെററു കൌസല്യ, പാരെല്ലാം പണിഞ്ഞ ജഗദീശനെ;
എല്ലാ ലക്ഷണവും ചേൎന്ന ഭാഗ്യവാനായ രാമനെ, 10
ഐക്ഷ്വാകരെ വളർത്തുന്ന വൈഷ്ണവാർദ്ധാംശമുണ്ണിയെ.
കൌസല്യ തേജസ്സേറുന്നപ്പുത്രനാലേ വിളങ്ങിനാൾ, 11
വജ്രം കൈക്കൊണ്ട ദേവേശൻതന്നാലദിതി പോലവേ.
കൈകേയിക്കുളവായുന്നു ഭരതൻ സത്യവിക്രമൻ 12
സാക്ഷാൽ വിഷ്ണുചതുർത്ഥാംശമെല്ലാഗ്ഗുണവുമൊത്തവൻ
പെററു ലക്ഷ്മണശത്രുഘ്നപുത്രന്മാരെസ്സുമിത്രയും, 13
വിഷ്ണ്വംശമൊത്ത സർവാസ്ത്രപാടവം ചേൎന്ന വീരരെ.
ജാതൻ സുബുദ്ധി ഭരതൻ പൂയംനാൾ മീനരാശിയിൽ; 14
സുമിത്രാപുത്രരായില്യംനാളുദിക്കിന്നു കർക്കടേ.
നൃപന്നുണ്ടായി വെവ്വേറേ മഹാന്മാർ പുത്രർ നാലുപേർ, 15
ഗുണാഢ്യരനുരൂപന്മാർ, ശ്രീയാൽ പ്രോഷ്ഠപദോപമർ.
പാടീ ഗന്ധർവരഴകിലാ,ടിനാരപ്സരസ്സുകൾ, 16
മുഴങ്ങീ ദേവതൂര്യങ്ങൾ, പെയ്തു പൂമഴയംബരാൽ;
മുതിൎന്നിതാ,ൾത്തിക്കൊട്ടുമൊത്തൊരുത്സവമയോദ്ധ്യയിൽ. 17
പാട്ടുകാർ നടരാട്ടക്കാർ കൊട്ടുകാർ മുതലായവർ
ഇടചേൎന്ന ജനത്തിക്കോടിരമ്പീ രഥവീഥികൾ. 18

Digitized By Kerala Sahitya Akademi

വന്ദിമാഗധസൂതർക്കു നല്കീ സമ്മാനവും നൃപൻ;
വിപ്രർക്കു നല്കീ പണവും വളരെഗ്ഗോധനങ്ങളും. 19

പതിനൊന്നു ദിനം ചെന്നിട്ടിട്ടാൻ പേരുമതേവിധം:
മഹാത്മാവഗ്രജൻ രാമൻ, ഭരതൻ കൈകയീസുതൻ, 20
സൌമിത്രി ലക്ഷ്മണൻ, പിന്നെ മററാം ശത്രുഘ്നനി,ങ്ങിനെ
പേർവിളിച്ചീടിനാനന്നു വസിഷ്ഠനതിതുഷ്ടനായ്. 21
ഊട്ടിനാൻ ബ്രാഹ്മണരെയും നാട്ടാരെപ്പൌരരേയുമേ,
നല്കിനാൻ ബ്രാഹ്മണർക്കേററം നാനാരത്നസമൂഹവും; 22
അവർക്കു ജാതകർമ്മാദികർമ്മമെല്ലാം നടത്തിനാൻ.
അവരിൽക്കേതുപോലേട്ടൻ രാമനച്ഛന്നു തുഷ്ടിദൻ; 23
ഭൂതങ്ങൾക്കോ, സ്വയംഭൂവെപ്പോലെ സമ്മതനായ് തുലോം.

എവരും ശൂരർ വേദജ്ഞർ ലോകേഷ്ടരതരേവരും
എവരും ജ്ഞാനസംപന്നരേവരും ഗുണശാലികൾ. 24
അതിലും ഭൂരിതേജസ്സു രാമൻ സത്യപരാക്രമൻ
ലോകത്തിനെല്ലാം പ്രിയനായ്, വെൺകുളിർത്തിങ്കൾ പോലവേ 25
ആനതേരശ്വസഞ്ചാരത്തിന്നു ശേഷി തികഞ്ഞവൻ
ധനുർവേദത്തിലും സക്തൻ പിതൃശുശ്രൂഷണപ്രിയൻ. 26
ശ്രീകൂട്ടം ലക്ഷ്മണൻ ബാല്യംതൊട്ടേറെ സ്നേഹശാലിയായ്,
ലോകാഭിരാമനാം രാമനാകും ജ്യേഷ്ഠങ്കലെപ്പൊഴും. 27
രാമനും മെയ്യിനുപുറത്തമന്നൊരുയിർ പോലെയായ്,
സർവ്വപ്രിയം ചെയ്യുവനാം ലക്ഷ്മീദയറിയ ലക്ഷ്മണൻ: 28
ഉറങ്ങുകില്ലയാളോടു കൂടാതേ പുരുഷോത്തമൻ;
ഉണ്ണില്ലയാളെക്കൂടാതെ, മൃഷ്ടാന്നം കൊണ്ടുവന്നാലും. 29
രാമൻ കുതിരമേലേറിപ്പള്ളിവേട്ടയ്ക്കിറങ്ങിയാൽ,
അവന്റെ പിറകേ ചെല്ലും, രക്ഷയ്ക്കായിട്ടു വില്ലുമായ്. 30
ലക്ഷ്മണൻതന്നനുജനശ്ശത്രുഘ്നൻ ഭരതന്നുമേ
പ്രാണാതിപ്രിയനായ് നിത്യ,മവന്നും പ്രിയനായ,വൻ. 31
നാലു ധന്യപ്രിയസുതന്മാരാൽദ്ദശരഥൻ തുലോം
മോദിച്ചുമേവിനാൻ, ദേവന്മാരാൽ ബ്രഹ്മാവു പോലവേ. 32
എല്ലാവരുമഭിജ്ഞന്മാർ ഗുണമെല്ലാമിയന്നവർ
ദീർഘദർശികൾ സർവ്വജ്ഞർ നാണമുള്ളോർ പുകഴ്ന്നവർ; 33

Digitized By Kerala Sahitya Akademi

അവൎക്കേവം മഹിമയുമെരിതേജസ്സുമൊത്തതിൽ
ജ്യേഷ്ഠനച്ഛൻ ദശരഥൻ, ലോകേശനജനാംവിധം. 34
നരശാൎദ്ദൂലരവരും വൈദികജ്ഞരും പഠിപ്പവർ,
പിതൃശുശ്രൂഷ ചെയ്യുന്നോർ, ധനുൎവ്വേദത്തിലും രതർ. 35

അവൎക്കു വേളിയെപ്പററി,പ്പിന്നെദ്ദശരഥൻ നൃപൻ
ആലോചിച്ചിതു ധൎമ്മിഷ്ഠൻ ബന്ധൂപാധ്യായയുക്തനായ്. 36
ആ മഹാൻ മന്ത്രിമധ്യത്തിൽവെച്ചാലോചന ചെയ്യവേ
വന്നെത്തി, ഭൂരിതേജസ്സാം വിശ്വാമിത്രൻമഹാമുനി: 37
അദ്ദേഹം നൃപനെക്കാണ്മാൻവേണ്ടി ദ്വാസ്ഥരൊടോതിനാൻ:—
'കൌശികൻ ഗാധിപുത്രൻ ഞാൻ വന്നതാശു കഥിക്കുവിൻ.' 38
അവനാൽ പ്രേരിതന്മാരീ വാക്കു കേട്ടിട്ടു ഭീതരായ്
പാഞ്ഞാർ കോവിലകത്തേക്കു, ജാതസംഭ്രമമേവരും. 39
അവർ ഭൂപഗൃഹത്തിൽച്ചെന്നൈക്ഷ്വാകപ്പെരുമാളിനെ,
വിശ്വാമിത്രൎഷി വന്നിട്ടുണ്ടെന്നുണൎത്തിച്ചിതഞ്ജസാ. 40
അവർ ചൊന്നതു കേട്ടാസ്ഥ പൂണ്ടു സോപാധ്യായനായ് മുദാ
എതിരേററാനവനെയങ്ങി,ന്ദ്രൻ ബ്രഹ്മനെയാംവിധം. 41
തപം കത്തിജ്ജ്വലിച്ചീടുമശ്ശിതവ്രതയുക്തനെ
കണ്ടിട്ടൎഘ്യം കൊടുപ്പിച്ചാൻ പ്രസന്നമുഖനായ് നൃപൻ. 42
ശാസ്ത്രത്തിൽക്കണ്ടതിൻവണ്ണം രാജാൎഘ്യം സ്വീകരിച്ചവൻ
ചോദിച്ചാൻ കുശലത്തെയും നൃപനോടവ്യയത്തെയും; 43
നഗരം നാടു ഭണ്ഡാരം ബന്ധുമിത്രങ്ങളെന്നിതിൽ
ചോദിച്ചാനങ്ങു കുശലം, കൌശികൻ ധാൎമ്മികോത്തമൻ:— 44
'തോററു നിൻകീഴിൽ നില്പില്ലേ മാററാർ സാമന്തരേവരും?
ദൈവമാനുഷകൎമ്മങ്ങളും ചെയ്വതില്ലേ ശരിക്കു നീ?' 45
വസിഷ്ഠനോടും കുശലം ചോദിച്ചാൻ മുനിപുംഗവൻ
മററു ധന്യൎഷിമാരോടും ചാരേ ചെന്നു യഥോചിതം. 46
ഉൾക്കുളിൎത്തവരെപ്പേരുമാ രാജാവിൻ സദോന്തരം
പൂകിനാർ, പൂജയേററിട്ടങ്ങിരുന്നാർ തക്കവണ്ണമേ. 47

പില്പാട്ടു പരമോദാരൻ വിശ്വാമിത്രമഹൎഷിയെ
വാഴ്ത്തിക്കഥിച്ചാനാമോദാൽക്കോൾമയിർക്കൊണ്ടു മന്നവൻ:— 48
'എവ്വണ്ണമമൃതിൻ നേട്ടം, മരുഭൂമിയിൽ മാരിയും,
തുല്യയാം ഭാൎയ്യയിൽപ്പുത്രഹീനനുണ്ണി പിറക്കലും, 49

Digitized By Kerala Sahitya Akademi

പോയ്പോയ സാധനം കിട്ടലുത്സവത്തിൻപ്രഹർഷവും,
അവ്വണ്ണം നിൻവരവു മേ; സ്വാഗതം, തേ മഹാമുനേ! 50
എന്തൊന്നു വേണ്ടതിവിടെയ്ക്കെന്തു ചെയ്യേണ്ടു ഞാൻ മുദാ?
നീ പാത്രമല്ലോ, ബ്രഹ്മൻ, മേ; ഭാഗ്യം നീ വന്നു കൌശിക! 51
ഇന്നെന്റെ ജന്മം സഫലം; ജീവിതം നല്ല ജീവിതം!
മുമ്പു രാജർഷി, പിന്നീടു തപസ്സാലുജ്ജ്വലാഭനായ് 52
ബ്രഹ്മർഷിയായ്ച്ചമഞ്ഞോൻ നീ; പൂജ്യൻ മേ ബഹുധാ ഭവാൻ!
അതിനാൽ മേ തുലോം പുണ്യമത്യദ്ഭുതമിതന്തണാ; 53
സൽക്ഷേത്രം പൂകിയോനായ് ഞാനങ്ങയെക്കാൺകയാൽ പ്രഭോ!
അരുൾചെയ്കി,ന്നുദ്ദേശിച്ചിട്ടാണീ, വരവെന്നു നീ; 54
അനുഗ്രഹത്താൽ നിറവേററാവൂ നിന്നീപ്സിതത്തെ ഞാൻ!
നിനയ്ക്കവേണ്ടാ കാര്യത്തെപ്പററിയങ്ങുന്നു കൌശിക; 55
തികച്ചും ചെയ്തുകൊള്ളാം ഞാനി,വിടുന്നീശ്വരൻ മമ!
എനിയ്ക്കിതാ, വന്നു മഹത്തായൊരഭ്യുദയം ദ്വിജ; 56
പൂർണ്ണമായ് നിൻവരവിനാലെനിയ്ക്കുത്തമധർമ്മവും!'

വിനയമൊടു മനസ്വി ചൊന്ന ചേതഃ-
ശ്രുതിസുഖവാക്കിതുമട്ടു കേൾക്കമൂലം,
പ്രഥിതഗുണയശസ്സനാം ഗുണച്ചാ-
ർത്തുടയ മഹർഷി നികാമഹർഷിയായി. 57

## പത്തൊമ്പതാം സർഗ്ഗം: രാമയാചനം.

രാജസിംഹന്റെയാശ്ചര്യം വായ്ച്ച വാക്കിതു കേൾക്കയാൽ
കോൾമയിർക്കൊണ്ടു തേജസ്വി വിശ്വാമിത്രനമോതിനാൻ:— 1
'ഇതു ചേരും, മറിച്ചല്ലേ, രാജശാർദ്ദൂല, ഭൂമിയിൽ
സദ്വംശ്യനായ് വസിഷ്ഠന്റെ ശിഷ്യനായ ഭവാനുതാൻ. 2
ഞാൻ ചൊല്ലുവാൻതുടങ്ങുന്ന കാര്യത്തിനൊരു നിശ്ചയം
ചെയ്താലും രാജശാർദ്ദൂല; സത്യസന്ധനുമാക നീ. 3
ഞാൻ ദീക്ഷ പൂണ്ടിരിപ്പാണു സിദ്ധിയ്ക്കായ്പ്പുരുഷർഷഭ;
രണ്ടാളതു മുടക്കുന്നു, കാമരൂപികളാശരർ 4

Digitized By Kerala Sahitya Akademi

പലവട്ടമനുഷ്ഠിച്ചോരെൻ വ്രതത്തിൻ സമാപ്തിയിൽ,
സുബാഹുമാരീചർ പയററാക്രമാ വീരരാക്ഷസർ 5
മാംസം കലൎന്ന ചെഞ്ചോര ചൊരിഞ്ഞാരങ്ങു വേദിമേൽ.
അവ്വണ്ണമാ വ്രതവിധി മുടക്കപ്പെട്ടുപോകയാൽ 6
ക്ഷീണിച്ചുത്സാഹവും കെട്ട പോന്നനാട്ടിക്കിൽനിന്നു ഞാൻ.
അരിശത്തെ പ്രയോഗിപ്പാൻ നൃപ, തോന്നുന്നുമില്ല മേ: 7
അതേനിലയ്ക്കാണച്ചര്യ; ശപിയ്ക്ക പതിവില്ലിതിൽ.
രാജശാൎദ്ദൂല, നിൻജ്യേഷ്ഠപുത്രൻ സത്യപരാക്രമൻ 8
കാകപക്ഷധരൻ ശൂരൻ രാമനെത്തന്നയയ്ക്ക മേ:
മുടിപ്പാൻ ശക്തനാമല്ലോ മമ രക്ഷയിൽനിന്നിവൻ, 9
ദ്രോഹിയ്ക്കും മററരക്കന്മാരെയും തൻദിവ്യതേജസാ.
ഇവന്നനേകം ശ്രേയസ്സും വരുത്തുവനസംശയം, 10
ഉലകം മൂന്നിലും കീൎത്തിയുളവായിവരുംവിധം.
മിടുക്കവെയ്ക്കില്ലെമ്മട്ടും രാമനോടേററുനില്ക്കുവാൻ 11
ആളാകാതാനു,മവരെക്കൊൽവാൻ രാമനൊഴിഞ്ഞാരാരം.
വീൎയ്യക്ഷരംപുള്ളദ്ദുഷ്ടർ കാലപാശവശംഗതർ 12
തികയില്ല, മഹാത്മാവാം രാമനു നൃപപുംഗവ!
ഉണ്ണിയെന്നുള്ള വാത്സല്യം തോന്നീടേണ്ട നരാധിപ; 13
ഞാനേററോതാ,മരക്കന്മാരവർ ചത്തെന്നുറയ്ക്ക നീ!
അറിയും ഞാൻ മഹാത്മാവാം സത്യവിക്രമി രാമനെ, 14
വസിഷ്ഠനും മഹാതേജസ്സ്വി,തപസ്വിജനങ്ങളും.
ധൎമ്മാപ്തിയും ഭവാനുൎവ്വിതന്നിൽപ്പെരിയ കീൎത്തിയും 15
വേണമെങ്കിൽ നൃപാലേന്ദ്ര, രാമനെത്തന്നയയ്ക്ക മേ.
വസിഷ്ഠാദികരാം കാകുത്സ്ഥ, തവ മന്ത്രികളേവരും 16
അനുജ്ഞ തരുമെന്നാകിൽച്ചൊന്നയയ്ക്കുക രാമനെ.
അരുമപ്പെട്ട മകനാം രാജീവാക്ഷനെ രാമനെ 17
വൈകാതെ തന്നയച്ചാലും, പത്തു നാളധ്വരത്തിനായ്.
എനിയ്ക്കീ ക്രതുവിൻ കാലം തെററാത്തപടി ചെയ്ക നീ: 18
ഭവാനു ഭദ്രം കാകുത്സ്ഥ, മനസ്സിലഴൽ തോന്നൊലാ.'
ധൎമ്മാൎത്ഥമൊത്ത വാക്കേവമരുളിച്ചെയ്തടങ്ങിനാൻ 19

Digitized By Kerala Sahitya Akademi

ധർമ്മാത്മാവതിതേജസ്വി വിശ്വാമിത്രമഹാമുനി.
വിശ്വാമിത്രന്റെയീ നല്ല വാക്കു കേട്ടാ നൃപോത്തമൻ 20
കടുത്ത ശോകമുൾക്കൊണ്ടാൻ, വിഷാദിച്ചാൻ ഭയത്തൊടും.

കരൾ മനമിവയെപ്പിളക്കുമാ
മുനിമൊഴിയിങ്ങനെ കേട്ടു നിർഭരം
വ്യഥിതഹൃദയനായ്ച്ചമഞ്ഞുടൻ
പെരിയ മഹിപതി ചാഞ്ഞിതാസനാൽ. 21

---

## ഇരുപതാം സർഗ്ഗം: ദശരഥജല്പനം.

വിശ്വാമിത്രന്റെയാ വാക്കു കേട്ടിട്ടു നൃപപുംഗവൻ
മുഹൂർത്തം വെളിവറ്റോനായ്, വെളിവാണ്ടിട്ടിതോതിനാൻ. 1
"ഈരെട്ടാണ്ടെത്തിടാത്തോനെൻ രാമൻ രാജീവലോചനൻ;
അരക്കരോടു പൊരുതാൻ ശേഷി കാണ്മീലിവന്നു ഞാൻ. 2
തികഞ്ഞതക്ഷൌഹിണിയിതാ, ഇതിന്നുടയൊരാളു ഞാൻ;
ഇതൊത്തു പോന്നു പോർചെയ്യ്വാ നിശാചരരോടു ഞാൻ. 3
എൻഭൃത്യരിവരും ശൂരരസ്ത്രദക്ഷർ സുവിക്രമർ
രാക്ഷസപ്പോരിനൊത്തോരാം; കൊണ്ടുപോകായ്ക രാമനെ. 4
ഞാൻതന്നെ വില്ലും കൈക്കൊണ്ടു പോർമുന്നിൽക്കാവൽനില്ക്കുവൻ;
പ്രാണൻ പോകുംവരെയ്ക്കും പോരാടിക്കൊള്ളാമരക്കരോടു്. 5
വിഘ്നമാം വ്രതചര്യയ്ക്കു നേരിടാ തക്ക രക്ഷയാൽ;
ഞാൻ പോന്നുകൊള്ളാമങ്ങോട്ടു: കൊണ്ടുപോകായ്ക രാമനെ. 6
ബാലൻ, പയററു നേടാത്തോനാ,റിയാത്തോൻ ബലാബലം,
അസ്ത്രശക്തിയുമില്ലാത്തോനാ,ടരും ശീലിയാത്തവൻ; 7
രക്ഷസ്സുകൾക്കിവൻ പോരാ; കള്ളപ്പോരാളിമാരവർ.
രാമനോടു പിരിഞ്ഞാൽ ഞാനാളാകാ ഞൊടിനേരവും 8
ജീവിപ്പാൻ മുനിശാർദ്ദൂല; കൊണ്ടുപോകായ്ക രാമനെ.
രാമനെക്കൊണ്ടുപോകേണമെങ്കിൽ ബ്രഹ്മൻ, ശുഭവ്രത, 9
കൊണ്ടുപോയ്ക്കൊള്ളുകെന്നോടും ചതുരംഗബലത്തൊടും.
വയസ്സെനിക്കറുപതിനായിരം ചെന്നു കൌശിക; 10

Digitized By Kerala Sahitya Akademi

ഇവൻ പണിപ്പെട്ടുണ്ടായോൻ; കൊണ്ടുപോകാസ്സ രാമനെ.
നാലുപേരുണ്ണികളിൽവെച്ചേററ വാത്സല്യമുണ്ടു മേ; 11
ജ്യേഷ്ഠനം ധാർമ്മികനമാം രാമനെക്കൊണ്ടുപോകൊലാ.
വീര്യമാ രാക്ഷസക്കെന്ത്രയ്യാ,ർതന്നാത്മജരാ,രവർ? 12
എത്ര പോന്നോര,വരെയാർ പാലിപ്പൂ മുനിപുംഗവ?
എന്തട്ടാ രാക്ഷസന്മാരിലെതിർചെയ്യേണ്ടു രാമനോ, 13
ഞാനോ, മത്സൈന്യമോ ബ്രഹ്മൻ, കള്ളപ്പോരാളിമാർകളിൽ?
ചൊല്ലേണ്ടല്ലാം ഭഗവാനേ, ഞാനദ്ദുർവൃത്തരൊടെങ്ങിനെ 14
പോരിൽ നില്ക്കേണ്ടു? വീര്യപ്പുള്ളവരല്ലോ നിശാചരർ.'
അദ്ദേഹത്തിൻെറ ചൊൽ കേട്ടു വിശ്വാമിത്രനമോതിനാൻ:— 15
'പൌലസ്ത്യവംശ്യനായുണ്ടൊരാശരൻ രാവണാഹ്വയൻ;
ദ്രോഹിപ്പൂ മൂപ്പാരിനെയും പാരം ബ്രഹ്മവരാലവൻ 16
മഹാബലൻ മഹാവീര്യനേററം രാക്ഷസർ ചേർന്നവൻ.
കേൾപ്പുണ്ടല്ലോ: മഹാരാജ, രാവണൻ രാക്ഷസാധിപൻ 17
വിശ്രവസ്സാം മുനിയുടെയുണ്ണി, സാക്ഷാൽ വൈശ്രവണാനുജൻ;
യാഗം താന്താൻ മുടക്കീടുന്നില്ലെന്നാലാ, മഹാബലൻ 18
പറഞ്ഞയച്ചോരിരുപേർ കരുത്തേറിയ രാക്ഷസർ,
ആ മാരീചസുബാഹുക്കളെണ്ടു യാഗം മുടക്കുവാൻ!' 19
എന്നാ മുനി പറഞ്ഞാറേ, മുനിയോടോതിനാൻ നൃപൻ:—
'ആളല്ല ഞാനദ്ദുർബുദ്ധിയോടു പോരിട്ടുനില്ക്കുവാൻ. 20
അതിനാൽത്തയചെയ്യേണ്ടെൻെറ കുട്ടനിൽധർമ്മകോവിദ:
ഭാഗ്യംകെട്ടോരെനിയ്ക്കിങ്ങു ഗുരുവാണെന്നൊരീശ്വരൻ! 21
ദേവദാനവഗന്ധർവ്വർ പക്ഷിപന്നഗയക്ഷരും
പോരാ രാവണനോടേല്പാൻ; പിന്നെയോ പോരിൽ മാനുഷർ? 22
ആ രാക്ഷസൻ വീരരുടെ വീര്യം പോരിലെടുക്കുവോൻ;
ആളാകില്ലവനോടും തത്സേനയോടുമടക്കുവാൻ 23
മുനീന്ദ്ര, പടയോടൊത്തുമെന്നുണ്ണികളൊടൊത്തുമേ.
എന്തായാലും, പട പയററാത്തോനെ,ദ്ദേവതുല്യനെ, 24
എന്നോമൽക്കൊച്ചുമകനെ ബ്രഹ്മൻ, തരികയില്ല ഞാൻ.
പോരിൽക്കൃതാന്തോപമരുമത്രെ സുന്ദോപസുന്ദജർ; 25
അവർ നിൻയജ്ഞഹന്താക്കളെന്നിയെത്തരികില്ല ഞാൻ.
സുബാഹുമാരീചർ പയററിയന്നോർ വീര്യശാലികൾ; 26

Digitized By Kerala Sahitya Akademi

രണ്ടുപേരിലൊരാളോടു പൊരുതാം മിത്രരൊത്തു ഞാൻ.’
ഇതി നൃപനരചെയ്കയാലുദിച്ചു
കുശികജവിപ്രവരന്നമർഷമേറ്റം;
പെരിയ മുനിഹുതാശനജ്ജ്വലിച്ചു
ഘൃതഹവനത്തിൽ മഹാഗ്നിയെന്നപോലെ. 27

---

## ഇരുപത്തൊന്നാം സർഗ്ഗം: ദശരഥപ്രതിബോധനം.

സ്നേഹത്താലക്ഷരമിടറുന്നുള്ള വാക്കിതു കേൾക്കയാൽ
അരിശം പൂണ്ടരചനോടരുളിച്ചെയ്തു കൗശികൻ:— 1
‘മുൻകുട്ടിക്കാര്യമേറ്റിട്ടു വാക്കു മാറാൻ നിനയ്ക്കയോ?
ഈ രാഘവകുലത്തിന്നീ വാക്കുമാററം ചിതപ്പെടാ. 2
ഇതാവാമെങ്കിൽ നൃപതേ, പോയ്ക്കൊള്ളാം വന്നപാടു ഞാൻ;
വാക്കു തെറ്റിച്ചു കാകുൽസ്ഥ, കൂട്ടരൊത്തു സുഖിക്ക നീ!’ 3
ആ ബുദ്ധിശാലിയാം വിശ്വാമിത്രനേറെച്ചൊടിച്ചതിൽ
കലുങ്ങീ ഭൂമിയൊട്ടുക്കു; ഭയപ്പെട്ടു നിലിമ്പരും. 4
ലോകമൊട്ടുക്കു പേടിച്ചതായിക്കണ്ടിട്ടു മാമുനി
വസിഷ്ഠൻ സുവ്രതൻ ധീരൻ വസുധേശനൊടോതിനാൻ:— 5
‘സാക്ഷാൽ മറെറാരു ധർമ്മംപോലിക്ഷ്വാകുകുലസംഭവൻ
ധൈര്യവാൻ സുവ്രതൻ ശ്രീമാൻ ധർമ്മം വെടിയൊലാ ഭവാൻ. 6
ധർമ്മാത്മാവെന്നു മൂപ്പാരിൽപ്പേരാണ്ടോനങ്ങു രാഘവ,
അനുഷ്ഠിക്കുക തൻധർമ്മ,മധർമ്മം കൈവരുത്തൊലാ. 7
ചെയ്യാമെന്നേററുരച്ചിട്ടു ചെയ്യാത്തവനു രാഘവ,
ഇഷ്ടാപൂർത്തക്ഷയം പററും; ചൊന്നയയ്ക്കുക രാമനെ. 8
കൃതാസ്ത്രനാ,കൃതാസ്ത്രൻതാൻ, തീണ്ടില്ലിവനെ രാക്ഷസർ,
ചെന്തീയമൃതിനെപ്പോലെ കൗശികൻ കാത്തുനില്ക്കവേ. 9
ഇദ്ദേഹം മൂർത്തമാം ധർമ്മ,മിദ്ദേഹമതിവീര്യവാൻ,
ഇദ്ദേഹം പാരിൽ വൻധീമാൻ,തപസ്സിന്നൊറെറാരാലയം. 10
ഇദ്ദേഹം വിവിധാസ്ത്രജ്ഞൻ ചരാചരജഗത്ത്രയേ;
അറിയുന്നീലിതപര,നറിയില്ലിനിയാരുമേ: 11



Digitized By Kerala Sahitya Akademi

വാനോരുമാരും മുനിമാരസുരന്മാരരക്കരും
ഗന്ധർവ്വയക്ഷോത്തമരും കിന്നരോരഗമുഖ്യരും. 12
കൃശാശ്വപുത്രരാം ധർമ്മം വാഴ്ത്തുമസ്ത്രങ്ങളൊക്കയും
കൌശികന്നേകിനാൻ പണ്ടു നാടുവാണരുളുംവിധൌ. 13
കൃശാശ്വപുത്രരവരോ, പ്രജാപതിസുതാസുതർ
ബഹുരൂപർ മഹാവീര്യർ സമുജ്ജ്വലർ ജയാവഹർ. 14
ജയാസുപ്രഭമാർ ദക്ഷകന്യമാർ ചാരുമധ്യമാർ;
അവരിൽജ്ജാതമായ് നൂറു ശസ്ത്രാസ്ത്രമതിഭാസുരം: 15
ജയ പെററാളപ്രമേയരാകുമൈമ്പതു പുത്രരെ,
പണ്ടു ദാനവസൈന്യത്തെക്കൊൽവാനായ്ക്കാമരൂപരെ; 16
വീണ്ടുമൈമ്പതു പുത്രന്മാർ പിറന്നു സുപ്രഭയ്ക്കുമേ
സംഹാരാഖ്യരധൃഷ്യന്മാർ മഹാബലർ ദുരാസദർ. 17
ആയസ്ത്രങ്ങളെ വേണ്ടുംപോലറിവോൻ ഗാധിഭൂവിവൻ;
പണ്ടില്ലാത്തവ തീർപ്പാനും വീണ്ടുമാളാണു ധാർമ്മികൻ. 18
ഇത്രയ്ക്കു വിദ്വാൻ വിശ്വാമിത്രൻ തേജസ്വി കീർത്തിമാൻ;
രാമന്റെ യാത്രയെപ്പററിസ്സംശയം വേണ്ട മന്നവ. 19
താൻതന്നേ പോരുമവരെക്കൊല്ലുവാൻ കുശികാത്മജൻ;
വന്നിങ്ങപേക്ഷിച്ചുവതോ, നിന്മകന്റെ ഗുണത്തിനാം.' 20

ഇതി മുനിമൊഴിയാൽത്തെളിഞ്ഞു ചിത്തം
രഘുവൃഷഭനു, മുദാ വിളങ്ങി ഗാത്രം;
കുശികസുതനുവേണ്ടി രാഘവന്തൻ-
ഗമനമുരുപ്രഥനുള്ളുകൊണ്ടുറച്ചു. 21

---

## ഇരുപത്തിരണ്ടാം സർഗ്ഗം: ബലാതിബലോപദേശം.

വസിഷ്ഠനാവിധം ചൊല്ലെത്തുഷ്ടൻ ദശരഥൻ നൃപൻ
വിളിച്ചുകൊണ്ടാൻ, മകനാം ലക്ഷ്മണൻ ചേർന്ന രാമനെ. 1
അമ്മ,യച്ഛൻദശരഥനിവർ ചെയ്താർ സുമംഗളം;
ജപിച്ചാൻ ശുഭമന്ത്രങ്ങളാ വസിഷ്ഠൻ പുരോഹിതൻ. 2
പില്ലാട്ടു മൂർദ്ധാവിൽ മുകർന്നുമപ്പെട്ടു പുത്രനെ
കൌശികന്നേകിനാൻ, പാരം പ്രീത്യാ ദശരഥൻ നൃപൻ. 3

Digitized By Kerala Sahitya Akademi

ആ വിശ്വാമിത്രനിൽച്ചേർന്ന തണ്ടാർക്കണ്ണുള്ള രാമനെ
കണ്ടു കോമളമായ് വീശി കാററങ്ങു പൊടിയെന്നിയേ. 4
വൻപുഷ്പവർഷമുണ്ടായി ദേവഭേരിസ്വനത്തൊടും,
ശംഖഭേരീനിനാദവും, മഹാത്മാവെഴുന്നള്ളവേ. 5
മുമ്പേ നടന്നു ഗാധേയൻ, പിന്നെ രാമൻ ധനുർദ്ധരൻ,
അവനു പിമ്പേ വില്ലേന്തി ലക്ഷ്മണൻ കാകപക്ഷവാൻ. 6
വില്ലാവനാഴി കൈക്കൊണ്ടോർ മുപ്പടപ്പാംപിനൊത്തവർ
ദിക്കുപത്തും വിളങ്ങിച്ചു മററാനാം ഗാധിപുത്രനെ, 7
ബ്രഹ്മാവെയശ്വിമാർ പോലെ പിന്തുടർന്നു മികച്ചവർ.
വിളങ്ങിനാർ കൌശികനെപ്പിന്തുടർന്നാളിയാളുവോർ 8
ഉടുംപുതോൽക്കയ്യുറയിട്ടുടവാളുംവില്ലേന്തവർ
വൻതേജസ്സുടയോർ മെയ്ക്കാപ്പണിഞ്ഞവരനിന്ദിതർ 9
രാമലക്ഷ്മണർ സോദര്യർ രാജപുത്രർ കുമാരകർ,
അചിന്ത്യശംഭുദേവന്റെ പിമ്പേ വഹ്നിജർ പോലവേ. 10
കാതമൊന്നര പോയ്ത്തെക്കേസ്സരയൂവക്കണഞ്ഞുടൻ,
രാമാ എന്നായി, മധുരച്ചൊല്ലുരച്ചിതു കൌശികൻ:— 11
‘ഉണ്ണീ, കൈക്കൊള്ളുക ജലം; പറെറാലാ കാലതാമസം;
ഇബ്ബലാതിബലാമന്ത്രമണ്ഡലത്തെ ഗ്രഹിക്കു നീ: 12
വാട്ടമോ, താപമോ, രൂപമാററമോ വരികില്ല തേ;
ഉറക്കത്തിൽ പ്രമാദത്തിൽക്കടന്നേല്ക്കില്ല രാക്ഷസർ; 13
കൈക്കരുത്തിൽസ്സദൃശനായ് മന്നിലുണ്ടാകയില്ലൊരാളും;
മൂന്നു ലോകത്തുമില്ലെന്നാം രാമ, നിൻകിടയൊത്തവൻ; 14
മിടുക്ക,ഴക്, ബുദ്ധിതീർപ്പ്,റിവോ,തേണ്ടുമുത്തരം
ഇവയിൽത്തുല്യനുണ്ടാകാ നിനക്കനഘ, പാരിതിൽ. 15
ഈ വിദ്യ രണ്ടും കൈവന്നാലില്ലാതാം നിങ്കിടയ്ക്കൊരാളും:
പരം ബലാതിബലകളറിവിന്നൊക്കെയമ്മമാർ! 16
വിശപ്പും ദാഹവും രാമ, നേരിടാ പുരുഷോത്തമ,
മാർഗ്ഗേ ബലാതിബലകൾ ജപിച്ചാൽത്തവ രാഘവ. 17
ഈ വിദ്യ രണ്ടും ശീലിച്ചാൽ നേടും നിസ്തുല്യകീർത്തി നീ
ബ്രഹ്മാവിൻ പുത്രിമാരാണിത്തേജസ്സുടയ വിദ്യകൾ. 18
നല്കാം നിനക്കു കാകുൽസ്ഥ: തക്കാൾ നീ തന്നെ ധാർമ്മിക,
കില്ലില്ലെ,ല്ലാം നിനക്കുണ്ടീബ്രഹ്മനന്മകളെങ്കിലും; 19

Digitized By Kerala Sahitya Akademi

ഇതു രണ്ടും തപോലബ്ധം പല രൂപത്തിലാസ്ത്രകം'
അഞ്ജാചമിച്ചു ശുചിയായ് രാമൻ ഹൃഷ്ടതരാനനൻ 20
കൃതാത്മാവാം മുനീന്ദ്രങ്കൽനിന്നാ വിദ്യകൾ വാങ്ങിനാൻ.
രാമൻ വിദ്യകളുംകൊണ്ടു വിളങ്ങീ ഭൂരിവിക്രമൻ, 21
ശരൽക്കാലേ സഹസ്രാംശു ഭഗവാൻ ഭാനു പോലവേ.
കുശികാത്മജനിൽച്ചെയ്താൻ ഗുരുശുശ്രൂഷയൊക്കെയും; 22
ആ രാവിൽസ്സരയൂതീരേ പാൎത്താർ സസുഖർ മൂവരും.

ദശരഥനൃപപുത്രമുഖ്യരൊന്നി-
ച്ചനുചിതമാം തൃണമെത്തമേൽക്കിടന്നാർ;
കുശികജനുടെ ലാളനോക്തിയാലോ
നിശ സുഖമാംനിലയിൽപ്പുലൎന്നുതാനും. 23

---

## ഇരുപത്തിമൂന്നാം സൎഗ്ഗം: കാമാശ്രമവാസം.

രാത്രിയങ്ങു പുലൎന്നാറേ, വിശ്വാമിത്രൻ മഹാമുനി
പൎണ്ണതല്പേ കിടക്കുന്ന കാകുൽസ്ഥരൊടു ചൊല്ലിനാൻ:— 1
'കൌസല്യാമകനേ, രാമ, പൂൎവ്വസന്ധ്യ തുടൎന്നുപോയ്;
എഴുനേൽക്കു നരവ്യാഘ്ര, കഴിയ്ക്കു ദിനകൃത്യവും.' 2
ഋഷിതൻ പരമോദാരവാക്ക കേട്ടു നൃപാത്മജർ
കളിച്ചൎഘ്യത്തു മഹാമന്ത്രം ജപിച്ചാർ വീൎയ്യശാലികൾ. 3
ദിനകൃത്യം കഴിച്ചിട്ടു വിശ്വാമിത്രതപസ്വിയെ
വന്ദിച്ചു ഹൎഷിച്ചരികേ നിന്നാർ വീരർ പുറപ്പെടാൻ 4
പുറപ്പെട്ടാ മഹാവീൎയ്യർ ദിവ്യമാം ഗംഗയാററിനെ
ദൎശിച്ചാര,സ്സരയുവോടിടചേരും ശുഭസ്ഥലേ. 5
അങ്ങുണ്ട,നേകായിരമാണ്ടായിട്ടുഗ്രതപസ്സൊടേ
തേജസ്സിയന്ന മുനിമാർ മേവും പുണ്യമൊരാശ്രമം. 6
അപ്പുണ്യാശ്രമമീക്ഷിച്ചിട്ടേററം മോദിച്ചു രാഘവർ
ചോദിച്ചാരാ, മഹാത്മാവാം വിശ്വാമിത്രനൊടിങ്ങിനെ:— 7
'ഇപ്പുണ്യാശ്രമമാക്കുള്ള,തിങ്ങു മേവുന്നതാരുവാൻ?
കേൾപ്പാനുണ്ടാശ ഭഗവൻ, ഞങ്ങൾക്കൊട്ടല്ല കൌതുകം.' 8
അവർതൻ വാക്ക കേട്ടോതീ ചിരിച്ചു മുനിപുംഗവൻ:—
'രാമ, കേട്ടാലു,മിന്നാൾതൻ, പൂൎവാശ്രമമിതെന്നു നീ: 9

Digitized By Kerala Sahitya Akademi

മൈ പൂണ്ടിരുന്നു, വിദ്വാന്മാർ കാമനെന്നോതിടും സ്മരൻ;
യമിയായ് മതിവെച്ചിങ്ങു തപം ചെയ്ത പിനാകിയെ, 10
ധ്യാനം നിത്തിസ്സുരതമായ് നടകൊള്ളും മഹേശനെ
തീണ്ടിനാൻ ദുർമ്മതി; മഹാത്മാവോ, വിട്ടാനൊരുങ്കൃതി. 11
ആ രുദ്രനുടെ നോട്ടത്താൽ വെന്തിട്ടു രഘുനന്ദന,
ദുരാത്മാവിന്നുതിന്നു, തൻമെയ്യിൽനിന്നംഗമൊക്കയും: 12
അവനന്നുടലില്ലാതായ്, മഹാത്മാവിട്ടെരിയ്ക്കയാൽ—
കാമന്റെ ദേഹം ദേവേശൻ മുടിച്ചാനരിശത്തിനാൽ. 13
അനംഗനെന്നു പേർ വന്നിതന്നാൾതൊട്ടു രാഘവ:
അംഗം വെടിഞ്ഞൊരിടമോ, ശ്രീമത്താമംഗരാജ്യമായ്. 14
അവന്റെ പുണ്യാശ്രമമിത,വന്നി മുനിമാർ പുരാ
ശിഷ്യർ ധർമ്മിഷ്ഠരെന്നെന്നു,മവർക്കില്ലൊരു പാപവും. 15
ഇന്നു രാവിവിടെപ്പാർക്കാം നമുക്ക ശുഭദർശന,
ഇരുപുണ്യനദീമദ്ധ്യേ; രാമ, നാളെക്കടന്നിടാം. 16
പുണ്യാശ്രമം പുക്കുക നാമേവരും പുരുഷോത്തമ,
സ്നാനം, ജപം, ഹോമമിവ കഴിച്ചു പരിശുദ്ധരായ്". 17
അവർ സംഭാഷണംചെയ്കെ,ത്തപസ്സാൽ നീണ്ട കാഴ്ച്ചയാൽ
അറിഞ്ഞു കോൾമയിർക്കൊണ്ടാർ മോദിച്ചങ്ങൃഷിമാർ തുലോം: 18
അർഘ്യപാദ്യത്തൊടാതിത്ഥ്യം കൌശികന്നേകിയിട്ടവർ
ആ രാമലക്ഷ്മണന്മാർക്കും ചെയ്താരതിഥിപൂജനം. 19
സൽക്കാരം ചെയ്തു സല്ലാപംകൊണ്ടു തുഷ്ടിപ്പെടുത്തിനാർ,
സന്ധ്യാജപമനുഷ്ഠിച്ചാർ സശ്രദ്ധമൃഷിമാരവർ. 20
കൊണ്ടുപോയീടിനാര,ങ്ങു മരുവും സുവ്രതർഷിമാർ;
അന്നക്കാമാശ്രമേ പാർത്താരതിസൌഖ്യേന മൂവരും. 21
ചേലൊത്തീടും കഥകളാൽച്ചേലൊത്ത നൃപപുത്രരെ
ധർമ്മാത്മാവു രസിപ്പിച്ചു കൌശികൻ മുനിപുംഗവൻ. 22

---

## ഇരുപത്തിനാലാം സർഗ്ഗം: താടകാവനദർശനം.

തെളിഞ്ഞ പുലർകാലത്തിലാഹ്നികം ചെയ്തരിന്ദമർ
വിശ്വാമിത്രന്റെ പിന്നാലേ നദീതീരത്തിലെത്തിനാർ. 1

Digitized By Kerala Sahitya Akademi

ശിതവ്രതർ മഹാത്മാക്കളെ മുനിമാരവരാദരം
നൽത്തോണി കൊണ്ടുവന്നിട്ടു വിശ്വാമിത്രനൊടോതിനാർ:— 2
'തോണിയിൽക്കയറിക്കൊൾക രാജപുത്രരൊടും ഭവാൻ,
വഴിയ്ക്കു സുഖമായ് പ്പോക, വരൊല്ലാ കാലതാമസം.' 3
ആവാമെന്നാ, മുനികളെക്കൊണ്ടാടിക്കൗശികാത്മജൻ
കടൽ പൂകും പുഴ കടക്കുകയായ് രാഘവാന്വിതൻ. 4

നടുവിൽച്ചെന്ന നേരത്തു തംപിയോടൊത്ത രാഘവൻ
കേട്ടു, വെള്ളത്തിലോളങ്ങൾ തല്ലി വായ്ക്കുന്നൊരാരവം. 5
രാമൻ മുനീന്ദ്രനോടപ്പോൾച്ചോദിച്ചാനാററിൽവെച്ചുതാൻ:—
'കൂടിച്ചേരുന്ന വെള്ളത്തിലെന്താണി,പ്പെരുതാമൊലി?' 6
രാമൻെറ കൌതുകോപേതമായ ചോദ്യം ശ്രവിച്ചുടൻ
ധർമ്മാത്മാവരുളിച്ചെയ്താനശ്ശബ്ദത്തിൻെറ കാരണം:— 7
'കൈലാസത്തിൽസ്സരസ്സൊന്നു മനസ്സാൽപ്പുരുഷർഷഭ,
തീർത്താൻ ബ്രഹ്മാവ,താകുന്നു മാനസപ്പൊയ്ക രാഘവ. 8
അസ്സരസ്സിങ്കൽനിന്നും വാന്നാശ്ലേഷിപ്പീതയോധ്യയെ
സരഃപ്രവൃത്ത സരയു പുണ്യ ബ്രഹ്മസരശ്ച്യുത. 9
അതു ഗംഗയിലെത്തുംപോളെതിരേററാച്ചയിങ്ങിനെ
തണ്ണീർത്തല്ലാലുദിയ്ക്കുന്നു രാമ, കുംപിടുകാസ്ഥയിൽ.' 10
അവയ്ക്കു കുംപിട്ടു മഹാധർമ്മിഷ്ഠരിരുപേരവർ
തെക്കേത്തീരത്തു ചെന്നെത്തി നടകൊണ്ടാരതിദ്രുതം. 11

നരൻ നടന്നിട്ടില്ലാത്ത കൊടുംകാടൊന്നു കാൺകയാൽ
മുനീന്ദ്രനോടു ചോദിച്ചാനൈക്ഷ്വാകൻ നൃവരാത്മജൻ:— 12
'അംപോ, ദുർഗ്ഗമമിക്കാടു ചീകിടൊച്ച മുഴങ്ങിയും;
ഘോരങ്ങൾ കൊലജന്തുക്കൾ, ഭാസങ്ങൾ കഴുകാദികൾ, 13
ഘോരസ്വനത്തോടു ചിലച്ചീടും വിവിധപക്ഷികൾ,
നരി, സിംഹം, ഗജം, പന്നിയിവയാലിടതിങ്ങിയും; 14
കുവളം, പാതിരി, ഞമ, പനച്ചി, മരുത,യ്ക്കുനാം,
ലന്തയും വളരെച്ചേർന്ന കൊടുതാം കാടിതേതുവാൻ?' 15
അവനോടോതിനാൻ തേജസ്സേറും മാമുനി കൌശികൻ:—
'കേട്ടുകൊൾകാരുടെ കൊടുംകാടിതെന്നുണ്ണി, രാഘവ: 16
ഇതു രണ്ടു പെരുംനാടായിരുന്നു നരസത്തമ,
മലദാഖ്യം കരൂഷാഖ്യം, ദേവയത്നവിനിർമ്മിതം. 17

Digitized By Kerala Sahitya Akademi

പണ്ടു വൃത്രവധംമൂലം ബ്രഹ്മഹത്യ മഹേന്ദ്രനെ
ബാധിച്ചു രാമ, പശിയുമഴുക്കും പെരുകുംവിധം. 18
തപോധനർഷിസുരരാ മാലിന്യം പൂണ്ട ശക്രനെ
കുടങ്ങൾകൊണ്ടു നീരാടിച്ചവന്റെ ചളി പോക്കിനാർ— 19
അണ്ടർകോൻതന്നുടലിൽനിന്നഴുക്കു പശിയെന്നിവ
ഈ മന്നിങ്കൽക്കളഞ്ഞിട്ടു ഹർഷം പൂണ്ടീടിനാരവർ. 20
മലം കരൂഷമിവ വിട്ടിന്ദ്രൻ ശുദ്ധിയടഞ്ഞനാൾ,
മുദാ ദേശത്തിനരുളീ മികച്ചോരു വരം പ്രഭു:— 21
'ഇതു രണ്ടു പെരുംനാടായുലകിങ്കൽപ്പുകഴ്ന്നിടും
മലദാഖ്യം, കരൂഷാഖ്യം, മദംഗമലധാരണാൽ.' 22
നന്നു നന്നെന്നു, വാനോരപ്പാകവൈരിയെ വാഴ്ത്തിനാർ,
നാടിനെശ്ശുദ്ധിമാനിന്ദ്രൻ കൊണ്ടാടിയതു കാൺകയാൽ. 23
മലദാഖ്യം കരൂഷാഖ്യമിപ്പെരുംനാടു രണ്ടുമേ
നീണാൾ ധാന്യധനപ്രീതമായിരുന്നു പരന്തപ. 24
തെല്ലുകാലം കഴിഞ്ഞപ്പോൾപ്പിറന്നിതൊരു യക്ഷിണി
ഓരായിരം കുംഭികൾതൻ കെല്പോടേ കാമരൂപിണി: 25
അവൾ താടക, ഭദ്രം തേ, ധീമാൻ സുന്ദന്റെ ഭാര്യയായ്;
തൽപുത്രനത്രേ, മാരീചരാക്ഷസൻ ശക്രവിക്രമൻ. 26
കയ്യുരുണ്ടോൻ മഹാവീര്യൻ ക്രൂരൻ വായ്മൈ പരന്നവൻ
ഘോരാംഗൻ രാക്ഷസനവൻ ദ്രോഹിപ്പൂ ലോകരെസ്സദാ. 27
മലദാഖ്യം കരൂഷാഖ്യമിരുനാടിതു രാഘവ,
മുടിച്ചുപോരുന്നു സദാ ദുർന്നടപ്പൊത്ത താടക. 28
വസിക്കുന്നു വഴിയടച്ചവളൊന്നര യോജന;
പോകേണ്ടതും താടകതൻ കാനനത്തിങ്കലൂടെയാം. 29
തൻകൈക്കരുത്തെടുത്തിട്ടീദ്ദുർവൃത്തയെ വധിക്ക നീ:
എൻചൊല്ലാൽശ്ശല്യമില്ലാത്തതാക്കുകി,ദ്ദിക്കു വീണ്ടുമേ. 30
ആളാകില്ലാരുമിന്നാട്ടാമിപ്രദേശത്തു വന്നിടാൻ,
രാമ, ദുസ്സഹയാം ഘോരയക്ഷി കേറിമുടിക്കയാൽ. 31
ചൊല്ലിനേനൊക്കയും നിന്നോടി,ക്കാടു കൊടുതായതും,
പാടേ മുടിച്ചതും യക്ഷി,യിന്നും വിട്ടൊഴിയാത്തതും.' 32

---

Digitized By Kerala Sahitya Akademi

## ഇരുപത്തഞ്ചാം സർഗ്ഗം: താടകോൽപത്തികഥനം.

അമേയനാമമ്മുനിതൻ ശ്രേഷ്ഠമാകിയ ഭാഷിതം
കേട്ടിട്ടു പേർത്തും ചോദിച്ചാനഴകിൽപ്പുരുഷർഷഭൻ:— 1
'യക്ഷർ വീര്യം കുറഞ്ഞോരാണെന്നല്ലോ കേൾവി മാമുനേ;
എങ്ങിട്ടൊരബലയ്ക്കോ,രായിരമാനകൾതൻ ബലം? 2
കൗശികൻ ചൊല്ലിനാൻ:—"കേൾക്ക ബലവായ്പിന്റെ കാരണം.
വരാപ്തിയാലാണ,ബലയ്ക്കിത്ര വീര്യബലോദയം: 3
സുകേതുവെന്നൊരു മഹായക്ഷൻ വീര്യാന്വിതൻ പുരാ
സന്താനമില്ലാഞ്ഞു പെരുംതപം ചെയ്താൻ സുവ്രതനായ്. 4
അതിൽത്തുലോം പ്രസാദിച്ചാ, യക്ഷേന്ദ്രനു പിതാമഹൻ
രാമ, താടകയെന്നോരു കന്യാരത്നത്തെ നല്കിനാൻ: 5
ആയിരം ഹസ്തിതൻ കെല്പമവൾക്കേകി പിതാമഹൻ;
യക്ഷനുണ്ണിയെ നല്കീലാ ബ്രഹ്മാവു പുകളേറിയോൻ. 6
ഉണ്ടായ് വളർന്നു താരുണ്യം പൂണ്ടാപ്പേരാണ്ട സുന്ദരി
കൊടുക്കപ്പെട്ടു, ജംഭന്റെ സൂനു സുന്ദനു ഭാര്യയായ്; 7
ഒട്ടു കാലത്തിനാൽപ്പെറ്റു യക്ഷി മാരീചനുണ്ണിയെ.
അരക്കനായ്പ്പോയ്, ദുഃസ്സഹമൊരു ശാപത്തിനാലവൻ: 8
രാമ, സുന്ദവധംമൂലമഗസ്ത്യമുനിവര്യനെ
ദ്രോഹിപ്പാനൊരുമ്പെട്ടാളത്താടക സപുത്രയായ്; 9
പിടിച്ചുതിന്നാനാർത്തുംകൊണ്ടോടിച്ചെന്നാൾ ചൊടിച്ചവൾ.
നേർക്കെത്തുമവളെക്കണ്ടിട്ടഗസ്ത്യൻ ഭഗവാനൃഷി 10
'അരക്കനായ്ത്തീരുക നീ'യെന്നാൻ മാരീചനോടുടൻ.
ശപിച്ചാൻ താടകയെയുമഗസ്ത്യനതിരോഷിതൻ: 11
'ആളെത്തിന്നും മഹായക്ഷിയാക നീ വികൃതാസ്യയായ്,
വൈരൂപ്യമാർന്നീ,യുടൽ വിട്ടു;ഗ്രമാകട്ടെ നിന്നുടൽ!' 12
അശ്ശാപത്തെപ്പൊറാഞ്ഞേറ്റമരിശം കൊണ്ടു താടക
മുടിക്കയായ,ഗസ്ത്യൻ വാണിരുന്ന ശുഭമീയിടം. 13
ദുഷ്ടവിക്രമയാമീയത്യുഗ്രദുർവൃത്തയക്ഷിയെ
ഗോബ്രാഹ്മണഹിതത്തിന്നായ്ക്കൊലചെയ്യുക രാഘവ. 14
ശാപം പിണഞ്ഞോരിവളെക്കൊല്ലുവാൻ മൂന്നു പാരിലും
കരുത്തനില്ലാ, നീയല്ലാതൊരുത്തൻ രഘുനന്ദന. 15

Digitized By Kerala Sahitya Akademi

തേടേണ്ട നീ പെൺകൊലയിലറപ്പു നരസത്തമ:
ചാതുർവർണ്ണ്യഹിതം ചെയ്യേണമല്ലോ നൃപാത്മജൻ. 16
ക്രൂരമോ സൌമ്യമോ, നാട്ടുകാൎക്കു രക്ഷ വരുത്തുവാൻ
നല്ലതോ ചീത്തയോ, ചെയ്തുകൊള്ളേണം സാധുപാലകൻ: 17
രാജ്യഭാരം ചുമക്കേണ്ടോൎക്കിതു ശാശ്വതധൎമ്മമാം;
അധൎമ്മ്യയെക്കൊല്ലുകി,ലവൎക്കില്ല ധൎമ്മം കകുൽസ്ഥജ. 18
കേൾപ്പുണ്ടല്ലോ: പുരാ കൊല്ലപ്പെട്ടു നൃപ, മഹേന്ദ്രനാൽ,
ഭൂനാശമിച്ഛിച്ച വിരോചനനന്ദിനി മന്ഥര. 19
വിഷ്ണുവും പണ്ടു കൊന്നില്ലോ സാധ്വിയാം ഭൃഗുപത്നിയെ,
പാരിന്ദ്രഹീനമാക്കീടാൻ നോക്കും ശുക്രസവിത്രിയെ. 20
ഇവണ്ണം മററു പലരും മഹാത്മാക്കളും നൃപാത്മജ,
വധിച്ചിട്ടുണ്ടധൎമ്മിഷ്ഠസ്ത്രീകളെപ്പുരുഷോത്തമർ.'' 21

---

## ഇരുപത്താറാം സൎഗ്ഗം: താടകാവധം.

മുനിതൻ ധീരമാം വാക്കു കേട്ടു രാജകുമാരകൻ
കൈകൂപ്പിയുത്തരം ചൊന്നാൻ രാഘവൻ നിശ്ചലവ്രതൻ:— 1
"അച്ഛൻെറയരുളപ്പാടാല,ച്ഛൻതൻ വാക്കുഗൌരവാൽ,
കൌശികൻ ചൊന്നതിൻവണ്ണം ചെയ്യേണം ശങ്കിയാതെ ഞാൻ. 2
ഗുരുമധ്യത്തിൽവെച്ചെന്നോടരുൾചെയ്താനയോധ്യയിൽ
അച്ഛൻ മഹാൻ ദശരഥ,നതു തള്ളാവതല്ല മേ. 3
അച്ഛൻെറയാ നിദേശത്താൽ, ബ്രഹ്മജ്ഞനരുൾചെയ്കയാൽ,
കില്ലില്ല, ചെയ്തുകൊള്ളാം ഞാനുത്തമം താടകാവധം; 4
ഗോബ്രാഹ്മണഹിതത്തിന്നു,മീ നാടിൻ കുശലത്തിനും,
അമേയനങ്ങുന്നരുൾചെയ്തതു ചെയ്വാനൊരുങ്ങിനേൻ.' 5
എന്നോതി വില്ലിൻ നടുവിൽപ്പിടിയൂന്നിയരിന്ദമൻ,
ദിക്കൊക്കവേ മുഴങ്ങുംമാറിട്ടാൻ കൊടിയ ഞാണൊലി. 6
അശ്ശബ്ദത്താൽ നടുങ്ങിപ്പോയ് താടകാവനവാസികൾ;
ആ ദുഷ്ട താടകയുമശ്ശബ്ദത്താലമ്പരന്നുപോയ്. 7
അശ്ശബ്ദം കേട്ടതോടൊപ്പ,മരിശം മൂത്ത രാക്ഷസി
വേഗാൽശ്ശബ്ദം പുറപ്പെട്ട ദിക്കിലേയ്ക്കോടിയെത്തിനാൾ. 8

Digitized By Kerala Sahitya Akademi

കാകുത്സ്ഥനാക്ഷേപിതയാം വിരൂപവികൃതാസ്യയെ,
പെരുംകുററത്തിയെക്കണ്ടിട്ടോതീ ലക്ഷ്മണനോടവൻ:— 9
'നോക്കു, ലക്ഷ്മണ; വല്ലാത്ത യക്ഷിതൻ ഘോരവിഗ്രഹം:
വിണ്ടുപോമിതു കണ്ടെന്നാലി,ഭീരുക്കൾക്കുമുൾത്തടം. 10
കാൺക, മായാബലക്കാരിയാകുമിദ്ദുഷ്പ്രധർഷയെ
പിന്തിരിപ്പിപ്പനിപ്പോഴേ കാതും മൂക്കുമറുത്തു ഞാൻ. 11
ഒരു പെണ്ണാകുമിവളെക്കൊൽവാൻ നോക്കുന്നതില്ല ഞാൻ
ഇവൾതൻ നടയും വീറും പോക്കാമെന്നെൻമനോഗതം.' 12

ഇവണ്ണം രാമനോതുംപോളരിശം മൂത്ത താടക
കയ്യോങ്ങിയലറിക്കൊണ്ടു പാഞ്ഞേററു രാമനോടുതാൻ. 13
അവൾതൻനേർക്കൊരുംകാരമിട്ടാ ബ്രഹ്മർഷി കൌശികൻ,
'സ്വസ്ത്യസ്തു രാഘവന്മാർക്കെ'ന്ന,രുൾചെയ്താൻ ജയത്തെയും. 14
പൊടി വല്ലാതെ പാററിക്കൊണ്ടത്താടക കുറച്ചിട
ഒരുംപരപ്പു കാകുൽസ്ഥർക്കേകീ വൻപൊടിമൂടലാൽ. 15
എന്നിട്ടു മായ കൈക്കൊണ്ടു നിന്നാ രാജകുമാരരിൽ
പെരുംകന്മഴ വർഷിച്ചാ,ളതിൽ ക്രോധിച്ചു രാഘവൻ. 16
പെരുംകന്മഴ ബാണത്തിൻമഴയാൽപ്പോക്കി രാഘവൻ
പാഞ്ഞെത്തുമവൾതൻ കൈകളറുത്താൻ വിശിഖങ്ങളാൽ. 17
കൈകളററു വശംകെട്ടിട്ടരികത്തലറീടവേ
അറുത്താനവൾതൻ മൂക്കും കാതും ക്രോധേന ലക്ഷ്മണൻ. 18
ചിക്കെന്നനേകം മൈ പൂണ്ടാക്കാമരൂപിണി യക്ഷിണി
മായാബലംകൊണ്ടു മറഞ്ഞുംപരപ്പുളവാക്കിയും, 19
കരാളമാം കന്മഴയെച്ചൊരിഞ്ഞും സഞ്ചരിക്കയായ്.
അമ്മട്ടവരിലെംപാടും പെയ്യും കന്മഴ കാൺകയാൽ 20
ഇവണ്ണമരുളിച്ചെയ്താൻ ശ്രീമാനാം കുശികാത്മജൻ:—
'അറപ്പു പോരുമങ്ങയ്ക്കു: രാമ, ദുർവൃത്ത പാപിനി 21
യാഗം മുടക്കുമീ യക്ഷി മായകൊണ്ടു മുതിർന്നുപോം.
കൊന്നുകൊൾകിവളെസ്സന്ധ്യയാകുന്നതിനു മുന്നമേ: 22
നേരിട്ടുകൂടാത്തവരാം, സന്ധ്യാകാലത്തു രാക്ഷസർ.'
എന്നു കേട്ടവനാപ്പാറമാരി പെയ്യുന്ന യക്ഷിയെ 23
തടുത്താനങ്ങു കേട്ടെയ്ത്തു കാട്ടിക്കൊണ്ടു ശരങ്ങളാൽ.
ബാണൌഘത്താൽത്തടുത്തപ്പോളാ മായാബലശാലിനി 24

Digitized By Kerala Sahitya Akademi

കാകുൽസ്ഥലക്ഷ്മണന്മാരെപ്പാഞ്ഞെത്തീടാളാർത്തുകൊണ്ടുടൻ.
ഇടിത്തീപോലെയൂക്കിൽപ്പാഞ്ഞെത്തുമൈശ്വര്യയുക്തയെ 25
നെഞ്ഞത്തൊരമ്പുകൊണ്ടെയ്താൻ; വീണാൾ, ചത്തീടിനാളവൾ.

അഘോരാരമൂർത്തി കൊല്ലപ്പെട്ടതു കണ്ടു നിലിമ്പർകോൻ
നന്നു നന്നെന്നു കൊണ്ടാടീ കാകുൽസ്ഥനെ നിലിമ്പരും. 26
പറഞ്ഞാൻ പരമപ്രീതൻ സഹസ്രാക്ഷൻ പുരന്ദരൻ;
ഉൾക്കുളിർത്തുമ്പരും ചൊന്നാർ വിശ്വാമിത്രനൊടേവരും:— 27
‘മുനേ, കൗശിക, ഭദ്രം തേ സേന്ദ്രദേവകളേവരും
ഇക്കർമ്മത്താൽ പ്രസാദിച്ചു; സ്നേഹം കാണിയ്ക്കു രാമനിൽ 28
പ്രജാപതികൃശാശ്വന്റെ പുത്രരെസ്സത്യവീര്യരെ
തപോബലോപാർജ്ജിതരെ ബ്രഹ്മൻ, രാമനു നല്കു നീ. 29
പാത്രമല്ലോ തവ ബ്രഹ്മൻ, നിൻശുശ്രൂഷയ്ക്കു പോന്നവൻ;
ചെയ്യാനുമുണ്ടു വൻകർമ്മം ദേവകൾക്കു നൃപാത്മജൻ.’ 30
എന്നോതിഗ്ഗാധിസുതനെയാദരിച്ചുമ്പരേവരും
വന്നപാടു മുദാ പോയാർ; സമീപിച്ചിതു സന്ധ്യയും. 31

താടകാഹതിയാൽത്തോഷിച്ചും തെളിഞ്ഞ മുനീശ്വരൻ
രാമന്റെ മൂർദ്ധാവിൽ മുകർന്നരുൾചെയ്താനിതിൻവിധം:— 32
‘ഇന്നു രാവിവിടെപ്പാർക്കാം നാമുകൾ ശുഭദർശന;
നാളെക്കാലത്തു പോകാമെന്നാശ്രമത്തെയ്ക്കു രാഘവ.’ 33
വിശ്വാമിത്രോക്തി കേട്ടിട്ടു ഹൃഷ്ടൻ ദശരഥാത്മജൻ
രാത്രിയത്താടകക്കാട്ടിൽപ്പാർത്തുകൊണ്ടാൻ സുഖത്തൊടേ. 34
ശാപം നീങ്ങുകയാലക്കാടന്നാളിലതുനേരമേ
വിളങ്ങീ, ചൈത്രരഥമാം കാവു പോലെ മനോജ്ഞമായ്. 35

ഇവണ്ണമാ യക്ഷിയെ നിഗ്രഹിച്ചു
നിലിമ്പസിദ്ധസ്തുതനായ രാമൻ
അതിങ്കൽ വാണാൻ മുനിയൊത്തുതന്നേ;
പ്രഭാതകാലത്തിലുണർന്നെണീറ്റാൻ. 36

Digitized By Kerala Sahitya Akademi

## ഇരുപത്തേഴാം സർഗ്ഗം: അസ്ത്രോപദേശം.

ആ രാത്രി പാർത്തതിൽപ്പിന്നെ,പ്പുകളേറിയ കൌശികൻ
ചിരിച്ചു കാകുൽസ്ഥനൊടൊടൊന്നുരച്ചാൻ മധുരാക്ഷരം:— 1
'സന്തോഷിച്ചേൻ, തവ ശുഭം, പുരുകീർത്തേ, നൃപാത്മജ!
തികച്ചും പ്രീതിപൂണ്ടോൻ ഞാൻ തരാമസ്ത്രങ്ങളൊക്കയും. 2
ദേവാസുരന്മാരായാലും, ഗന്ധർവ്വോരഗരാകിലും
മാററാരെപ്പോരിലിവയാൽ വെന്നു കീഴ്നിർത്തിടാം ബലാൽ; 3
അദ്ദിവ്യാസ്ത്രങ്ങളെല്ലാമേ തരാ,മങ്ങേക്കു മംഗളം!
ദണ്ഡചക്രം മററാദിവ്യം തരാമങ്ങേക്കു രാഘവ; 4
ധർമ്മചക്രമതും വീര, കാലചക്രവുമങ്ങിനെ
വിഷ്ണുചക്രവുമത്യുഗ്രമൈന്ദ്രമാകിയ ചക്രവും 5
വജ്രാസ്ത്രവും നരശ്രേഷ്ഠ, ശൈവമാമഗ്ര്യശൂലവും
ഐഷീകവും ബ്രഹ്മശിരസ്സസ്ത്രവും രഘുനന്ദന, 6
തരാം തവ മഹാബാഹോ, ബ്രാഹ്മമാമുത്തമാസ്ത്രവും.
മോദകീശിഖരീസംജ്ഞം ഗദായുഗവുമുജ്ജ്വലം, 7
തരുവൻ പുരുഷവ്യാഘ്ര, കാകുൽസ്ഥ, നൃപനന്ദന.
ഞാൻ ധർമ്മപാശവും രാമ, കാലപാശവുമങ്ങിനെ 8
തന്നീടുവൻ വാരുണമാം പാശവും പരമാസ്ത്രവും
ശുഷ്കാർദ്രം രണ്ടശനിയും തരുന്നേൻ രഘുനന്ദന. 9
പൈനാകാസ്ത്രവുമേകുന്നേനേവം നാരായണാസ്ത്രവും.
ആഗ്നേയമാം പ്രിയപ്പെട്ട ശിഖരാഹ്വയമസ്ത്രവും 10
വായവ്യമാം പ്രഥനവുമങ്ങേക്കനഘ, തന്നിടാം.
ക്രൌഞ്ചാസ്ത്രവും ഹയശിരസ്സെന്ന ദപരാക്രമസ്ത്രവും 11
കാകുൽസ്ഥ, രണ്ടു വേലും ഞാൻ തരാമങ്ങേക്കു രാഘവ.
കംകാളം മുസലം ഘോരം കാപാലമഥ കംകണം 12
അസുരന്മാർ ധരിച്ചീടുമിവയെല്ലാം തരുന്നു ഞാൻ.
വൈദ്യാധരം നന്ദനമാമസിരത്നമഹാസ്ത്രവും 13
തരുന്നുണ്ടു മഹാബാഹോ, നിനക്കു നൃപനന്ദന.
ഗാന്ധർവ്വമാം പ്രിയപ്പെട്ട മാനവാഹ്വയമസ്ത്രവും 14
പ്രസ്വാപനം പ്രശമനം തരാം രാഘവ, സൌരവും.
വർഷണം ശോഷണം സന്താപനം പിന്നെ വിലാപനം 15

Digitized By Kerala Sahitya Akademi

ദുർദ്ധർഷമാം മാദനവും മദനനു മനഃപ്രിയം
പൈശാചമാം പ്രിയപ്പെട്ട മോഹനാഹ്വയമസ്ത്രവും 16
വാങ്ങിക്കൊൾക നരവ്യാഘ്ര, പുരുകീർത്തി, നൃപാത്മജ.
താമസം നരശാർദ്ദൂല, സൌമനം സുമഹാബലം 17
ദുർദ്ധർഷമായ സംവർത്തം മൌസലം നൃപനന്ദന,
സത്യാസ്ത്രവും മഹാബാഹോ, മായാധരവുമങ്ങിനെ 18
വൈരിതേജസ്സു കവരും ഘോരം തേജഃപ്രഭാഖ്യവും
സൌമ്യാസ്ത്രം ശിശിരാഭിഖ്യം ത്വാഷ്ട്രമസ്ത്രം സുദാമനം 19
ദാരുണം ഭഗസംബന്ധി ശീതേഷുവുമിമാനവം
കെല്ലാം കാമരൂപങ്ങളിവ രാമ, മഹാഭുജ, 20
വാങ്ങിക്കൊൾകത്യുദാരങ്ങളഞ്ജസാ നൃപനന്ദന.'
വിശുദ്ധനായ്ക്കിഴക്കോട്ടു നോക്കിനിന്നഥ മാമുനി 21
രാമനു നല്കിനാൻ പ്രീത്യാ മന്ത്രമണ്ഡലമുത്തമം.
എവ വാനോർക്കുമെളുതല്ലെല്ലാംകൂടി ഗ്രഹിക്കുവാൻ, 22
അസ്ത്രങ്ങളവയന്നേരം രാഘവന്നേകിനാൻ ദ്വിജൻ.
ആബ്ബുദ്ധിശാലിയാം വിശ്വാമിത്രൻ മുനി ജപിക്കവേ, 23
രാഘവന്നരികത്തെത്തീ മഹാസ്ത്രങ്ങളൊക്കയും;
മോദിച്ചു ചൊല്ലുകയുംചെയ്തു രാമനെത്തൊഴുതേവരും:— 24
'ഇതാ, ഞങ്ങൾ മഹോദാര, ദാസരങ്ങയ്ക്കു രാഘവ'
അംഗീകരിച്ചു കൈകൊണ്ടു തലോടിയഥ രാഘവൻ, 25
'എന്നുള്ളിൽപ്പാർക്കുവിൻ നിങ്ങളെ'ന്നായവരൊടോതിനാൻ.
പിന്നെസ്സംപ്രീതനായ് രാമൻ വിശ്വാമിത്രമഹർഷിയെ 26
വണങ്ങിത്തുംഗതേജസ്സു നടകൊൾവാനൊരുങ്ങിനാൻ.

---

## ഇരുപത്തെട്ടാം സർഗ്ഗം: അസ്ത്രസംഹാരോപദേശം.

അസ്ത്രങ്ങൾ ശുചിയായ് വാങ്ങിപ്പുറപ്പെട്ടു കകുത്സ്ഥജൻ:—
പ്രസന്നമുഖനായിട്ടു വിശ്വാമിത്രനൊടോതിനാൻ:— 1
'അസ്ത്രഗ്രഹത്താൽ ഭഗവൻ, വിണ്ണോർക്കും ഞാനധൃഷ്യനായ്;
എന്നാൽത്തരേണമസ്ത്രോപസംഹാരവുമൃഷീന്ദ്ര, മേ. 2

Digitized By Kerala Sahitya Akademi

ഏവം കാകുത്സ്ഥനോതുംപോൾ വിശ്വാമിത്രമഹർഷിയും
ചൊല്ലിനാനുപസംഹാരം, ധൃതിമാൻ ശുചി സുവ്രതൻ:— 3
'സത്യവത്താസ്സത്യകീർത്തി ധൃഷ്ടം രഭസമങ്ങിനെ
പ്രതിഹാരതരം പിന്നെപ്പരാങ്മുഖമവാങ്മുഖം 4
ലക്ഷാക്ഷവും വിഷമവും ദൃഢനാഭം സുനാഭവും
ദശാക്ഷശതവക്ത്രങ്ങൾ ദശശീർഷം ശതോദരം 5
പദ്മനാഭം മഹാനാഭം ദുന്ദുനാഭം സുനാഭകം
ജ്യോതിഷം കൃശനം പിന്നെ നൈരാശ്യവിമലങ്ങളും 6
യോഗന്ധരഹരിദ്രങ്ങൾ ദൈത്യപ്രശമനങ്ങളും
സാർച്ചിർമ്മാലി ധൃതിർമ്മാലി രുചിരം വൃത്തിമത്തുമേ 7
പിത്ര്യം സൌമനസം പിന്നെ വിധൂതമകരങ്ങളും
കരവീരകരം ധാന്യം ധനവും രഘുനന്ദന, 8
കാമരൂപം കാമരുചി മോഹമാവരണാഖ്യവും
ജൃംഭകം സവ്നാഭാഖ്യം സന്താനവരണങ്ങളും 9
എന്നീക്കൃശാശ്വസുതരെത്തിളങ്ങും കാമരൂപരെ
വാങ്ങിക്കൊള്ളുക, ഭദ്രം തേ, പാത്രമാണങ്ങു രാഘവ.' 10
ആവാമെന്നഥ കൈക്കൊണ്ടാനവ കുളിർത്ത കകുത്സ്ഥജൻ.
മൈ പൂണ്ടോരുജ്ജ്വലദ്ദിവ്യരൂപരാഹ്ലാദകാരികൾ 11
ചിലർ തീക്കനൽ പോലുള്ളോർ പുകയ്ക്കൊത്തീടുവോർ ചിലർ
ചിലർ ചന്ദ്രാർക്കസദൃശർ കൈകൾ കൂപ്പിപ്പിടിച്ചവർ 12
രാമനെത്താനുതൊഴുതു ചൊന്നാർ മധുരഭാഷികൾ:—
'ഇതാ, ഞങ്ങൾ നരവ്യാഘ്ര, ചൊല്ലൂ ചെയ്യേണ്ടതെന്തു തേ?' 13
'മനസ്സിൽപ്പാർത്തു വേണ്ടപ്പോളെനിക്കു തുണ ചെയ്യണം;
പൊയ്ക്കൊൾവിനിച്ഛപോലെ'ന്നാനവരോടു രഘൂദ്വഹൻ. 14
ആമെന്നു രാമനോടോതി, വിടയും വാങ്ങിയിട്ടവർ
കാകുത്സ്ഥനെ വലംവെച്ചു പോയാർ വന്ന വഴിക്കുതാൻ. 15

അവയുംകൊണ്ടു ഗാധേയമുനീന്ദ്രനൊടു രാഘവൻ
പോകും വഴിക്കു ചോദിച്ചാൻ മധുരശ്ലക്ഷ്ണമാംവിധം:— 16
'എന്താണിതു? മുകിൽക്കൊപ്പം പർവതത്തിന്നടുക്കലായ്
വിളങ്ങുന്നു മരത്തോപ്പൊന്നി,ങ്ങെനിക്കതികൌതുകം: 17
കാണേണ്ടതായ് മൃഗം തിങ്ങിയുള്ളൊന്നതിമനോരമം
ഭംഗിയിൽക്കളകിടും നാനാപക്ഷിച്ചാർത്താലലംകൃതം. 18

Digitized By Kerala Sahitya Akademi

രോമാഞ്ചകരമാം കാട്ടിൽനിന്നു പോന്നുകഴിഞ്ഞു നാം;
അറിഞ്ഞതനിപ്രദേശത്തിൻ സുഖത്താലിതൃഷീന്ദ്ര, ഞാൻ. 19
ഭഗവാനേ, സകലവും ചൊല്കി,താരുടെയാശ്രമം?
എങ്ങെത്തും ദുർന്നടപ്പോത്താ ബ്രഹ്മഘാതികരാം പാപികരാം, 20
തവ യാഗം മുടക്കാനായ്ദ്ദുരാത്മാക്കരാം മഹാമുനേ?
അത്രിക്കേതാണു ഭഗവൻ, നിൻയാഗവിധിയെങ്ങു ഞാൻ 21
രക്ഷിക്കേണം, രാക്ഷസരെക്കൊല്ലുകയും ചെയ്യേണം ദ്വിജ?
ഇതൊക്കെയും മുനിശ്രേഷ്ഠ, കേൾപ്പാനാഗ്രഹിച്ചു മേ പ്രഭോ.! 22

---

## ഇരുപത്തൊമ്പതാം സർഗ്ഗം: സിദ്ധാശ്രമപ്രവേശം.

അപ്രമേയനവൻ ചോദിച്ചാരേ, ചൊൽവാൻ തുടങ്ങിനാൻ
അക്കാട്ടിനെപ്പറ്റി മഹാതേജസ്വിയാകിയ കൗശികൻ:— 1
"ഇങ്ങു രാമ, മഹാബാഹോ, വിഷ്ണു ദേവവരൻ പ്രഭു
ഏറെപ്പെരുത്താണ്ടുകളും നൂറുനൂറു യുഗങ്ങളും 2
തപശ്ചരണയോഗാർത്ഥം വാണാൻ വലിയ താപസൻ.
പൂർവ്വാശ്രമം മഹാത്മാവാം വാമനന്നിതു രാഘവ, 3
സിദ്ധാശ്രമാഖ്യ,മിങ്ങല്ലോ സിദ്ധനായ് തപമേറിയോൻ.
അക്കാലംതന്നെ,യരചൻ വിരോചനസുതൻ ബലി, 4
ഇന്ദ്രാദിവാനോരെ മരുദ്ഗണത്തോടൊത്തു വെന്നവൻ
കരിച്ചുപോന്നാനാ രാജ്യം മൂപ്പാരിൽ വിളികൊണ്ടവൻ. 5
ബലി യാഗം കഴിക്കുംപോള,ഗ്നി മുമ്പായ ദേവകൾ
സ്വയമീയാശ്രമത്തിങ്കൽ വന്നു വിഷ്ണുവൊടോതിനാർ:— 6
'ബലി വൈരോചനൻ വിഷ്ണോ, ചെയ്യുകയാണുത്തമാധ്വരം
അതു തീരുന്നതിൻമുമ്പേ തങ്കാര്യം നിറവേററണം: 7
എന്തിലെന്തൊന്നു യാചിപ്പാനായിട്ടങ്ങിങ്ങുനിന്നെവർ
അവങ്കൽച്ചെല്ലുമോ, മാനിച്ചവർക്കേകുമതൊക്കെയും. 8
അതിനാൽ നീയമരർതൻ നന്മക്കായിട്ടു മായയാൽ
വിഷ്ണോ, വാമനനായ്ത്തീർന്നു വരുത്തുക മഹാശുഭം.' 9
അന്നുതാൻ രാമ, ഭഗവാൻ കശ്യപൻ പാവകപ്രഭൻ
തേജസാ രാമ, കത്തുംപോലുള്ളോനദിതിയെത്തവൻ, 10

Digitized By Kerala Sahitya Akademi

ദേവിയൊത്തായിരം ദിവ്യവത്സരം നോററാം വ്രതം
മുഴമിപ്പിച്ചു വരദനാകും ഹരിയെ വാഴ്ത്തിനാൻ:— 11
‘തപോരൂപൻ തപോരാശി തപോമൂർത്തി തപോമയൻ
നൽത്തപംകൊണ്ടു മേ കാണായ്വന്നു നീ പുരുഷോത്തമൻ. 12
കാണ്മു നിൻതിരുമെയ്തന്നിലിജ്ജഗത്തൊക്കെ ഞാൻ പ്രഭോ;
നീയനാദിയനിർദ്ദേശ്യൻ: നിന്നെശ്ശരണമാണ്ടു ഞാൻ.’ 13
വിഷ്ണു മോദിച്ചനഘനാം കശ്യപനൊടോതിനാൻ:—
‘വരം വരിക്ക, ഭദ്രം തേ! വരാർഹൻതാനെനിക്കു നീ.’ 14
അരുളപ്പാടു കേട്ടിട്ടു മാരീചൻ ചൊല്ലി കശ്യപൻ:—
‘അദിതിക്കുമമർത്ത്യർക്കുമപേക്ഷിക്കുമെനിക്കുമേ 15
വരം വരദ, തന്നാലും സുപ്രസാദേന സുവ്രത:
ഭഗവാനേ, തനയനാകെനിക്കു ദിതിയിൽബ്ഭവാൻ; 16
തമ്പിയായ്ത്തീരുകനഘ, ശക്രന്നസുരസൂദന.
മാലാൽ വലഞ്ഞ വാനോർക്കു തുണചെയ്തരുളേണമേ! 17
ഇതു നിൻതിരുവുള്ളത്താൽബ്ഭഗവാൻ, കാമ്യസിദ്ധിയാൽ
സിദ്ധാശ്രമവുമാകേണ,മൊരുങ്ങുക സുരേശ്വര.’ 18

മഹാതേജസ്സദിതിയിൽപ്പിറന്നാനഥ മാധവൻ
വാമനാകാരനായിട്ടു ചെന്നാൻ മാബലിസന്നിധൌ. 19
യാചിച്ചു മൂവ്വടിപ്പാടു മന്നിടം വാങ്ങിയിട്ടുടൻ
വിശ്വം കീഴാക്കി, വിശ്വാത്മാവെല്ലാവർക്കും ഹിതത്തിനായ്. 20
ബലിയെക്കെല്പിനാൽ ബന്ധിച്ചിന്ദ്രന്നായ് വീണ്ടുമേകിനാൻ—
മൂപ്പാരു വീണ്ടും ശക്രങ്കൽച്ചേർത്താൻ തേജസ്സുകൂടിയോൻ. 21
അവൻ കാൽ വെച്ചതല്ലോ പണ്ടീ, ശ്രമം തീർക്കുമാശ്രമം;
ഞാനുമാ വാമനൻതങ്കൽബ്ഭക്തിയാലിങ്ങു വാഴ്‌വതാം. 22
ഈയാശ്രമത്തിലാം, വിഘ്നം ചെയ്വാൻ വരിക രാക്ഷസർ;
ഇങ്ങുതാൻ ദുശ്ചരിതരെക്കൊല്ലേണ്ടതു നരർഷഭ. 23
ഇനിപ്പൂകുക നാം രാമ, സിദ്ധാശ്രമമനുത്തമം;
ഈയാശ്രമമെനിക്കെമ്മട്ടു,ണ്ണിക്കുമതുമട്ടുതാൻ!’’ 24

എന്നോതി രാമസൌമിത്രിമാരെയും കൊണ്ടു തുഷ്ടനായ്
ആശ്രമസ്ഥാനമുൾപ്പൂകും മഹാമുനി വിളങ്ങിനാൻ, 25
മഞ്ഞെന്ന്യേ രണ്ടു പുണർതം ചേർന്ന വെണ്മതി പോലവേ.
കണ്ടു, സിദ്ധാശ്രമത്തിങ്കൽ മേവും മുനികളേവരും 26

Digitized By Kerala Sahitya Akademi

എതിരേറ്റെതിരേറ്റാശു പൂജിച്ചാർ ഗാധിപുത്രനെ.
പൂജ വേണ്ടുംവിധം ചെയ്താർ ധീമാനാം ഗാധിജന്നവർ; 27
ആവിധം രാജപുത്രക്കുമാതിഥ്യത്തെ നടത്തിനാർ.

കുറച്ചു വിശ്രമിച്ചിട്ടു രാജപുത്രരരിന്ദമർ 28
മുനിശാർദ്ദൂലനോടോതീ കൈകൂപ്പി രഘുനന്ദനർ:—
'ദീക്ഷകൊണ്ടുകിപ്പോഴേ, നന്മയങ്ങേക്കു മുനിപുംഗവ: 29
സിദ്ധമാകണമിസ്സിദ്ധാശ്രമം; നേരാക നിൻമൊഴി.'
എന്നു കേട്ടതിതേജസ്വി, വിശ്വാമിത്രൻ മഹാമുനി 30
ദീക്ഷ കൊണ്ടാൻ, നിയമിതേന്ദ്രിയനായ്‌ദൃഢചിത്തനായ്.
പാരം കരുതലുംകൊണ്ടാ രാത്രി പാർത്തു കുമാരരും 31
പുലർകാലത്തെണീറ്റാദ്യസന്ധ്യോപാസ്തി നടത്തിനാർ:
വിശുദ്ധരായുത്തു ജപം വഴിപോലെ കഴിച്ചവർ 32
വന്ദിച്ചാര,ഗ്നിഹോത്രം ചെയ്തിരിക്കും ഗാധിപുത്രനെ.

---

## മുപ്പതാം സർഗ്ഗം: യാഗരക്ഷ.

പില്പാടാദ്ദേശകാലജ്ഞരരിന്ദമർ നൃപാത്മജർ
ദേശകാലത്തു വാക്യജ്ഞർ വിശ്വാമിത്രനൊടോതിനാർ:— 1
'ഭഗവൻ, ചൊല്ലിയാൽക്കൊള്ളാമെപ്പോഴാണാ നിശാടരെ
സൂക്ഷിക്കേണ്ടതു? തെറ്റിപ്പോകരുതസ്സമയം ദ്വിജ!' 2
ഏവം പറഞ്ഞു കാകുത്സ്ഥർ പൊരുതാൻ വെമ്പൽകൊള്ളവേ,
നന്ദിച്ചാ മുനിമാരെല്ലാം രാജപുത്രരൊടോതിനാർ:— 3
'ഇന്നുതൊട്ടാറുനാൾ നിങ്ങൾ സൂക്ഷിപ്പിൻ രഘുപുത്രരേ:
ദീക്ഷ കൊള്ളുകയാൽ മൗനം പൂണ്ടിരുന്നീടു,മീ മുനി.' 4
ആ വാക്കു കേട്ടിട്ടു, യശസ്സേറുമാ രാജനന്ദനർ
തപോവനത്തെ രക്ഷിച്ചാരുറങ്ങാതാറു രാപ്പകൽ: 5
ശ്രദ്ധവെച്ചരികേ നിന്നാർ വീരന്മാർ പള്ളിവില്ലുമായ്;
കാത്താർ മാമുനിയാം വിശ്വാമിത്രനെശ്ശത്രുമർദ്ദനർ. 6

അദ്ദിനങ്ങൾ കഴിഞ്ഞാറാമത്തെ നാൾ വന്നനേരമേ
രാമൻ സൌമിത്രിയോടോതീ—'നോക്കിക്കരുതിനില്ക്കു നീ!' 7



Digitized By Kerala Sahitya Akademi

എന്നായി രാമൻ പൊരുതാൻ വെമ്പൽ പൂണ്ടരച്ചെയ്യവേ
കത്തിജ്ജ്വലിച്ചിതാ വേദി സോപാദ്ധ്യായപുരോഹിതം: 8
ചമസം ദർഭ ചമത സ്രുവം പൂവിവ ചേർന്നതായ്
കൌശികർത്ത്വിക്സഹിതമാ വേദിയങ്ങുജ്ജ്വലിയ്ക്കയായ്: 9
മന്ത്രപൂർവ്വകമാ യജ്ഞം വഴിപോലെ നടക്കവേ,
ആകാശത്തുളവായ് ഘോരം മഹത്തായൊരു ശബ്ദവും. 10
വാനടച്ചു മഴക്കാലത്തുദിച്ചു മുകിൽ പോലവേ
പാഞ്ഞണഞ്ഞീടിനാർ, മായ കാട്ടിക്കൊണ്ടിരുരാക്ഷസർ: 11
ആ മാരീചസുബാഹുക്കളവർതൻ കൂട്ടുകാർകളും
വന്നണഞ്ഞു നിണം കോരിച്ചൊരിഞ്ഞാർ ഘോരരൂപികൾ. 12
അച്ചോരപെയ്യലാലത്രേ ജ്വലിച്ചു വേദി മണ്ഡിതം;
ചുററും പാഞ്ഞഞ്ജസാ രാമൻ കണ്ടാനവരെ വാനിലായ്. 13
ഊക്കിൽപ്പാഞ്ഞെത്തുമവരെക്കണ്ടു, തണ്ടാർവിലോചനൻ
രാമൻ ലക്ഷ്മണനെത്തൃക്കണ്ണോത്തിട്ടൊന്നുരിയാടിനാൻ:— 14
‘കാണ്ക ലക്ഷ്മണ, ദുർവൃത്തർ മാംസം തിന്നുമരക്കരെ
മാനവാസ്ത്രം പറപ്പിപ്പത,ഭ്രത്തെക്കാററുപോലവേ.’ 15
ഏറെയുൽകൃഷ്ടമായേറെജ്ജ്വലിയ്ക്കും മാനവാസ്ത്രമേ
വിട്ടാൻ മാരീചമാറത്തെയ്യേറെ ക്രോധിച്ചു രാഘവൻ. 16
സന്നദ്ധനാകുമവനെ മാനവാസ്ത്രമതുത്തമം
നൂറുയോജനദൂരത്തു കൊണ്ടുവീഴ്ത്തീ പയോധിയിൽ. 17
ശീതേഷുവൂക്കിലേററിട്ടു മാരീചൻ വെളിവെന്നിയേ
വട്ടംചുററിപ്പറന്നാറേ രാമൻ ഭ്രാതാവൊടോതിനാൻ:— 18
‘നോക്കുക ലക്ഷ്മണ, ധർമ്മിഷ്ഠമായ ശീതേഷു മാനവം
ബോധംകെട്ടത്തകററുന്നു ചത്തീടുന്നതുമില്ലിവൻ. 19
കൊല്ലുവൻ ഞാനിവരെയു,മറപ്പില്ലാത്ത ദുഷ്ടരെ,
യജ്ഞഘ്നരെപ്പാപികളെച്ചോരയുണ്ണുമരക്കരെ.’ 20
രാമനദ്ഭുതമാം ദിവ്യമാഗ്നേയാസ്ത്രമെടുത്തുടൻ
വിട്ടാൻ സുബാഹുവിൻമാറിൽ, മന്നിൽ വീണാനതേററവൻ. 21
ശേഷിച്ചവരെ വായവ്യമെടുത്തെയ്തിതു രാഘവൻ,
മുനിമാർക്കിംപമേകിക്കൊണ്ടത്യുദാരനരുപ്രധൻ. 22
യജ്ഞഘ്നരാം രാക്ഷസരെയൊക്കെക്കൊന്നാ രഘൂദ്വഹൻ,
ജയത്തിൽപ്പണ്ടു ശക്രൻപോലേററാനൃഷിപൂജനം. 23

Digitized By Kerala Sahitya Akademi

യജ്ഞം കഴിഞ്ഞതിൽപ്പിന്നെ വിശ്വാമിത്രൻ മഹാമുനി
നാട്ടിന്റെ നിർബ്ബാധത കണ്ടേവം രാമനൊടോതിനാൻ:— 24
കൃതാർത്ഥൻ ഞാൻ മഹാബാഹോ! ഗുരുവാക്യം നടത്തി നീ;
സിദ്ധാശ്രമമിതും രാമ, സത്യമാക്കി സുകീർത്തിമൻ.' 25

---

## മുപ്പത്തൊന്നാം സർഗ്ഗം: മിഥിലാപ്രസ്ഥാനം.

അന്നു രാവിവിടെപ്പാർത്താർ വീരരാം രാമലക്ഷ്മണർ
കാര്യം നടത്തീടുകയാൽ മോദിച്ചുള്ളം കുളിർത്തവർ. 1
പുലർകാലത്തിലൊന്നിച്ചു പൂർവ്വാഹ്നക്രിയ ചെയ്തവർ
പോയ്ക്കണ്ടാർ കൌശികനെയും മററുള്ള മുനിമാരെയും. 2
ജ്വലിക്കുമഗ്നിപോലുള്ള മുനീന്ദ്രനെ നമിച്ചുടൻ
മധുരോദാരമാംവണ്ണം ചൊന്നാർ മധുരഭാഷികൾ:— 3
'ഇതാ, ഞങ്ങൾ മുനിവ്യാഘ്ര, ചാരേ നില്ക്കുന്നു കിങ്കരർ;
അരുൾചെയ്തിച്ചപോലെന്തു ശാസനം ഞങ്ങൾ ചെയ്യണം?' 4
ഇവ്വണ്ണമവർ ചൊന്നാറേ മഹാമുനികളേവരും
വിശ്വാമിത്രനെ മുൻനിർത്തി രാമനോടുരിയാടിനാർ 5
'മൈഥിലൻ ജനകൻ ചെയ്യാൻപോകുന്നുണ്ടു നരോത്തമ,
ഒരു ധർമ്മോത്തരം യാഗം; ഞങ്ങളങ്ങോട്ടു പോകയാം. 6
അങ്ങുന്നും നരശാർദ്ദൂല, ഞങ്ങളൊന്നിച്ചു പോരണം:
അങ്ങുണ്ടൊരദ്ഭുതപ്പള്ളിവില്ല്; കാണാമതും തവ. 7
അതു, യജ്ഞസദസ്സിങ്കൽപ്പണ്ടു വാനോർ കൊടുത്തതാം
അപ്രമേയബലം ഘോരമതിദീപ്തം നരോത്തമ. 8
അതു വാനവർ ഗന്ധർവ്വരസുരന്മാരരക്കരും
കുലയ്ക്കാൻ ശക്തരാവില്ലാ, വല്ലപാടും മനുഷ്യരും! 9
ആ വില്ലിൻ വീര്യമറിവാനൊരുംപെട്ടിട്ടു മന്നവർ
കുലയ്ക്കാൻ ശക്തരായീലാ, ബലമേറും നൃപാത്മജർ 10
മഹാത്മാവാം മൈഥിലന്റെ വില്ലതും പുരുഷർഷഭ,
കാണാമാശ്ചര്യകരമാം യജ്ഞവും തത്ര രാഘവ. 11
സുനാമമപ്പെരുംവില്ലു മൈഥിലന്നു നിലിംപരാൽ
യജ്ഞത്തിൻ ഫലമായ് നല്കപ്പെട്ടതല്ലോ നരർഷഭ. 12

Digitized By Kerala Sahitya Akademi

ആ രാജാവിൻ ഗൃഹേ യാജ്യമാമീ വില്ലിനെ രാഘവ,
പൂജിയ്ക്കാറുണ്ട്, ഷിൽധൂപം നാനാഗന്ധമിവാറിനാൽ.' 13
എന്നുരച്ചു പുറപ്പെട്ടാൻ രാഘവഷിഗണാന്വിതൻ,
വനദേവതമാരോടു യാത്ര ചൊല്ലി മുനീശ്വരൻ: 14
'സ്വസ്തി നിങ്ങൾക്ക! പോകുന്നേൻ സിദ്ധൻ സിദ്ധാശ്രമസ്ഥലാൽ,
ഗംഗയ്ക്കുത്തരതീരത്താം മഞ്ഞിന്മലയിലെയ്ക്കു ഞാൻ.' 15

അനന്തരമതിശ്രേഷ്ഠമായ സിദ്ധാശ്രമത്തിനെ
വലംവെച്ചു വടക്കോട്ടു നടകൊൾവാൻ തുടങ്ങിനാൻ 16
പിന്തുടന്നു, ഗമിച്ചീടുമമ്മുനീന്ദ്രനെ യാത്രയിൽ,
അനുയായികളാം ബ്രഹ്മപരർതൻ നൂറു വണ്ടിതാൻ. 17
സിദ്ധാശ്രമത്തിൽപ്പാക്കുന്ന മൃഗപക്ഷിഗണങ്ങളും
പിന്തുടന്നു മഹാത്മാവാം വിശ്വാമിത്രമഹഷിയെ; 18
തിരിച്ചയച്ചാനുടനേ മൃഗപക്ഷിഗണങ്ങളെ.

ഒട്ടേറെ വഴി പോയ്, സൂര്യൻ ചാഞ്ഞപ്പോൾ മുനിമാരവർ
വിശ്രമിച്ചീടിനാർ ശോണാതീരത്തു ദൃഢമാനസർ: 19
വിശ്വാമിത്രനൊടൊന്നിച്ചങ്ങിരുന്നാരമിതപ്രഭർ,
കുളിച്ചു, ക്കൻ മറഞ്ഞപ്പോളഗ്നിഹോത്രം കഴിച്ചവർ. 20
സലക്ഷ്മണൻ രാമനുമാ മുനിമാരെപ്പണിഞ്ഞുടൻ
ഇരുന്നാൻ, ബുദ്ധിമാനായ വിശ്വാമിത്രന്റെ മുന്നിലായ്. 21
പിന്നെത്തേജസ്സു കൂടുന്ന രാമൻ പുരുഷപുംഗവൻ
ചോദിച്ചാൻ കൌശികമഹാമുനിയോടു സകൌതുകം:— 22
'ഭഗവാനേ, പെരുംകാടാൽ വിളങ്ങും നാടിതേതുവാൻ?
കേട്ടാൽക്കൊള്ളാം; തവ ശുഭ, മരുളിച്ചെയ്ക, വാസ്തവം.' 23

രാമന്റെ ചോദ്യം കേട്ടിട്ടാ, ത്തപസ്സേറിയ സുവ്രതൻ
ആ നാടിനെക്കുറിച്ചെല്ലാമൃഷിമധ്യത്തിലോതിനാൻ:— 24

---

## മുപ്പത്തിരണ്ടാം സർഗ്ഗം: കന്യാകുബ്ജീകരണം.

'ഉണ്ടായിരുന്നു കുശനെന്നൊരു ധാതൃസുതൻ മഹാൻ
വ്രതം തെറ്റാത്ത ധർമ്മജ്ഞൻ തപസ്സേറും സദ്ഗുണൻ. 1

Digitized By Kerala Sahitya Akademi

കലീനയായ്ച്ചേർച്ചയെഴും വൈദർഭിയിലവൻ മഹാൻ
ജനിപ്പിച്ചു, ഗുണം വാച്ചും തുല്യരാം നാലുപുത്രരെ: 2
കുശാംബ–കുശനാഭന്മാര,മൂർത്തരജസൻ, വസു,
തേജസ്വികൾ മഹോത്സാഹർ സത്യവാദികൾ ധാർമ്മികർ. 3

അപ്പുത്രരോടരുളിനാൻ ക്ഷത്രധർമ്മാർത്ഥമായ്ക്കുശൻ:—
‘പുത്രരേ, പാലനംചെയ്വിൻ; നേടുവിൻ പൂർണ്ണധർമ്മവും.’ 4
കുശൻെറ വാക്കു കേട്ടിട്ടു നരപ്രവരർ നാൽവരും
രാജധാനികൾ തീർപ്പിച്ചാർ വെവ്വേറേ ലോകസമ്മതർ: 5
കുശാംബനതിതേജസ്വി തീർത്താൻ കൌശാംബിയാം പുരി;
മഹോദയപുരം തീർത്താൻ കുശനാഭൻ സുധാർമ്മികൻ; 6
അമൂർത്തരജസൻ രാമ, ധർമ്മാരണ്യം പുരോത്തമം
തീർത്താൻ മഹീശനാഥൻ; വസു തീർത്താൻ ഗിരിവ്രജം. 7
ഇതു രാമ, മഹാനാമാ വസുവിൻെറ വസുന്ധര;
ഇതാ, മാമലയഞ്ചുണ്ടു ശോഭിച്ചീടുന്നു ചുററുമായ്. 8
മഗധാഗതയാമോമൽന്നദി പേരാണ്ട മാഗധീ
അഞ്ചു മാമലതൻ മദ്ധ്യേ ശോഭിപ്പു മാലപോലവേ. 9
ഈ മാഗധി രാഘുശ്രേഷ്ഠ, മഹാനാം വസുവിൻെറയാം,
കിഴക്കോട്ടൊഴുകുന്നൊന്നാം, ഭൂരിസുക്ഷേത്രസസ്യയാം. 10

രാജർഷി കുശനാഭൻ നൂറുത്തമപ്പെൺകിടാങ്ങളെ
ഘൃതാചിയിൽജ്ജനിപ്പിച്ചാൻ ധാർമ്മികൻ രഘുനന്ദന. 11
യൌവനം വന്നഴകിയന്നവർ നല്ലൊരു മോടിയിൽ
പൂംകാവു പുക്കു, വർഷത്തിൽത്തൂമിന്നലുകൾ പോലവേ, 12
വാദ്യങ്ങൾ കൊട്ടിയും പാട്ടു പാടിയും നൃത്തമാടിയും
തേടിനാരേററമാഹ്ലാദം, നല്പണ്ടങ്ങളണിഞ്ഞവർ. 13
പാരിൽ നേരററഴകെഴും ചാരുസർവാംഗിമാരവർ
പൂംകാവിൽ വിലസീ, കാറിന്മദ്ധ്യ താരകൾ പോലവേ. 14
ആ രൂപയൌവനം ചേർന്ന സമഗ്രഗുണമാർകളെ
കണ്ടിട്ടെങ്ങും ചരിപ്പോനാം വായുവിങ്ങിനെ ചൊല്ലിനാൻ:— 15
‘കാമി നിങ്ങളിലെല്ലാം ഞാൻ; ഭാര്യമാരാകുവിൻ മമ;
മനുഷ്യഭാവം കളവിൻ; സുചിരായുസ്സു നേടുവിൻ। 16
യൌവനം സ്ഥിരമല്ലല്ലോ, വിശേഷിച്ചും മനുഷ്യരിൽ;
അഭംഗമാം യൌവനമോടമർത്ത്യകളമാകുവിൻ!’ 17

Digitized By Kerala Sahitya Akademi

അക്ലിഷ്ടകാരിയാം വായുവപ്പറഞ്ഞതു കേൾക്കയാൽ
പരിഹാസമൊടേ ചൊന്നാർ നൂറുപേർ പെങ്കിടാങ്ങളും:— 18

'ഭൂതങ്ങൾക്കൊക്കെയകമേ ചരിപ്പൂ നീ സുരോത്തമ;
നിൻമേന്മയറിവോർ ഞങ്ങളു,വമാനിപ്പതെന്തിനായ്? 19

കുശനാഭജമാരെല്ലാം പോരും ദേവ, സുരോത്തമ,
സ്ഥാനഭ്രംശം ഭവാന്നേകാൻ; ഞങ്ങൾ പാലിയ്ക്കയാം തപം. 20

വരൊല്ലാ, സത്യവാക്കാകുമച്ഛനെത്തള്ളിയിച്ഛയാ
കണവങ്കൽ സ്വയം ചെല്ലുംകാലം ഞങ്ങൾക്കു ദുർമ്മതേ! 21

അച്ഛനത്രേ സ്വാമി ഞങ്ങൾക്ക,വിടന്നുറെറാരീശ്വരൻ;
അച്ഛൻ ഞങ്ങളെയാർക്കേകു,മവൻ ഞങ്ങൾക്കു കാന്തനാം.' 22

അവർ ചൊന്നതു കേട്ടിട്ടു വായു പാരം ചൊടിച്ചുടൻ
അംഗങ്ങളെല്ലാമുൾപ്പുക്കു വളച്ചാൻ ഭഗവാൻ പ്രഭു. 23

വായുവാലേ വളയ്ക്കപ്പെട്ടകന്യകൾ നൃപാലയം
പുക്കു നാണിച്ചുഴന്നശ്രു വാർത്തു വീണാർ ധരിത്രിയിൽ. 24

ആ വളഞ്ഞു വശംകെട്ട നല്ലോമൽപ്പെൺകിടാങ്ങളെ
കണ്ടു വല്ലായ്മപൂണ്ടേവം ചോദിച്ചാനാ നരേശ്വരൻ:— 25

'ഇതെന്തു? ചൊല്ലു,വൻ തള്ളീടുന്നു ധർമ്മത്തെ മക്കളേ?
എവൻ കൂനേകിയേവർക്കും? മിണ്ടാതുരുൾവതെന്തുവാൻ?' 26
എന്നായി നെടുവീർപ്പിട്ടു മനംവെച്ചരുളീ നൃപൻ.

---

## മുപ്പത്തിമൂന്നാം സർഗ്ഗം: കുശനാഭകന്യാപ്രദാനം.

ധീമാനാം കുശനാഭന്റെയച്ചോദ്യം കേട്ടു കന്യമാർ
കാല്ക്കൽത്തലകൾ മുട്ടിച്ചു ചൊല്ലിനാർ നൂറുപേരുമേ:— 1

''വായുവെങ്ങും ചരിക്കുന്നോൻ ഭൂപ, തീണ്ടാൻതുടങ്ങിനാൻ;
ചീത്ത മാർഗ്ഗമണഞ്ഞിട്ടു ധർമ്മം നോക്കിയതില്ലവൻ. 2

'അച്ഛനുള്ളവർ, ഭദ്രം തേ, ഞങ്ങളിന്നസ്വതന്ത്രകൾ
അച്ഛനോടു വരിയ്ക്കുക നീ ഞങ്ങളെത്തന്നുവെങ്കിലാം.' 3

എന്നോതിടും ഞങ്ങളെ,യാ വാക്കു കേൾക്കാതെ നിർഭരം
വളച്ചാനേവരെയുമാ വായു പാപാനുവൃത്തിയാൽ.'' 4

Digitized By Kerala Sahitya Akademi

ഇതു കേട്ട,തിതേജസ്വി ഭൂപൻ പെരിയ ധാർമ്മികൻ
ചൊല്ലിനാനന്തരം നൂറു കന്യകാമണിമാരൊടും:— 5
'ഉലോം ചെയ്തു, ക്ഷമാശീലർ ചെയ്യേണ്ടും ക്ഷമ മക്കളേ;
ഒരേ മനസ്സോടേ നിങ്ങൾ നോക്കിയെൻറെ കുലത്തെയും. 6
പെണ്ണുങ്ങൾക്കൊരലംകാരമാണല്ലോ ക്ഷമ, യാണിനും;
സുദുഷ്കരം ക്ഷാന്തിഗുണം, വിശേഷിച്ചുമമർത്ത്യരിൽ. 7
നിങ്ങൾക്കെല്ലാമൊരേമട്ടിലുണ്ടല്ലോ ക്ഷമ മക്കളേ;
ക്ഷമ ദാനം, ക്ഷമ മഖം, ക്ഷമ സത്യം കിടാങ്ങളേ, 8
ക്ഷമ ധർമ്മം, ക്ഷമ യശസ്സു,ലകിന്നാശ്രയം ക്ഷമ!
കന്യമാരെപ്പിരിച്ചിട്ട കാകുത്സ്ഥ, സുരവിക്രമൻ 9
നിനച്ചാൻ പെൺകൊട, നൃപൻ മന്ത്രജ്ഞൻ മന്ത്രിമാരുമായ്:
വേളിതൻ ദേശകാലങ്ങൾ, സദൃശർക്കൊട്ടുകല്ലും. 10

അതുകാലത്തുതാൻ ചൂളിയെന്നുള്ളൊരു മഹാമുനി
ചെയ്തിരുന്നു തപം ബ്രാഹ്മ,മൂർദ്ധ്വരേതസ്സു സുവ്രതൻ. 11
ആത്തപംചെയ്യുമൃഷിയെബ്ഭജിച്ചാൾ, ഭദ്രമസ്തു തേ,
ഗന്ധർവ്വിയാം സോമദയെന്നവളൂർമ്മിളതൻ മകൾ: 12
അവനെത്താഴ്മയിൽശ്ശുശ്രൂഷിച്ചു പാർത്തീടിനാളവൾ;
തെളിഞ്ഞാനൊട്ടുനാൾകൊണ്ടദ്ധർമ്മചാരിണിയിൽഗ്ഗുരു. 13
അദ്ദേഹം കാലയോഗത്താലവളോടോതി രാഘവ:—
'തെളിഞ്ഞേൻ ഞാൻ, തവ ശുഭ,മെന്തു ചെയ്യേണ്ടു നിൻപ്രിയം?' 14
മുനിതൻ പ്രീതി കണ്ടിട്ടു ഗന്ധർവ്വിയതിതുഷ്ടയായ്
വാക്യജ്ഞ വാക്യപടുവോടോതിനാൾ മധുരസ്വരം:— 15
'ബ്രഹ്മശ്രീ ചേർന്നവൻ ബ്രഹ്മഭൂതനഗ്ര്യതപസ്സു നീ;
പിറക്ക മേ ബ്രാഹ്മതപസ്സൊത്തൊരുണ്ണി സുധാർമ്മികൻ. 16
ഞാനഭർത്തൃക, ഭദ്രം തേ, വേട്ടിട്ടില്ലെന്നെയാരുമേ;
പ്രപന്നയാമെനിയ്ക്കായി ബ്രാഹ്മത്താൽ നല്കൊരുണ്ണിയെ.' 17
തെളിഞ്ഞവൾക്കാ ബ്രഹ്മർഷി നല്കിനാൻ നല്ലൊരുണ്ണിയെ:
ബ്രഹ്മദത്താഹ്വയനവൻ ചൂളിതൻ മാനസാത്മജൻ. 18
അസ്സൗമദേയൻ രാജാവായ്ക്കാംപില്യാപുരിയിൽത്തദാ
വാണിരുന്നു ഉലോം ശ്രീമാൻ, വിണ്ണോർകോൻ വിണ്ണിലാംവിധം. 19
കന്യാശതത്തെയാ ബ്രഹ്മദത്തന്നത്രേ, കുശധ്വജ,
നല്കാനുറച്ചു, രാജാവക്കുശനാഭൻ സുധാർമ്മികൻ. 20

Digitized By Kerala Sahitya Akademi

ബ്രഹ്മദത്തക്ഷിതിപനെ ക്ഷണിച്ചഥ മഹാദ്യുതി
ഉടനെ തെളിഞ്ഞേകിനാൻ ഭൂപൻ നൂറു പെൺകൊടിമാരെയും. 21

ക്രമത്തിലവർതൻ കൈകൾ പിടിച്ചാൻ രഘുനന്ദന,
ബ്രഹ്മദത്തൻ മഹീപാലനമരേശ്വരസന്നിഭൻ. 22

കൈ തൊടപ്പെട്ടതോടൊപ്പം, കന്യമാർ നൂറുപേരുമേ
കൂനൊഴിഞ്ഞഴൽവിട്ടേററമൊളിപൂണ്ടു വിളങ്ങിനാർ. 23

വായുപ്രശാന്തികണ്ടിട്ടക്കുശനാഭൻ മഹീശ്വരൻ
വീണ്ടും വീണ്ടും പ്രഹർഷിച്ചാൻ, തികച്ചും പ്രീതി തേടിനാൻ. 24

വേളിയ്ക്കുശേഷമാ ബ്രഹ്മദത്തഭൂപനെ മന്നവൻ
അയച്ചാൻ ഭാൎയ്യമാരോടൊത്തു,പാദ്ധ്യായഗണത്തൊടും. 25

ഗന്ധൎവിയാം സോമദയും, മകൻ തക്കതു ചെയ്തതിൽ
ഹർഷിച്ചു കൊണ്ടാടി മുറയ്ക്കാ സ്നുഷപ്പെൺകിടാങ്ങളെ 26
തലോടിനാൾ പലവുരു; വാഴ്ത്തിനാൾ കുശനാഭനെ.

---

## മുപ്പത്തിനാലാം സൎഗ്ഗം: കൌശികവംശകീൎത്തനം.

ബ്രഹ്മദത്തൻ കൃതോദ്വാഹൻ പോയതിൽപ്പിന്നെ രാഘവ,
അപുത്രൻ കുശജൻ ചെയ്താൻ പുത്രീയേഷ്ടി സുതാൎത്ഥമായ്. 1

കുശനാഭക്ഷിതിപനോടി,ഷ്ടിയങ്ങു നടക്കവേ
പറഞ്ഞാൻ പരമോദാരൻ കുശൻ ബ്രഹ്മാവുതൻ മകൻ:— 2

'ഉണ്ണിയ്ക്കുണ്ടാം, സദൃശനായ്ഗ്ഗാധിയെന്നൊരു നന്ദനൻ;
നീയദ്ധൎമ്മിഷ്ഠനാൽ നേടും പാരിൽശ്ശാശ്വതകീൎത്തിയും.' 3

കുശനാഭക്ഷിതിപനോടിവണ്ണമരുളിക്കുശൻ
വാനേറി നിത്യമാം ബ്രഹ്മലോകത്തെയ്ക്കെഴുന്നള്ളിനാൻ. 4

ധീമാനാം കുശനാഭന്നു, തെല്ലനാൾ ചെന്നതിന്നുമേൽ
പിറന്നു, ഗാധിയെന്നായ്ത്താൻ പേരുറെറാരതിധാൎമ്മികൻ. 5

ആസ്സധൎമ്മിഷ്ഠനാം ഗാധിയാണെന്നച്ഛൻ കകുത്സ്ഥജ:
കുശവംശപ്പിറപ്പാൽ ഞാൻ കൌശികൻ രഘുനന്ദന. 6

ഉണ്ടായിരുന്നു, സദ്വൃത്തയായൊരേട്ടത്തിയും മമ;
നല്കപ്പെട്ടിതൃചീകന്നു സത്യവത്യാഖ്യയാമവൾ. 7

Digitized By Kerala Sahitya Akademi

മെയ്യോടേ രാമ, വിണ്ണേറീ ഭൎത്താവെപ്പിന്തുടൎന്നവൾ;
കൌശികീവൻനദിയുമായ്ച്ചമഞ്ഞാളത്യുദാരയാൾ. 8
ഒഴുകുന്നു പനിക്കുന്നിൽച്ചെന്നു ലോകഹിതാൎത്ഥമേ,
ദിവ്യയായ്പ്പുണ്യജലയായ് രമ്യയാമെന്റെ സോദരി. 9
ആപ്പെങ്ങളാം കൌശികിയിൽ സ്നേഹത്താലാണു രാഘ ,
വിടാതെ വാഴ്വതു, പനിക്കുന്നിൻ ചാരേ സുഖേന ഞാൻ. 10
ആപ്പുണ്യയാം സത്യവതി സത്യധൎമ്മത്തിൽ നില്പവൾ
പതിവ്രത മഹാഭാഗ മികച്ച നദി കൌശികി. 11
അവളെ ക്രതുവിന്നല്ലോ വിട്ടുപോന്നതു രാമ, ഞാൻ;
സിദ്ധാശ്രമത്തിൽ വന്നെത്തിസ്സിദ്ധനായേൻ തവൌജസാ. 12
ഇമ്മട്ടെന്റെയുമെൻവംശത്തിന്റെയും സംഭവത്തെ ഞാൻ
ചൊന്നേൻ, നീ രാമ, ചോദിച്ച നാടിന്റേയും മഹാഭുജ. 13
കാകുൽസ്ഥ, ഞാൻ കഥ പറഞ്ഞൎദ്ധനേരം കഴിഞ്ഞുപോയ്:
ഉറങ്ങിക്കൊൾക ഭദ്രം തേ; യാത്ര നമ്മൾക്ക തെറ്റൊലാ. 14
മരമൊട്ടുക്കനങ്ങാതാ,യടങ്ങീ മൃഗപക്ഷികൾ,
രാക്കൂരിരുട്ടും വ്യാപിച്ചു, ദിക്കെങ്ങും രഘുനന്ദന. 15
സന്ധ്യ മെല്ലെന്നൊഴിയുന്നു; താരൎക്ഷവ്യാപ്തമംബരം
ശോഭിപ്പൂ, ദീപ്രനേത്രങ്ങൾ ചൂഴന്നതുകണക്കിനെ. 16
പൊങ്ങുന്നു പാരിലെയിരുട്ടകററും കുളിൎതിംകളും
പ്രഭയാലുലകിൽ പ്രാണിശ്രേണിയ്ക്കാഹ്ലാദകൻ പ്രഭോ. 17
അങ്ങുമിങ്ങും നടക്കുന്നു രാത്രിഭൂതങ്ങളൊക്കയും:
യക്ഷരക്ഷഃപ്രകരവും രൌദ്രരാം പിശിതാശരും.' 18
എന്നുരച്ചതിതേജസ്വി വിരമിച്ചാൻ മഹാമുനി;
നന്നു നന്നെന്നു, മുനിമാരെല്ലാമവനെ വാഴ്ത്തിനാർ:— 19
'മഹത്തി,ക്കൌശികകുലമെന്നെന്നും ധൎമ്മതൽപരം;
ബ്രഹ്മതുല്യർ മഹാത്മാക്കൾ കുശവംശ്യർ നരോത്തമർ. 20
വിശ്വാമിത്രൻ ഭവാൻതന്നേ വിശേഷാൽപ്പുകളേറിയോൻ;
കൌശികീശ്രേഷ്ഠനദിയും ശോഭിപ്പിയ്ക്കുന്നു നിൻകുലം.' 21
ആ മുനിവ്യാഘ്രരാലേവം പുകഴ്ത്തപ്പെട്ട കൌശികൻ
ശ്രീമാനുറങ്ങിനാന,സ്തം പുക്ക സൂൎയ്യൻകണക്കിനെ. 22
സലക്ഷ്മണൻ രാമനുമൊട്ടദ്ഭുതത്തോടുകൂടവേ
മുനിശാൎദ്ദൂലനെ ശ്ലാഘിച്ചങ്ങു പള്ളിയുറങ്ങിനാൻ. 23

Digitized By Kerala Sahitya Akademi

## മുപ്പത്തഞ്ചാം സർഗ്ഗം: ഗംഗോൽപത്തി.

ശോണാതീരേ നിശാശേഷം കഴിച്ചു കുശികാത്മജൻ
രാത്രി നന്നായ്പ്പുലർന്നാറേ ചൊന്നാനൃഷിജനാന്വിതൻ:— 1
'രാമ, നന്നായ്പ്പുലർന്നൂ രാവാ,ദ്യസന്ധ്യ തുടർന്നുപോയ്,
എഴുന്നേല്ക്കുകെഴുന്നേല്ക്കു, പുറപ്പെടുക, തേ ശുഭം!' 2
അവൻെറ വാക്കു കേട്ടിട്ടു പൂർവാഹ്നക്രിയയൊക്കെയും
അനുഷ്ഠിച്ചു പുറപ്പെട്ടാൻ, ചോദിച്ചാനുടനിങ്ങിനെ:— 3
'അഗാധമല്ലോ, സ്വച്ഛാംബു ശോണം പുളിനമണ്ഡിതം,
ഏതു മാർഗ്ഗത്തിലൂടേ നാം കടക്കേണ്ടു ദ്വിജോത്തമ?' 4
എന്നു രാമൻെറ ചോദ്യം കേട്ടരുളിച്ചെയ്തു കൌശികൻ:—
'മഹർഷിമാർ പോയീടുമീ മാർഗ്ഗമേ കണ്ടുവെച്ചു ഞാൻ.' 5
എന്നായിക്കൌശികൻ ധീമാൻ ചൊല്ലുകയാലാ മഹർഷിമാർ
നാനാതരം കാടുകളെക്കണ്ടുകൊണ്ടെഴുന്നള്ളിനാർ. 6
ഒട്ടേറെ വഴി പോയുച്ചതിരിഞ്ഞപൊഴുതന്നവർ
കണ്ടാരുൽകൃഷ്ടനദിയാം മുനിസേവിതഗംഗയെ. 7
ഹംസസാരസർ ചേർന്നുള്ളോരപ്പുണ്യനദി കാൺകയാൽ
മോദിച്ചു, രാഘവന്മാരോടൊത്താ മുനികളേവരും; 8
ഏർപ്പെടുത്തുകയുംചെയ്താരതിൻതീരത്തു പാർപ്പിടം.
കുളിച്ചു ശരിയായ് ദേവപിതൃതർപ്പണകർമ്മവും 9
ഹോമങ്ങളും ചെയ്തു,മൃതിന്നൊത്ത ഹവ്യം ഭുജിച്ചവർ
ഗംഗതൻ ശുചിയാം തീരത്തിരുന്നരുളിനാർ മുദാ, 10
ചുഴന്നൊത്തു മഹാത്മാവാം വിശ്വാമിത്രൻെറ ചുറ്റുമായ്.

അന്നേരം രാമനാമോദാൽ വിശ്വാമിത്രനൊടോതിനാൻ:—
'കേൾക്കേണം ഭഗവാനേ, മുവ്വഴിപോം ഗംഗതൻ കഥ: 11
മുപ്പാരിലുമണഞ്ഞെമ്മട്ടെത്തി നദനദീശനിൽ?'
രാമൻെറയീ പ്രേരണയാൽ വിശ്വാമിത്രൻ മഹാമുനി 12
ചൊൽവാൻ തുടങ്ങിനാൻ ഗംഗതൻ പിറപ്പും വളർച്ചയും:—
"ശൈലേന്ദ്രനില്ലേ ഹിമവാൻ ധാതുക്കൾക്കാകരം മഹാൻ, 13
അവന്നുണ്ടായി, നിസ്തുല്യരൂപമാരിരുപുത്രിമാർ.
അവർതന്നമ്മയോ, രാമ, മേരുപുത്രി സുമധ്യയാം 14

Digitized By Kerala Sahitya Akademi

മേനയെന്ന മനോജ്ഞാംഗി ഹിമവൽപ്രിയപത്നിയാം.
അവളിൽജ്ജാതയിഗ്ഗംഗ ഹിമവജ്ജ്യേഷ്ഠപുത്രിയാം; 15
ഉമയെന്നാണു രണ്ടാമത്തവളാം തൻ പേരു രാഘവ.
അതിൽ മുവ്വഴിപോം ഗംഗാനദിയാമഗ്രജത്തിയെ 16
വരിച്ചാർ, ദേവകാൎയ്യാർത്ഥം ഗിരീന്ദ്രനൊടു വാനവർ.
ധർമ്മത്താലേകി ഹിമവാൻ ലോകപാവനി പുത്രിയെ, 17
മുപ്പാരിന്നും ഹിതത്തിന്നായ് സ്വതന്ത്രഗതി ഗംഗയെ.
അംഗീകരിച്ചദ്ദേവന്മാർ ത്രൈലോക്യഹിതകാരികൾ 18
കൊണ്ടുപോയാർ കൃതാർത്ഥാന്തരംഗരായിട്ടു ഗംഗയെ.
മലതൻ മകളാം മറേറക്കന്യയോ, രഘുനന്ദന, 19
കടുംവ്രതം പൂണ്ടു തപസ്സനുഷ്ഠിച്ചാൾ തപോധന.
കടുംതപസ്സൊത്തുമയാം ലോകർ കുമ്പിട്ട പുത്രിയെ 20
ഇണക്കം പൂണ്ട രുദ്രന്നു കൊടുത്താൻ ഗിരിസത്തമൻ.
ഗിരീന്ദ്രപുത്രിമാരത്രേ, രാമ, ലോകം വണങ്ങിയോർ 21
ഇഗ്ഗംഗാശ്രേഷ്ഠനദിയുമുമയാകിയ ദേവിയും.
ചൊല്ലിനേൻ മുഴുവൻ നിന്നോടുണ്ണീ, മുവ്വഴിപോം നദി 22
മുല്പാടു വാനേറിയതെന്മട്ടെന്നു ഗതിമദ്വര.
ഈ രമ്യയാം ദേവനദി പർവ്വതപ്രഭുവിൻ മകൾ 23
പിന്നേറിനാൾ വിണ്ടലവും പവിത്രജലവാഹിനി.”

---

## മുപ്പത്താറാം സർഗ്ഗം: ഉമാമാഹാത്മ്യം.

എന്നാ മുനി പറഞ്ഞാറേ, രണ്ടാളും രാമലക്ഷ്മണർ
കഥ കൊണ്ടാടി വീരന്മാർ മുനിവ്യാഘ്രനൊടോതിനാർ:— 1
‘ഇവിടുന്നരുൾചെയ്തല്ലോ ധർമ്മയുക്തമിതുത്തമം;
ഗിരീന്ദ്രജ്യേഷ്ഠസുതതൻ ദിവ്യമാനുഷസംഭവം 2
വിസ്തരിച്ചു കഥിയ്ക്കേണം വിസ്തരജ്ഞൻ ഭവാൻ ദ്വിജ:
മുവ്വഴിയ്ക്കൊഴുകാനെന്തു കാരണം ലോകപാവനി? 3
ത്രിമാർഗ്ഗഗപ്പേരെവ്വണ്ണം നേടീ ഗംഗ മഹാനദി?
ഇവൾക്കെന്തു ധർമ്മജ്ഞ, കർമ്മം മൂവുലകങ്ങളിൽ?’ 4
കാകുത്സ്ഥനേവം ചോദിയ്ക്കേ വിശ്വാമിത്രൻ തപോധനൻ
കഥയൊട്ടൊഴിയാതെല്ലാമൃഷിമധ്യത്തിലോതിനാൻ:— 5

Digitized By Kerala Sahitya Akademi

"പണ്ടു വേട്ടരുളും ഭൂരിതപസ്സാം ശംഭു രാഘവ,
ദേവിയെക്കണ്ടു കൊതിയാൽ മൈഥുനത്തിന്നൊരുങ്ങിനാൻ. 6
ചെന്നു ശ്രീകണ്ഠദേവന്നു ദിവ്യമാം നൂറു വത്സരം;
അവളിൽപ്പുത്രനോ രാമ, പിറന്നീലാ പരന്തപ. 7
അതിനാൽബ്ഭീതരായ്ത്തീർന്നു ബ്രഹ്മാവാദികൾ ദേവകൾ:
ഇതിലുണ്ടാമപത്യത്തെത്താങ്ങാനാർക്കു കഴിഞ്ഞിടും? 8
ചെന്നാ വാനവരെല്ലാരും പണിഞ്ഞിവണ്ണമോതിനാർ:—
'ദേവദേവ, മഹാദേവ, പാരിതിന്നു ഹിതോദ്യത, 9
വണക്കം കണ്ടു വാനോരിൽ പ്രസാദിച്ചരുളേണമേ!
ലോകങ്ങൾ താങ്ങുകില്ലല്ലോ നിൻതേജസ്സു സുരോത്തമ; 10
ബ്രാഹ്മമാം യോഗമുൾക്കൊണ്ടു ചെയ്ക ദേവിയുമായ്ത്തപം;
മുപ്പാർനന്മയ്ക്കു തേജസ്സു തേജസ്വികലടക്കുക'. 11
വിണ്ണോർ ചൊന്നതു കേട്ടിട്ടു സർവ്വലോകമഹേശ്വരൻ
'ആവട്ടെ'യെന്നേവരൊടും ചൊന്നാൻ, വീണ്ടുമിതോതിനാൻ:— 12
'തേജസ്സടക്കുവൻ തേജസ്വികൽത്താനുമയൊത്തു ഞാൻ;
നിർവൃതിപ്പെട്ടുകൊള്ളട്ടേ നിലിംപന്മാരുമൂഴിയും. 13
സ്ഥാനം വിട്ടിളകിത്തീർന്നോരെൻതേജസ്സിതനുത്തമം
താങ്ങിക്കൊൾവതിനാരുണ്ടാ?—മുരയ്ക്കു സുരസത്തമർ'. 14
എന്നു കേട്ടംപരെല്ലാരും വൃഷധ്വജനൊടോതിനാർ:—
'ഇളകിത്തീർന്ന നിൻതേജസ്സിതിനെദ്ധര താങ്ങിടും'. 15
എന്നു കേട്ടിട്ടു പാർത്തട്ടിൽ വിസർജ്ജിച്ചാൻ സുരേശ്വരൻ;
അത്തേജസ്സാൽ നിറഞ്ഞു, കാടചലങ്ങൾ പെട്ടും മഹി. 16
അതിനാൽപ്പിന്നെയും വാനോരഗ്നിയോടേവമോതിനാർ:—
'ഉൾപ്പൂകുക മഹാരുദ്രതേജസ്സനിലനൊത്തു നീ'. 17
ഹുതാശനാൽ വ്യാപ്തമതോ, വെൺകുന്നായ്ത്തീർന്നു, വീണ്ടുമേ
ദിവ്യമായൊരമക്കാടുമായി സൂര്യാഗ്നിസന്നിഭം: 18
അങ്ങല്ലോ ജാതനായ്, കാർത്തികേയൻ തേജസ്വി വഹ്നിജൻ.
പിന്നീടു പാർവ്വതീരുദ്രന്മാരെപ്പാരം പുകഴ്ത്തിനാർ 19
സന്തുഷ്ടചിത്തരായ്ത്തീർന്ന വാനോരുമൃഷിവൃന്ദവും.
മലമങ്കയുടൻ രാമ, നിലിംപരൊടു ചൊല്ലിനാൾ— 20
ചൊടിച്ചു രോഷാൽക്കൺ ചെങ്ങിശ്ശപിച്ചാളേവരേയുമേ:—
'വിലക്കിയല്ലോ പുത്രേച്ഛാകൃതമാമെന്റെ സംഗമം. 21

Digitized By Kerala Sahitya Akademi

അതിനാൽപ്പൈതലുണ്ടാകാ നിങ്ങൾക്കു നിജപത്നിയിൽ;
ഇന്നുതൊട്ടപ്രജകളായ്പ്പോക നിങ്ങൾക്കു പത്നിമാർ!' 22
എന്നുംപരോടൊക്കെയുരച്ചൂ,ഴിക്കും ശാപമേകിനാൾ:—
'നീ നാനാരൂപയാം; ക്ഷോണി, വളരെപ്പേർക്കു ഭാര്യയാം; 23
എൻക്രോധാൽക്കറപെട്ടോൾ നീ പുത്രനാലുള്ള സൌഖ്യവും
നേടില്ലെ,ൻപുത്രജന്മത്തെസ്സുദുർബുദ്ധേ, തടുക്കയാൽ.' 24
ആ വാനോരേവരും ലജ്ജിച്ചതു കണ്ടു സുരേശ്വരൻ,
വരുണൻ കാത്തിടും ദിക്കിലെയ്ക്കു പോകാനൊരുങ്ങിനാൻ. 25
ഹിമാലയാദ്രിയ്ക്കു വടക്ക,തിന്റെ ശിഖാന്തരേ
ചെന്നെത്തിദ്ദേവിയോടൊത്തു തപം ചെയ്താൻ മഹേശ്വരൻ. 26
വിസ്തരിച്ചോതിനേനേവം രാമ, പാർവ്വതിതൻ കഥ,
ഗംഗാപ്രഭാവവും കേട്ടുകൊൾക ലക്ഷ്മണനൊത്തിനി: 27

## മുപ്പത്തേഴാം സർഗ്ഗം: സ്കന്ദാവതാരം.

ദേവൻ പണ്ടു തപം ചെയ്കെ, വാനോരുമൃഷിവൃന്ദവും
സേനാപതിയെ നേടാനായ്ച്ചെന്നുകണ്ടാർ വിരിഞ്ചനെ. 1
വണങ്ങിനാർ മഹേന്ദ്രാഗ്നിമുഖ്യരാം സുരരേവരും:
വിരിഞ്ചഭഗവാനോടു പറഞ്ഞാർ സുരരേവരും:— 2
'സേനാപതിയെ ഞങ്ങൾക്കു തന്നല്ലോ ഭഗവാൻ പുരാ,
യോഗസ്ഥനായ് ദേവ, തപം ചെയ്കയാണുമയൊത്തവൻ. 3
ഇതിലെന്തിനി വേണ്ടുന്നതുലകിന്നു ഗുണം വരാൻ,
അതു ചെയ്ക വിധാനജ്ഞ: ഞങ്ങൾക്കുറ്റാശ്രയം ഭവാൻ.' 4
വാനോർതൻ വാക്കു കേട്ടിട്ടു സർവ്വലോകപിതാമഹൻ
തേൻചൊല്ലാലാശ്വസിപ്പിച്ചസ്സുരരോടിതു ചൊല്ലിനാൻ:— 5
'പത്നികൾക്കുണ്ണിയുണ്ടാവില്ലെന്നല്ലോ ചൊല്ലി പാർവ്വതി;
അവൾതൻ മൊഴി പാഴാകാ, സത്യംതാനില്ല സംശയം. 6
ഇതാ സ്വർഗ്ഗംഗ,യിവളിൽജ്ജനിപ്പിയ്ക്കട്ടെ പാവകൻ
വിണ്ണോർക്കു സേനാപതിയാം ശത്രുജിത്താകുമുണ്ണിയെ. 7
മാനിയ്ക്കും തത്തനയനെ ജ്യേഷ്ഠത്തി മലമങ്കയാൾ;
അതു കൊണ്ടാടുമുമയു,മതിലില്ലൊരു സംശയം.' 8

Digitized By Kerala Sahitya Akademi

വിരിഞ്ചനുടെയാ വാക്കു കേട്ടിട്ടു രഘുനന്ദന,
കൃതാൎത്ഥരംപരെപ്പേരും പണിഞ്ഞവനെ വാഴ്ത്തിനാർ. 9
രാമ, ധാതുക്കളണിയും കൈലാസാദ്രിയണഞ്ഞുടൻ
ഏല്പെട്ടത്തീ ദഹനനെസ്സുതാൎത്ഥം സുരരേവരും:— 10
'ഇദ്ദേവകാൎയ്യം സാധിയ്ക്കു ഭവാൻ ദേവ, ഹുതാശന:
തേജസ്സുണ്ടാക്കു തേജസ്വിൻ, ഗിരിനന്ദിനി ഗംഗയിൽ.' 11
വാനോരോടേററവരച്ചഗ്നി ചെന്നു ഗംഗയോടോതിനാൻ:—
'ഗൎഭം ധരിയ്ക്കു നീ ദേവി, ദേവന്മാർതൻ പ്രിയത്തിനായ്.' 12
അവൻെറ വാക്കു കേട്ടിട്ടു ദിവ്യമാമുടലേന്തിനാൾ;
അതിൻപൊലിമ കണ്ടിട്ടു സൎവ്വാംഗാൽത്തൂകിനാനവൻ. 13
ദേവിയെസ്സേചനംചെയ്താനെല്ലാടത്തും ഹുതാശനൻ;
ഗംഗയും സൎവ്വസ്രോതസ്സും നിറഞ്ഞു രഘുനന്ദന. 14
സൎവ്വദേവാഗ്രസരനാമവനോടോതി ഗംഗയും,
അത്തീയിനാൽദ്ദഹിപ്പിയ്ക്കപ്പെട്ടു വേദനകൊൾകയാൽ:— 15
'ആളല്ലേ ദേവ, ഞാൻ വാഴ്കും നിൻതേജസ്സു ധരിയ്ക്കുവാൻ.'
ഗംഗയോടിതുടൻ ചൊന്നാൻ സൎവ്വദേവഹുതാശനൻ:— 16
'ന്യസിച്ചുകൊള്ളുകിഗ്ഗൎഭം ഹിമവൽപാദഭൂവിതിൽ.'
ഈയഗ്നിവാക്കാലനഘ, ഗംഗയഗ്ഗൎഭമുജ്ജ്വലം 17
സ്രോതസ്സുകളിൽനിന്നങ്ങു വിസൎജ്ജിച്ചാൾ മഹാദ്യുതേ.
അവൾക്കു തംകനിറമോടെന്തെല്ലാം നിൎഗ്ഗമിച്ചുവോ, 18
അതുഴിമേൽ വീണമലവെള്ളിയും നല്ല പൊന്നുമായ്;
തൈക്ഷ്ണ്യത്തിൽനിന്നങ്ങുളവായ് കാരിരിംപഥ ചെംപിവ. 19
അവൾതൻെറയഴുക്കിങ്കൽനിന്നോ, തകരമീയവും;
ഇതെല്ലാമൂഴിമേൽ വീണു വളൎന്നു പല ധാതുവായ്. 20
ഗൎഭം ന്യസിച്ചതോടൊപ്പം തേജസ്സുകൾ പരക്കയാൽ
സുവൎണ്ണമയമായ്ത്തീൎന്നിതശ്ശൈലവനമൊക്കയും. 21
ജാതരൂപാഖ്യമായ്പ്പൊന്നിതന്നുതൊട്ടിട്ടു രാഘവ,
തിയ്യിന്നൊപ്പം തിളങ്ങുന്ന കനകം പുരുഷൎഷഭ; 22
പുൽ മരം ചെടി വള്ളിക്കെട്ടൊക്കയും പൊന്നുതന്നെയായ്.
അതിൽപ്പിറന്നൊരുണ്ണിയ്ക്കു, ചേൎന്നൊത്തിന്ദ്രാദിദേവകൾ 23
ഏല്പെട്ടത്തീ മുലകൊടുപ്പാനായ്ക്കൃത്തികമാർകളെ.
ആപ്പെററവീണ പൈതല്ക്കു നറുമുലപ്പാലു നല്കിനാർ, 24

Digitized By Kerala Sahitya Akademi

'ഞങ്ങൾക്കെല്ലാം മകനിവനെ'ന്ന തീർച്ച കുറിച്ചവർ.
ഉടനേ ചൊല്ലിനാർ വാനോരെല്ലാ,'മില്ലൊരു സംശയം: 25
ഉണ്ണി കീർത്തിപ്പെടും കാർത്തികേയനെന്നു ജഗത്ത്രയേ.'
അവർ ചൊന്നതു കേട്ടിട്ടു, ഗർഭാംബുസ്കന്നഗാത്രനെ 26
കുളിപ്പിച്ചാർ, പെരുംശ്രീയാലാളുമഗ്നിക്കു തുല്യനെ.
സ്കന്ദനെന്നോതിനാർ, വാനോർ, ഗർഭാംബുസ്കന്നനാകയാൽ 27
കാകുത്സ്ഥ, തീയ്യൊത്ത മഹാഭാഗനാം കാർത്തികേയനെ.
ചുരന്നു നറുമുലപ്പാലങ്ങാറു കൃത്തികമാർക്കുമേ; 28
പാനംചെയ്യാനറുമുഖനായിത്തീർന്നപ്പയസ്സവൻ.
പാൽ നുകർന്നൊരുനാൾകൊണ്ടു സുകുമാരകളേബരൻ 29
ജയിച്ചാൻ നിജവീര്യത്താൽദൈത്യപ്പടകളെ പ്രഭു.
ആ നിസ്തുല്യപ്രതാപന്നു, ചേർന്നൊത്തഗ്ന്യാദിദേവകൾ 30
ദേവസേനാപതിസ്ഥാനത്തഭിഷേകം നടത്തിനാർ.
വിസ്തരിച്ചോതിനേനേവം ഗംഗതൻ കഥ രാമ, ഞാൻ, 31
പുണ്യവും ശോഭനവുമാം കുമാരനുടെ ജന്മവും.
കാകുത്സ്ഥ, കാർത്തികേയങ്കൽബ്ഭക്തനാം നരനൂഴിയിൽ 32
സാപത്യനായ്ച്ചിരായുസ്സായ്, സ്കന്ദലോകമണഞ്ഞിടും.

---

## മുപ്പത്തെട്ടാം സർഗ്ഗം: സഗരപുത്രജന്മം.

രാമനോടീസ്സമധുരാക്ഷരം കഥ കഥിച്ചുടൻ
മറ്റൊന്നു ചൊല്ലിനാൻ വീണ്ടും കാകുത്സ്ഥനോടു കൗശികൻ:— 1
"വാണാനയോധ്യയിൽപ്പണ്ടൊരരചൻ സഗരാഹ്വയൻ;
പ്രജാലാഭം കൊതിച്ചാനദ്ധാർമ്മികൻ ശൂരനപ്രജൻ. 2
സഗരന്നാദ്യയാം പത്നി, രാമ, കേശിനിയെന്നവൾ
വൈദർഭപുത്രി ധർമ്മിഷ്ഠ സത്യമേ പറയുന്നവൾ; 3
ദ്വിതീയപത്നി സഗരന്നസ്സുപർണ്ണന്റെ സോദരി,
അരിഷ്ടനേമിതൻ പുത്രിയാകും സുമതിയെന്നവൾ. 4
ആ രണ്ടു പത്നിമാരൊത്തു തപം ചെയ്യാൻ നരേശ്വരൻ
ഹിമവാങ്കലണഞ്ഞിട്ടു ഭൃഗുപ്രസ്രവണാദ്രിയിൽ. 5

Digitized By Kerala Sahitya Akademi

ആറാറാണ്ടൊന്നു തികഞ്ഞാറേ, തപസ്സാൽപ്പൂജിതൻ മുനി
സഗരന്നു വരം നല്കീ ഭൃഗു സത്യവദാംവരൻ:— 6
'ഉണ്ടാം,മങ്ങൾക്കു വളരെസ്സന്താനങ്ങളകല്മഷ,
പാരിൽ നേരററ പുകളുമുളവാം പുരുഷർഷഭ. 7
ഒരുത്തി തേ വത്സ, പെറും വംശകൃത്താമൊരുണ്ണിയെ;
മററവൾക്കുളവാം പുത്രരിരുമുപ്പതിനായിരം.' 8
എന്നോതുമാ മഹാത്മാവെ പ്രസാദിപ്പിച്ചു ചൊല്ലിനാർ
പാരം മോദിച്ചു തൊഴുകൈ പൂണ്ടാ രാജകുമാരിമാർ:— 9
'ഒരുണ്ണിയാക്കിതിൽ ബ്രഹ്മൻ? വളരെപ്പേരെയാർ പെറും?
കേൾപ്പാനുണ്ടാഗ്രഹം ബ്രഹ്മൻ, സത്യമാകട്ടെ നിൻമൊഴി!' 10
അവർതൻ വാക്കു കേട്ടിട്ടു മഹാധാൎമ്മികനാം ഭൃഗു
തികച്ചുമരുളിച്ചെയ്തു, 'നിഷ്ടംപോലായിടാമിതിൽ; 11
വംശകൃത്തേകനോ വേണ്ടു, പലപേരോ മഹാബലർ
കീർത്തിമാന്മാർ മഹോത്സാഹരെ,വൎക്കേതു വരം പ്രിയം?' 12
മുനിതൻ മൊഴി കേട്ടിട്ടു രഘുനന്ദന, കേശിനി
വംശകൃത്തായ മകനെ വാങ്ങീ രാമ, നൃപാന്തികേ; 13
സുപൎണ്ണപ്പെങ്ങളാം സുമതി വാങ്ങീ പേരാണ്ട പുത്രരെ,
പ്രോത്സാഹരാമറുപതിനായിരംപേർകളെത്തദാ. 14
ഋഷിയെത്താനു വന്ദിച്ചു വലംവെച്ചു സഭാര്യനായ്
തിരിച്ചാൻ തൻപുരിയിലെയ്ക്കരചൻ രഘുനന്ദന. 15
തെല്ലു കാലം കഴിഞ്ഞാറേ പെററു ജ്യേഷ്ഠത്തി കേശിനി
അസമഞ്ജാഖ്യനായോരു സഗരാത്മജനുണ്ണിയെ. 16
ഒരുപിണ്ഡം നരവ്യാഘ്ര, പെററാൾ സുമതിയെന്നവൾ;
പിണ്ഡം പിളന്നറുപതിനായിരം സുതർ ജാതരായ്. 17
വളർത്തിപ്പോന്നിതവരെ ധാത്രിമാർ നെയ്ക്കുടങ്ങളിൽ;
യൌവനം നേടിനാരേറെക്കാലംകൊണ്ടവരേവരും; 18
രൂപതാരുണ്യയുതരായ്ച്ചമഞ്ഞാർ നെടുനാളിനാൽ,
സഗരൻതന്നറുപതിനായിരം പുത്രരങ്ങിനെ. 19
സഗരൻതന്റെയാ മൂത്ത മകൻ നിത്യം കകുത്സ്ഥജ,
പൈതങ്ങളെ നരശ്രേഷ്ഠ, പിടിച്ചു സരയൂജലേ 20
കൊണ്ടിട്ടിട്ട,വർ മുങ്ങീടുന്നതു നോക്കിച്ചിരിച്ചിടും.

Digitized By Kerala Sahitya Akademi

ഇത്തരം ദുർന്നടപ്പോടേ സാധുദ്രോഹങ്ങൾ ചെയ്കയാൽ
പൌരർക്കഹിതനായ്ത്തീർന്ന പുത്രനൊപ്പോക്കിനാൻ പുരാൽ. 21
അസമഞ്ജന്റെ മകനാമംശുമാനെന്ന വീരനോ,
സമ്മതൻ ജനതയ്ക്കെല്ലാ,മെല്ലാവർക്കും പ്രിയംവദൻ. 22
നീണാൾ കഴിഞ്ഞതിൽപ്പിന്നെസ്സഗരൻ നരസത്തമ,
ഒരു യാഗം കഴിക്കേണമെന്നുറച്ചാൻ മനസ്സിനാൽ. 23
യാഗം ചെയ്വാനുറച്ചിട്ട രാമ, വേദജ്ഞനാമവൻ
പുരോഹിതരൊടൊന്നിച്ചു യജിപ്പാനായൊരുങ്ങിനാൻ.'' 24

---

## മുപ്പത്തൊമ്പതാം സർഗ്ഗം: സഗരാശ്വഹരണം.

വിശ്വാമിത്രോക്തി കേട്ടിട്ട കഥാന്തേ രഘുനന്ദനൻ
ഏരിതീയ്ക്കൊത്ത മുനിയോടതിമോദേന ചൊല്ലിനാൻ:— 1
'സവിസ്തരം കേൾക്കണമെന്നുണ്ട, തേ ഭദ്ര,മിക്കഥ:
എന്റെ പൂർവ്വകനെങ്ങിന്നും നടത്തീ യാഗമന്തണ!' 2
കൌശികൻ പുഞ്ചിരിക്കൊണ്ട കാകുത്സ്ഥനൊട്ട ചൊല്ലിനാൻ:—
''കേൾ, മഹാൻ സഗരൻതന്റെ കഥ രാമ, സവിസ്തരം: 3
ശിവന്റെ ഭാര്യതന്നച്ഛൻ ഹിമവാനാം മഹാദ്രിയും
വിന്ധ്യപർവ്വതവും നേരേ നോക്കിനില്ക്കുന്നു തങ്ങളിൽ; 4
അതിൻനടുക്കാണ നടന്നതാ യജ്ഞം നരോത്തമ:
പ്രശസ്തമല്ലോ, യജ്ഞത്തിന്നദ്ദേശം പുരുഷർഷഭ. 5
പിന്തുടന്നാൻ കുതിരയെക്കാകുത്സ്ഥ, സഗരാജ്ഞയാ
ദൃഢമാം വില്ലുമായുണ്ണി, പെരുംതേരാളിയംശുമാൻ. 6
യജ്ഞമങ്ങു നടക്കുംപോളവൻതൻ യജ്ഞവാജിയെ
കവന്നാൻ രാക്ഷസാകാരം പൂണ്ട പാർവ്വത്തിലുംപർകോൻ. 7
മഹാത്മാവിന്റെയശ്വത്തെക്കാകുത്സ്ഥ, കവരുംവിധൌ,
വാധ്യാന്മാരേവരുംകൂടി യജമാനനൊടോതിനാർ:— 8
'പർവ്വത്തിങ്കലിതാ, കൊണ്ടുമണ്ടുന്നു യജ്ഞവാജിയെ;
ഹത്താവെക്കൊല്ലു കാകുത്സ്ഥ, വരുത്തുക ഹയത്തെയും: 9
യജ്ഞത്തെററിയു നമ്മൾക്കെല്ലാർക്കും ദോഷത്തിനാസ്പദം;
അതിനാൽച്ചെയ്ക, യജ്ഞത്തിൽത്തെറേറശാത്തവിധം നൃപ.' 10



Digitized By Kerala Sahitya Akademi

വാധ്യായന്മാരുടെ വാക്യം കേട്ടസ്സദസ്സിൽ മഹീപതി
ചൊന്നാനീമട്ടറുപതിനായിരം പുത്രർതമ്മോടായ്:— 11
'അരക്കർ കേറകില്ലിങ്ങു പുത്രരേ, പരുഷേന്ദ്രരേ;
മന്ത്രശുദ്ധർ മഹാഭാഗർ വാഴ്വതല്ലോ മഹാമഖം. 12
അതിനാൽച്ചെൽവിനാരാഞ്ഞിൻ, നന്മ നിങ്ങൾക്ക പുത്രരേ:
ആഴി ചുററിയ മന്നിങ്കലാകവേ ചെന്നുനോക്കുവിൻ; 13
ഓരോ യോജന വിസ്താരം പുത്രരേ, ചെന്നുനോക്കുവിൻ;
തുരംഗമത്തെക്കണ്ടെത്തുംവരെയൂഴി കുഴിക്കുവിൻ, 14
അശ്വത്തെക്കട്ടവനെയും തേടിക്കൊണ്ടെൻറയാജ്ഞയാ.
ദീക്ഷിച്ച ഞാൻ പൌത്രനോടൊത്തുപാധ്യായസമേതനായ് 15
ഇങ്ങിരിപ്പൻ, ശുഭം നിങ്ങൾക്ക,ശ്വത്തെക്കണ്ടിടുംവരെ.'
എന്നച്ഛനരുളിച്ചെയ്കയാലേ രാമ, നൃപാത്മജർ
പോയാർ മന്നിന്നടിയിലെഴ്ത്തിംപം പൂണ്ടു മഹാബലർ: 16
ഓരോരോ യോജന ശരിക്കോരോരുത്തൻ പിളർത്തിനാൻ
ഭൂമിയെപ്പുരുഷവ്യാഘ്ര, വജ്രസ്പർശനഖങ്ങളാൽ. 7
ഇടിത്തീയെതിർശൂലത്താൽക്കൊടുംകരികളാലുമേ
പിളർത്തുംപോളൊലിക്കൊണ്ടു ധരിത്രി രഘുനന്ദന. 18
ഇട്ടരയ്ക്കപ്പെടുകയാൽച്ചുട്ടറെറാരൊലികൂട്ടിനാർ
നാഗാസുരരക്ഷോരിസ്സത്വങ്ങൾ കകുത്സ്ഥജ. 19
യോജനപ്പാടറുപതിനായിരം രഘുനന്ദന,
പിളർത്താഴി വീരന്മാർ തീരെപ്പാതാളമാംവിധം. 20
പർവ്വതാവൃതമാം ജംബൂദ്വീപേവം നരകുഞ്ജര,
കുഴിച്ചുകൊണ്ടു സർവ്വത്ര സഞ്ചരിച്ചാർ നൃപാത്മജർ. 21
അതിനാൽദ്ദേവഗന്ധർവ്വരസുരന്മാർ ഭുജംഗരും
ഉള്ളഴന്നേവരുംക്കൂടിച്ചെന്നു കണ്ടാർ വിരിഞ്ചനെ. 22
പേടിച്ചരണ്ടു മുഖവും വാടിയോരവരിങ്ങിനെ
പ്രസാദിപ്പിച്ചുണർത്തിച്ചാർ മഹാത്മാവാം വിരിഞ്ചനെ:— 23
'ഭഗവാനേ, കുഴിക്കുന്നു ഭൂവെല്ലാം സഗരാത്മജർ;
കൊൽവൂ ചുവട്ടിൽ മേവുന്ന മഹാന്മാരെയനേകരെ: 24
'ഇവൻ നമ്മുടെ യജ്ഞഘ്നനി,വനശ്വാപഹാരകൻ'
എന്നെ,ല്ലാദ്ദേഹികളെയും ഹനിപ്പൂ സഗരാത്മജർ.' 25

---

Digitized By Kerala Sahitya Akademi

## നാല്പതാം സർഗ്ഗം: കപിലദർശനം.

വാനോർതൻ വാക്കു കേട്ടിട്ടു ഭഗവാനാം വിരിഞ്ചനും
ചൊന്നാൻ സന്ത്രസ്തരാം കാലബലമോഹിതരോടുടൻ; 1
"ധീമാനാം വാസുദേവൻെറയല്ലോ ക്ഷിതിയിതൊക്കയും:
കപിലാകൃതിയായിട്ടു ധരിപ്പൂ ധരയെസ്സദാ; 2
അവൻെറയരിശത്തീയിൽ വെന്തുകൊള്ളും നൃപാത്മജർ.
കണ്ടിട്ടുള്ളതുമാണെ,ന്നെന്നേക്കുമൂഴി പിളത്തലും, 3
ദീർഘായുസ്സുകളല്ലാത്ത സാഗരക്കു വിനാശവും.'
വിരിഞ്ചമൊഴി കേട്ടേററമാഹ്ലാദംപൂണ്ടരിന്ദമ, 4
പോയ്ക്കൊണ്ടാർ വന്നവഴിയേ വിണ്ണോർ മുപ്പത്തിമൂവ്വരും.

ആ മഹാത്മാക്കളാം സഗരപുത്രരൂഴി പിളത്തവേ
മുഴങ്ങിക്കൊണ്ടിരുന്നു, പാഴിടിയ്ക്കൊക്കുന്ന നിസ്വനം. 5
പാരൊട്ടുക്കു പിളത്തിട്ടു ബലവുംവെച്ചു നീളവേ
സഗരാത്മജരെല്ലാരുംകൂടിയച്ഛനൊടോതിനാർ:— 6
നടന്നുനോക്കി മന്നെല്ലാം, മൂടിച്ചു നൽക്കരുത്തരെ
ദേവാസുരപിശാചാഹികിന്നരാശരർതമ്മെയും. 7
കാണുന്നീലക്കുതിരയെക്കുതിരക്കള്ളനേയുമേ;
എന്തു ചെയ്യേണ്ടു? ഭദ്രം തേ, വേണ്ടതിങ്ങു നിനയ്ക്കുക.' 8
അപ്പുത്രരുടെയാ വാക്കു കേട്ടിട്ടു രഘുനന്ദന,
രുഷ്ടനായരുളിച്ചെയ്താൻ സഗരൻ നൃപസത്തമൻ:— 9
'വീണ്ടും കുഴിപ്പിൻ, നിങ്ങൾക്കു നന്മ,യൂഴി പിളത്തുടൻ,
കുതിരക്കള്ളനെക്കിട്ടിപ്പിന്തിരിപ്പിൻ കൃതാർത്ഥരായ്!' 10
അച്ഛനായ മഹാത്മാവാം സഗരൻെറ വചസ്സിനാൽ
പുത്രർ ഷഷ്ടിസഹസ്രംപേർ പാതാളത്തെയ്ക്കു മണ്ടിനാർ. 11
എന്നിട്ടങ്ങു കുഴിയ്ക്കുംപോൾകണ്ടാർ പർവ്വതതുല്യനെ,
മന്നിനെത്താങ്ങിന വിരൂപാക്ഷനാം ദിഗ്ഗജത്തിനെ: 12
മാടും കാടും പെടും ഭൂമിയൊക്കയും രഘുനന്ദന,
ശിരസ്സുകൊണ്ടു താങ്ങുന്നു വിരൂപാക്ഷമഹാഗജം. 13
ചിലകാലത്തു വാട്ടത്താൽ വിശ്രാന്തിയ്ക്കായ് മഹാഗജം
കാകുത്സ്ഥ, തലയാട്ടുംപോളത്രേ, ഭൂകമ്പസംഭവം. 14

Digitized By Kerala Sahitya Akademi

വലത്തുവെച്ചാദ്രിക്പാലനാകും പെരിയ കൊമ്പനെ
മാനിച്ചു രാമ, പോയ്ക്കൊണ്ടാർ പാതാളത്തെപ്പിളർത്തവർ. 15
കിഴക്കേദ്ദിക്കതു പിളർത്തഥ തെക്കു പിളർത്തിനാർ;
തെക്കേദ്ദിക്കിലുമക്കൂട്ടർ കണ്ടു വലിയൊരാനയെ: 16
വണ്ണമേറ്റാൽ മാമലയ്ക്കൊത്ത മഹാപത്മസമാഖ്യനെ;
തലയാൽപ്പാർ വഹിപ്പോനെക്കണ്ടിട്ടദ്ഭുതമാണ്ടുപോയ്. 17
വലംവെച്ചു, മഹാത്മാവാം സഗരൻെറ കുമാരകർ
പതിററായിരംപേർകൾ പടിഞ്ഞാറു പിളർത്തിനാർ. 18
കണ്ടാരവർ പടിഞ്ഞാറേദ്ദിക്കിലും ബലശാലികൾ
മാമലയ്ക്കൊത്തിട്ടും സൌമനസമാം ദിഗ്ഗജത്തിനെ. 19
വലത്തുവെച്ചു, കുശലപ്രശ്നവും തത്ര ചെയ്തുടൻ
കുഴിച്ചുംകൊണ്ടു പോയ്ക്കൊണ്ടാർ വടക്കേദ്ദിക്കിലേയ്ക്കവർ. 20
വടക്കഥ രഘുശ്രേഷ്ഠ, കണ്ടാർ, മഞ്ഞിൻവെള്ളപ്പൊട്ടും
ഭദ്രമെയ്യാലുലകിതു താങ്ങിനില്ക്കുന്ന ഭദ്രനെ. 21
അതിനെത്തൊട്ടുതൊഴുതു വലവുംവെച്ചു സവരും,
പുത്രർ ഷഷ്ടിസഹസ്രംപേർ പാർത്തലത്തെപ്പിളർത്തിനാർ. 22
പിന്നെപ്പുകഴമീശാനകോണിൽച്ചെന്നിട്ടു സാഗരർ
കുഴിച്ചാരുഴി ചൊടിയാൽസ്സഗരാത്മജരേവരും. 23
അങ്ങാ മഹാന്മാരെപ്പേരും ഭീമവേഗർ മഹാബലർ
കണ്ടെത്തിനാരവ്യയനാം കപിലൻ വാസുദേവനെ, 24
അദ്ദേവൻെറ സമീപത്തു മേയുന്ന തുരഗത്തെയും.
അതിനാൽ നിസ്തുല്യമിമ്പം പൂണ്ടേവരും രഘുനന്ദന, 25
അശ്വത്തെക്കട്ടതിവനെന്നവർ കോപാകുലാക്ഷരായ്;
കരിപാരകൾ കൈക്കൊണ്ടും നാനാവൃക്ഷാശ്മമേന്തിയും 26
പാഞ്ഞെററാരരിശംകൊണ്ടു, നില്ലുനില്ലെന്നുമോതിനാർ.
‘കട്ടുവല്ലോ ഞങ്ങളുടെ യാഗാശ്വത്തെത്തൂരാശ, നീ; 27
അറിഞ്ഞുകൊള്ളുകീ, വന്ന ഞങ്ങളോ, സഗരാത്മജർ!’
അവർതൻ വാക്കു കേട്ടിട്ടു കപിലൻ രഘുനന്ദന, 28
ഒരു ഹുംകാരമങ്ങിട്ടാൻ പെരുതാമരിശത്തൊടേ.
അതൊന്നാൽത്താനപ്രമേയൻ കപിലൻ വിപുലാശയൻ 29
വെൺചാമ്പലാക്കീ കാകുത്സ്ഥ, സാഗരന്മാരെയൊക്കയും.

---

Digitized By Kerala Sahitya Akademi

## നാല്പത്തൊന്നാം സർഗ്ഗം: സഗരയജ്ഞസമാപനം.

പുത്രർ പോയിട്ടു നീണാളായെന്നോർത്തു രഘുനന്ദന,
തേജസ്സാളും പൌത്രനോടു ചൊന്നാൻ സഗരമന്നവൻ:— 1
'ശൂരൻ വിദ്യ പഠിച്ചോൻ നീ പൂർവ്വരൊക്കൊത്ത ദീപ്തിമാൻ;
തേടു പിതാക്കൾതൻ മാർഗ്ഗ,മശ്വത്തെക്കട്ടവന്റെയും. 2
വീറൊത്ത കൂറ്റൻജന്തുക്കളുണ്ടല്ലോ ധരണിക്കകം;
അവയെക്കൊല്ലുവാൻ വാളും വില്ലും കൈക്കൊണ്ടുകൊൾക നീ. 3
വന്ദ്യരെത്തൊഴുതും വിഘ്നം ചെയ്വോരെക്കൊന്നൊടുക്കിയും
കൃതാർത്ഥനായ്ത്തിരിച്ചെത്തുകെ,ൻയജ്ഞം നിറവേററുവാൻ.' 4
എന്നായ് മഹാനാം സഗരൻ വഴിപോലരുൾചെയ്കയാൽ
വില്ലു വാളിവ കൈക്കൊണ്ടു പോയാൻ ത്വരിതമംശുമാൻ. 5
പെരിയോരാം പിതാക്കന്മാർ കുഴിച്ചോരുഴിയുൾവഴി
പുക്കാനവൻ നരശ്രേഷ്ഠ, ഭൂപൻ ചൊല്ലിയയയ്ക്കയാൽ. 6
സുരാസുരരക്കന്മാർ പിശാചാഹിഖഗങ്ങളും
പൂജിക്കും ദിഗ്ഗജത്തെക്കണ്ടെത്തീ തേജസ്വിയാമവൻ. 7
വലത്തുവെച്ചു കുശലപ്രശ്നം ചെയ്തു,തിനോടവൻ
പിതാക്കളെയും ചോദിച്ചാൻ കുതിരക്കള്ളനേയുമേ. 8
അംശുമാനുടെ ചോദ്യം കേട്ടുത്തരം ചൊല്ലി ദിഗ്ഗജം:—
'ആസമഞ്ജേ, കൃതാർത്ഥൻ നീയശ്വത്തെക്കൊണ്ടുപോം ദ്രുതം.' 9
അതിന്റെയാ വാക്കു കേട്ടു ദിഗ്ഗജങ്ങളൊടൊക്കയും
ക്രമംപോലെ തരംപോലേ ചോദിപ്പാനായ്ത്തുടങ്ങിനാൻ. 10
അദ്ദിക്പാലകരെപ്പേരും വാക്യകോവിദർ വാഗ്മികൾ
'കൊണ്ടുപോം നീ തുരംഗത്തെ'യെന്നോ മാനിച്ചു ചൊല്ലിനാർ. 11
അവർതൻ വാക്കു കേട്ടിട്ടു ചെന്നണഞ്ഞാനതിദ്രുതം,
സാഗരന്മാർ, തൽപ്പിതാക്കൾ, ചാമ്പലായ്ച്ചമഞ്ഞേടം. 12
അഴലിന്നടിപെട്ടോനാമസമഞ്ജജനപ്പോഴോ,
മുറയിട്ടാൻ തദ്വധത്താലഴൽ മൂർത്തതിദീനനായ്. 13
അവിടെച്ചാരവേ മേയും യജ്ഞീയതുരഗത്തെയും
കണ്ടു പുരുഷശാർദ്ദൂലൻ ദുഃഖശോകമിയന്നവൻ. 14
ആ രാജപുത്രർക്കുദകം നല്കാനായ് നീർ തിരഞ്ഞതിൽ,
വെള്ളമുള്ളോരിടം കണ്ടെത്തീലാ തേജസ്വിയാമവൻ. 15

Digitized By Kerala Sahitya Akademi

രാമ, കണ്ടെത്തിനാൻ പിന്നെക്കണ്ണു നന്നായ് നടത്തവേ,
പിതൃമാതുലനാം കാററിന്നൊത്ത താർക്ഷ്യഖഗേന്ദ്രനെ. 16
ഇവനോടോതിനാനേോജസ്സേറുമാ വൈനതേയനും:—
'മാഴ്കൊലാ പുരുഷവ്യാഘ്ര, ലോകസമ്മതമീ വധം: 17
അമേയൻ കപിലൻ ചുട്ടോരല്ലോ, പ്രബലരാമിവർ;
ഇവക്കു ലൌകികജലം കൊടുത്താൽപ്പോര വിജ്ഞ, നീ. 18
ഹിമാദ്രിതൻ മൂത്ത മകാം ഗംഗയില്ലേ നരഷഭ;
അതിൽച്ചെയ്യു മഹാബാഹോ, പിതാക്കൾക്കുദകക്രിയ. 19
വെണ്ണീർക്കുന്നാകുമിവരെ മുക്കണം ലോകപാവനി:
ഈ വെണ്ണീറിനെയാ വിശ്വപ്രിയ ഗംഗ കുതിക്കകിൽ, 20
പതിററായിരംപേരാം പുത്രർ വിണ്ണിലണഞ്ഞിടും.
അശ്വത്തെക്കൊണ്ടു പോയ്ക്കൊൾക മഹാഭാഗ, നരഷഭ; 21
മുത്തച്ഛനുടെയാ യജ്ഞം മുഴമിപ്പിയ്ക്ക വീര, നീ.'
സുപർണ്ണവാക്കു കേട്ടിട്ടാസ്സുമഹാവീര്യനംശുമാൻ
ചിക്കെന്നശ്വത്തെയുംകൊണ്ടു തിരിച്ചാൻ കീർത്തി ചീർത്തവൻ. 22
ദീക്ഷിച്ചിരിയ്ക്കും നൃപനെയണഞ്ഞു രഘുനന്ദന,
കഥയെല്ലാമുണർത്തിച്ചാൻ, സുപർണ്ണനരുൾചെയ്തതും. 23
അംശുമാൻ ചൊല്ലിയ കൊടുംവാർത്ത കേട്ടു നൃപാലകൻ
യജ്ഞത്തെ മുഴമിപ്പിച്ചാൻ ക്രമേണ വിധിപോലവേ. 24
ശ്രീമാൻ സ്വപുരവും പൂകീ യജ്ഞം ചെയ്തിട്ടു മന്നവൻ;
എന്നാൽഗ്ഗംഗയെയെത്തിപ്പാൻ തീർപ്പു കണ്ടീല തമ്പുരാൻ. 25
തീർപ്പു തോന്നാതെ വളരെക്കാലംകൊണ്ടു, മഹാൻ നൃപൻ
മുപ്പതായിരമാണ്ടുഴി വാണു വിണ്ടലമേറിനാൻ. 26

## നാല്പത്തിരണ്ടാം സർഗ്ഗം: ഭഗീരഥോൽപത്തി.

സഗരൻ രാമ, തീർപ്പെട്ടുപോകയാലന്നു മന്ത്രിമാർ
ധർമ്മിഷ്ഠനാമംശുമാനെ രാജാവാക്കാനൊരുങ്ങിനാർ. 1
ആയംശുമാനും പെരിയ രാജാവായ് രഘുനന്ദന;
അവനുണ്ടായ് ദിലീപാഖ്യനായുള്ളോരു മകൻ മഹാൻ. 2

Digitized By Kerala Sahitya Akademi

രാജ്യത്തെയഥ ദിലീപങ്കലർപ്പിച്ചു രഘുനന്ദന,
ഹിമവൽപുണ്യശൃംഗത്തിലനുഷ്ഠിച്ചാൻ കൊടുംതപം. 3
മുപ്പത്തീരായിരംകൊല്ലം തപോവനനിവാസിയായ്
തപോധനനവൻ രാമ, വിൺ പുക്കാനതികീർത്തിമാൻ. 4
ദിലീപനോ, സുതേജസ്വി മുത്തച്ഛർതൻ വധം
കേട്ടു മാൽ പെട്ട മതിയാൽക്കണ്ടെത്തീലൊരു തീർപ്പുമേ: 5
'എന്തുട്ടു ഗംഗാഗമ,മെന്തുട്ടുവക്കുദകക്രിയ,
എന്തുട്ടിലവരെക്കേറവു?'മെന്നു ചിന്തയിലാണ്ടുഃപായ്. 6
നിത്യം ധർമ്മത്തിൽ വിദിതാത്മാവവൻ ചിന്ത ചെയ്യവേ,
ഉണ്ടായ് ഭഗീരഥപ്പേരാണ്ടൊരുണ്ണിയതിധാർമ്മികൻ. 7
യാഗങ്ങളും വളരെച്ചെയ്തു തേജസ്സേറും ദിലീപനും
രാജ്യം ഭരിച്ചാൻ രാജാവായാ,ണ്ടു മുപ്പതിനായിരം. 8
അവരെക്കേറവാൻ തക്ക തീർപ്പു തോന്നാതെ മന്നവൻ
രോഗത്താൽ നരശാർദ്ദൂല, കാലധർമ്മമണഞ്ഞുപോയ്. 9
താൻ ചെയ്തുവെച്ച കർമ്മത്താൽത്തന്നേ വിണ്ണേറിനാൻ നൃപൻ,
പുത്രൻ ഭഗീരഥൻതങ്കൽ നാടർപ്പിച്ചു നരർഷഭൻ. 10

ഭഗീരഥനൃപർഷിയ്ക്കോ കുഞ്ഞുണ്ടായീല രാഘവ;
അനപത്യനപത്യേച്ഛുവസ്സുതേജസ്വി ധാർമ്മികൻ 11
തൻനാടമാത്യരിൽച്ചേർത്തു, ഗംഗാവതരണത്തിനായ്
നെടുതായ തപം ചെയ്താൻ ഗോകർണ്ണത്തു രഘൂദ്വഹ, 12
പഞ്ചാഗ്നിമധ്യേ കൈ പൊക്കിത്തിങ്ങളൊക്കുണ്ണായ് ജിതേന്ദ്രിയൻ.
കൊടുംതപസ്സു ചെയ്തുംകൊണ്ടനേകായിരമാണ്ടുകൾ 13
കഴിഞ്ഞപ്പോൾ മഹാബാഹോ, മഹാനാമമ്മഹീശനിൽ
തുലോം തെളിഞ്ഞു ഭഗവാൻ ബ്രഹ്മാവീശൻ പ്രജാപതി. 14
പിന്നെദ്ദേവഗണത്തോടും വന്നണഞ്ഞു പിതാമഹൻ
തപം ചെയ്യും മഹാത്മാവാം ഭഗീരഥനൊടോതിനാൻ:— 15
'ഭഗീരഥ, മഹാഭാഗ, തെളിഞ്ഞേൻ നിന്നിൽ ഞാൻ നൃപ,
നന്നായ്ച്ചെയ്ത തപസ്സാലേ; വരം വാങ്ങുക സുവ്രത.' 16
തേജസ്വിയസ്സർവ്വജഗൽപ്പിതാമഹനൊടോതിനാൻ
കൈക്കൂപ്പിയരികേ നിന്നു മഹാഭാഗൻ ഭഗീരഥൻ:— 17
'ഭഗവാൻ പ്രീതനായെങ്കിൽ,സ്സഫലം തപമെങ്കിൽ മേ,
തണ്ണീർ നേടേണമെങ്കയ്യാൽസ്സഗരാത്മജരേവരും. 18

Digitized By Kerala Sahitya Akademi

ആ മഹാത്മാക്കൾതൻ ഭസ്മം ഗംഗാംഭസ്സിൽക്ഷതിക്കിലേ
പൂകു, ശാശ്വതമാം വിണ്ണെന്നൂത്തമൃത്തച്ഛരേവരും. 19
കല്പിച്ച നല്കുകിക്ഷ്വാകുവംശേ സന്തതിയും പ്രഭോ;
അറൊല്ലാ ഞങ്ങൾതൻ വംശം വേറേ വരമിതാണു മേ.' 20
ഏവം ചൊല്ലും നൃപനൊടായ്സ്സർവ്വലോകപിതാമഹൻ
ശുഭമാമുത്തരം ചൊന്നാൻ മധുരം മധുരാക്ഷരം: 21
'മനോരഥം വലുതിതു ഭഗീരഥ, മഹാരഥ;
ഇമ്മട്ടാകട്ടെ, തേ ഭദ്ര,മിക്ഷ്വാകുകുലവർദ്ധന! 22
ഹിമവാൻതൻ മൂത്ത മകളീ ഹൈമവതി ഗംഗയെ
താങ്ങാൻ കെല്പുള്ള ഹരനെയൊരുങ്ങിയ്ക്കുക,തിനു നീ. 23
രാജാവേ, ഗംഗതൻ ചാട്ടം പൊറുക്കാ വീര, മേദിനി;
ഞാൻ കാണ്മീല,തിനെത്താങ്ങാൻ ശിവനല്ലാതൊരാളെയും.' 24
എന്നു മന്നവനോടോതി,ഗ്ഗംഗയോടും പറഞ്ഞുടൻ
വിണ്ടലത്തെയ്ക്കെഴുന്നള്ളീ മരുദ്ദേവാനപിതൻ വിധി. 25

---

## നാല്പത്തിമൂന്നാം സർഗ്ഗം: ഗംഗാവതരണം.

ദേവേശൻ പോയതിൻശേഷം സേവിച്ചാൻ രാമ, പേർത്തവൻ
കാൽവൻവിരൽത്തുമ്പു നിലത്തൂന്നിനിന്നൊരു വത്സരം. 1
വർഷമൊന്നു തികഞ്ഞാറേ, പാരൊട്ടുക്ക പണിഞ്ഞവൻ
പാർവ്വതീശൻ പശുപതി രാജാവോടിതു ചൊല്ലിനാൻ:— 2
'തെളിഞ്ഞേൻ നിന്നിൽ മർത്ത്യേന്ദ്ര; ചെയ്തിടാം നിൻപ്രിയത്തെ ഞാൻ:
ശിരസ്സുകൊണ്ടു താങ്ങാം ഞാൻ മാമലപ്പെൺകിടാവിനെ.' 3
പാരെല്ലാമേ പണിയുമാ ഹിമവജ്ജ്യേഷ്ഠപുത്രിയും
വണ്ണമേറ്റോടേ പൊറുക്കാവല്ലാത്തൊരുക്കമെട്ടുത്തുടൻ 4
വാനിൽനിന്നൊഴുകീ രാമ, ശിവമാം ശിവമൌലിയിൽ;
നിനച്ചാൾ തെല്ലുമ താങ്ങാവല്ലാത്താഗ്ഗംഗ, ദേവിയാൾ:— 5
'ഒഴുക്കാൽശ്ശംഭുവെക്കൊണ്ടു പൂകുവാൻ ഞാൻ രസാതലം.'
അവൾതൻ ഗർവ്വറിഞ്ഞിട്ടു രുഷ്ടനായ്ബ്ഭഗവാൻ ഹരൻ 6
മറച്ചുകളവാൻ തിട്ടം ചെയ്തുനിന്നാൻ ത്രിലോചനൻ.
ഹിമവത്തുല്യമായ് രാമ, ജടാജൂടഗഭീരമായ് 7

Digitized By Kerala Sahitya Akademi

പുണ്യമാം രുദ്രമൂർദ്ധാവിൽപ്പതിച്ചു പുണ്യയാമവൾ.
ഉരുമട്ടഴി പററാനാളായീലാ, നോക്കിയിട്ടവൾ: 8
നിഷ്ക്രാന്തി നേടില, ജടാജൂടത്തിൽ ഭ്രാന്തിയേല്ക്കയാൽ;
ചുററിനാളവിടെത്തന്നേ ദേവിയൊട്ടേറെ വത്സരം. 9
അവളെത്തത്ര കാണാഞ്ഞു വീണ്ടും ചെയ്താൻ പെരുംതപം;
അതിൽത്തുലോം മുദിതനായ്ച്ചമഞ്ഞു രഘുനന്ദന, 10
വിട്ടാൻ ബിന്ദുസരസ്സിങ്കലെയ്ക്കാ സ്വർഗ്ഗംഗയെശ്ശിവൻ.
കല്പിച്ചുവിട്ടപ്പോഴ,തിന്നുളവായേഴു ചാലുകൾ: 11
ഹ്ലാദിനീപാവനികൾ, പിന്നാലേ നളിനിയിങ്ങിനെ
മുഗ്ഗംഗകൾ കിഴക്കോട്ടു പോയീ നല്പുണ്യതോയകൾ; 12
സുചക്ഷുസ്സാ,വിധം സീത സിന്ധുവെന്ന മഹാനദി
ഇവ മൂന്നും പടിഞ്ഞാട്ടു പോയീ വിമലതോയകൾ; 13
അങ്ങേഴാമത്തു ഭഗീരഥനെപ്പിന്തുടർന്നിതേ.
ദിവ്യമാകിയ തേരേറിയാ രാജർഷി ഭഗീരഥൻ 14
മുമ്പേ പോന്നിതു തേജസ്വി, പിമ്പേ ചെന്നിതു ഗംഗയും.
വാനിൽനിന്നീശ്വരശിരസ്സതിൽനിന്നൂഴി പൂകിനാൾ; 15
വല്ലാത്തിരംപലും പൂണ്ടു വെള്ളമങ്ങു പരന്നുപോയ്.
മത്സ്യങ്ങൾ ശിംശുമാരങ്ങൾ കൂർമ്മങ്ങൾ മുതലായവ 16
വന്നുവീണുമുടൻ വീണുകൊണ്ടും ശോഭിച്ചു മേദിനി.
അങ്ങു ദേവർഷിഗന്ധർവ്വർ യക്ഷസിദ്ധഗണങ്ങളും 17
കണ്ടാർ, വാനിങ്കൽനിന്നാമട്ടൂഴിമേൽ വീണ ഗംഗയെ.
നഗരാഭവിമാനങ്ങള,ശ്വങ്ങൾ, കൊലയാനകൾ 18
ഇളകിത്തുള്ളുമിവയൊത്തങ്ങു നില്പായി ദേവകൾ.
പാരിൽത്തുലോമദ്ഭുതമഗ്ഗംഗാപതനമുത്തമം 19
കാണ്മാനായ് വന്നണഞ്ഞാരങ്ങോജസ്സേറിയ ദേവകൾ.
വന്നൊത്തും സുരരാലും, തദ്ഭൂഷണപ്രഭയാലുമേ, 20
നൂറർക്കൻ ചേർന്നതിൻവണ്ണം മിന്നീ നിർമ്മേഘമംബരം.
ശിംശുമാരോരഗവ്രാതത്താൽ,ച്ചാട്ടം മത്സ്യങ്ങളാലുമേ 21
മിന്നൽ ചിന്നിയപോലായിച്ചമഞ്ഞു ഗഗനം തദാ.
ആർന്നാറായ്ച്ചിതറിത്തിങ്ങീ വെൺനുരക്കൂട്ടമംബരേ, 22
പറക്കുമന്നങ്ങൾ പെട്ടും ശരൽക്കാർനിര പോലവേ.
ചിലേടമൂക്കിൽപ്പോകുന്നു, ചിലേടം കുടിലായതം, 23

Digitized By Kerala Sahitya Akademi

ചിലേടം പൊങ്ങിയും താന്നും, ചിലേടം മെല്ലെമെല്ലവേ;
ചിലേടത്തോ ജലം വീണ്ടും, ജലം തല്ലിയലയ്ക്കയാൽ 24
ഇടയ്ക്കിടയ്ക്കു മേല്പോട്ടേ പോയിട്ടൂഴിയിൽ വീഴ്കയായ്.
ശിവൻെറ നിറുകത്തട്ടിൽ വീണു, വീണ്ടും ധരിത്രിയിൽ 25
വീണു ശോഭിച്ചു, പാപത്തെപ്പോക്കുമാ സ്വച്ഛമാം ജലം.
അങ്ങു ദേവർഷിഗന്ധർവ്വർ വസുധാതലവാസികൾ 26
ശുദ്ധമെന്നുപയോഗിച്ചാരീശാംഗച്യുതമാം ജലം.
ശാപത്താൽ വാനലകിൽനിന്നൂഴിമേൽ വീണ കൂട്ടരും 27
ഗതകല്മഷരായ്ത്തീർന്നാരതിൽ സ്നാനം കഴിക്കയാൽ;
വിളങ്ങുമജ്ജലത്താലേ വീണ്ടും പാപമകന്നവർ 28
വീണ്ടും നഭസ്സിൽക്കയറി സ്വന്തം ലോകങ്ങൾ പൂകിനാർ.
ലോകർ മോദിച്ചു മോദിച്ചാരാ വിളങ്ങും ജലത്തിനാൽ; 29
ഗംഗയിൽ സ്നാനവും ചെയ്തു വാട്ടം കൈവിട്ടു മേവിനാർ.
ദിവ്യമാകിയ തേരേറിയാ രാജർഷി ഭഗീരഥൻ 30
മുമ്പേ ഗമിച്ചാൻ തേജസ്വി, പിമ്പേ പോന്നിതു ഗംഗയും.
ദേവർഷിമാരുമെല്ലാരും രക്ഷോദാനവദൈത്യരും 31
ഗന്ധർവ്വയക്ഷവരരും കിന്നരോരഗമുഖ്യരും
അപ്സരോവർഗ്ഗവും രാമ, ഭഗീരഥനു പിന്നിലായ് 32
ഗംഗയെപ്പിന്തുടർന്നെത്തീ പ്രീത്യാ ജലചരങ്ങളും.
എങ്ങോ ഭഗീരഥനൃപനങ്ങു ചൊല്ലുണ്ടു ഗംഗയും 33
പോന്നു നദികളിൽ ശ്രേഷ്ഠ, പാപമൊക്കെ മുടിപ്പവാം.
പില്പാടു ഗംഗ,യാശ്ചര്യകർമ്മാവായ്പ്പെരിയോനുമായ് 34
യജിക്കും ജഹ്നുവിന്നുടെ യാഗശാലയെ മുക്കിനാൾ.
അത്തള്ളൽ കണ്ടിട്ടരിശമുൾക്കൊണ്ടജ്ജഹ്നു രാഘവ, 35
കുടിച്ചാൻ ഗംഗതൻവെള്ളമൊട്ടുക്കെ,ന്തൊരു വിസ്മയം!
അതിൽദ്ദേവർഷിഗന്ധർവ്വരതിയാം വിസ്മയത്തൊടും 36
പുകഴ്ത്തിനാർ മഹാത്മാവാം സൽപുമാനായ ജഹ്നുവെ;
മഹാത്മാവിൻെറ മകളുമാക്കിനാരഥ ഗംഗയെ. 37
തേജസ്വി തുഷ്ടനായ് വീണ്ടും വിട്ടാൻ ചെവിവഴിക്കുടൻ;
അതിൽച്ചൊൽവൂ ഗംഗ, ജഹ്നുസുത ജാഹ്നവിയെന്നുമായ്. 38
ഭഗീരഥരഥത്തെപ്പിന്തുടർന്നു ഗംഗ പിന്നെയും.
സാഗരത്തിങ്കലുമണഞ്ഞിട്ടാ ശ്രേഷ്ഠതരംഗിണി 39

Digitized By Kerala Sahitya Akademi

പാതാളം ചെന്നകംപുക്കാറ് തൽകർമ്മം നിറവേററുവാൻ.
യത്നാൽഗ്ഗംഗയെയെത്തിച്ച ഭഗീരഥനൃപർഷിയും 40
കണ്ടു നീറാകിയ പിതാമഹരെദ്ദീനചിത്തനായ്.
ഉടനബ്ഭസ്മപുഞ്ജത്തെ നൽഗ്ഗാംഗാംബു നനയ്ക്കയാൽ 41
അവർ നിഷ്പാപരായ്ത്തീർന്നു വിണ്ണേറീ രഘുസത്തമ.

---

## നാല്പത്തിനാലാം സർഗ്ഗം: സാഗരോദകക്രിയ.

പിന്നാലെ ജാഹ്നവിയുമായ്സ്സാഗരം പൂകിയാ നൃപൻ
ചെന്നണഞ്ഞാന,വർ വെറുംനീറായ്ത്തീർന്ന രസാതലം. 1
ഭസ്മത്തെയങ്ങു ഗംഗാനീർ നനച്ചളവു രാഘവ,
സർവ്വലോകേശ്വരൻ ബ്രഹ്മാവേവം രാജാവൊടോതിനാൻ:— 2
‘നിൻകേററലാൽസ്സുരക്കൊപ്പം വിൺ പൂകിപ്പോയ് നരർഷഭ,
മഹാനാം സഗരൻതന്റെ പതിററായിരം സുതർ. 3
ലോകത്തിൽസ്സാഗരജലമുള്ള നാൾവരെ മന്നവ,
സഗരാത്മജർ വിണ്ണിങ്കൽ വാഴും, വിണ്ണോർപോലവേ. 4
ഇഗ്ഗംഗാനദി നിൻ മൂത്തമകളായും ഭവിച്ചിടും,
നീയിട്ട പേർകൊണ്ടുലകിൽ പ്രസിദ്ധിപ്പെട്ടു വാണിടും: 5
ദിവ്യ ഗംഗ ത്രിപഥഗ ഭാഗീരഥിയുമാം നൃപ;
മൂന്നു പന്ഥാവിലണകമൂലം ത്രിപഥഗാഖ്യയാം. 6
പിതാമഹന്മാർക്കെല്ലാർക്കും ചെയ്കിങ്ങുദകദാനവും;
പ്രതിജ്ഞ മുഴുമിപ്പിച്ചുകൊൾക നീ മനുജാധിപ. 7
ഈയഭീഷ്ടത്തെയാ നിന്റെ പൂർവ്വകൻ പുകളേറിയോൻ
നേടീലയല്ലോ, ധർമ്മിഷ്ഠന്മാരിൽവെച്ചഗ്ര്യനെങ്കിലും; 8
ഉണ്ണീ, ഗംഗയെയെത്തിപ്പാനാശിച്ചിട്ടംശുമാനുമേ
പ്രതിജ്ഞയൊപ്പിച്ചീലല്ലോ, ലോകേ തേജസ്സിൽ നിസ്തുലൻ. 9
മഹർഷിസമതേജസ്സാം രാജർഷി ഗുണസംയുതൻ
എന്നെപ്പോലെ തപസ്സുള്ളോൻ ക്ഷത്രധർമ്മത്തിൽ നില്പവൻ 10
സുതേജസ്വി മഹാഭാഗ, നിന്റെയച്ഛൻ ദിലീപനും
സമർത്ഥനായീലനഘ, ഗംഗയെക്കൊണ്ടുപോരുവാൻ. 11
ആ പ്രതിജ്ഞ കടന്നല്ലോ നീയിന്നു നരപുംഗവ;
പാരിൽത്തുലോം സമ്മതമാം മികച്ച പുകഴ് നേടി നീ. 12

Digitized By Kerala Sahitya Akademi

ഗംഗാവതരണം ചെയ്തുവെച്ചല്ലോ നീയരിന്ദമ;
ഇതുകൊണ്ടിഹ നീ നേടി മഹാധർമ്മപ്രതിഷ്ഠയും. 13
സ്നാനം ചെയ്ക നരശ്രേഷ്ഠ, നിത്യോചിതജലത്തിൽ നീ;
വിശുദ്ധനായ് പുണ്യഫലം ലഭിക്ക പുരുഷർഷഭ. 14
പിതാമഹന്മാർക്കെല്ലാർക്കുമുദകക്രിയ ചെയ്ക നീ;
ഗമിക്കുന്നേൻ സ്വലോകം; തേ സ്വസ്തി! പോയ്ക്കൊൾക മന്നവ.' 15
എന്നേവമോതിദ്ദേവേശൻ സർവ്വലോകപിതാമഹൻ
വന്നപോലെയെഴുന്നള്ളി, വിണ്ണിലെയ്ക്കതികീർത്തിമാൻ. 16
ശുഭമായ ജലം നല്കി ഭഗീരഥനൃപർഷിയും
ന്യായംപോലെ ക്രമംപോലെ സാഗരർക്കതികീർത്തിമാൻ. 17
ശുചിയായുദകം നല്കിത്തൻപുരം പുക്ക തമ്പുരാൻ
കൃതാർത്ഥനായ് രഘുശ്രേഷ്ഠ, തൻനാടും കാത്തു മേവിനാൻ. 18
അബ്ഭൂപനെ ലഭിച്ചിട്ടു ലോകം മോദിച്ചു രാഘവ,
ശോകം വിട്ടു സമൃദ്ധാർത്ഥമായി വാണിതനാമയം. 19
ഇഗ്ഗംഗാകഥ നിന്നോടു വിസ്തരിച്ചോതി രാമ, ഞാൻ;
സ്വസ്തി നേടുക, ഭദ്രം തേ, സന്ധ്യാകാലം കഴിഞ്ഞുപോയ്. 20
ദീർഘായുസ്സു ധനം കീർത്തി മക്കളും വിണ്ണിവ കൈവരും,
വിപ്രർക്കും ക്ഷത്രിയാദ്യർക്കും കേൾപ്പാനിക്കഥ ചൊല്ലുകിൽ; 21
പിതൃക്കളവനിൽ പ്രീതിപ്പെടുമേ, ദൈവതങ്ങളും.
മനസ്സുവെച്ചിച്ചരിതം ഗംഗാവതരണം ശുഭം 22
ശ്രവിക്കുവോനും കാകുത്സ്ഥ, നേടും കാമങ്ങളൊക്കയും;
പാപങ്ങളെല്ലാം മുടിയും; വാഴ്കു,മായുസ്സു കീർത്തിയും.'' 23

## നാല്പത്തഞ്ചാം സർഗ്ഗം: പാലാഴിമഥനം.

വിശ്വാമിത്രോക്തി കേട്ടിട്ടു ലക്ഷ്മണൻ ചേർന്ന രാഘവൻ
തികച്ചും വിസ്മയപ്പെട്ടു വിശ്വാമിത്രനൊടോതിനാൻ:— 1
'ബ്രഹ്മൻ, ഭവാനീയരുളിച്ചെയ്തത്യന്തമദ്ഭുതം:
ഗംഗാവതരണം പുണ്യം, സാഗരത്തെ നിറച്ചതും.' 2
അന്നു സൌമിത്രിയോടൊക്കമവന്നാ രാത്രിയൊക്കയും
വിശ്വാമിത്രോക്തസദ്വാർത്തയോർത്തുംകൊണ്ടു കഴിഞ്ഞുപോയ്. 3

Digitized By Kerala Sahitya Akademi

നേരം നന്നായ്പ്പുലർന്നാറേ ചൊന്നാൻ രാമനരിന്ദമൻ
ദിനകൃത്യാവസാനത്തിൽക്കൌശികർഷീന്ദ്രനോടിദം:— 4
'രാത്രിദേവിയെഴുന്നള്ളീ; കേട്ടു കേൾക്കേണ്ടതുത്തമം;
ഞങ്ങൾക്കീ രാത്രി നിമിഷംപോലായ്ത്തീർന്നു തപോനിധേ, 5
ഭവാനെമ്പാടുമീച്ചൊന്ന കഥയാകെ നിനയ്ക്കയാൽ.
കടക്ക നാം സരിന്മുഖ്യ പുണ്യത്രിപഥഗാനദി: 6
ഇതാ, സദ്വൃത്തർഷിമാരുടെ തോണി സുഖാസ്തൃതം,
ഭഗവാനെത്തിയതറിഞ്ഞിങ്ങണഞ്ഞിതു സത്വരം.' 7
മഹാത്മാവായ കാകുത്സ്ഥനുടെയാ വാക്കു കേട്ടുടൻ
കടന്നാനൃഷിസംഘത്തോടൊത്തു രാഘവസംയുതൻ. 8
മറ്റേക്കരയ്ക്കെത്തി, മുനിമാരെ മാനിച്ചയച്ചവർ
ഗംഗാകൂലസ്ഥരായ്ക്കണ്ടു വിശാലാഹ്വയമാം പുരം. 9
ചിക്കെന്നു താപസശ്രേഷ്ഠൻ രാഘവന്മാരൊടൊപ്പമേ
വിണ്ണൊത്ത രമ്യയാം ദിവ്യവിശാലാപുരി പൂകിനാൻ. 10
രാമൻ ബുധോത്തമൻ വിശ്വാമിത്രമാമുനിയോടുടൻ
വിശാലാപുരിയെപ്പറ്റിച്ചോദിച്ചാൻ തൊഴുകയ്യുമായ്:— 11
'വിശാലയിലെയീ രാജവംശമേതാണു മാമുനേ?
കേട്ടാൽക്കൊള്ളാം, നന്മയങ്ങയ്ക്കേറ്റം കൌതുകമുണ്ടു മേ.' 12
ആ രാമനുടെയാ വാക്കു കേട്ടിട്ടു മുനിപുംഗവൻ
പറവാനായൊരുമ്പെട്ടാനാ വിശാലപ്പഴങ്കഥ:— 13
"കേട്ടാലും രാമ, ദേവേന്ദ്രൻ ചൊല്ലിക്കേട്ട കഥാനകം,
ഇപ്രദേശത്തുവെച്ചുണ്ടായ്വന്നതും കേൾക്ക രാഘവ: 14
മുന്നം കൃതയുഗേ രാമ, ദിതിപുത്രർ മഹാബലർ;
ആദിതേയരുമുദ്വീര്യർ മഹാഭാഗ, സുധാർമ്മികർ. 15
നിനവൊന്നാ മഹാത്മാക്കൾക്കുളവായീ നരോത്തമ:
'എവ്വണ്ണം നാം ജരാരോഗമേശാതമരരായ് വരും?' 16
തോന്നീ, നിനയ്ക്കുംപൊഴുതബ്ബുദ്ധിമാന്മാർക്കു രാഘവ:
'പാൽസ്സമുദ്രം കടഞ്ഞിട്ടമൃതുള്ളതെടുക്ക നാം.' 17
കടയാൻ നിശ്ചയിച്ചിട്ടു വാസുകിക്കയറിട്ടവർ
മന്ദരം കടകോലാക്കിക്കടഞ്ഞാർ സുമഹാബലർ. 18
ആയിരത്താണ്ടു ചെന്നാറേ, പാശസർപ്പശിരസ്സുകൾ
വിഷം വമിച്ചുകൊണ്ടേറ്റം കൊത്തീ പൽകൊണ്ടു പാറമേൽ. 19

Digitized By Kerala Sahitya Akademi

പൊന്തീ ചെന്തീയിനൊത്തോരു ഹാലാഹലമഹാവിഷം;
അതിൽ വെന്തു ജഗത്തെല്ലാം സുരാസുരനരാന്വിതം. 20
വാനോരുടൻ പശുപതിസ്വാമീശംകരരുദ്രനെ
ശരണം പുക്കു, 'രക്ഷിക്ക, രക്ഷിക്കെ'ന്നു പുകഴ്ത്തിനാർ. 21
ദേവദേവേശ്വരസ്വാമിയോടേവം ചൊല്ലി ദേവകൾ;
കാണായിതപ്പോളവിടെശ്ശംഖചക്രധരൻ ഹരി. 22
പുഞ്ചിരിക്കൊണ്ടു, ഹരിയശ്ശൂലിരുദ്രനൊടോതിനാൻ:—
'ദേവന്മാർ കടയുന്നേരമെന്തൊന്നാദ്യം പിറന്നിതോ, 23
അതങ്ങേയ്ക്കാം സുരശ്രേഷ്ഠ: മുമ്പനല്ലോ സുരർക്കു നീ.
ഇതഗ്രപൂജയെന്നോർത്തീ വിഷം കൈക്കൊൾക നീ പ്രഭോ!' 24
എന്നുരച്ചവിടെത്തന്നേ മറഞ്ഞാനമരോത്തമൻ.
വാനോരുടെ ഭയം കണ്ടു ശാർങ്ഗി ചൊന്നതു കേട്ടവൻ 25
ഘോരം ഹാലാഹലവിഷം കൈക്കൊണ്ടാനമൃതാംവിധം!
ദേവന്മാരെ വെടിഞ്ഞീശൻ ഗമിച്ചു ഭഗവാൻ ഹരൻ; 26
പിന്നെദ്ദേവാസുരർ സമം കടഞ്ഞു രഘുനന്ദന.
പില്പാടനഘ, പാതാളത്താണ്ടുപോയ് കടകോല്മല; 27
അന്നേരം ദേവഗന്ധർവർ പുകഴ്ത്തീ മധുമാഥിയെ:—
'സകലർക്കും, വിശേഷിച്ചു വിണ്ണവർക്കാശ്രയം ഭവാൻ; 28
ഞങ്ങളെക്കാക്കുകി,ക്കന്നൊന്നുയർത്തുക മഹാഭുജ.'
എന്നു കേട്ടു ഹൃഷീകേശനാമതൻ വടിവാന്നുടൻ 29
ശൈലം മുതുകിൽവെച്ചങ്ങു കിടന്നു ഹരി സിന്ധുവിൽ.
കുന്നിന്മുടിയിലും കൈവെച്ചു ലോകാത്മാവായ കേശവൻ 30
സുരർക്കു നടുവേ നിന്നു കടഞ്ഞു പുരുഷോത്തമൻ.
ആയിരത്താണ്ടു ചെന്നാറേ, കൈക്കമണ്ഡലുദണ്ഡുമായ് 31
ധന്വന്തരി സുധർമ്മാത്മാവായുർവേദമയൻ പുമാൻ
പിറന്നു, പിന്പൊളിപെറുമപ്സരസ്ത്രീജനങ്ങളും: 32
അപ്പിൽക്കടകയാലുള്ള രസത്താലുളവാകയാൽ
അപ്സരസ്സുകളായ്ത്തീർന്നിതാ നൽസ്ത്രീകൾ നരോത്തമ. 33
സുകാന്തിമാർ പതിററാറുകോടിയുണ്ടപ്സരസ്സുകൾ;
അവർതൻ ദാസിമാർക്കില്ല കണക്കൊന്നും കകുത്സ്ഥജ! 34
കൈക്കൊണ്ടതില്ലവരെയദ്ദേവാസുരരിലാരുമേ;
കൈക്കൊള്ളാഞ്ഞ,വരെപ്പേരുമാക്കും ചേർന്നവരായിപോൽ. 35

Digitized By Kerala Sahitya Akademi

അതിൽപ്പിന്നെ മഹാഭാഗ, വരുണാത്മജ വാരുണി
പൊങ്ങിവന്നിതു വേഗംപ്പോനെത്തേടിക്കൊണ്ടു രഘൂദ്വഹ. 36
രാമ, ദൈതേയർ കൈക്കൊണ്ടീലങ്ങാ വരുണപുത്രിയെ;
അദിത്യാത്മജരോ, വീര, കൈക്കൊണ്ടാരസ്സുശീലയെ. 37
അതിനാൽദ്ദൈത്യരസുര;രാദിത്യരതിനാൽസ്സുരർ;
മോദിച്ചു കോൾമയിർക്കൊണ്ടാർ വാരുണീഗ്രഹണാൽസ്സുരർ. 38
ഉച്ചൈഃശ്രവസ്സാമശ്രേഷ്ഠൻ, കൌസ്തുഭം മണിരത്നവും
പിറന്നു പിന്നുത്തമമാമമൃതും പുരുഷോത്തമ. 39
അതിന്നായുളവായ് രാമ, വലുതായ കുലക്ഷയം:
അദിത്യാത്മജർ ദൈതേയന്മാരോടടർ തുടങ്ങിനാർ. 40
അരക്കന്മാരൊടൊന്നിച്ചു ചേർന്നാരസുരരൊക്കയും;
മൂപ്പാർ മയങ്ങുമാറുണ്ടായ് വീര, ഘോരതരം രണം. 41
എല്ലാം മുടിഞ്ഞുപോമെന്നായപ്പോൾ വിഷ്ണു മഹാബലൻ
കൊണ്ടുപോന്നാൻ, മയക്കുന്ന മായ പൂണ്ടമൃതങ്ങു സാ. 42
അനന്തനാം വിഷ്ണുവിനെക്കടന്നെവരെതിർത്തുവോ,
അരച്ചാനവരെ,പ്പോരിൽപ്പോന്നോനപ്പുരുഷോത്തമൻ. 43
അദിത്യാത്മജർ വീരന്മാർ വധിച്ചു ദിതിപുത്രരെ,
ദൈതേയാദിത്യരുടെയസ്സുദാരുണമഹാരണേ. 44
ദിതിനന്ദനരെക്കൊന്നു രാജ്യവും നേടിയംപർകോൻ
സചാരണർഷിലോകങ്ങൾ പാലിച്ചാൻ പരിതുഷ്ടനായ്. 45

---

## നാല്പത്താറാം സർഗ്ഗം: ദിതിഗർഭച്ഛേദം.

അപ്പുത്രരെക്കൊന്നതിനാലതിദുഃഖിതയായ്ദ്ദിതി
രാമ, കശ്യപമാരീചഭർത്താവിനൊടിതോതിനാൾ:— 1
'കൊന്നാർ നിൻപുത്രർ ഭഗവൻ, മൽപുത്രരെ മഹാബലർ;
നെടുംതപസ്സാലി,ന്ദ്രഘ്നൻ പിറക്കേണമൊരുണ്ണി മേ. 2
അതിനായ് ഞാൻ തപം ചെയ്യുന,തിന്നു വിട നല്ക മേ;
നല്കേ,നിയ്ക്കി,ന്ദ്രനെക്കൊൽവാൻ നേതാവാകുമൊരുണ്ണിയെ.' 3
ആ വാക്കു കേട്ടു മാരീചൻ തേജസ്സേറിയ കശ്യപൻ
ദുഃഖം മുഴുത്ത ദിതിയോടരുളിച്ചെയ്തിതുത്തരം:— 4

Digitized By Kerala Sahitya Akademi

‘ഏവമാകട്ടെ, ഭദ്രം തേ, ശുചിയാക തപോധനേ;
പോരിങ്കലിന്ദ്രനെക്കൊല്ലുമൊരുണ്ണിയുളവാം തവ: 5
തികച്ചോരായിരത്താണ്ടു ശുചിയായിട്ടിരിക്കുകിൽ,
നീയെങ്കൽനിന്നു മൂപ്പാരിൻനാഥനാമുണ്ണിയെപ്പെറും.’ 6
എന്നോതിയവളെക്കയ്യാൽത്തലോടീ സന്മഹസ്സവൻ;
തടവി, സ്വസ്തിയെന്നോതിപ്പോയാനഥ തപസ്സിനായ്. 7
അദ്ദേഹം പോയതിൻശേഷമതിഹർഷത്തോടും ദിതി
കുശപ്ലവം പുക്കു കൊടുംതപംചെയ്താൾ നരോത്തമ. 8
അവളുടെ തപം ചെയ്കെപ്പരിചര്യ നടത്തിനാൻ
സഹസ്രാക്ഷൻ നരശ്രേഷ്ഠ, മികച്ച ഗുണവായ്പോടേ: 9
തീ, ദർഭപ്പുല്ലു, വിറക, വെള്ളം, കായ്, കനിയെന്നിവ
കൊണ്ടുവന്നേകിനാനിന്ദ്രൻ മററു വേണ്ടതുമൊക്കവേ. 10
ഗാത്രം നന്നായ്ത്തടവിയും വാട്ടമൊട്ടുക്കകററിയും
ശുശ്രൂഷിച്ചു സഹസ്രാക്ഷൻ ദിതിയെസ്സർവനേരവും. 11
കൊല്ലം തൊള്ളായിരത്തിത്തൊണ്ണൂറാകെ രഘുനന്ദന,
ദിതിയേററം പ്രസാദിച്ചു സഹസ്രാക്ഷനൊടോതിനാൾ:— 12
‘യാചിക്കപ്പെട്ടു നിന്നച്ഛൻ മഹാത്മാവമരോത്തമ,
തന്നാനാ,യിരമാണ്ടായാലുണ്ണിയുണ്ടാം വരം മമ. 13
തപസ്സിൽബ്ബാക്കി പത്താണ്ടുണ്ടിനി മേ വീര്യവത്തമ;
അതും കഴിഞ്ഞാൽ, ഭദ്രം തേ, കാണും നീയൊരു തമ്പിയെ. 14
നിനക്കവനെ ഞാനുണ്ണീ, വിജയോത്സുകനാക്കുവൻ;
ഒപ്പം ഭുജിക്കാമുണ്ണികൾ മൂപ്പാർജ്ജയമനാമയം.’ 15
ഈവിധം ശക്രനൊടുരച്ചു,ച്ചയാംപൊഴുതിൽദ്ദിതി
നിദ്രയിൽപ്പെട്ടുപോയ്, ദേവി കാല്ക്കൽ വെച്ചു ശിരസ്സൊടേ. 16
കുന്തൽ കാല്ക്കൽപ്പതിഞ്ഞോരാത്തന്നശുദ്ധിയതു കാണ്കയാൽ,
കാല്ക്കലായ് തലയെന്നിന്ദ്രൻ ചിരിച്ചാൻ തുഷ്ടിതേടിനാൻ: 17
അവൾതന്നുടലിന്നുള്ളിൽക്കടന്നാനുടനമ്പർകോൻ;
ഏഴായ് നുറുക്കിനാൻ രാമ, ഗർഭവും കുസലെന്നിയേ. 18
മുന നൂറുള്ള വജ്രത്താൽ നുറുക്കീടുന്ന ഗർഭമോ,
കേണു നൽസ്വരമോട,പ്പോളുണർന്നു ദിതി രാഘവ. 19
‘കേഴൊല്ല, കേഴൊല്ലെ,’ന്നിന്ദ്രൻ ഗർഭത്തോടുരിയാടിനാൻ;
നുറുക്കിനാൻ കേഴ്കിലും, തേജസ്സേറിയ വാസവൻ. 20

Digitized By Kerala Sahitya Akademi

‘കൊല്ലൊല്ല, കൊല്ലൊല്ലെ’,ന്നേവമുരിയാടീടിനാൾ ദിതി;
പോന്നു ശക്രൻ പുറത്തേക്കു മാതൃഭാഷിതഗൌരവാൽ. 21
തൊഴുതാ വജ്രധരനാം ശക്രൻ ദിതിയൊടോതിനാൻ:—
‘കാല്ക്കൽത്തലയുമായ്ദ്ദേവി, ശുദ്ധി കൂടാതുറങ്ങി നീ; 22
അത്തക്കം നേടി,യടരിലിന്ദ്രനെക്കൊല്ലുവോനെ ഞാൻ
ഏഴായ് നുറുക്കിനേൻ ദേവി; പൊറുത്തരുളുകെങ്കൽ നീ.’ 23

---

## നാല്പത്തേഴാം സർഗ്ഗം: സുമതിസമാഗമം.

ഗർഭമേഴായ് മുറിച്ചപ്പോളതിദുഃഖിതയായ് ദ്ദിതി
ദുർദ്ധർഷനാമിന്ദ്രനോടു ചൊന്നാളനുനയോക്തിയെ:— 1
‘എൻതെറ്റുകൊണ്ടാണിഗ്ഗർഭമേഴു തുണ്ടായതിങ്ങിനെ;
കുറ്റമില്ലിങ്ങു ദേവേശ, നിനക്കു വലസൂദന. 2
എന്നാൽഗ്ഗുണം നീ ചെയ്യുക,യെൻഗർഭത്തെയുടച്ചതിൽ:
ഏഴ്വരേഴമരുൽസ്ഥാനപാലരാകട്ടെയിങ്ങിവർ. 3
ചരിക്കട്ടേ വാനിലേഴു വാതസ്കന്ധങ്ങളായിവർ
മാരുതപ്പേരുമാർന്നുണ്ണീ, ദിവ്യരൂപമൊടെൻസുതർ: 4
ബ്രഹ്മലോകത്തിലൊരുവനി,ന്ദ്രലോകത്തു മറ്റവൻ,
വായുപ്പേർ പൂണ്ടു മൂന്നാമൻ ചരിക്കു ദിവി കീർത്തിമാൻ; 5
നാലുപേരുമ്പർകോനേ, നിന്നാജ്ഞയാൽത്തിക്കുതോറുമേ
സഞ്ചരിക്കട്ടെ, ഭദ്രം തേ, വാനോരായെൻതനൂഭവർ, 6
നീതാൻ കൊടുത്ത പേരാലേ മാരുതഖ്യാതിനേടിയും.’
ദിതിതൻ വാക്കു കേട്ടിട്ടു സഹസ്രാക്ഷൻ പുരന്ദരൻ 7
കരങ്ങളും കൂപ്പിയവളോടുരച്ചാൻ വലസൂദനൻ:—
‘ഇതെല്ലാ,മരുളിച്ചെയ്തപോലാസ്തുമസംശയം; 8
സഞ്ചരിക്കും, തവ ശുഭം, വാനോരായ് നിൻതനൂഭവർ.
ഏവം തപോവനേ തീർപ്പുചെയ്താ മകനമ്മയും 9
രാമ, സിദ്ധാർത്ഥരായ്പ്പോയാർ വിണ്ണിലെന്നു കേൾപ്പു നാം.
പണ്ടണ്ടർകോൻ മേവിയതാമത്രിക്കാണിതു രാഘവ: 10
തപം നേടും ദിതിയെയിങ്ങല്ലോ സേവിച്ചതായവൻ.
ഇക്ഷ്വാകുവിന്നൊരു മകൻ നരവ്യാഘ്ര, സുധാർമ്മികൻ 11
അലംബുസയിലുണ്ടായി വിശാലനിതി വിശ്രുതൻ;
വിശാലയെന്ന പുരിയിസ്ഥലത്തുണ്ടാക്കിനാനവൻ. 12



Digitized By Kerala Sahitya Akademi

വിശാലന്നു മകൻ രാമ, ഹേമചന്ദ്രൻ മഹാബലൻ;
സുചന്ദ്രനെന്നു പേരാണ്ടോൻ ഹേമചന്ദ്രന്നനന്തരൻ; 13
സുചന്ദ്രസുതനോ, രാമ, ധൂമ്രാശ്വപ്പേർ പുകഴ്ന്നവൻ;
ധൂമ്രാശ്വന്നുണ്ണിയായിട്ടു പിറന്നിതഥ സൃഞ്ജയൻ; 14
സൃഞ്ജയന്നു മകൻ, ശ്രീമാൻ സഹദേവൻ പ്രതാപവാൻ;
കുശാശ്വൻ, സഹദേവന്നു പുത്രൻ പെരിയ ധാർമ്മികൻ; 15
കുശാശ്വന്നതിതേജസ്വീ സോമദത്തൻ പ്രതാപവാൻ;
സോമദത്തന്നു മകനോ, കാകുത്സ്ഥപ്പേർ പുകഴ്ന്നവൻ; 16
അവന്റെ പുത്രൻ സുമതിയാണിപ്പോഴുതിലിപ്പുരം
ഭരിപ്പതതിതേജസ്വീ, ദേവനെപ്പോലെ ദുർജ്ജയൻ. 17
ഇക്ഷ്വാകുവിൻ പ്രസാദത്താൽ വിശാലാനൃപരൊക്കെയും
ദീർഘായുഷ്ഷർ മഹാത്മാക്കൾ വീര്യവാന്മാർ സുധാർമ്മികർ. 18
ഇന്നു രാവിവിടെപ്പാർക്കാം രാമ, നമ്മൾക്കു സൗഖ്യമായ്;
നാളെക്കാലത്തു ജനകൻതന്നെക്കാണാം നരർഷഭ.' 19

തേജസ്സേറും സുമതിയും വിശ്വാമിത്രന്റെയാഗമം
കേട്ടിട്ടു നൃവരശ്രേഷ്ഠനെതിരേറ്റു സുകീർത്തിമാൻ. 20
തൊഴുതർച്ച്യയുമാവോളം ചെയ്തുപാദ്ധ്യായമിത്രവാൻ
കുശലം നേർക്കു ചോദിച്ചു വിശ്വാമിത്രനൊടോതിനാൻ:— 21
'ഞാനിന്നനുഗ്രഹീതൻ, ഞാൻ ധന്യനെ,ൻനാട്ടിൽ മാമുനി
അണഞ്ഞുകാണാപ്പുന്നല്ലോ; ധന്യനില്ലെന്നിൽ മീതെയായ്!' 22

## നാല്പത്തെട്ടാം സർഗ്ഗം: അഹല്യേന്ദ്രശാപം.

അപ്പരസ്പരയോഗത്തിൽക്കുശലപ്രശ്നപൂർവ്വകം
കഥാവസാനേ സുമതി മഹർഷിയോടു ചൊല്ലിനാൻ:— 1
'കുമാരരിവര,ങ്ങക്കു മംഗളം, ദേവവിക്രമർ
സിംഹേഭഗതർ വീരന്മാർ ശാർദ്ദൂലവൃഷഭോപമർ 2
തണ്ടാരിതൾനെടുംകണ്ണർ വാൾവില്ലിഷുധിയേന്തിയോർ
അഴകാലശ്വികൾക്കൊത്തോർ യൌവനം വന്നടുത്തവർ 3
പെട്ടെന്നു വിണ്ണിൽനിന്നൂഴി പുക്ക രണ്ടംപർപോലവേ
നടന്നെങ്ങിനെയിങ്ങെത്തി,യെന്തിന്നാ,രുടെ മാമുനേ? 4

Digitized By Kerala Sahitya Akademi

ചന്ദ്രാർക്കർ വാനിനെപ്പോലിദ്ദേശത്തെയണിയിപ്പവർ
വലുപ്പ,മിംഗിതം, ചേഷ്ടയിവയാൽത്തമ്മിലൊത്തവർ 5
എന്തിനു ദുർഗ്ഗമാർഗ്ഗത്തിൽ വന്നെത്തീ മുനിസത്തമ,
വീരർ മുഖ്യായുധധരർ? കേട്ടാൽക്കൊള്ളാം യഥാർത്ഥമായ്.' 6
അവൻെറ വാക്കു കേട്ടിട്ടു നടന്നപടി ചൊല്ലിനാൻ
സിദ്ധാശ്രമമതിൽപ്പാർപ്പുമരക്കരെ വധിച്ചതും. 7
വിശ്വാമിത്രോക്തി കേട്ടേററം വിസ്മയപ്പെട്ടു മന്നവൻ
ശ്രേഷ്ഠാതിഥികളായ് വന്നോരദ്ദാശരഥിമാർകളെ 8
സൽക്കരിച്ചാൻ വിധിയ്ക്കൊത്തു, പൂജ്യരാകും ബലിഷ്ഠരെ.
മികച്ചതാം സുമതിതൻ പൂജ കൈക്കൊണ്ടു രാഘവർ 9
ഒരു രാവവിടെപ്പാർത്തു ഗമിച്ചാർ മിഥിലയ്ക്കുതാൻ.
എപ്പേരുമജ്ജനകസൽപുരി കണ്ടു മഹർഷിമാർ 10
നന്നു നന്നെന്നു വർണ്ണിച്ചു വാഴ്ത്തീ മിഥിലയെത്തുലോം.
മിഥിലോപവനേ തത്ര രമ്യം പഴയൊരാശ്രമം 11
നിർജ്ജനം കണ്ടു ചോദിച്ചാനൃഷീന്ദ്രനോടു രാഘവൻ:—
'ശ്രീമത്തായാശ്രമം പോലിതെന്തുവാൻ മുനിവർജ്ജിതം? 12
ഭഗവൻ, കേൾക്കുകിൽക്കൊള്ളാം, മുമ്പിതാരുടെയാശ്രമം?'
രാഘവൻതൻെറയാ വാക്യം കേട്ടു വാക്യവിശാരദൻ 13
ഉത്തരം ചൊല്ലി തേജസ്വി വിശ്വാമിത്രൻ മഹാമുനി:—
"ഹന്ത, ചൊല്ലിത്തരാം നേരേ കേട്ടുകൊള്ളുക രാഘവ, 14
മഹാത്മാവാൽ ക്രുധാ ശപ്തമിതേതാശ്രമമെന്നു നീ:
മഹാത്മാവാം ഗൗതമൻേറതായിരുന്നു നരോത്തമ, 15
വാനോരുമേററം മാനിച്ചതാമിദ്ദിവ്യാഭമാശ്രമം.
ഇവിടെത്തപവും ചെയ്താൻ പണ്ടഹല്യയൊടൊത്തവൻ 16
അനേകമായിരത്താണ്ടു, പുകളേറും നൃപാത്മജ.
അവനില്ലാത്ത തക്കത്തിൽസ്സഹസ്രാക്ഷൻ ശചീപതി 17
മുനിവേഷമെടുത്തേവമഹല്യയൊടു ചൊല്ലിനാൻ;—
'ഋതുകാലത്തെയും കാത്തുനില്പാ കാമികാം ശോഭനേ; 18
നിന്നോടു ചേരാനാകാംക്ഷയുണ്ടെനിക്കു സുമധ്യമേ.'
മുനിവേഷൻ സഹസ്രാക്ഷനെന്നറിഞ്ഞു രഘൂദ്വഹ, 19
സമ്മതിച്ചീതു ദുർബ്ബുദ്ധിയണ്ടർകോനിൽക്കുതൂഹലാൽ.
പിന്നെക്കൃതാർത്ഥമതിയായ്സ്സുരശ്രേഷ്ഠനൊടോതിനാൾ:— 20

Digitized By Kerala Sahitya Akademi

'കൃതാൎത്ഥ ഞാൻ സുരശ്രേഷ്ഠ; ശക്ര, പോകിങ്ങുനിന്നുടൻ:
രക്ഷിയ്ക്ക ഗൌതമനിൽനിന്നെന്നെയും നിന്നെയും പ്രഭോ!' 21
മഹേന്ദ്രനും ചിരിച്ചുംകൊണ്ടഹല്യയൊടിതോതിനാൻ:—
'സുശ്രോണി, തുഷ്ടനായേൻ ഞാൻ പോയ്ക്കൊള്ളാം വന്നപോലവേ.' 22
ഇവണ്ണമവളെസ്സംഗമിച്ചുടജം വിട്ടിറങ്ങിനാൻ
രാമ, ഗൌതമനെശ്ശങ്കിച്ചുൾഭീതിയാൽ വെമ്പൽപൂണ്ടവൻ. 23
ഉടൻ കാണായി വന്നെത്തുന്നതു മാമുനി ഗൌതമൻ
ദേവദാനവദുൎദ്ധൎഷൻ തപോബലമിയന്നവൻ 24
തീൎത്ഥോദകത്തിൽ സ്നാനം ചെയ്താ,ളുമഗ്നികണക്കിനെ,
അവിടെദ്ദൎഭചമത കൈക്കൊണ്ടു മുനിവൎയ്യനെ 25
കണ്ടു പേടിച്ചമരേന്ദ്രന്നൊളി മങ്ങിയതായ്, മുഖം.
ആയിരംകണ്ണനെ മുനിവേഷത്തിൽക്കണ്ടു മാമുനി 26
ദുൎവൃത്തനോടു സദ്വൃത്തൻ ചൊടിച്ചിങ്ങിനെ ചൊല്ലിനാൻ:—
'എന്റെ രൂപമെടുത്തിച്ചെയ്യരുതാത്തതു ദുൎമ്മതേ, 27
ചെയ്തല്ലോ, തന്നിമിത്തം നീ വൃഷണാപേതനാസ്തരം!'
മഹാൻ ഗൌതമനീവണ്ണം ക്രുദ്ധനായരുൾചെയ്കയാൽ 28
ശക്രന്റെ വൃഷണം രണ്ടും തൽക്ഷണം മന്നിൽ വീണുപോയ്.
ശക്രന്നിശ്ശാപമരുളിശ്ശപിച്ചാൻ പത്നിയാളെയും:— 29
'അനേകമായിരംകൊല്ലമിങ്ങു വാഴ്ക തപിച്ചു നീ
ആഹാരമെന്യേ കാററുണ്ണം വെണ്ണീററിങ്കൽ കിടപ്പുമായ്; 30
ഏവൎക്കും കണ്ടുകൂടാതീയാശ്രമത്തിൽ വസിയ്ക്ക നീ,
എന്നിക്കൊടുംകാട്ടിനകം രാമൻ ദശരഥാത്മജൻ 31
വന്നുചേരും ദുരാധൎഷനന്നു നീ ശുദ്ധയായ്വരും.
അദ്ദേഹത്താൽ ദുൎവൃത്തേ, ലോഭമോഹങ്ങൾ വിട്ടു നീ 32
സന്തോഷമാൎന്നന്നരികിൽ സ്വന്തം രൂപമെടുത്തിടും.'
ഏവം ദുൎവൃത്തയോടോതിത്തേജസ്സേറിയ ഗൌതമൻ 33
ഈയാശ്രമമുപേക്ഷിച്ചു, സിദ്ധചാരണജുഷ്ടമായ്
പുണ്യമാം ഹിമവച്ഛൃംഗേ തപം ചെയ്താൻ തപോധനൻ. 34

Digitized By Kerala Sahitya Akademi

## നാല്പത്തൊമ്പതാം സർഗ്ഗം: അഹല്യാമോക്ഷം.

വൃഷണം പോയ ദേവേന്ദ്രനഗ്ന്യാദിസുരരോടുടൻ
ചൊല്ലിനാൻ ദീനമുഖനായ്, ച്ചാരണർഷിഗണത്തൊടും:— 1
'മഹാത്മാവാം ഗൌതമന്റെ തപോവിഘ്നം വരുത്തുവാൻ
അരിശത്തെയുദിപ്പിച്ചിദ്ദേവകാര്യം നടത്തി ഞാൻ. 2
അവനെൻവൃഷണം പോക്കി; വൻശാപമരുളി ക്രുധാ
നിരസിച്ചാനവളെയും; കവർന്നേൻ തത്തപസ്സു ഞാൻ. 3
അതിനാൽ നിങ്ങൾ സർവ്വേ ചാരണർഷിഗണങ്ങളേ,
ഇദ്ദേവകാര്യം ചെയ്തോനാമെന്നെസ്സഫലനാക്കുവിൻ!' 4
ശതയജ്ഞന്റെ മൊഴി കേട്ടഗ്നി മുമ്പായ ദേവകൾ
മരുൽഗണവുമായ്ച്ചെന്നു പിതൃദേവരൊടോതിനാർ:— 5
'ഈയാടിനുണ്ടു വൃഷണ,മിന്ദ്രൻ വൃഷണഹീനനായ്;
ക്ഷിപ്രമാടിന്റെ വൃഷണമെടുത്തിന്ദ്രനു നല്കുവിൻ! 6
വൃഷണാപേതമാമാടോ, ഇച്ഛിച്ചേകും ഇഷ്ടി വരുത്തണം;
നിങ്ങൾക്കു സുപ്രസാദാർത്ഥം നിവേദിക്കും നരക്കുമേ 7
നല്കുമാറാകണം നിങ്ങൾ പൂർണ്ണമക്ഷയമാം ഫലം.'
അഗ്നിതൻ മൊഴി കേട്ടിട്ടു ചേർന്നൊത്തു പിതൃദേവകൾ 8
പറിച്ചാടിന്റെ വൃഷണം വിന്യസിച്ചാർ മഹേന്ദ്രനിൽ.
അന്നു തൊട്ടിട്ടു കാകുത്സ്ഥ, ചേർന്നൊത്തു പിതൃദേവകൾ 9
അഫലാജങ്ങളെത്തിന്നു, നല്കുന്നു തൽഫലത്തെയും.
ആടിൻവൃഷണമാണന്നു മുതല്ക്കിന്ദ്രനു രാഘവ, 10
മഹാത്മാവാം ഗൌതമന്റെ തപസ്സിൻ മഹിമാവിനാൽ!
എന്നാൽ വരിക തേജസ്വിൻ, പുണ്യകൃത്തിന്റെയാശ്രമേ: 11
കരേറുകി, മഹാഭാഗ ദിവ്യമൂർത്തിയഹല്യയെ".

വിശ്വാമിത്രോക്തി കേട്ടിട്ടു ലക്ഷ്മണൻ ചേർന്ന രാഘവൻ 12
വിശ്വാമിത്രന്റെ പിറകേ പൂകിനാനാശ്രമസ്ഥലം.
ഉടൻ കാണായ് മഹാഭാഗ തപസ്സാൽ പ്രഭയാളുവോൾ, 13
മർത്ത്യദേവാസുരന്മാർക്കും ചെന്നു കാണരുതാത്തവൾ,
ബ്രഹ്മാവു യത്നാൽ നിർമ്മിച്ച ദിവ്യയാം മായ പോലെയും, 14
മഞ്ഞാൽ മറഞ്ഞ കാറൊക്കും വാർതിങ്കൾപ്രഭപോലെയും,
വെള്ളത്തിൻ നടുവേ മിന്നും ദുർദ്ധർഷാർക്കാഭ പോലെയും. 15

Digitized By Kerala Sahitya Akademi

അവരാം ഗൌതമവാക്കാലേ, രാമനെക്കാണുവോളവും
കണ്ടുകൂടാതെയായല്ലോ നിന്ദ്യ പാരുകരം മൂന്നിനും; 16
ശാപമോക്ഷമണഞ്ഞിട്ടു കാണായ്വന്നിതവക്കവരാം.
രാഘവന്മാരവളുടെ കാൽ പിടിച്ചീടിനാർ മുദാ; 17
അവരാം ഗൌതമവാക്കോർത്തു കൈക്കൊണ്ടാളിരുപേരെയും.
പാദ്യാർഘ്യാതിഥ്യവിധിയും ശാസ്ത്രത്തിൽക്കണ്ടവണ്ണമേ 18
സശ്രദ്ധയായനുഷ്ഠിച്ചാരം; കൈക്കൊണ്ടാൻ രഘുനന്ദനൻ.
പൊഴിഞ്ഞു പൂമഴ തുലോം; മുഴങ്ങീ ദേവഭേരികരം; 19
വളന്തു സാപ്സരോവൃന്ദർ ഗന്ധർവരിൽ മഹോത്സവം.
'നന്നു നന്നെ'ന്നു ദേവന്മാർ വാഴ്ത്തീനാരഹല്യയെ, 20
ഗൌതമൻെറവശം ചേന്ന തപോബലവിശുദ്ധയെ.
തേജസ്വിയാം ഗൌതമനുമഹല്യാന്വിതനായ്സ്സുഖം 21
രാമനെച്ചേലിലച്ചിച്ചു തപം ചെയ്താൻ തപോധനൻ.
രാമനും ഗൌതമമഹാമുനിതൻ പക്കൽനിന്നുടൻ 22
വൻപൂജ വഴിപോലേററു ഗമിച്ചാൻ മിഥിലയ്ക്കുതാൻ.

## ഐമ്പതാം സർഗ്ഗം: മിഥിലാപ്രവേശം.

ഈശാനകോണിലൂടേ പോയ് രാമൻ സൌമിത്രിസംയുതൻ
വിശ്വാമിത്രൻെറ പിറകേ യജ്ഞവാടത്തിലെത്തിനാൻ. 1
ലക്ഷ്മണാന്വിതനാം രാമൻ മുനിവ്യാഘ്രനൊടോതിനാൻ:—
“കൊള്ളാം, മഹാനാം ജനകൻതൻെറ യജ്ഞസമൃദ്ധികരം: 2
ആറായിരംപേരുണ്ടിങ്ങു നാനാദേശനിവാസികരം
അന്തണന്മാർ മഹാഭാഗ, വേദാധ്യയനശാലികരം. 3
ഋഷിവാടങ്ങളും കാണ്മൂ ശകടസംഖ്യം നിറഞ്ഞവ;
സ്ഥലമൊന്നേപ്പെടുത്തേണം ബ്രഹ്മൻ, നമ്മരംകൾ പാക്കുവാൻ.” 4
രാമൻെറ വചനം കേട്ടു വിശ്വാമിത്രൻ മഹാമുനി
വെട്ടപ്പും വെള്ളവും ചേരുമൊരിടം വാസമാക്കിനാൻ. 5
വിശ്വാമിത്രഷി വന്നിട്ടുണ്ടെന്നു കേട്ടാ ക്ഷിതീശ്വരൻ
മുൻനടക്കം ശതാനന്ദശ്രേഷ്ഠവാധ്യാനുമായ് സ്വയം 6
എതിരേററിതു ചിക്കെന്നു വിനയത്തൊടുകൂടവേ.
ഋത്വിങ്മഹാത്മാക്കളുമർഘ്യം കൈക്കൊണ്ടു സത്വരം 7

Digitized By Kerala Sahitya Akademi

വിശ്വാമിത്രന്നു ധർമ്മത്താൽക്കൊടുത്താർ മന്ത്രപൂർവ്വകം.
അപ്പൂജ വാങ്ങിപ്പെരിയ ജനകക്ഷ്മാപതിയ്ക്കവൻ 8
ചോദിച്ചുകൊണ്ടാൻ കുശലം, യജ്ഞത്തിന്നുമനാമയം;
മുറയ്ക്കാ മുന്യുപാധ്യായപുരോഹിതജനത്തൊടും 9
ചോദിച്ചു,ള്ളം കുളിർത്തെല്ലാരോടും ചേർന്നീടിനാനവൻ.
പിന്നീടു ഭൂപൻ തൊഴുതു മുനിവര്യനൊടോതിനാൻ:— 10
'ഭഗവാനിങ്ങിരുന്നാലുമീ മുനീന്ദ്രരൊടൊപ്പമേ.'
ജനകൻ ചൊല്ലിയതു കേട്ടിരുന്നാൻ മുനിസത്തമൻ; 11
വാധ്യാന്നമൃത്വിക്കുകളും, മന്ത്രിമാരൊത്തു മന്നനും
ആസനങ്ങളിലെമ്പാടുമിരുന്നാർ തക്കവണ്ണമേ. 12
അതു കണ്ടിട്ടു നൃവരൻ വിശ്വാമിത്രനൊടോതിനാൻ:—
'ഇന്നെൻയജ്ഞസമൃദ്ധിക്കു സാഫല്യം നല്കി ദേവകൾ; 13
ഇന്നു യജ്ഞഫലം നേടി ഭഗവദ്ദർശനേന ഞാൻ.
ധന്യനായ് ഞാന,നുഗൃഹീതനായ് ഞാൻ മുനിപുംഗവ: 14
എൻയാഗശാല പുക്കല്ലോ ബ്രഹ്മൻ, മുനിയുതൻ ഭവാൻ!
ബ്രഹ്മർഷേ, ബാക്കിയീരാറുനാളുണ്ടെന്നാർ മനീഷികൾ; 15
പിന്നെക്കൗശിക, കാണാം തേ, പങ്കു തേടും നിലിമ്പരെ.'
എന്നൃഷിവ്യാഘ്രനോടോതി പ്രഹൃഷ്ടമുഖനാം നൃപൻ 16
വീണ്ടും ചോദിച്ചിതവനെക്കൂപ്പിട്ടു തൊഴുകയ്യുമായ്:—
'കുമാരരിവര,ങ്ങയ്ക്കു മംഗളം, ദേവവിക്രമർ
സിംഹേഭഗതർ വീരന്മാർ ശാർദ്ദൂലവൃഷഭോപമർ 17
തണ്ടാരിതൾനെടുംകണ്ണർ വാൾവില്ലിഷുധിയേന്തിയോർ
അഴകാലശ്വികൾക്കൊത്തോർ യൗവനം വന്നടുത്തവർ 18
പെട്ടെന്നു വിണ്ണിൽനിന്നൂഴി പുക്ക രണ്ടുമ്പർപോലവേ 19
നടന്നെങ്ങിനെയിങ്ങെത്തി,യെന്തിന്നാ,രുടെ മാമുനേ?
വീരർ മുഖ്യായുധധരരാർതൻപുത്രർ മഹാമുനേ, 20
ചന്ദ്രാർക്കർ വാനിനെപ്പോലീദ്ദേശത്തെയണിയിപ്പവർ
വലുപ്പ,മിംഗിതം ചേഷ്ടയിവയാൽത്തമ്മിലൊത്തവർ 21
കാകപക്ഷാഢ്യർ വീരന്മാർ? കേട്ടാൽക്കൊള്ളാം യഥാർത്ഥമായ്.'
മഹാത്മാവായ ജനകനച്ചോദിച്ചതു കേട്ടുടൻ 22
അറിയിച്ചാനമേയാത്മാവദ്ദാശരഥിമാർകളെ:
സിദ്ധാശ്രമമതിൽപ്പാർപ്പ്, മരക്കരെ വധിച്ചതും, 23

Digitized By Kerala Sahitya Akademi

ക്രൂസൽക്കൂടാത്ത വരവും, വിശാലാപുരി കണ്ടതും,
അഹല്യയെക്കണ്ടതു,മഗ്ഗൌതമൻ വന്നുചേർന്നതും, 24
പള്ളിവില്ലൊന്നു കാണ്മാനാണീയാഗമനമെന്നതും
ഇതെല്ലാമതിതേജസ്വി മഹാനാം മിഥിലേന്ദ്രനെ 25
അറിയിച്ചു മുനിപ്രൌഢൻ വിശ്വാമിത്രനടങ്ങിനാൻ.

---

## ഐമ്പത്തൊന്നാം സർഗ്ഗം:
## വിശ്വാമിത്രോപാഖ്യാനപ്രാരംഭം.

ആബ്ധ്വൃദ്ധിമാനാം വിശ്വാമിത്രൻെറയാ വാക്ക കേൾക്കയാൽ
കോൾമയിർക്കൊണ്ട തേജസ്വി ശതാനന്ദൻ തപോധനൻ, 1
ഗൌതമൻതൻ മൂത്തമകൻ തപസ്സാൽക്കാന്തി കാളുവോൻ
രാമനെക്കാണ്കയാൽത്തന്നേ വിസ്മയപ്പെട്ടിതേററവും. 2
അദ്ദേഹമാസ്സുഖാസീനരായ രാജകുമാരരെ
നോക്കിച്ചോദിച്ചിതു മുനിപ്പുണ്ണ്യാം കൌശികനോടിദം:— 3
'കാട്ടിക്കൊടുത്തുവോ രാജപുത്രന്നങ്ങുന്നു മാമുനേ,
നെടുംതപസ്സാന്ന യശസ്വിനിയാമെൻെറയമ്മയെ? 4
പൂജിച്ചില്ലേ സവ്വദേഹിപൂജ്യനാകിയ രാമനെ
തേജസ്വിൻ, വന്യവസ്തുത്താലെന്നമ്മ പുകളേറിയോൾ! 5
രാമനോടു പറഞ്ഞില്ലേ തേജസ്വിൻ, വഴിപോലവേ
പണ്ടെൻെറ മാതാവിനൊടു ദേവൻ ചെയ്തോരു ദുർന്നയം? 6
എന്നച്ഛനോടു ചേർന്നില്ലേ, നന്മയങ്ങയ്ക്കു, കൌശിക,
എൻെറയമ്മ മുനിശ്രേഷ്ഠ, രാമനെത്തത്ര കാണ്കയാൽ? 7
എന്നച്ഛൻ രാമനെപ്പൂജിച്ചില്ലയോ കുശികാത്മജ?
മഹാൻെറ പൂജയേററില്ലേ മഹാതേജസ്സിഹാഗതൻ? 8
എൻെറ ശാന്തമനസ്സാകുമച്ഛനെക്കശികാത്മജ,
സശ്രദ്ധമഭിവാദ്യംചെയ്തില്ലേ രാമനിഹാഗതൻ?' 9
ചോദ്യങ്ങളിവ കേട്ടിട്ടു വിശ്വാമിത്രൻ മഹാമുനി
വാക്യജ്ഞൻ വാക്യപടുവാം ശതാനന്ദനൊടോതിനാൻ:— 10
'തെററിച്ചീലാ മുനിശ്രേഷ്ഠ, ചെയ്യേണ്ടുന്നതു ചെയ്തു ഞാൻ:
പതി ചേൻ്നു മുനിയുമായ്, രേണുകാഭാർഗ്ഗവോപമം.' 11

Digitized By Kerala Sahitya Akademi

ആ ബുദ്ധിമാനാം വിശ്വാമിത്രന്റെയാ വാക്കു കേട്ടുടൻ
ഹൃഷ്ടരോമം ശതാനന്ദൻ രാമനോടുരിയാടിനാൻ:— 12
"സ്വാഗതം തേ നരശ്രേഷ്ഠ; ഭാഗ്യത്താൽ വന്നു രാഘവ,
തോല്ക്കാത്ത വിശ്വാമിത്രർഷിമുഖ്യനെപ്പിന്തുടർന്നു നീ! 13
അചിന്ത്യവൃത്തൻ തപസാ ബ്രഹ്മർഷിയതുലപ്രഭൻ
വിശ്വാമിത്രൻ മഹാതേജസ്സുററ താനെന്നു കാണ്മു ഞാൻ! 14
നിന്നെക്കാൾ ധന്യനായ് രാമ, മററൊരാളില്ല ഭൂമിയിൽ:
നിനക്കു കാവലുണ്ടല്ലോ വൻതപം ചെയ്ത കൌശികൻ! 15

കേട്ടുകൊൾക,രചൊല്ലീടാം; ഞാൻ ചൊല്ലുന്നതു കേൾക്ക നീ
മഹാത്മാവായ ഗാധേയനുടെ കെല്പും ചരിത്രവും: 16
രാജാവായ് വാണു, ധർമ്മാത്മാവേറെനാളീയരിന്ദമൻ
ധർമ്മജ്ഞൻ വിദ്യ ശീലിച്ചോൻ പ്രജകൾക്കു ഹിതോദ്യതൻ. 17
പ്രജാപതിക്കു മകനായുളവായ് കുശമന്നവൻ;
കുശന്നു പുത്രൻ, ബലവാൻ കുശനാഭൻ സുധാർമ്മികൻ; 18
കുശനാഭന്നു മകനോ, ഗാധിയെന്നു പുകഴ്ന്നവൻ;
ഗാധിക്കു പുത്രൻ, തേജസ്വി വിശ്വാമിത്രൻ മഹാമുനി. 19
രക്ഷിച്ചുപോന്നു തേജസ്വി വിശ്വാമിത്രൻ ധരിത്രിയെ;
അനേകമായിരത്താണ്ടു നാടുവാണു നരാധിപൻ. 20

ഒരു നാളതിതേജസ്വി പടയും കൂട്ടിയങ്ങിനെ,
അക്ഷൌഹിണി ചുഴന്നൊത്തു നടന്നാൻ മന്നിൽ നീളവേ. 21
നഗരം നാടിവയിലും, പുഴ കുന്നെന്നിവററിലും,
ആശ്രമങ്ങളിലും രാമ, സഞ്ചരിച്ചെത്തിനാൻ ക്രമാൽ 22
വിചിത്രവൃക്ഷാവൃതമാം വസിഷ്ഠന്റെയാശ്രമേ:
നാനാമൃഗഗണം തിങ്ങി,സ്സിദ്ധചാരണർ മേവിയും, 23
ദേവദാനവഗന്ധർവ്വകിന്നരന്മാർ വിളങ്ങിയും,
ശാന്തമാം മാനിനം തിങ്ങി, ദ്വിജസംഘമിണങ്ങിയും, 24
ബ്രഹ്മർഷിനികരം തിങ്ങി,ദ്ദേവർഷിനിര മേവിയും
തപസ്സാൽസ്സിദ്ധരായുള്ളോരഗ്നിതുല്യർ മഹാശയർ 25
നീരശിപ്പോർ കാററശിപ്പോർ കൊഴിഞ്ഞുള്ളില തിന്നുവോർ
കായ്കിഴങ്ങുണ്ണുവോർ ദാന്തർ ജിതക്രോധർ ജിതേന്ദ്രിയർ 26
ഋഷിമാർ ബാലഖില്യന്മാർ ജപഹോമപരായണർ
മററു വൈഖാനസന്മാരും ചുററും ശോഭപ്പെടുത്തിയും, 27

Digitized By Kerala Sahitya Akademi

മററതോ ബ്രഹ്മലോകംപോലാ വസിഷ്ഠന്റെയാശ്രമം
കണ്ടു, വെൽവോർകളിൽ ശ്രേഷ്ഠൻ വിശ്വാമിത്രൻ മഹാബലൻ. 28

## ഐമ്പത്തിരണ്ടാം സർഗ്ഗം: വിശ്വാമിത്രനിമന്ത്രണം.

കണ്ടതിപ്രീതനായ് വീരൻ വിശ്വാമിത്രൻ മഹാബലൻ
വണങ്ങി വന്ദിച്ചു ജപശ്രേഷ്ഠനായ വസിഷ്ഠനെ. 1
'തവ സ്വാഗത'മെന്നോതി മഹാത്മാവാം വസിഷ്ഠനും;
ഉവന്നാസനവും നല്കീ വസിഷ്ഠൻ ഭഗവാനുടൻ. 2
ഇരുന്ന ബുദ്ധിമാനാകും വിശ്വാമിത്രന്നു തൽക്ഷണം
വിധിപോലെ മുനിവരൻ കായ്യം കനിയുമേകിനാൻ. 3
ആ വസിഷ്ഠന്റെ സൽക്കാരം സ്വീകരിച്ചു നൃപോത്തമൻ
ചോദിച്ചാൻ കുശലം ശിഷ്യതപോഗ്നിഹവനങ്ങളിൽ, 4
വിശ്വാമിത്രൻ സുതേജസ്വീ വനസ്പതിഗണത്തിലും;
എങ്ങും കുശലമെന്നാൻ ഭൂപേന്ദ്രനോടു വസിഷ്ഠനും. 5
സുഖോപവിഷ്ടനാം ഗാധേയോവീശനോടു താപസൻ
ചോദിച്ചാനാജ്ജപശ്രേഷ്ഠൻ വസിഷ്ഠൻ ബ്രഹ്മനന്ദനൻ:— 6
'രാജൻ, കുശലമല്ലീ തേ? ധർമ്മാലംബകി വീര, നീ
കാക്കുന്നില്ലേ പ്രജകളെ ക്ഷത്രമട്ടൊത്തു ധാർമ്മിക? 7
ഭൃത്യരെപ്പോററിടുന്നില്ലേ? ചൊല്പ്പടീഴ്നില്ക്കുന്നതില്ലയോ?'
വെന്നീലയോ നിൻ മാററാരെയെല്ലാം മാററലർമദ്ദന? 8
പടയ്ക്കുമീടുവെപ്പിന്നും നരവ്യാഘ്ര, പരന്തപ,
നിൻപുത്രപൌത്രമിത്രക്കും സാധോ, കുശലമല്ലയോ? 9
എങ്ങുമേ കുശലം മന്നൻ വസിഷ്ഠനോടു ചൊല്ലിനാൻ,
വിശ്വാമിത്രൻ സുതേജസ്വീ വസിഷ്ഠനോടു താഴ്മയിൽ. 10
ഒട്ടേറെനേരം സംസാരിച്ചിരുപേരസ്സുധാർമ്മികർ
കുന്നിച്ചു സന്തോഷമൊടേ നന്ദിപ്പിച്ചിതു തങ്ങളിൽ. 11
അതിനുശേഷം ഭഗവാൻ വസിഷ്ഠൻ രഘുനന്ദന,
വിശ്വാമിത്രനൊടീവണ്ണം പുഞ്ചിരിക്കൊണ്ടു ചൊല്ലിനാൻ:— 12
'ആതിഥ്യം ചെയ്തിടട്ടേ ഞാനിപ്പടയ്ക്കും മഹാബല,
അമേയനാകുമങ്ങേയ്ക്കും യഥാർഹം; സ്വീകരിക്ക നീ. 13

Digitized By Kerala Sahitya Akademi

ഞാൻ ചെയ്വതാമിസ്സൽക്കാരം സ്വീകരിക്കേണമേ ഭവാൻ:
പൂജ്യനല്ലോ പണിപ്പെട്ടും ശ്രേഷ്ഠാതിഥി നൃപൻ ഭവാൻ.' 14
ഏവം വസിഷ്ഠൻ ചൊന്നാറേ വിശ്വാമിത്രൻ മഹാമതി,
'ചെയ്തല്ലോ നിൻപ്രിയച്ചൊല്ലാലെനിക്കെ'ന്നോതി മന്നവൻ:— 15
'ത്വദാശ്രമത്തിൽബ്‌ഭഗവൻ, ഫലം കായകിഴങ്ങിനാൽ
നൽപ്പാദ്യാചമനീയത്താൽ, ബ്‌ഭഗവദ്ദർശനത്തിനാൽ, 16
എല്ലാംകൊണ്ടും മഹാപ്രാജ്ഞ, പൂജ്യൻ പൂജ കഴിച്ചു ഞാൻ
പോകട്ടെ; തേ നമസ്കാരം; പാർത്താലും സ്നേഹദൃഷ്ടിയാൽ!' 17
ഏവം കഥിക്കിലും നൃപനെ വസിഷ്ഠനഥ പിന്നെയും
ക്ഷണിച്ചുകൊണ്ടാൻ ധർമ്മിഷ്ഠൻ പേർത്തും പേർത്തുമുദാരധീ. 18
ആവാമെന്നഥ ഗാധേയൻ വസിഷ്ഠനൊടു ചൊല്ലിനാൻ:—
'ഭഗവാന്റെയഭീഷ്ടംപോലാകട്ടെ മുനിപുംഗവ!' 19
ഇതു കേട്ടതിതേജസ്വി ജപശ്രേഷ്ഠൻ വസിഷ്ഠനും
വിളിച്ചാൻ പ്രീതി പൂണ്ടൊരു കല്മാഷിയെ വികല്മഷൻ:— 20
'വരൂ വരൂ നീ ശബളേ, വെക്കം കേളെന്റെ വാക്യവും:
സേനയ്ക്കുമീ നൃപർഷിക്കും പൂജ ചെയ്യാനൊരുങ്ങി ഞാൻ; 21
മികച്ച ഭോജനത്താലെൻ സൽക്കാരം നിർവ്വഹിക്ക നീ.
ഷഡ്രസങ്ങളിലാർക്കാർക്കെന്തിഷ്ടമാകു,മതൊക്കെയും 22
കാമദോഗ്‌ധ്രി, യഥാകാമമെനിക്കായാശു പെയ്ക നീ;
ഭോജ്യപേയരസത്തോടും ലേഹ്യചോഷ്യഗണത്തോടും 23
അന്നൌഘമെല്ലാം സൃഷ്ടിക്ക ശബളേ, വെമ്പുകൊന്നു നീ.'

## ഐമ്പത്തിമൂന്നാം സർഗ്ഗം: കാമധേനുപ്രാർത്ഥനം

വസിഷ്ഠനുടെയിച്ചൊല്ലാൽശ്ശബളപ്പയ്യരിന്ദമ,
കാമം പെയ്താൾ കാമധേനുവോരോരാൾക്കിഷ്ടമാംവിധം: 1
കരിമ്പു തേനും മലരും വരമൈരേയമദ്യവും
മികവേറിയ പാനങ്ങൾ പലമാതിരി ഭക്ഷ്യവും. 2
കൂട്ടിയിട്ടുണ്ടു ചൂടുചോറങ്ങു കുന്നുകൾപോലവേ;
കാണായ്‌ തയിർച്ചാലുകളും പരിപ്പും പായസങ്ങളും 3
പലേതരം സ്വാദുരസം കലരും ഷാഡവങ്ങളാൽ
നിറഞ്ഞ പാത്രങ്ങളുമൊരായിരം ഗൌഡവർഗ്ഗവും. 4

Digitized By Kerala Sahitya Akademi

ഒട്ടുക്കതീവ മോദിച്ചു് ഹൃഷ്ടപുഷ്ടജനാവൃതം
വിശ്വാമിത്രബലം രാമ, വസിഷ്ഠൻ സൽക്കരിക്കയാൽ. 5
ഹൃഷ്ടനായ്പ്പുഷ്ടനായ്ത്തീൎന്നു വിശ്വാമിത്രനൃപൎഷിയും
ശ്രേഷ്ഠാന്തഃപുരവാൻ രാമ, സബ്രാഹ്മണപുരോഹിതൻ; 6
അമാത്യമന്ത്രിഭൃത്യന്മാരൊത്തു സൽക്കാരമേല്ക്കയാൽ
ഗരിഷ്ഠഹൎഷമുൾക്കൊണ്ടു വസിഷ്ഠനൊടിതോതിനാൻ:— 7
‘പൂജിച്ചു് സൽക്കരിച്ചെന്നെ ബ്രഹ്മൻ, പൂജാൎഹനാം ഭവാൻ;
കേട്ടാലും, ചൊല്ലുവനൊരു വാക്കു വാക്യവിശാരദ: 8
നൂറായിരം പയ്യിനിണ്ടു തരു ശബളയെബ്ഭവാൻ;
രത്നമല്ലോ ഇതു വിഭോ; രത്നം ഭൂപന്നടങ്ങണം; 9
മമ നൽകു ശബളയെ ബ്രഹ്മൻ, ധൎമ്മാലിതെന്റെയാം.’
വിശ്വാമിത്രനിദം ചൊല്ലെ,ബ്ഭഗവാൻ മുനിസത്തമൻ 10
വസിഷ്ഠൻ ധാൎമ്മികൻ ചൊന്നാൻ വസുധേശനൊടുത്തരം:—
‘നൂറായിരം പയ്യിനു താൻ നൂറു കോടിക്കു താൻ നൃപ, 11
തരില്ല ഞാൻ ശബളയെത്തുവെള്ളിക്കുന്നുകൾക്കു താൻ.
വിടാൻ പാടില്ലിവളെയെന്നരികേനിന്നരിന്ദമ! 12
നിത്യയല്ലോ ശബള മേ, ധീരന്നു പുകൾപോലവേ.
ഹവ്യവും കവ്യവും പ്രാണയാത്രയിങ്ങഗ്നിഹോത്രവും 13
ഇവളിൽച്ചേൎന്നിരിക്കുന്നു ബലിഹോമവിധാനവും;
സ്വാഹാകാരം വഷട്കാരം പലമാതിരി വിദ്യകൾ, 14
ഇവൾക്കധീനം രാജൎഷേ, ഇതെല്ലാ,മില്ല സംശയം.
വാസ്തവത്തിലിതാണെന്റെ സൎവ്വസ്വം തുഷ്ടിദായകം; 15
പല ഹേതുക്കളാൽബ്ഭൂപ, തരാ ശബളയെത്തവ.’
വസിഷ്ഠനേവം ചൊന്നപ്പോൾ വിശ്വാമിത്രനുമോതിനാൻ 16
എത്രയും വാശി പെരുകും വാക്കു വാക്യവിശാരദൻ:—
‘പൊന്നിൻചങ്ങല ചാൎത്തിച്ചും പൊന്നിൻതോട്ടിയിണക്കിയും 17
ഭവാനു തന്നുകൊള്ളാം ഞാനീരേഴായിരമാനയെ;
നന്നാലു വെള്ളക്കുതിര ചേരും സ്വൎണ്ണരഥങ്ങളും 18
കിങ്ങിണിച്ചാൎത്തണിഞ്ഞെണ്ണൂറെണ്ണമങ്ങക്കു തന്നിടാം;
നാട്ടിൽപ്പിറന്ന കെല്പേറും കലീനതുരഗങ്ങളെ 19
പതിനോരായിരം നല്കാം ഞാനങ്ങക്കു ശുഭവ്രത;
നാനാനിറം പൂണ്ടവയാം നൽപ്രായം ചേൎന്ന പൈക്കളെ 20

Digitized By Kerala Sahitya Akademi

ഒരു കോടി തരാം;—മിണ്ടു തരൂ ശബളയെബ്ഭവാൻ.
രത്നമോ സ്വർണ്ണമോ താങ്കൾക്കെത്രവേണം ദ്വിജോത്തമ, 21
അത്രയ്ക്കതെല്ലാം തരുവൻ; തരൂ ശബളയെബ്ഭവാൻ.'
ധീമാൻ വിശ്വാമിത്രനേവം ചൊന്നപ്പോൾ ഭഗവാനമേ, 22
'എന്തായാലും ശബളയെത്തരാ' ഞാനെന്നു ചൊല്ലിനാൻ:—
'ഇതുതാനാണു മേ രത്ന,മിതുതാനാണു മേ ധനം, 23
ഇതുതാനാണു സർവ്വസ്വ,മിതുതാനാണു ജീവിതം!
ദർശങ്ങളും പൂർണ്ണമാസങ്ങളും ദക്ഷിണാഢ്യമഖങ്ങളും 24
ഇതുതാനാണു രാജാവേ, നാനാക്രിയകളും മമ
ഇവളാണെൻക്രിയകളെല്ലാം മൂലം; കിമ്പഹുനാ മന്നവ; 25
എന്തിനേറെപ്പുലമ്പുന്നു: തരാ ഞാൻ കാമധേനുവെ.'

---

## ഐമ്പത്തിനാലാം സർഗ്ഗം:
## കാമധേനുവിൻെറ സൈന്യസൃഷ്ടി.

കാമസന്ദോഗ്ധ്രിയെ വസിഷ്ഠർഷി വിട്ടുകൊടായ്കയാൽ,
പിടിച്ചാനശ്ശബളയെക്കാകുത്സ്ഥ, കുശികാത്മജൻ. 1
മഹാത്മാവാം നൃപൻ കൊണ്ടുപോകുമക്കാമധേനുവോ,
ആലോകേ രാമ, ചിന്തിച്ചാൾ ശോകംകൊണ്ടേറ്റലാണ്ടവൾ:— 2
'എന്നെത്തീരെ വെടിഞ്ഞുവോ വസിഷ്ഠർ സുമഹാശയൻ:
ദുഃഖാർത്തയാമെന്നെ ഹരിയ്ക്കുന്നല്ലോ രാജകിംകരർ 3
എന്തു കുററം കൃതാത്മാവാമാ മഹർഷിയ്ക്കു ചെയ്തു ഞാൻ,
ക്രൂരമെന്നെത്തെററന്യേ ധാർമ്മികൻ കൈവെടിഞ്ഞിടാൻ?' 4
എന്നിച്ചിന്തയൊടും പേർത്തുപേർത്തുള്ള നെടുവീർപ്പൊടും
രാജസ്സേവം വസിഷ്ഠൻെറ പക്കലെയ്ക്കോടിനാളവൾ: 5
അബ്ഭൃത്യരെ സ്വയം നൂറുനൂറായ്ച്ചിന്നിച്ചരിന്ദമ,
വായുവേഗത്തൊടു മഹാത്മാവുതൻ കാല്ക്കലെത്തിനാൾ. 6
കരഞ്ഞു മുറയിട്ടുംകൊണ്ടിതശ്ശബള ചൊല്ലിനാൾ
വസിഷ്ഠൻതൻ മുന്നിൽനിന്നു കാർപെരുംപറയൊച്ചയിൽ:— 7
'വെടിഞ്ഞിതോ ഭവാനെന്നെബ്ഭഗവൻ, ബ്രഹ്മനന്ദന?
കൊണ്ടുപോകുന്നുവല്ലോ മാം നിങ്കൽനിന്നു നൃപാനുഗർ.' 8
എന്നു കേട്ടിട്ടിതിൻവണ്ണം ബ്രഹ്മർഷിയുരിയാടിനാൻ
ദുഃഖസന്തപ്തയോട,ത്തൽപ്പെട്ട പെങ്ങളൊടാംവിധം:— 9

Digitized By Kerala Sahitya Akademi

'ത്യജിക്കയല്ല, ഞാൻ നിന്നെശ്ശബളേ, തെററമില്ല തേ;
ബലാൽ ബലാഢ്യനീ രാജാവെങ്കൽനിന്നു ഹരിക്കയാം. 10
ഒത്ത കെല്പില്ലെനിക്കല്ലോ; വിശേഷാൽപ്പെരുമാളിവൻ;
ബലവാൻ ക്ഷത്രിയൻ രാജാവുഴിക്കീശനുമല്ലയോ? 11
തികഞ്ഞക്ഷൌഹിണിയിതാ, തേരശ്വങ്ങളാം നിറഞ്ഞതായ്
ഗജധ്വജങ്ങളും തിങ്ങി,യിതിനാൽബ്ബലവാനിവൻ!' 12
വസിഷ്ഠനേവം ചൊന്നാറേ ചൊന്നാൾ ചൊൽവിരുതുള്ളവൾ
അളവില്ലാപ്രഭ പെട്ടും ബ്രഹ്മർഷിയോടു താഴ്മയിൽ:— 13
'ക്ഷത്രിയന്നല്ലിഹ ബലം; ബ്രാഹ്മണന്നേറമേ ബലം:
ബ്രഹ്മൻ, ബ്രഹ്മബലം ദിവ്യം ക്ഷാത്രത്തെക്കാളുംബ്ബലോത്തരം. 14
അമേയം നിനുടെ ബലം; നിന്നോളം ബലിയാസ്സുരാ
വിശ്വാമിത്രൻ മഹാവീര്യൻ; നിൻതേജസ്സു ദുരാസദം. 15
തരികാജ്ഞ മഹാഭാഗ: നിൻബ്രഹ്മബലവായ്പിനാൽ
അദ്ദുഷ്ടന്റെ ബലം യത്നം ഗർവ്വും പോക്കുന്നതുണ്ടു ഞാൻ.' 16
ഇച്ചൊൽ കേട്ടോതിനാൻ രാമ, വസിഷ്ഠനതികീർത്തിമാൻ:—
'മാററാർപ്പടയെ മട്ടിക്കും പട സൃഷ്ടിക്കുകെ'ന്നുടൻ. 17
അവന്റെയരുളും കേട്ടിട്ടദ്ധേനു സൃഷ്ടിച്ചിതപ്പൊഴേ:
അവൾതന്നുംഭയാൽ നൂറുനൂറായ്ച്ചാടിയ പഹ്ലവർ 18
മുടിക്കയായ് പടകളെ,ക്കൌശികൻ കാണ്കെ മന്നവ!
ഉടഞ്ഞ പടയെക്കണ്ടു തേരാൽച്ചെന്നേററു കൌശികൻ 19
രോഷത്താൽക്കൺ വിരിഞ്ഞേററമരിശംകൊണ്ടു മന്നവൻ
മുടിച്ചു പഹ്ലവന്മാരെപ്പലമട്ടായുധങ്ങളാൽ. 20
പഹ്ലവന്മാരെ നൂറുനൂറായ് വിശ്വാമിത്രനടക്കയാൽ,
വീണ്ടും സൃഷ്ടിച്ചു യവനന്മാരൊത്ത ശകരെ ക്രുധാ: 21
മറച്ചു ഭൂമിയെല്ലാമശ്ശകന്മാർ യവനാന്വിതർ
ചമ്പകത്താരല്ലി തോല്ക്കും ശ്രീ ചേർന്നോർ വീര്യശാലികൾ; 22
നീണ്ട വാൾപട്ടസം പൂണ്ടോർ പൊന്നിറത്തുകിൽ ചുററിയോർ
നീറാക്കിനാരപ്പടയെ,ക്കത്തുമഗ്നികൾ പോലവേ. 23
അപ്പോളസ്ത്രഗണം വിട്ടാൻ വിശ്വാമിത്രൻ മഹാദ്യുതി;
അതേററുഴന്നു കാംബോജയവനാന്വിതർ ബർബ്ബരർ. 24

Digitized By Kerala Sahitya Akademi

## ഐംപത്തഞ്ചാം സർഗ്ഗം: വസിഷ്ഠാശ്രമനാശനം.

കൗശികാസ്ത്രാലവർ വെളിവറ്റഴന്നതു കാണ്കയാൽ,
വസിഷ്ഠനരുളി:— 'യോഗാൽസ്സൃഷ്ടിയ്ക്കുക കാമദോഗ്ധ്രി, നീ.' 1
അറവാംതന്നുംപയാലുണ്ടായ് കാംബോജർ തപനപ്രഭർ,
അകിട്ടിൽനിന്നുദിതരായ് ശസ്ത്രമേന്തിയ ബർബ്ബരർ, 2
യോനിദേശത്തു യവനർ, ശകൃദ്ദേശത്തിലശ്ശകർ,
രോമകുഴിയിലോ, മ്ലേച്ഛഹാരീതന്മാർ കിരാതരും; 3
മുടിച്ചാരവർ മുച്ചൂടും ക്ഷണേന രഘുനന്ദന,
വിശ്വാമിത്രന്റെയക്കാലാൾത്തേരാനതുരഗങ്ങളെ. 4
മഹാൻ വസിഷ്ഠൻ സൈന്യത്തെ നശിപ്പിച്ചതു കാണ്കയാൽ,
വിശ്വാമിത്രന്റെ പുത്രന്മാർ നൂറുപേർ വിവിധായുധർ 5
ചൊടിച്ചു പാഞ്ഞേറ്റു ജപശ്രേഷ്ഠനായ വസിഷ്ഠനെ.
ചുട്ടെരിച്ചാനൊരുംകാരാലവരെബ്ഭഗവാനൃഷി: 6
കാലാൾത്തേരശ്വനിരയൊത്താ വിശ്വാമിത്രപുത്രരെ
ഭസ്മമാക്കി ക്ഷണത്താലേ വസിഷ്ഠൻ മഹിമാന്വിതൻ. 7

സുതരും പടയും നാശപ്പെട്ടതീക്ഷിച്ചു കീർത്തിമാൻ
ലജ്ജ പൂണ്ടു വിചാരത്തിൽപ്പെട്ടുപോയ് കുശികാത്മജൻ: 8
അലയില്ലാത്ത കടലും, വിഷപ്പല്ലറ്റ സർപ്പവും,
ഗ്രസ്തനാം സൂര്യനും പോലെ നിസ്തേജസ്സായി തൽക്ഷണം; 9
മാൽ മൂത്തൊരു വെറുപ്പാർന്നാൻ, പുത്രസൈന്യങ്ങൾ ചാകയാൽ
ചിറകറ്റ ഖഗംപോലെ മദോത്സാഹങ്ങൾ വിട്ടവൻ. 10
'ഭൂമിയെ ക്ഷത്രധർമ്മത്താൽപ്പാലിയ്ക്കെ'ന്നേകപുത്രനെ
നാടുവാഴ്ച്ചയ്ക്കയച്ചിട്ടു കാടുതാൻ പൂകിനാനവൻ. 11
കിന്നരോരഗർ മേവുന്ന ഹിമവത്സാനു പുക്കവൻ
വൻതപസ്വി തപംചെയ്താന,ന്തകാരി തെളിഞ്ഞിടാൻ. 12
കുറച്ചുകാലം ചെന്നാറേ ദേവേശൻ വൃഷഭധ്വജൻ
കാണായ്വന്നു കരുത്തേറും കൗശികന്നു വരപ്രദൻ. 13
'തപസ്സെന്തിനു രാജാവേ? ചൊല്ക നിന്റെ വിവിക്ഷിതം;
വരം തരാ,മെന്തു വരം വേണമെന്നുരചെയ്ക തേ.' 14
ദേവനേവം പറഞ്ഞാറേ തപസ്സേറിയ കൗശികൻ
കൈവണങ്ങി മഹാദേവനോടിവണ്ണമുണർത്തിനാൻ:— 15

Digitized By Kerala Sahitya Akademi

തെളിഞ്ഞെങ്കിൽ മഹാദേവ, ധനുർവേദം മമാനഘ,
സരഹസ്യമോടങ്ഗകം, സാംഗോപാംഗോപനിഷത്തൊടും; 16
മഹർഷിദേവഗന്ധർവ്വദൈത്യരാക്ഷസയക്ഷരിൽ
ഏതേതസ്ത്രങ്ങളവയും തോന്നീടട്ടേ മമാനഘ. 17
ഭവൽപ്രസാദാൽ ഫലിയ്ക്കട്ടേ ദേവദേവ, മദീപ്സിതം!'
'ഏവമാവട്ടെ'യെന്നോതിദ്ദേവേശനെഴുന്നള്ളിനാൻ. 18
ദേവങ്കൽനിന്നസ്ത്രങ്ങളെ നേടിയിട്ടു മഹാബലൻ
മദം തികഞ്ഞോനായ്ത്തീർന്നു വിശ്വാമിത്രൻ മഹാമദൻ! 19
വീര്യത്താലേ വളർന്നംകൊണ്ടേ,റ്റത്തിൽക്കടൽ പോലവേ,
കൊന്നതായ്ത്തന്നെയന്നോർത്താൻ വസിഷ്ഠമുനിമുഖ്യനെ. 20
പിന്നാശ്രമപദം പുക്ക പ്രയോഗാസ്ത്രങ്ങൾ തൂകിനാൻ;
അവറ്റിൻ ദീപ്തിയാൽ വെന്തിതത്തപോവനമൊക്കെയും. 21
ധീമാനാം ഗാധിപുത്രന്റെയസ്ത്രമെയ്ത്തതു കാൺകയാൽ
മുനിമാരൊക്കെ ത്രസ്തരായ് നാലിടത്തെയ്ക്കുമോടിനാർ; 22
വസിഷ്ഠന്റെ ശിഷ്യന്മാരും പക്ഷിമൃഗങ്ങളും
ഭയപ്പെട്ടായിരംവിധമൊന്നിച്ചുംപാച്ചലോടിനാർ. 23
ശൂന്യമായ്പ്പോയ് മഹാത്മാവാം വസിഷ്ഠന്റെയാശ്രമം;
നിശ്ശബ്ദമായൂഷരനിലം പോലായ്ത്തീർന്നു കുറച്ചിട, 24
പേടിയ്ക്കൊല്ലെന്നുടനുടൻ വസിഷ്ഠനരുളിച്ചെയ്കിലും.
'മുടിപ്പൻ കൗശികനെയിന്നു,ഞാൻ മഞ്ഞിനെയാംവിധം' 25
എന്നുരച്ചു,തിതേജസ്വി വസിഷ്ഠൻ ജപാഗ്രിമൻ
വിശ്വാമിത്രനൊടീവണ്ണമരിശം പൂണ്ടു ചൊല്ലിനാൻ:— 26
'മുടിച്ചുവല്ലോ സുചിരപുഷ്ടമാമാശ്രമമിതു നീ;
അതിനാൽ നീ ദുരാചാരനാ,തിനാൽ മൂഢ ചത്തുപോം.' 27
എന്നോതിച്ചീർത്തരോഷത്തോടോങ്ങിനാൻ ദണ്ഡു സത്വരം
മറ്റുയമദണ്ഡംപോലെ,തികാലാഗ്നിപോലെയും. 28

---

## ഐമ്പത്താറാം സർഗ്ഗം: വിശ്വാമിത്രപ്രതിജ്ഞ.

വസിഷ്ഠനേവം ചൊന്നപ്പോൾ വിശ്വാമിത്രൻ മഹാബലൻ
ആഗ്നേയമസ്ത്രം കൈക്കൊണ്ടു, 'നില്ല് നില്ലെ'ന്നുമോതിനാൻ. 1

Digitized By Kerala Sahitya Akademi

ബ്രഹ്മദണ്ഡ,നൃയമദണ്ഡന്നപോലേന്തി രുഷ്ടനായ്
കഥിച്ചുകൊണ്ടാനീവണ്ണം ഭഗവാനാം വസിഷ്ഠനാം:— 2
'ഇതാ, നിന്നേൻ ക്ഷത്രബന്ധോ: കാട്ടുക,ള്ള കരുത്തു നീ;
തീക്കുവൻ, നിൻെറയും ശസ്ത്രത്തിൻെറയും ഗർവ്വ ഗാധിജ. 3
എങ്ങു നിൻക്ഷത്രിയബല,മെങ്ങോ ബ്രഹ്മമഹാബലം?
കാണ്കെൻെറ ദിവ്യമാം ബ്രഹ്മബലത്തെ ക്ഷത്രിയാധമ!' 4
ആഗ്നേയാസ്ത്രമതഗ്ഗാധിപുത്രനെയ്തു ഭീഷണം
കെട്ടുപോയ് ബ്രഹ്മദണ്ഡത്താൽ, നീരാൽത്തീപ്പൊളൽ പോലവേ. 5
ഉടനേ വാരുണം രൌദ്രമൈന്ദ്രപാശുപതങ്ങളും
ഐഷീകവും പ്രയോഗിച്ചാൻ ക്രദ്ധനായ്ഗ്ഗാധിനന്ദനൻ; 6
മാനവം മോഹനം പിന്നെഗ്ഗാന്ധർവ്വസ്വാപനങ്ങളും
ജൃംഭണം മാദനം പിന്നെസ്സന്താപനവിലാപനം 7
ശോഷണം ദാരണം പിന്നെ വജ്രാസ്ത്രമതിദുർജ്ജയം
ബ്രഹ്മപാശം കാലപാശമേവം വാരുണപാശവും 8
പ്രിയം പൈനാകമാമസ്ത്രം ശുഷ്കാർദ്രാശനിയുഗ്മവും
ദണ്ഡാസ്ത്രമഥ പൈശാചം ക്രൌഞ്ചമെന്നുള്ളൊരസ്ത്രവും 9
ധർമ്മചക്രം കാലചക്രം വിഷ്ണുചക്രവുമങ്ങിനെ
വായവ്യവും മഥനവുമേവം ഹയശിരോസ്ത്രവും 10
രണ്ടു വേലും പ്രയോഗിച്ചാൻ കങ്കാളമുസലങ്ങളും:
കരാളമായ കാലാസ്ത്രം മഹാവിദ്യാധരാസ്ത്രവും 11
ഘോരമാകും ത്രിശൂലാസ്ത്രം കാപാലമഥ കങ്കണം
എന്നീയസ്ത്രങ്ങളും മുഴുവനാഞ്ഞെ,യ്താനെ,ന്തൊരത്ഭുതം, 12
കാകുത്സ്ഥനന്ദന, ജപൽശ്രേഷ്ഠനായ വസിഷ്ഠനിൽ;
എന്നാൽ വിഴുങ്ങിനാൻ ദണ്ഡാലവയെല്ലാമജാത്മജൻ! 13
അവ പാഴായപോതെയ്താൻ ബ്രഹ്മാസ്ത്രം ഗാധിനന്ദനൻ:
ആയസ്ത്രമേന്തിയതു കണ്ടഗ്നി മുമ്പായ ദേവകൾ 14
സംഭ്രാന്തരായ്പ്പോയ് ദേവർഷിഗന്ധർവ്വോരഗമുഖ്യരും;
ലോകം മൂന്നും നടുങ്ങിപ്പോയ് ബ്രഹ്മാസ്ത്രമതയച്ചതിൽ. 15
അത്യുഗ്രമാമാ ബ്രഹ്മാസ്ത്രംപോലും ബ്രഹ്മമഹസ്സിനാൽ
വിഴുങ്ങീ ബ്രഹ്മദണ്ഡാലേ വസിഷ്ഠൻ തീരെ രാഘവ: 16
മഹാത്മാവാം വസിഷ്ഠന്നാ ബ്രഹ്മാസ്ത്രത്തെ വിഴുങ്ങവേ,
മുപ്പാർ മയങ്ങുമാറുഗ്രഘോരമായ്ത്തീർന്നു വിഗ്രഹം; 17



Digitized By Kerala Sahitya Akademi

മഹാത്മാവാം വസിഷ്ഠന്നു രോമക്കുഴിയിലൊക്കയും
പറന്നു തീപ്പൊരി, പുകഞ്ഞാളുമഗ്നിയ്ക്കു പോലവേ. 18
ഉജ്ജ്വലിച്ചു വസിഷ്ഠന്റെ കയ്യിലെ ബ്രഹ്മദണ്ഡവും,
ഒരന്യയമദണ്ഡംപോലെ, രികാലാഗ്നിപോലെയും। 19
ഉടൻ പുകഴ്ത്തീ മുനിമാർ ജപൽശ്രേഷ്ഠൻ വസിഷ്ഠനെ:—
‘അമോഘം നിൻബലം ബ്രഹ്മൻ! തീ കെട്ടക്കുക തിയ്യിനാൽ. 20
അടക്കിനിർത്തി നീ ബ്രഹ്മൻ, വിശ്വാമിത്രതപസ്വിയെ;
പ്രസാദിയ്ക്ക ജപൽശ്രേഷ്ഠ; നീങ്ങട്ടെയുലകിന്നഴൽ!’ 21
എന്നു കേട്ടു ശമംകൊണ്ടാൻ തപസ്സോടും മഹാദ്യുതി;
തോററ കൌശികനോ, നീണ്ടു വീർപ്പിട്ടിങ്ങിനെ ചൊല്ലിനാൻ:— 22
‘ഛീ, ബലം ക്ഷത്രിയബലം; ബ്രഹ്മതേജോബലം ബലം:
അസ്ത്രമെല്ലാം മുടിഞ്ഞല്ലോ ബ്രഹ്മദണ്ഡൊന്നിനാൽ മമ। 23
അതിനാലിതു കണ്ടിട്ടു വിമലേന്ദ്രിയചിത്തനായ്
പെരുംതപസ്സു ചെയ്യുൻ ഞാൻ ബ്രഹ്മത്വമുളവാകുവാൻ.’ 24

---

## ഐംപത്തേഴാം സർഗ്ഗം: ത്രിശങ്കുമനോരഥം

മനസ്സെരിപൊരിക്കൊണ്ടു തന്റെ തോൽവി നിനയ്ക്കയാൽ
ദീർഘം വീർപ്പിട്ടു വീർപ്പിട്ടു മഹാനോടു പിണങ്ങിയോൻ 1
മഹിഷീയുക്തനായ്ത്തെക്കേദ്ദിക്കിൽച്ചെന്നെത്തി രാഘവ,
ചെമ്മ ചെയ്താൻ മഹാഘോരതപമിക്കുശികാത്മജൻ; 2
ഫലമൂലാശിയായ്ദ്ദാന്തനനുഷ്ഠിച്ചാൻ പെരുംതപം.
പിമ്പിവന്നുളവായ് പുത്രർ സത്യധർമ്മപരായണർ: 3
ഹവിഷ്യന്ദൻ, മധുഷ്യന്ദൻ, ദൃഢനേത്രൻ മഹാരഥൻ.

ആയിരത്താണ്ടു ചെന്നപ്പോളജൻ ലോകപിതാമഹൻ
തപസ്വിയാം കൌശികനോടോതീ മധുരമാംവിധം:— 4
‘വെന്നു രാജർഷിലോകങ്ങളെ നീ തപസ്സാലെ കൌശിക:
ഇത്തപസ്സാലെ രാജർഷി നീയെന്നെണ്ണുന്നിതിജ്ജനം.’ 5
എന്നുരച്ചതിതേജസ്വി വാനോരൊത്തെഴുന്നള്ളിനാൻ
സ്വർബ്രഹ്മലോകങ്ങളിലെയ്ക്കു,ലകിന്നൊറെറാരീശ്വരൻ. 6
ഗാധേയനതു കേട്ടല്പം നാണിച്ചു തലതാഴ്ത്തിയും
കനത്ത ദുഃഖമൂലംകൊണ്ടും ദൈന്യംപൂണ്ടുമിതോതിനാൻ:— 7

Digitized By Kerala Sahitya Akademi

‘ചെയ്തേൻ പെരുംതപസ്സു,ന്നാലെന്നെദ്ദേവൎഷിമണ്ഡലം
രാജൎഷിയെന്നേ കരുതൂ; കൈവന്നീല തപഃഫലം.’ 8
എന്നുള്ളുകൊണ്ടുറച്ചിട്ടു വീണ്ടുമുററ തപസ്സിനെ
ത്തുടൎന്നാനതിയത്നേന, വൻതപസ്വി കകുത്സ്ഥജ. 9

അതേകാലത്തു, നേർ ചൊൽവോനിക്ഷ്വാകുകുലവൎദ്ധനൻ
ത്രിശങ്കുവെന്നൊരാളുണ്ടായിരുന്നു ധീജിതേന്ദ്രിയൻ. 10
അവന്നു തോന്നീ, ചെയ്യേണം യാഗമൊന്നെന്നു രാഘവ:
‘ചെല്ലേണം ദേവലോകത്തിൽ സ്വശരീരത്തൊടേ മമ.’ 11
അവൻ വസിഷ്ഠനെ വിളിച്ചുരചെയ്താൻ മനോരഥം;
എളുതല്ലെന്നരുളിനാൻ മഹാത്മാവാം വസിഷ്ഠനും. 12
വസിഷ്ഠൻ തള്ളിയ നൃപൻ തെക്കേദ്ദിക്കിന്നു പോന്നുടൻ,
അവന്റെ പുത്രരിൽച്ചെന്നാനാക്കൎമ്മം നിറവേററുവാൻ; 13
തപസ്സു നീണ്ട വാസിഷ്ഠർ തപം ചെയ്തുമരുന്നിടം.
ത്രിശങ്കുവതിതേജസ്വി നൂറുപേരെ പ്രദീപ്തരെ 14
കണ്ടു വാസിഷ്ഠരെ,ക്കീൎത്തിയേറിയോരെത്തപോധരെ.
അവൻ ചെന്നു മഹാത്മാക്കളാം ഗുരുപുത്രരെയൊക്കയും 15
ക്രമാൽ വണങ്ങി നാണത്താൽച്ചെററു ചാഞ്ഞ ശിരസ്സുമായ്
സുമഹാഭാഗരോടെല്ലാരോടും തൊഴുതു ചൊല്ലിനാൻ:— 16
‘ശരണ്യർ നിങ്ങളെപ്പുക്കേൻ ശരണം ശരണാഗതൻ
നന്ദ നിങ്ങൾക്കു, പെരിയ വസിഷ്ഠൻ തള്ളിയോനിവൻ; 17
വൻയാഗമൊന്നു ചെയ്യേണ,മതിന്നനുവദിക്കുവിൻ.
ദയചെയ്തു, വണങ്ങുന്നേൻ ഗുരുപുത്രരെയൊക്കെ ഞാൻ! 18
താനുകമ്പിട്ടിരക്കുന്നേൻ താപസദ്വിജരോടു ഞാൻ:
എന്നെബ്ഭവാന്മാർ സിദ്ധിയ്ക്കു യാഗം ചെയ്യിപ്പിനാസ്ഥയാ, 19
എനിക്കുടലൊടേ ദേവലോകം പൂകാവതുംവിധം.
വസിഷ്ഠൻ തള്ളിയതിനാൽക്കാണ്മീലാ ഞാൻ മുനീന്ദ്രരേ, 20
ഗുരുപുത്രരെയെല്ലാം വിട്ടിതരാശ്രയമൊന്നുമേ.
ഇക്ഷ്വാകുക്കൾക്കശേഷൎക്കും വാധ്യാനാണൊററൊരാശ്രയം; 21
അവൻ കഴിഞ്ഞാലുടയോൻ, നിങ്ങളേവരുമാണു മേ!’

---

Digitized By Kerala Sahitya Akademi

## ഐംപത്തെട്ടാം സർഗ്ഗം: ത്രിശംകുശാപം

ത്രിശംകുവിന്റെ മൊഴികേട്ടരിശം പൂണ്ടു ചൊല്ലിനാർ
ഋഷിനന്ദനർ നൂറാളും രാമ, രാജാവൊടിങ്ങിനെ:— 1
'നിന്നെത്തള്ളിക്കളഞ്ഞതല്ലോ നേർ ചൊല്ലും ഗുരു ദുർമ്മതേ;
അദ്ദേഹത്തെക്കവിച്ചെന്തേ മററു കൊംപു പിടിയ്ക്കുവാൻ? 2
ഇക്ഷ്വാകുക്കൾക്കശേഷർക്കും വാധ്യാനാണേററൊരാശ്രയം;
തട്ടിക്കളകവയ്യല്ലോ നേർ ചൊൽവോനുടെ ഭാഷിതം. 3
എളുതല്ലെന്നു ചൊന്നല്ലോ വസിഷ്ഠൻ ഭഗവാനൃഷി;
ആ നിൻ ക്രതു നടത്തിപ്പാനാവതെങ്ങിനെ ഞങ്ങളാൽ? 4
വിഡ്ഢി നീ മനുജശ്രേഷ്ഠ; പോകാം നിജപുരിയ്ക്കുതാൻ.
മൂപ്പാരിന്നും യജിപ്പിപ്പാൻ പോന്നവൻ ഭഗവാൻ നൃപ; 5
അദ്ദേഹത്തിന്നവമതിവരുത്താൻ ഞങ്ങൾ പോരുമോ?'
ക്രോധത്താലക്ഷരം ചിന്നുമവർതൻ വാക്കു കേട്ടുടൻ 6
വീണ്ടുമൊന്നുരചെയ്താനാ രാജാവവരൊടിങ്ങിനെ:—
'ഗുരുവും ഗുരുവിൻപുത്രന്മാരും തള്ളിക്കളഞ്ഞ ഞാൻ 7
വേറെവഴിയ്ക്കു പോയ്ക്കൊള്ളാം, സ്വസ്തി നിങ്ങൾക്കൃഷീന്ദ്രരേ!'
അക്കൊടുംവാക്കു കേട്ടിട്ടു വല്ലാതരിശമേല്ക്കയാൽ 8
ശപിച്ചാരൃഷിപുത്രന്മാരൊ,'രു ചണ്ഡാലനാക നീ.'
എന്നുരച്ചാ മഹാത്മാക്കൾ പൂകിനാർ തന്നതാശ്രമം. 9
പിന്നെ രാത്രി പുലർന്നാറേ ചണ്ഡാലാകൃതിയായ് നൃപൻ;
കറുത്തും കരിമുണ്ടൊത്തും പരുത്തും മുടി ചപ്പിയും 10
ചിതാമാല്യകുറിക്കൂട്ടൊത്തി,രിംപാഭരണത്തൊടും.
ചണ്ഡാലമെയ്യാണ്ടവനെക്കണ്ടു മന്ത്രികളേവരും 11
വെടിഞ്ഞു രാമ, ചേർന്നൊത്തു പാഞ്ഞാര,നഗർ പൌരരും.
ഒററയ്ക്കായ് രാപ്പകലകം വേകും രാജാവു രാഘവ, 12
ധൈര്യത്തോടേ താപസനാം വിശ്വാമിത്രങ്കലെത്തിനാൻ:
പാഴാക്കപ്പെട്ടു ചണ്ഡാലരൂപനാമാ നരേന്ദ്രനെ 13
കണ്ടു രാമ, ദയാവാനായ്ച്ചമഞ്ഞാൻ മുനി കൌശികൻ:
ദയയാലപ്പെരുംതേജസ്സോക്കും പരമധാർമ്മികൻ 14
ചൊന്നാൻ ഘോരാംഗനാം രാജാവോടിത,ങ്ങയ്ക്കു മംഗളം:—
'എന്തു കാര്യത്തിനായ്വന്നു രാജപുത്ര, മഹാബല, 15
അയോധ്യാധിപതേ, വീര, ശാപാൽച്ചണ്ഡാലനായ നീ?'
അച്ചൊൽ കേട്ടിട്ടു ചണ്ഡാലരൂപനാകിയ മന്നവൻ 16

Digitized By Kerala Sahitya Akademi

ചൊല്ലിൽസ്സമർത്ഥനെക്കൂപ്പിച്ചൊന്നാൻ ചൊൽവിരുതുള്ളവൻ:—
'തള്ളിക്കളഞ്ഞാരിവനെഗ്ഗുരുവും ഗുരുപുത്രരും; 17
അക്കാമം കൈവരാതെതാൻ വിപരീതത്തിലായി ഞാൻ.
മെയ്യോടേ വിണ്ണു പൂകേണമെന്നത്രേ സൗമ്യ, തോന്നി മേ; 18
യാഗവും വളരെച്ചെയ്തേൻ കൈവരുന്നീലതിൻഫലം.
ഭോഷ്ക്കു മുന്നം പറഞ്ഞിട്ടില്ലെ,ന്നും ചൊല്കയുമില്ല ഞാൻ 19
കുഴക്കിലും, ക്ഷാത്രധർമ്മത്താണേ ഹേ സൗമ്യ, സത്യമാം!
ചെയ്തേൻ പലതരം യാഗം, ധർമ്മാൽക്കാത്തേൻ ജനങ്ങളെ; 20
ചേർത്തേൻ മഹാഗുരുക്കൾക്കും പ്രീതി വൃത്തഗുണങ്ങളാൽ.
ധർമ്മത്തിലുള്ളുറപ്പിച്ചു യജിപ്പാനാഗ്രഹിച്ചതിൽ 21
പരിതോഷപ്പെട്ടന്നീലാ ഗുരുക്കൾ മുനിപുംഗവ.
ദൈവമേ വലുതെന്നോർപ്പേൻ, പഴുതേ തന്നെ പൗരുഷം; 22
ദൈവമെല്ലാററിനും മീതേ; ദൈവംതാനൊററൊരാശ്രയം.
ദൈവാൽക്കർമ്മമടഞ്ഞാ,വതല്ലാതാ,ശിഷ്യമെൻറമേൽ, 23
ഭവാനു നല്ലതു വരും, പ്രസാദിച്ചരുളേണമേ!
വേറേ പൊറുതി തേടാ ഞാൻ: മററെനിയ്ക്കില്ലൊരാശ്രയം; 24
ദൈവത്തെപ്പൗരുഷംകൊണ്ടു പിന്തിരിപ്പിയ്ക്കണം ഭവാൻ.'

## ഐമ്പത്തൊമ്പതാം സർഗ്ഗം: വസിഷ്ഠശാപം.

ഏവം പറഞ്ഞ ചണ്ഡാലരൂപനാം ഭൂപനോടുടൻ
ചൊന്നാൻ മധുരമാംവണ്ണം കനിഞ്ഞു കുശികാത്മജൻ:— 1
'ഉണ്ണീ, സ്വാഗതമൈക്ഷ്വാക! ജ്ഞാതൻ മേ, നീ സുധാർമ്മികൻ;
രക്ഷിച്ചീടാമങ്ങയെ ഞാൻ; ഭയം വേണ്ടാ നൃപർഷഭ. 2
ക്ഷണിപ്പേൻ ഞാൻ കൃതികളാം മഹർഷികളെയൊക്കെയും
യജ്ഞത്തുണയ്ക്കു; രാജൻ, തേ, യജിയ്ക്കാം പിന്നെ നിർവൃഥം. 3
അങ്ങയ്ക്കു ഗുരുശാപത്താൽപ്പെട്ട രൂപമിതില്ലയോ,
ഈ രൂപമൊത്തുടലൊടേ സ്വർഗ്ഗത്തിൽച്ചെന്നിടും ഭവാൻ. 4
കയ്യിലായെന്നു കാണ്മൂ ഞാൻ വിണ്ണങ്ങയ്ക്കു നരാധിപ:
ഭവാൻ വന്നാശ്രയിച്ചല്ലോ ത്രാതാവാം ഗാധിപുത്രനെ.' 5
എന്നുരച്ചതിതേജസ്വി യാഗത്തിൻകോപ്പു കൂട്ടുവാൻ
നിയോഗിച്ചൂ വിബുധരാം ധർമ്മമേറിയ പുത്രരെ. 6

Digitized By Kerala Sahitya Akademi

പിന്നെശ്ശിഷ്യരെയെല്ലാമേ വിളിച്ചിങ്ങിനെ ചൊല്ലിനാൻ:—
'വത്സരേ, കൊണ്ടുവരികെൻചൊല്ലാൽസ്സൎവ്വൎഷിമാരെയും,. 7
പഠിപ്പേറിയ ശിഷ്യർത്ത്വിഗ്ഗൃതരാം മിത്രർത്തന്മെയും.
എന്നാജ്ഞയാൽ ക്ഷണിയ്ക്കപ്പെട്ടിട്ടാരാനുമനാദരാൽ 8
വല്ലതും ചൊല്ലീല,ച്ചൊന്നതെല്ലാമെന്നോടുരയ്ക്കണം.'
അവന്റെയതാം കേട്ടിട്ടു പോയാർ നീളെത്തദാജ്ഞയാൽ; 9
പിന്നെല്ലാദ്ദിക്കിൽനിന്നും വന്നണഞ്ഞു ബ്രഹ്മവാദികൾ.
അശ്ശിഷ്യരും വന്നു മഹസ്സാളുന്ന മുനിയോടുടൻ, 10
ബ്രഹ്മവാദികളെല്ലാം ചൊന്നതൊട്ടുക്ക ചൊല്ലിനാർ:—
'നിൻവാക്കു കേട്ടിട്ടു വരുന്നുണ്ടന്തണരശേഷരും; 11
മഹോദയനൊഴിച്ചെല്ലാദ്ദേശത്തുള്ളോരുമെത്തിനാർ.
നൂറുപേരവർ വാസിഷ്ഠരെല്ലാം ക്രോധാകുലാക്ഷരം 12
പറഞ്ഞതൊട്ടുക്ക ഭവാൻ കേട്ടാലും മുനിപുംഗവ:
'ക്ഷത്രിയൻ ക്രതു ചെയ്യിപ്പോൻ, ചണ്ഡാലനു വിശേഷതഃ, 13
ഹവിസ്സു തത്സദസ്സിങ്കലെമ്മട്ടുണ്ണും സുരർഷികൾ?
പെരിയോരന്തണന്മാരും ചണ്ഡാലാന്നം ഭുജിയ്ക്കുകിൽ 14
വിണ്ണിലെങ്ങിനെ ചെന്നെത്തും, വിശ്വാമിത്രന്റെ രക്ഷയാൽ?'
തുടുത്ത മിഴിയൊത്തേവം കടുത്ത മൊഴി പേശിനാർ 15
ആ വാസിഷ്ഠർ മുനിവ്യാഘ്ര, സമഹോദയരേവരും.'
അവരെല്ലാരുടെയുമാ മൊഴി കേട്ടൃഷിപുംഗവൻ 16
ക്രോധാൽക്കണ്ണു തുടുത്തേവമരിശം പൂണ്ടു ചൊല്ലിനാൻ:—
'ദുഷ്ടരുഗ്രതപം ചെയ്യുമെന്നെയേവർ ദുഷിപ്പിതോ, 17
അദ്ദുരാത്മാക്കൾ വെണ്ണീറായ്പ്പോക,മില്ലൊരു സംശയം:
ഇപ്പൊഴേ കാലപാശത്താൽ യമാലയമണഞ്ഞവർ 18
ശവംതീനികളാവട്ടെ,യെഴനൂർ ജന്മമേവരും;
നായ്മാംസം പതിവായ്ത്തിന്നും ക്രൂരരായ് മുഷ്ടികാഖ്യരായ് 19
വിരൂപരായ്‌വികൃതരായ്‌സ്സഞ്ചരിയ്ക്കട്ടെ പാരിതിൽ!
മഹോദയൻ ദുർമ്മതിയോ, ദുഷ്ടറെറന്നെദ്ദൂഷിയ്ക്കയാൽ 20
എല്ലാടവും ദൂഷിതനായ് നിഷാദത്വമണഞ്ഞിടും:
ഏത്തിന്നൊരലിവില്ലാതെ കുത്തിക്കൊല നടത്തിയും 21
നീണാൾ ദുർഗ്ഗതി പൂകീട്ടു,മെന്റെയീയരിശത്തിനാൽ!'
ഇത്രത്തോളം പറഞ്ഞിട്ടു തപസ്സേറിയ കൌശികൻ 22
അടങ്ങി, മുനിമധ്യത്തിലതിതേജസ്വി മാമുനി.

Digitized By Kerala Sahitya Akademi

## അറുപതാം സർഗ്ഗം: ത്രിശംകുസ്വർഗ്ഗാരോഹണം.

മഹോദയാദിവാസിഷ്ഠക്കടവേകിത്തപോബലാൽ,
കഥിച്ചാൻ മുനിമധ്യത്തിൽത്തേജസ്സേറിയ കൌശികൻ:— 1
‘ഇദ്ദേഹമിക്ഷ്വാകുസുതൻ ത്രിശംകുവതിധാർമ്മികൻ
ഉദാരശീലൻ ശരണംപ്രാപിച്ചവനുമാണു മാം, 2
തനതാമിയ്യുടലൊടേ വിണ്ണിങ്കൽച്ചെന്നുകേറുവാൻ.
ഇദ്ദേഹം തൻെറ മെയ്യോടേ സ്വർഗ്ഗത്തിലണയുംവിധം 3
നടത്തുകൊരു യാഗത്തെ നിങ്ങളെന്നോടുകൂടവേ.’
വിശ്വാമിത്രൻെറ ചൊൽ കേട്ടു മഹാമുനികളേവരും 4
ചേർന്നൊത്തു തങ്ങളിൽച്ചൊന്നാർ ധർമ്മം തെറ്റാതെ ധാർമ്മികർ:—
‘കുശികൻതൻെറ മകനീ മുനി ശുണ്ഠി മുഴുത്തവൻ; 5
പറഞ്ഞപോലെ ചെയ്യേണം വഴിപോലില്ല സംശയം:
ക്രോധം വന്നാൽശ്ശപിച്ചേയ്ക്കും ഭഗവാനഗ്നിസന്നിഭൻ! 6
അതിനാൽത്തുടരാം യാഗം; വിണ്ണിലെമ്മട്ടു മെയ്യൊടേ
ചെന്നെത്തുമിക്ഷ്വാകുസുതൻ വിശ്വാമിത്രൻെറ ശക്തിയാൽ, 7
അമ്മട്ടു തുടരാം യാഗ;മെല്ലാവരുമൊരുങ്ങുവിൻ!’
എന്നോതി മാമുനികളന്നോരോ കർമ്മം തുടങ്ങിനാർ; 8
യജ്ഞത്തിലധ്വര്യുവുമായ്, തേജസ്സേറിയ കൌശികൻ.
ക്രമത്തിലൃത്വിക്കുകളും സമന്ത്രം മന്ത്രകോവിദർ 9
കർമ്മങ്ങളൊക്കെയും ചെയ്തു യഥാകല്പം യഥാവിധി.

പിന്നെപ്പെരുതുനേരത്താത്തപസ്സേറിയ കൌശികൻ
അങ്ങാവാഹിച്ചു, പംകേല്പാനെല്ലാദ്ദേവകളെയുമേ; 10
എന്നാൽ വന്നീല പംകേല്പാൻ വിളിയ്ക്കപ്പെട്ട ദേവകൾ!
അതിനാലരിശംകൊണ്ടു വിശ്വാമിത്രൻ മഹാമുനി 11
അരിശത്താൽ സ്രുവം പൊക്കി ത്രിശംകുവൊടിതോതിനാൻ:—
‘കാണ്ക, ഞാൻ നേടിയ തപസ്സിൻെറ വീര്യം നരേശ്വര: 12
ഇതാ, ഭവാനെ മെയ്യോടേ വിൺ പുകിപ്പൻ ബലേന ഞാൻ;
ദുഷ്പ്രാപമാം വിണ്ണേറിക്കൊൾകവീശ, നിജമെയ്യൊടേ. 13
ഞാൻ നേടിയ തപസ്സിനുണ്ടേതാനും ഫലമെങ്കിലോ,
അതിൻപ്രഭാവാൽ മെയ്യോടേ വിൺ പൂകുക ഭവാൻ നൃപ!’ 14
എന്നാ മുനി പറഞ്ഞാറേ പോയാനുടലൊടേ നൃപൻ
സ്വർഗ്ഗത്തിലെയ്ക്കു കാകുത്സ്ഥ, മുനിമാർ കണ്ടുനില്ക്കവേ. 15

Digitized By Kerala Sahitya Akademi

ത്രിശംകു നാകലോകം പുക്കതു കണ്ടു പുരന്ദരൻ
എല്ലാദ്ദേവഗണത്തോടുമൊന്നിച്ചിങ്ങിനെ ചൊല്ലിനാൻ:— 16
'ത്രിശംകോ, തിരിയേപോക: വിൺവാഴ്ത്തക്കർഹനല്ല നീ;
ഗുരുശാപഹതൻ, മൂഢ, തലകീഴ്‌വീഴുകൂഴിയിൽ!' 17
ഇന്ദ്രനേവം പറകയാൽ ത്രിശംകു നിപതിച്ചുപോയ്,
പാഹീതി മുനിയാം വിശ്വാമിത്രനോടാർത്തു കേണുതാൻ. 18
ആർത്തുകേണിടുമദ്ദേഹത്തിന്റെ ചൊൽ കേട്ടു കൌശികൻ
വല്ലാതെയരിശംകൊണ്ടാൻ, നില്ലു നില്ലെന്നുമോതിനാൻ. 19
മററൊരബ്ജോൽഭവൻ പോലത്തേജസ്വി മുനിമധ്യഗൻ
സൃഷ്ടിച്ചാൻ തെക്കുഭാഗത്തു വേറേ സപ്തർഷിമാർകളെ. 20
നക്ഷത്രമാലയും വേറേ സൃഷ്ടിച്ചാൻ ക്രോധമൂർച്ഛിതൻ
തെക്കേട്ടിക്കിങ്കലൃഷിമാരുടെ മധ്യേ പുകഴ്ന്നവൻ. 21
നക്ഷത്രവംശവും സൃഷ്ടിച്ചരിശത്താൽക്കലങ്ങിയോൻ,
'മററൊരിന്ദ്രനെ നിർമ്മിപ്പൻ; വേണ്ടാ ഇങ്ങിന്ദ്രനെന്നുമാം' 22
എന്നു, രോഷാൽസ്സുരരെയും സൃഷ്ടിപ്പതിനൊരുങ്ങിനാൻ.
അതിൽത്തുലോം സംഭ്രമമോടൃഷിയുക്തർ സുരാസുരർ 23
മഹാനാം കൌശികനൊടു ചൊന്നാരനുനയോക്തിയെ:—
'ഈ മന്നവൻ മഹാഭാഗ, ഗുരുശാപപരിക്ഷതൻ 24
മെയ്യോടേ വിണ്ണണയുവാനർഹനല്ല തപോധന.'
ആ വാനോരുടെയാ വാക്കു കേട്ടിട്ടു മുനിപുംഗവൻ 25
ചൊന്നാൻ ദേവകളോടെല്ലാം കനത്ത മൊഴി കൌശികൻ:—
'നിങ്ങൾക്കു നന്മ,യുടലോടിത്രിശങ്കുമഹീശനെ 26
കേററാമെന്നേററുരച്ചിട്ടു തെററിപ്പാൻ നോക്കകില്ല ഞാൻ.
വിണ്ണിൽ വാഴട്ടെയെന്നെന്നുമിത്രിശങ്കു സദേഹനായ്; 27
അനശ്വരങ്ങളാകെന്റെ നക്ഷത്രങ്ങളുമൊക്കയും.
പാരുള്ളനാളുംവരെയ്യെന്റെ സൃഷ്ടിയാമിവയൊക്കയും 28
നിലനില്ക്കട്ടെ;യതു സമ്മതിപ്പിൻ സുരരേവരും.'
എന്നു കേട്ടംപരെല്ലാരും മുനിവ്യാഘ്രനൊടോതിനാർ:— 29
'ഇമ്മട്ടാവട്ടെ, ഭദ്രം തേ, ജ്യോതിശ്ചക്രത്തിനിപ്പുറം
നിന്നുകൊള്ളട്ടെ, വാനത്തിബ്ഭൂരിതാരങ്ങളൊക്കയും; 30
അത്താരങ്ങളിലത്യന്തം തിളങ്ങിസ്സുരതുല്യനായ്
തലകീഴായി നില്ക്കട്ടേ ത്രിശംകുവുമൃഷീശ്വര. 31
അനുവർത്തിയ്ക്കയും ചെയ്യുമിത്താരങ്ങൾ നൃപേന്ദ്രനെ,
സ്വർഗ്ഗം പുക്കവനെപ്പോലേ കൃതാർത്ഥനെ യശസ്വിയെ.' 32

Digitized By Kerala Sahitya Akademi

സർവ്വദേവർഷിനുതനാം തേജസ്സേറിയ കൌശികൻ,
എന്നാലങ്ങിനെയെന്നാനദ്ദേവന്മാരോട് ധാർമ്മികൻ. 33
പിന്നെ മത്ത്യേന്ദ്ര, യാഗാന്തേ ഗമിച്ചാർ വന്നപോലവേ
പെരിയോർ ദേവകരം തപോധനർഷികളുമേവരും. 34

## അറുപത്തൊന്നാം സർഗ്ഗം. ശുനശ്ശേഫവിക്രയം.

അത്താപസർ പുറപ്പെട്ടതീക്ഷിച്ച പുരുഷർഷഭ,
വനസ്ഥരവരോടെല്ലാം ചൊന്നാൻ പെരിയ കൌശികൻ:— 1
വൻവിഘ്നമീവിധം പാറി തെക്കേദിക്കിലിരുന്നതിൽ;
ഗമിക്കാം മറ്റൊരേടത്തെക്കു,വിടെച്ചെയ്തിടാം തപം 2
പരപ്പേറും പടിഞ്ഞാറു പുഷ്കരത്തിലുദാരരേ,
സുഖമായിത്തപം ചെയ്യാം: മുഖ്യമാണ,ത്തപോവനം' 3
എന്നുരച്ചതിതേജസ്വി മുനീന്ദ്രൻ പുഷ്കരാന്തികേ
ദുർദ്ധർഷമാമുഗ്രതപം ചെയ്താൻ കായ്കനിയുണ്ണമായ്. 4
അതേകാലത്തൊരരചനയോധ്യയ്ക്കധിനായകൻ
അംബരീഷാഹ്വയനൊരു യാഗം ചെയ്യാനൊരുങ്ങിനാൻ. 5
അവൻ യാഗം കഴിക്കുംപോഴം പശുവെക്കട്ടിതുംപർകോൻ;
പശു പോയ്പോകയാൽ വിപ്രർ ഭൂപനോടിതു ചൊല്ലിനാർ:— 6
"ആനീതം പശുവിന്നെങ്ങോ പോയ്പ്പോയ് നിൻദുർന്നയാൽ പ്രഭോ:
അരക്ഷിതാവാം രാജാവെ ധ്വംസിക്കും ഭൂപ, തിന്മകരം. 7
പ്രായശ്ചിത്തം വലുതിതിൽ:—പ്പശുവേയോ ഒരാളെയോ
വെക്കം വരുത്തു, കർമ്മാരംഭത്തിനുന്നേ നരർഷഭ.' 8
ഉപാധ്യായൻെറ മൊഴി കേട്ടാ മഹാമതി മന്നവൻ
പശുവെഗ്ഗോശതമ്പിലയ്ക്കന്വേഷിച്ചാൻ നരർഷഭ. 9
പല ദേശങ്ങരം രാജ്യങ്ങരം നഗരങ്ങരം വനങ്ങളും
പുണ്യാശ്രമങ്ങളും പുക്കു തേട്ടമാധരണീശ്വരൻ 10
കണ്ടെത്തി, ഭൃഗുതുംഗത്തിലുണ്ണി, തല്പുകുമാരക,
ഭാര്യാപുത്രരൊടൊന്നിച്ചു നിവസിക്കുമൃചീകനെ. 11
പറഞ്ഞാനതിതേജസ്വി പണിഞ്ഞു കനിയിച്ചുടൻ,
തപസ്സിലാളും ബ്രഹ്മർഷിയോടു രാജർഷി കാന്തിമാൻ 12
സർവ്വത്ര കുശലം ചോദിച്ചൃചീകനൊടിതിൻവിധം:—
"നൂറായിരം പയ്യിനു, നീ പശുവാക്കാനൊരുണ്ണിയെ 13

Digitized By Kerala Sahitya Akademi

വില്ക്കുമെങ്കിൽ മഹാഭാഗ, ഞാൻ ഭാൎഗ്ഗവ, കൃതാത്മനാം
നാടൊക്കെച്ചുററിനേൻ, യജ്ഞപശുവെക്കിട്ടിയില്ല മേ 14
തന്നാൽക്കൊള്ളാ,മിതിലെനിയ്ക്കൊരുണ്ണിയെ വിലയ്ക്കു നീ.'
ഇതു കേട്ടു മഹാതേജസ്സൃചീകനരിയാടിനാൻ:— 15
'മൂത്ത പുത്രനെ ഞാൻ വില്ക്കില്ലൊരുമട്ടും നരോത്തമ.'
ഋചീകവാക്യം കേട്ടിട്ടാ മഹാത്മാവുടെയമ്മയും 16
അംബരീഷനരവ്യാഘ്രനോടു ചൊന്നാൾ തപസ്വിനി:—
'മൂത്ത പുത്രനെ വില്ക്കില്ലെന്നോതിയല്ലോ ഭൃഗൂദ്വഹൻ; 17
എനിയ്ക്കും, കേളുത്തമയാണിളയോൻ ശുനകൻ നൃപ.
അതിനാൽബ് ഭൂപ, ഞാനങ്ങയ്ക്കേകില്ലിളയ പുത്രനെ: 18
മുക്കാലും മൂത്തവരിലാണ,ച്ഛന്നു നരോത്തമ.
ഇളയോർകളിലാണമ്മയ്ക്ക,യയ്ക്കില്ലിളയോനെ ഞാൻ.' 19
മുനിയും മുനിതൻപത്നിതാനുമങ്ങിനെ ചൊല്കയാൽ
താന്താൻ രാമ, ശുനശ്ശേഫൻ ചൊന്നാൻ നടുവിലുള്ളവൻ:— 20
'വില്ക്കില്ലുണ്ണനെയെന്നച്ഛൻ ചൊല്ലീ തംപിയെയമ്മയും;
വില്ക്കപ്പെട്ട നടുമകൻ; കൊണ്ടുപോയ്ക്കൊൾക മാം നൃപ.' 21
നൂറായിരം പയ്യിനുടൻ ശുനശ്ശേഫനെ രാഘവ,
വാങ്ങിപ്പെരികെ നന്ദിച്ചു നടകൊണ്ടാൻ നരേശ്വരൻ: 22
ശുനശ്ശേഫനെ വേഗത്തിൽത്തേരിലേററി മടങ്ങിനാൻ
അംബരീഷൻ സുതേജസ്വി രാജൎഷി പുകൾ വായ്ചവൻ. 23

---

## അറുപത്തിരണ്ടാം സൎഗ്ഗം: ശുനശ്ശേഫരക്ഷണം.

ശുനശ്ശേഫനെ വാങ്ങി,ച്ചൊല്ലേറും രാജാവു രാഘവ,
ഉച്ചയ്ക്കു പുഷ്കരത്തിങ്കൽ വിശ്രമിച്ചാൻ നരോത്തമ. 1
അദ്ദേഹം വിശ്രമിയ്ക്കുംപോൾ ശുനശ്ശേഫൻ സുകീൎത്തിമാൻ
പുഷ്കരക്ഷേത്രമുൾപ്പുക്കു കണ്ടെത്തീ ഗാധിപുത്രനെ, 2
ഋഷിമദ്ധ്യേ തപം ചെയ്യുമമ്മാമനെ മഹാത്മവൻ.
ദാഹവും വാട്ടവും മൂലമാനനം മങ്ങിയാൎത്തനായ് 3
മുനിതന്മടയിൽച്ചെന്നു വീണാ,നിതുരിയാടിനാൻ:—
'അമ്മയില്ല,ച്ഛനില്ലാ മേ, ജ്ഞാതിബന്ധുക്കളെങ്ങിനി? 4
രക്ഷിയ്ക്കുകെന്നെ നീ സൌമ്യ, ധൎമ്മത്താൽ മുനിപുംഗവ:
എവൎക്കും രക്ഷിതാവല്ലോ മാമുനേ, ഭാവനൻ ഭവാൻ. 5

Digitized By Kerala Sahitya Akademi

രാജാവിൻ കാൎയ്യമൊക്കേണം; കേടററായുസ്സു നീണ്ട ഞാൻ
മികവുററ തപം ചെയ്തു വിണ്ണിലും ചെന്നുചേരണം. 6
അനാഥനാമെനിയ്ക്കിങ്ങു നാഥനാക,ങ്ങുതെളിഞ്ഞു നീ;
രക്ഷിയ്ക്ക, മകനെത്താതൻപോലെ, മാൽ തീൎത്തു ധാൎമ്മിക.' 7
അവന്റെയാ വാക്കു കേട്ടു തപസ്സേറിയ കൌശികൻ
പലപാടാശ്വസിപ്പിച്ചു പുത്രരോടിതു ചൊല്ലിനാൻ:— 8
'അച്ഛന്മാർ നന്മയോൎത്തെന്തിനുൽപാദിപ്പിപ്പു മക്കളെ,
അതിൻ നേരമിതാ വന്നു, പരലോകഹിതം തരാൻ! 9
എന്നാൽസ്സംരക്ഷ തേടുന്നോനിക്കുട്ടി മുനിനന്ദനൻ;
ഇവനു ജീവനേകിക്കൊണ്ടേ പ്രിയം ചെയ്യുവിനുണ്ണികൾ! 10
എല്ലാരും പുണ്യകൎമ്മാക്കളെല്ലാരും ധൎമ്മതൽപരർ;
നൃപന്റെ പശുവായ്ത്തീൎന്നിട്ടഗ്നിയെത്തൃപ്തനാക്കുവിൻ! 11
രക്ഷപ്പെട്ടും ശുനശ്ശേഫൻ; വിഘ്നം യാഗത്തിനേററിടാ:
ദേവകൾക്കുളവാം തൃപ്തി;—യെൻവാക്കും ചെയ്തതായ്വരും' 12
മുനിതൻ വചനം കേട്ടു മധുഷ്യന്ദാദിപുത്രരോ,
അഹന്ത പൂണ്ടുപഹസിച്ചുരചെയ്താർ നരോത്തമ:— 13
'തന്പുത്രരെപ്പോക്കി വിഭോ, കാപ്പതെന്തന്യപുത്രനെ?
ചോർ വിട്ടു നായ്മാംസമശിപ്പതു പോലിതകാൎയ്യമാം!' 14
അപ്പുത്രരുടെയാ വാക്കു കേട്ടിട്ടു മുനിപുംഗവൻ
അരിശത്താൽ മിഴി തുടുത്തുരിയാടാൻ തുടങ്ങിനാൻ:— 15
എൻവാക്കു തള്ളിയീവണ്ണം ചൊന്നല്ലോ ക്ലസലെന്നിയേ
ധൎമ്മംപോലും വെടിഞ്ഞുള്ളൊന്നു,ഗ്രം രോമാഞ്ചദായകം; 16
നിങ്ങളെല്ലാവരും ജാതി പുക്കു വാസിഷ്ഠർപോലവേ
നായ്മാംസവും തിന്നിപ്പാരിൽ വാഴ്‌വിനായിരമാണ്ടുകൾ.' 17
പുത്രന്മാരെശ്ശപിച്ചിട്ടു, നിൎവ്വാധം രക്ഷ ചെയ്തുടൻ
ദീനനായ ശുനശ്ശേഫനോടു ചൊന്നാൻ മുനീശ്വരൻ:— 18
'ദൎഭപ്പുൽച്ചരടും കെട്ടി രക്തമാല്യാനുലേപനായ്
വിഷ്ണുയൂപമണഞ്ഞാല,ങ്ങഗ്നിയെ സ്തുതിചെയ്ക നീ; 19
ഇദ്ദിവ്യഗാഥ രണ്ടെണ്ണം പാടേണം മുനിനന്ദന,
അംബരീഷന്റെ യാഗത്തിലെ,ന്നാൽസ്സിദ്ധി വരും തവ.' 20
അഗ്ഗാഥ രണ്ടുമുൾക്കൊണ്ടു ശുനശ്ശേഫനനാകുലൻ
ആ രാജസിംഹനാമംബരീഷനോടോതി സത്വരം:— 21
'രാജസിംഹ, മഹാസത്വ, വേഗം ചെല്ക സദസ്സിൽ നാം;
മുഴമിപ്പിയ്ക്ക രാജേന്ദ്ര; കൈക്കൊണ്ടീടുക ദീക്ഷയും.' 22

Digitized By Kerala Sahitya Akademi

മുനിപുത്രന്റെ ചൊൽ കേട്ടു കുളിർ പൂണ്ട മനസ്സോടും
യാഗശാലയിലെയ്ക്കാശു പോന്നാൻ നൃപനുഴറെറാടേ. 23
സദസ്യാനുജ്ഞയാ ഭദ്രാംകിതനാമവനെ പ്രഭു
ബന്ധിച്ചാൻ പശുവാക്കി,ച്ചെമ്മുണ്ടുടുപ്പിച്ചു യൂപമേൽ, 24
ബാലനാമമ്മുനിസുതൻ മികച്ച വചനങ്ങളാൽ
ഇന്ദ്രോപേന്ദ്രസുരന്മാരെ സ്തുതിച്ചാൻ വഴിപോലവേ. 25
അതിൽത്തെളിഞ്ഞു ദേവേന്ദ്രൻ രഹസ്യസ്തുതിതുഷ്ടനായ്
സുചിരായുസ്സരുളിനാൻ ശുനശ്ശേഫന്നു രാഘവ. 26
ആ രാജാവും സഹസ്രാക്ഷപ്രസാദത്താൽ നരോത്തമ,
നേടിനാൻ രാമ, യാഗത്തിൻ ഫലം പെരുതിരട്ടിയായ്. 27
തപസ്വിയാം കൌശികനോ, വീണ്ടും ചെയ്തീടിനാൻ തപം
പുഷ്കരത്തിൽ നരശ്രേഷ്ഠ, പത്തു നൂറാണ്ടു ധാർമ്മികൻ. 28

---

## അറുപത്തിമൂന്നാം സർഗ്ഗം: മേനകാനിർവ്വാസനം.

ആണ്ടായിരം തികഞ്ഞാറെ വ്രതസ്നാതൻ മഹർഷിയെ
പ്രാപിച്ചാരുംപരെപ്പേരും തപസ്സിൻ ഫലമേകുവാൻ. 1
ചൊന്നാൻ തേജസ്സു പെരുകും ബ്രഹ്മാവരിയ ഭംഗിയിൽ:—
'ഋഷിയായ് നീ, തവ ശുഭം, താൻ ചെയ്ത സുകൃതങ്ങളാൽ.' 2
ഏവം പറഞ്ഞു ദേവേശൻ വിണ്ണിലെയ്ക്കു മടങ്ങിനാൻ;
വിശ്വാമിത്രൻ സുതേജസ്വി വീണ്ടും ചെയ്താൻ പെരുംതപം. 3
നീണാൾ കഴിഞ്ഞതിൻശേഷമപ്സരോമണി മേനക
സ്നാനത്തിനായി വന്നെത്തീ പുഷ്കരത്തിൽ നരോത്തമ. 4
കണ്ടെത്തിയാ മേനകയെ,ത്തേജസ്സേറിയ കൌശികൻ;
കാർമേൽ മിന്നലിനെപ്പോലെ തത്ര നിസ്തുലരൂപയെ 5
കണ്ടിട്ടു കാമന്നടിപെട്ടവളോടോതിനാൻ മുനി:—
'അപ്സരസ്സേ, സ്വാഗതം തേ, വാഴ്കിങ്ങെന്നാശ്രമത്തിൽ നീ, 6
അനുഗ്രഹിക്ക, ഭദ്രം തേ, കാമപ്പിച്ചാളുമെന്നെ നീ.'
എന്നു കേട്ടവിടെപ്പാർത്തുകൊണ്ടാൾ സുശ്രോണിയാളവൾ. 7
പാർത്തുപോരുമവൾക്കഞ്ചുമഞ്ചുമാണ്ടു കകുത്സ്ഥജ,
വിശ്വാമിത്രാശ്രമേ രാമ, സുഖമായിക്കഴിഞ്ഞുപോയ്. 8
അത്ര കാലം കഴിഞ്ഞാറേ വിശ്വാമിത്രൻ മഹാമുനി
ലജ്ജയുൾക്കൊണ്ടഴലിലും വിചാരത്തിലുമാണ്ടുപോയ്. 9

Digitized By Kerala Sahitya Akademi

മുനിയ്ക്കുള്ളത്തിലരിശം ജനിച്ചു തദനന്തരം:
'ഇതൊക്കെയും, തപം പോക്കാൻ വാനോർ ചെയ്യുന്ന വേലയാം. 10
ഒരു രാപ്പകലിന്നൊപ്പം കഴിഞ്ഞു പത്തു വത്സരം;
കാമപ്പിശാചിൽപ്പെട്ടകയാൽപ്പററിപ്പോയ് വിഘ്നമിങ്ങിനെ!' 11
പശ്ചാത്താപാലഴൽപ്പെട്ടു നെടുവീർപ്പിട്ടു മാമുനി,
ഭയാൽ വിറച്ചു കൈകൂപ്പിനിന്ന വിണ്മണിമങ്കയെ 12
നല്ല വാക്കാലഥ തിരിച്ചയച്ചു കുശികാത്മജൻ
വടക്കേമലയിൽപ്പോയാൻ വിശ്വാമിത്രൻ കകുത്സ്ഥജ. 13
ബ്രഹ്മചര്യമുറപ്പിച്ചു,ജ്ജയൈഷി പുകളേറിയോൻ
കൌശികിക്കരയിൽച്ചെന്നു ചെയ്താനത്യുഗ്രമാം തപം. 14

ആയിരം വത്സരം രാമ, വടക്കേമലമേലവൻ
കൊടുംതപസ്സനുഷ്ഠിക്കെബ്ഭയപ്പെട്ടിതു ദേവകൾ. 15
ചിന്തിച്ചാരുംപരെപ്പേരും ചേർന്നൊത്തു മുനിമാരുമായ്:
'മഹർഷിയായിക്കൊള്ളട്ടേ,ശരിക്കീക്കുശികാത്മജൻ.' 16
വാനോർതൻ വചനം കേട്ടു സർവലോകപിതാമഹൻ
തപസ്വിയാം കൌശികനോടോതീ മധുരമാംവിധം:— 17
'മഹർഷേ, സ്വാഗതം വത്സ! വന്തപസ്സാൽത്തെളിഞ്ഞു ഞാൻ:
മഹത്വ,മൃഷിമുഖ്യത്വം തരുന്നേൻ തവ കൌശിക.' 18
സർവലോകാധിപതിയാം ബ്രഹ്മാവിൻ മൊഴി കേൾക്കയാൽ
മാഴ്കീലാ, തുഷ്ടി പൂണ്ടീലാ വിശ്വാമിത്രൻ തപോധനൻ. 19
വണങ്ങിത്തൊഴുതസ്സർവലോകമുത്തച്ഛനോടുടൻ
മറുവാക്കൊന്നുണർത്തിച്ചാൻ വിശ്വാമിത്രൻ മഹാമുനി:— 20
'ബ്രഹ്മർഷിശബ്ദമതുലം, ഞാൻ ചെയ്ത സുകൃതങ്ങളാൽ
നല്കീ മേ ഭഗവാനെങ്കിൽ, വിജിതേന്ദ്രിയനായി ഞാൻ!' 21
ബ്രഹ്മാവുമവനോടോതീ:— 'വെന്നിട്ടില്ലിന്ദ്രിയത്തെ നീ;
മുനിശാർദ്ദൂല, യത്നം ചെയ്യെ'ന്നോതി സ്വർഗ്ഗമേറിനാൻ. 22

ദേവന്മാർ പോയതിൽപ്പിന്നെ വിശ്വാമിത്രൻ മഹാമുനി
കൈകൾ പൊക്കി നിരാലംബം ചെയ്താൻ കാററൂണമായ്ത്തപം: 23
വേനല്ക്കഞ്ചഗ്നിമധ്യത്തിൽ, വർഷത്തിങ്കൽത്തുറസ്സിലും,
ശിശിരേ നീരിലും നിന്നാനഹോരാത്രം തപോധനൻ; 24
ഏവമോരായിരത്താണ്ടു ചെയ്തുകൊണ്ടാൻ കൊടുംതപം.

ആ മഹാമുനിയാം വിശ്വാമിത്രൻ ചെയ്യും തപസ്സിനാൽ
വല്ലാത്ത സംഭ്രമം പെട്ടു വാനോർക്കും വാസവന്നുമേ. 25

Digitized By Kerala Sahitya Akademi

രംഭാപ്സരസ്സിനോടിന്ദ്രൻ സർവ്വദേവഗണാന്വിതൻ
ചൊന്നാൻ തനിഷ്ട ഹിതം, ഗാധേയന്നഹിതം മൊഴി:— 26

## അറുപത്തിനാലാം സർഗ്ഗം: രംഭാശാപം.

‘രംഭേ, മഹത്താമിദ്ദേവകാര്യം നീ ചെയ്തുവെയ്ക്കണം:
പ്രലോഭിപ്പിച്ചു കാമപ്പിച്ചിയററിഗ്ഗാധിപുത്രനെ. 1
ഏവം ധീമാൻ സഹസ്രാക്ഷൻ ചൊന്നപ്പോളപ്സരസ്സവൾ
നാണിച്ചു രാമ, കൈകൂപ്പിച്ചൊന്നാളിന്ദ്രനൊടുത്തരം:— 2
‘പുരാനേ, കൊടിയോരാളാണീ വിശ്വാമിത്രമാമുനി;
കൊടുംക്രോധമയച്ചേഷ്ടം, കില്ലില്ലെങ്കൽസ്സുരേശ്വര. 3
അതിനാൽ മേ ഭയം സ്വാമിൻ; പ്രസാദിച്ചരുളേണമേ!’
എന്നാ രംഭ ഭയപ്പെട്ടു ചൊന്നനേരത്തു രാഘവ, 4
കൈകൾകൂപ്പി വിറക്കൊള്ളുമവളോടോതിയുമ്പർകോൻ:—
പേടിക്കേണ്ടാ, തവ ശുഭം, രംഭേ, ചെയ്യെന്റെ ശാസനം; 5
വൃക്ഷം മിന്നും വസന്തത്തിലുൾക്കമ്രം കുയിലായി ഞാൻ
ചെന്താരമ്പനൊടൊപ്പം നിന്നന്തികേ നിന്നുകൊള്ളുവൻ. 6
ചന്തം പതിന്മടങ്ങാക്കി രംഭേ, വാരൊളി വീശി നീ
ചലിപ്പിച്ചു തപം ചെയ്തുപോരുമക്കൗശികർഷിയെ.’ 7
അവന്റെ ചൊൽ കേട്ടഴകു കൈവളർത്താ വിലാസിനി
വെള്ളപ്പുഞ്ചിരിയും തൂകിപ്പകിട്ടീ ഗാധിപുത്രനെ. 8
കേട്ടാനദ്ദേഹമാക്കളകം കുയിലിൻ മധുരസ്വനം;
അതിൽക്കരൾക്കാമ്പു തുലോം കുളിർത്തവളെ നോക്കിനാൻ. 9
ചില്ലാടതിന്റെ ശബ്ദത്താലെ,തിരില്ലാത്ത പാട്ടിനാൽ,
രംഭാസന്ദർശനത്താലും ശങ്ക തേടീടിനാൻ മുനി. 10
അതണ്ടർകോന്റെ പണിയാണെന്നറിഞ്ഞു മുനീശ്വരൻ
രംഭയെ ക്രോധമുൾക്കൊണ്ടു ശപിച്ചാൻ കുശികാത്മജൻ:— 11
‘കാമക്രോധജയം തേടുമെന്നെ വഞ്ചിച്ചിടുന്ന നീ
രംഭേ, പത്തായിരത്താണ്ടു പാറയായ് നില്ക്കു ദുർഭഗേ! 12
ബ്രാഹ്മണൻ ഭൂരിതേജസ്സു രംഭേ, സിദ്ധതപോബലൻ
എൻക്രോധത്താൽക്കലുഷയായ്ത്തീർന്ന നിന്നെക്കരേറ്റിടും.’ 13
എന്നുരച്ച,തിതേജസ്വീ വിശ്വാമിത്രൻ മഹാമുനി
ക്രോധത്തെയൊന്നടക്കീടാനാളാകാഞ്ഞല്ലൽ തേടിനാൻ. 14

Digitized By Kerala Sahitya Akademi

ആ മഹത്തായ ശാപത്താൽപ്പാറയായ് രംഭയപ്പൊഴേ;
കാമനോ, മാമുനിച്ചൊൽ കേട്ടൊഴിച്ചാനസ്സുരേന്ദ്രനും. 15
മഹാതേജസ്സിവൻ കോപാൽത്തപസ്സിന്നിടിവേററതിൽ,
ഇന്ദ്രിയങ്ങളെ വെല്ലാഞ്ഞു രാമ, നേടീലൊരുപശമം. 16
ഇവൻ നിനച്ചാനകമേ, തപസ്സിന്നിടിവേററതിൽ:
ക്രോധിയ്ക്കാ മേലിലെന്മട്ടും; മിണ്ടിപ്പോകയുമില്ല ഞാൻ; 17
അല്ലെങ്കിൽ വീർപ്പുമിടുകില്ലേ,റെയാറാണ്ടുപോലുമേ!
ദേഹം തീരെച്ചടപ്പിപ്പനിന്ദ്രിയങ്ങളെ വെന്നു ഞാൻ, 18
ബ്രാഹ്മണ്യം മേ തപംകൊണ്ടു നേടിക്കിട്ടീടുവോളവും.
ഉണ്ണാതെ വീർപ്പയയ്ക്കാതെ നില്പൻ ഞാൻ ബഹുവത്സരം; 19
തപം ചെയ്യുമെനിയ്ക്കുണ്ടാകുകില്ലവയവക്ഷയം.'
ഇവണ്ണമായിരത്താണ്ടു ദീക്ഷയ്ക്കാ, മുനിപുംഗവൻ 20
ചെയ്താൻ പാരിൽക്കിടപെടാപ്രതിജ്ഞ രഘുനന്ദന.

---

## അറുപത്തഞ്ചാം സർഗ്ഗം: ബ്രഹ്മർഷിത്വപ്രാപ്തി:

പിന്നീടു രാമ, ഹിമവദ്രിക്കു കൈവിട്ടു മാമുനി
കിഴക്കേദ്ദിക്കണഞ്ഞങ്ങു ചെയ്താനത്യുഗ്രമാം തപം: 1
ആയിരത്താണ്ടിനു മഹാമൌനവ്രതമെടുത്തവൻ
ചെയ്താൻ നിസ്തുലമായ് രാമ, തീരെദ്ദുഷ്കരമാം തപം. 2
ഒരായിരത്താണ്ടു മരംപോലെ നിന്ന മുനീന്ദ്രനെ
ബാധിച്ചീലരിശം ഭൂരിവിഘ്നാകുലതയിങ്കലും; 3
നിശ്ചയം വെച്ചവൻ രാമ, ചെയ്താനീടേറിടും തപം.
അവ്വണ്ണമായിരത്താണ്ടിൻ വ്രതം തീർന്ന മഹാവ്രതൻ; 4
ചോറുണ്ണുവാനൊരുംപെട്ടാ;നന്നേരത്തു രഘൂത്തമ,
ദ്വിജനായിന്ദ്രനവനോടിരന്നാൻ വെച്ച ചോറിനെ. 5
വെച്ചതെല്ലാം മടിയ്ക്കാതെയാ വിപ്രനു കൊടുക്കയാൽ
ചോർ ബാക്കിയില്ലാഞ്ഞുണ്ടീലാ ഭഗവാൻ തപമേറിയോൻ; 6
വിപ്രനോടൊന്നുമോതീലതാനും മൌനവ്രതത്തിനാൽ.
പിന്നീടൊരായിരത്താണ്ടു വീർപ്പിട്ടീലാ മുനീശ്വരൻ;
വീർപ്പിടാഞ്ഞതിനാൽപ്പൊങ്ങീ തീയ്യൊന്നവനു മൂർദ്ധനി; 7
അതിൽത്തുലോമെരിപൊരിക്കൊണ്ടുഴന്നു ജഗത്ത്രയം.
അതിനാൽദ്ദേവഗന്ധർവ്വപന്നഗാസുരരാക്ഷസർ 8

Digitized By Kerala Sahitya Akademi

അദ്ദേഹത്തിൻ തപോദീപ്ത്യാ വെളിവറ്ററൊളിമങ്ങിയും
മാലാണ്ടമേവരും കൂടിപ്പിതാമഹനൊടോതിനാർ:— 9
'ലോഭകോപങ്ങളാൽ പലതാൽപ്പീഡനപ്പെട്ടവെങ്കിലും,
തപസ്സിൽക്കേററമേ കൊണ്ടവൂ ദേവ, കൌശികമാമുനി; 10
അവനിൽക്കാണ്മതില്ലല്ലോ തരിമ്പുമൊരു പാപവും.
അവനു മനസാ വാഞ്ഛിച്ചതു നല്കാതിരിയ്ക്കിലോ 11
മുടിച്ചേയ്ക്കും തപസ്സാലേ ചരാചരജഗത്ത്രയം!
വല്ലാതെയായീ ദിക്കെല്ലാ,മില്ലാതായ് തെളിവൊന്നിനും, 12
കടലെല്ലാം കലങ്ങിപ്പോ,യുടഞ്ഞീടുന്നിതദ്രികൾ,
കാററു വല്ലാതടിയ്ക്കുന്നൂ, കലുങ്ങീടുന്നു ഭൂമിയും; 13
ബ്രഹ്മൻ, കാണ്മീല മറുകൈ, നാസ്തിക്യം കൊണ്ടവിതാളകം.
മനം കലങ്ങി വെളിവററതുപോലായ് ജഗത്ത്രയം; 14
നിറം കെട്ടു ദിനേശനുമാ മുനീന്ദ്രൻെറ തേജസാ.
മുടിപ്പാൻ മാമുനി വിഭോ, നിനപ്പതിനുമുന്നമേ, 15
തീ പോലാളിജ്ജ്വലിപ്പോനെമ്പ്ഭഗവൻ, പ്രീതനാക്കണം.
പണ്ടു കാലാഗ്നിപോലാ,കെച്ചുട്ടെരിപ്പു ജഗത്ത്രയം; 16
വിൺനാടു വാഴാനാണിച്ചയെങ്കി,ലേകാമവനതും.'

പിന്നെദ്ധാതാവു മുമ്പായ ദേവസംഘങ്ങളൊക്കവേ 17
മഹാനാം കൌശികനൊടു ചൊന്നാർ മധുരമാംവിധം:—
'ബ്രഹ്മർഷേ, സ്വാഗതം! ഞങ്ങൾ തുഷ്ടരായ് തവ തപസാ തുലോം: 18
കൊടുംതപസ്സാൽ ബ്രാഹ്മണ്യം നേടി നീ കുശികാത്മജ.
ദീർഘായുസ്സും തവ ബ്രഹ്മൻ, തരുന്നേൻ സുരരൊത്തു ഞാൻ; 19
സ്വസ്തി നേടുക, ഭദ്രം തേ, സൌമ്യ, പോയ്ക്കൊൾക സൌഖ്യമായ്.'
വിധാതാവിൻെറയും വിണ്ണോരെല്ലാരുടെയുമാ മൊഴി 20
കേട്ടു തുഷ്ട്യാ പ്രണാമം ചെയ്തുണർത്തിച്ചാൻ മഹാമുനി:—
'ബ്രാഹ്മണ്യവും ചിരായുസ്സും കൈവന്നിതിവരെങ്കിലോ, 21
ഓംകാരവും വഷട്കാരമെങ്കലെത്തട്ടെ വേദവും.
ക്ഷത്രവേദജ്ഞരിൽ, ബ്രഹ്മവേദജ്ഞരിലുമുത്തമൻ 22
വസിഷ്ഠൻ ബ്രഹ്മഭൂവെന്നോടേവം ചൊല്ലട്ടെയുംപരേ.
ഇയ്യൊററൊരിഷ്ടം ചെയ്തേച്ചാൽപ്പോയ്ക്കൊൾവിൻ ത്രിദശർഷഭർ.' 23
ഉടൻ വാനോരപേക്ഷിച്ച ജപൽശ്രേഷ്ഠൻ വസിഷ്ഠനും
സഖ്യം കഴിച്ചാൻ ബ്രഹ്മർഷി,യിമ്മട്ടാകെന്നുമോതിനാൻ. 24

Digitized By Kerala Sahitya Akademi

'ബ്രഹ്മർഷിയായ് നീ കില്ലില്ല; സർവ്വവും തവ സിദ്ധമാം.'
എന്നോതിസ്സുരരെപ്പേരും വന്നപാടെഴുന്നള്ളിനാർ. 25
ബ്രാഹ്മണ്യം നേടിനാനേവമിമ്മഹാത്മാവു രാഘവ.
ഇദ്ദേഹം രാമ, മൌനീന്ദ്ര,നിദ്ദേഹം മൂർത്തമാം തപം, 26
ഇദ്ദേഹമെന്നും ധർമ്മിഷ്ഠ,നിദ്ദേഹം വീര്യമന്ദിരം!"
ഏവം ചൊല്ലി മഹാതേജസ്സടങ്ങീ ദ്വിജസത്തമൻ
ശതാനന്ദോക്തി കേട്ടിട്ടു രാമലക്ഷ്മണസന്നിധൌ 27
കരങ്ങൾകൂപ്പിജ്ജനകൻ ഗാധിപുത്രനൊടോതിനാൻ:—
'ധന്യനായ് ഞാ,നനുഗൃഹീതനായ് ഞാൻ മുനിപുംഗവ: 28
കാകുത്സ്ഥരൊത്തെൻയജ്ഞത്തിൽ വന്നല്ലോ ധർമ്മശീല, നീ!
ശുദ്ധനാക്കീ ഭവാൻ ബ്രഹ്മൻ, ദർശനാലെന്നെ മാമുനേ; 29
വന്നൂ, പലതരം നന്മയെനിയ്ക്കു തവ ദർശനാൽ!
ബ്രഹ്മൻ, സവിസ്തരം ചൊല്ലപ്പെട്ട നിൻ വലുതാം തപം 30
കേട്ടു ഞാനതിതേജസ്വിൻ, മഹാത്മാവായ രാമനും.
സദസ്യരും സദസ്സിങ്കൽക്കേട്ടു നിൻ ബഹുഗുണങ്ങളും: 31
നിൻതപസ്സളവററുള്ളൊന്ന,ളവററു നിൻബലം,
അളവററു നിത്യം നിൻഗുണവും കുശികാത്മജ! 32
ആശ്ചര്യകഥ കേട്ടിട്ടു മതി വന്നില മേ വിഭോ;
കർമ്മത്തിൻ കാലമായ്: സൂര്യൻ ചാഞ്ഞുവല്ലോ മഹാമുനേ. 33
നാളെക്കാലത്തിനിക്കണ്ടാൽക്കൊള്ളാമെന്നെ മഹാദ്യുതേ;
സ്വാഗതം താപസശ്രേഷ്ഠ; തന്നീടണമനുജ്ഞ മേ.' 34
ഇതു കേട്ടു മുനിശ്രേഷ്ഠൻ പുകഴ്ത്തിപ്പുരുഷേന്ദ്രനെ,
പ്രീതനാമജ്ജനകനെപ്പിരിച്ചാൻ പ്രീതനായ് ദ്രുതം. 35
മിഥിലാപതി വൈദേഹനേവം ചൊല്ലി മഹർഷിയെ
വലംവെച്ചാനുപാധ്യായബാന്ധവോപേതനായ് ദ്രുതം. 36
ധർമ്മിഷ്ഠനാം കൌശികനും രാമലക്ഷ്മണയുക്തനായ്
പോന്നാൻ തന്വാസ്പ്പിടത്തേയ്ക്കു മഹർഷിജനമാനിതൻ. 37

---

## അറുപത്താറാം സർഗ്ഗം: ജനകവാക്യം

നേരം നന്നായ്പ്പുലർന്നാറേ, കർമ്മം ചെയ്തു നരാധിപൻ
വിളിച്ചാൻ, രാഘവരൊട്ടും മഹാനാം ഗാധിപുത്രനെ. 1



Digitized By Kerala Sahitya Akademi

അദ്ദേഹത്തെ, മഹാത്മാക്കളായ രാഘവന്മാരെയും
ശാസ്ത്രോക്തരീത്യാ പൂജിച്ചിട്ടേവം ചൊന്നാൻ സുധാർമ്മികൻ:— 2
"ഭഗവൻ, സ്വാഗതം തേ! ഞാനെന്തു ചെയ്യേണ്ടു നിർമ്മല?
ആജ്ഞാപിച്ചാലുമങ്ങെന്നോ,ടങ്ങേയ്ക്കാജ്ഞാപ്യനാണു ഞാൻ." 3
മഹാൻ ജനകനീവണ്ണം ചൊന്നപ്പോളതിധാർമ്മികൻ
വീരനോടുത്തരം ചൊന്നാൻ ചൊല്ലിൽച്ചതുരനാം മുനി:— 4
"ക്ഷത്രിയന്മാർ ജഗൽഖ്യാതന്മാരിദ്ദശരഥാത്മജർ
വാഞ്ഛിപ്പൂ, നിൻപക്കലെഴും പള്ളിവില്ലൊന്നു കാണുവാൻ. 5
അതു കാട്ടിക്കൊടുത്താലും; ഭദ്രം തേ! നൃപനന്ദനർ
ആ വിൽ കണ്ടു കൃതാർത്ഥന്മാരായിവേണം മടങ്ങുവാൻ." 6
ഇതു കേട്ടോതി, ജനകൻ മഹാമുനിയൊടുത്തരം:—
"കേ,ളീ വില്ലിങ്ങിരിക്കുന്നതിന്നകാര്യത്തിനെന്നു നീ: 7
ദേവരാതൻ, നിമിയിൽനിന്നാറാമത്തവനാം നൃപൻ;
ഇതമ്മഹാങ്കൽബ്ഭഗവാൻ കൊടുത്തേല്പിച്ചിരിപ്പതാം; 8
പണ്ടു ദക്ഷാധ്വരധ്വംസേ രുഷ്ടനായ് വീര്യവാൻ ഹരൻ
വിൽ വളച്ചു കളിമ്പത്തിൽ നിലിമ്പരൊടിതോതിനാൻ:— 9
'ഭാഗം തേടുമെനിക്കേകിലല്ലോ ഭാഗം നിലിമ്പരേ;
അതിനാൽക്കൊയ്യുവൻ വില്ലാൽക്കേമമാം നിങ്ങൾതൻ തല.' 10
അതിൽ വല്ലായ്മ പൂണ്ടമ്പരെപ്പേരും മുനിപുംഗവ,
കനിയിച്ചാർ ഗിരിശനെ,ത്തെളിഞ്ഞിതവരിൽബ്ഭവൻ. 11
തെളിഞ്ഞപ്പെരിയോർക്കെല്ലാവർക്കുമായ് നല്കിനാനവൻ;
മഹാനാം ദേവദേവൻെറയച്ചാപമിതു ശോഭനം 12
ന്യാസമായിക്കൊടുത്താരന്നസ്മൽപൂർവ്വൻവശം വിഭോ.
പിന്നെ ഞാൻ ക്ഷേത്രമുഴുത കരിച്ചാലിൽപ്പിറന്നവൾ,
ക്ഷേത്രം നന്നാക്കിടുംപോൾ മേ കൈവന്നു സീതയെന്നവൾ. 13
വളന്നാളെൻെറ മകളായ്ബ്ഭൂതലോത്ഥിതയാമവൾ;
നിർത്തിനേൻ വീര്യശുല്ക്കത്തിലീയയോനിജകന്യയെ. 14
മന്നിൽനിന്നുളവായ്വന്നു വളരും മൽകുമാരിയെ
വരിച്ചുപോന്നു വന്നെത്തി മന്നോർകൾ മുനിപുംഗവ. 15
എന്നാൽ ഞാൻ, കന്യയെ വരിക്കുന്നാ നൃപരിലാർക്കുമേ
നല്കീല ഭഗവൻ, വീര്യശുല്ക്കയെന്നായ്ക്കുമാരിയെ. 16
അതിനാൽ നൃപരെപ്പേരുമൊന്നിച്ചു മുനിപുംഗവ,
മിഥിലാപുരിയുൾപ്പുക്കു വീര്യം നോക്കാനൊരുങ്ങിനാർ. 17

Digitized By Kerala Sahitya Akademi

അവൎക്കു വീൎയ്യം നോക്കാനായ്ക്കൊണ്ടുവെച്ചേൻ ധനുസ്സിനെ;
ശക്തരായില്ലെടുപ്പാനാ വില്ലി,ളക്കീടുവാനുമേ. 18
ആ വീരരല്പവീൎയ്യന്മാരെന്നറിഞ്ഞു മഹാമുനേ,
തള്ളിക്കളഞ്ഞേൻ നൃപരെ;—പ്പിന്നെക്കേൾക്ക തപോധന: 19
വീൎയ്യസന്ദേഹമാപ്പെട്ട ഭൂപരെല്ലാരുമൊത്തുടൻ
പാരം ക്രോധേന മിഥില വളഞ്ഞാർ മുനിപുംഗവ!. 20
നിന്ദിച്ചു തങ്ങളെത്തീരെയെന്നോൎത്തോ നൃപഷ്ടർ
വൻക്രോധമേന്തി ദ്രോഹിച്ചു മിഥിലാപുരിയെത്തുലോം. 21
അമ്മട്ടോരാണ്ടു ചെന്നപ്പോളസ്സാധനങ്ങളശേഷവും
തീൎന്നുപോയ്; ഞാനതിൽത്തെല്ലുല്ലുഴപ്പെട്ടു മുനീശ്വര. 22
പിന്നെ വിണ്ണോരെയെല്ലാം ഞാൻ നന്ദിപ്പിച്ചേൻ തപസ്സിനാൽ;
നന്നായ്ത്തെളിഞ്ഞു സുരരും തന്നു നാലംഗസേനയെ. 23
ഉടൻ കൊല്ലപ്പെട്ടും ഭൂപർ തോററു ദിക്കുകളിൽ പുകിനാർ
സന്ദിഗ്ദ്ധവീൎയ്യർ, വീൎയ്യംകെട്ടു,മാത്യാനചിതർ, പാപികൾ. 24
മിന്നിത്തിളങ്ങുമപ്പള്ളിവില്ലിന്നു മുനിപുംഗവ,
കാട്ടിക്കൊടുക്കുവിൻ രാമലക്ഷ്മണൎക്കും ശുഭവ്രത. 25
ഈ വില്ലു രാമൻ കുലയേററീടിൽ,ദ്ദാശരഥിക്കു ഞാൻ
നല്കാ,മയോനിഭവയാം മകൾ സീതയെ മാമുനേ.” 26

---

## അറുപത്തേഴാം സർഗ്ഗം: ധനുൎഭംഗം.

ജനകൻ ചൊല്ലിയതു കേട്ടാ വിശ്വാമിത്രമാമുനി
‘കാട്ടിക്കൊടുക്കു രാമന്നു വില്ലെ’ന്നാൻ നൃപനോടഹോ! 1
ഉടൻ ജനകരാജാവു ചൊല്ലിവിട്ടാനമാത്യരെ:
‘പള്ളിവിൽ കൊണ്ടുവരുവിൻ ഗന്ധമാല്യവിഭൂഷിതം.’ 2
ജനകൻ ചൊല്ലിവിട്ടോരാമമാത്യർ പുരി പൂകിനാർ;
ആ വില്ലെടുപ്പിച്ചു പുറപ്പെട്ടാർ ഭൂപൻെറയാജ്ഞയാൽ. 3
പാരം നീണ്ടു തടിച്ചോരാമൊരയ്യായിരമാളുകൾ
പണിപ്പെട്ടു വലിച്ചാരാച്ചക്രമെട്ടുള്ള പേടകം. 4
വില്ലിരിക്കുമിരിമ്പാമപ്പേടകം കൊണ്ടുവന്നുടൻ
സുരാഭനാം ജനകനോടുണൎത്തീ നൃപമന്ത്രിമാർ:— 5

Digitized By Kerala Sahitya Akademi

'പുരാനേ, സർവ്വഭൂപാലാർച്ചിതമാം പള്ളിവില്ലിതാ;
കാണിയ്ക്കാം വേണമെന്നാകിൽ നൃപേന്ദ്ര, മിഥിലാപതേ.'. 6
അവർതൻ വാക്കു കേട്ടിട്ടു നൃപൻ തൊഴുതോതിനാൻ,
മഹാനാം കൌശികനൊടു രാമലക്ഷ്മണസന്നിധൌ:— 7
"ബ്രഹ്മൻ, ജനകരാലഭ്യർച്ചിതമാം പള്ളിവില്ലിതാ,
മുന്നം കുലയ്ക്കാൻ പററാഞ്ഞു, വീര്യാഢ്യനൃപരാലുമേ. 8
ഇതിനു പോരാ വാനോരുമസുരന്മാരരക്കരും
ഗന്ധർവ്വയക്ഷന്മാരും കിന്നരോരഗമുഖ്യരും; 9
പിന്നെയെങ്ങാനു നരർക്കീ വില്ലിനെ വളയ്ക്കുവാൻ,
കുലയ്ക്കുവാൻ, തൊടുത്തിടാൻ, വലിപ്പാ,നൊന്നിളക്കുവാൻ? 10
ആപ്പള്ളിവില്ലിതാ, കൊണ്ടുവന്നല്ലോ മുനിപുംഗവ;
കാട്ടിക്കൊടുക്കുകീ രാജപുത്രർക്കിതു മഹോദയ." 11
വിശ്വാമിത്രൻ ജനകവാക്കതു കേട്ടിട്ടു ധാർമ്മികൻ,
'മകനേ, രാമ, നോക്കാം വില്ലെ'ന്നാൻ രാഘവനോടുടൻ. 12
ബ്രഹ്മർഷിതൻ വചസ്സാലാ, വില്ലിരിയ്ക്കുന്ന പേടകം
തുറന്നു വില്ലു തൃക്കണ്ണൊത്തൊന്നു ചോദിച്ചു രാഘവൻ:— 13
'പള്ളിവില്ലിതു ഞാൻ ബ്രഹ്മൻ, കൈകൊണ്ടൊന്നു തൊടട്ടെയോ?
ഇളക്കാനോ വളയ്ക്കാനോ യത്നവും ചെയ്തിടട്ടെയോ?' 14
ആവാമെന്നവനോടോതീ പെരുമാളും മഹർഷിയും.
വില്ലെടുത്താൻ നടു പിടിച്ചൃഷിവാക്കാൽസ്സലീലമായ്: 15
അനേകായിരമാളാം നോക്കിനില്ക്കവേ രഘുനന്ദനൻ
കുലയേററി വലിച്ചാനാ വില്ലുടൻ ധർമ്മതൽപരൻ; 16
ആ വില്ലൊടിച്ചാൻ നടുവേ, ചൊല്ലേറിയ നരോത്തമൻ.
അപ്പോളുണ്ടായ് മഹാശബ്ദമിടിവെട്ടൊലിപോലവേ; 17
കുലുങ്ങീ ഭൂമിയും പാരം, മല വിള്ളുംപൊളാംവിധം.
അശ്ശബ്ദം കേട്ടു മോഹിച്ചുവീണാരാളുകളൊക്കയും, 18
മഹർഷിയും മന്നവനുമാ രാഘവരുമെന്നിയേ.
അജ്ജനങ്ങളുണർന്നപ്പോളിണ്ടൽ വേർപെട്ട മന്നവൻ 19
മുനീന്ദ്രനോടു കൈകൂപ്പിച്ചൊന്നാൻ ചൊൽവിരുതുള്ളവൻ:—
"ഭഗവൻ, കണ്ടു ഞാൻ ദാശരഥി രാമന്റെ വിക്രമം; 20
അചിന്ത്യമത്യദ്ഭുതമിതൂഹിയ്ക്കാത്തതുമാണു ഞാൻ!
ചെക്കം, ജനകവംശത്തിൽക്കീർത്തിയെസ്സീതയെന്മകാം, 21

Digitized By Kerala Sahitya Akademi

രാമനാം ദാശരഥിയെബ്ഭർത്താവായി ലഭിക്കയാൽ.
ഒത്തു കൌശിക, മേ വീര്യശുല്കയെന്നാ പ്രതിജ്ഞയും; 22
രാമന്നേകേണമെൻപ്രാണപ്രിയനന്ദിനി സീതയെ.
ഭവാനുവാദാൽ ബ്രഹ്മൻ, മേ വേഗം പോകട്ടെ മന്ത്രിമാർ 23
തേരിൽ വെമ്പിയയോധ്യയ്ക്കായ്; നന്മയങ്ങേക്കു കൌശിക!
താനുണർത്തിച്ചരചനെക്കൊണ്ടുപോരട്ടെയെൻപുരേ; 24
ചൊല്ലട്ടെയഖിലം, വീര്യശുല്കയാളെക്കൊടുപ്പതും.
മുനിപാലിതർ, കാകുത്സ്ഥരെന്നും ചൊല്ലട്ടെ മന്നവിൽ; 25
നന്ദിക്കും നൃപനെക്കൊണ്ടുപോരട്ടേ ശീഘ്രഗാമികൾ.''
ആവട്ടെയെന്നാൻ ഗാധേയൻ; തമ്പുരാനമാത്യരെ 26
വിളിച്ചയോധ്യയ്ക്കാജ്ഞാപിച്ചയച്ചാനതിധാർമ്മികൻ,
വാർത്ത ചൊൽവാനരചൻതന്നെക്കൊണ്ടുപോരാനുമായ്. 27

---

## അറുപത്തെട്ടാം സർഗ്ഗം: ജനകദൂതവാക്യം.

ജനകൻ ചൊല്ലിവിട്ടോരദ്ദൂതന്മാർ ക്ലാന്തവാഹനർ
വഴിക്കു മൂന്നുനാളും പാർത്തിട്ടയോധ്യാപുരിലെത്തിനാർ. 1
രാജാജ്ഞയാലേ കൊട്ടാരം പൂകിക്കപ്പെട്ടു ചെന്നവർ
കണ്ടു ദശരഥക്ഷ്മാപവൃദ്ധനെ,ദ്ദേവതുല്യനെ. 2
കൂപ്പുകൈകളുമായ്ദ്ദൂതരേവരും ഭയമെന്നിയേ
രാജാവിനോടൊതുക്കത്തിൽച്ചൊല്ലിനാർ മധുരാക്ഷരം:— 3
“മൈഥിലൻ ജനകക്ഷ്മാപൻ സാഗ്നിഹോത്രപുരസ്കൃതൻ
പുരോഹിതാചാര്യപുരസ്സരരൊത്ത ഭവാനൊടായ് 4
വീണ്ടും വീണ്ടും മഹാരാജ, മധുരസ്നിഗ്ധവാക്കിനാൽ
ചോദിച്ചീടുന്നു ജനകൻ കുശലം സതസമൃദ്ധിയും. 5
കുശലം നേർക്കു ചോദിച്ചു വൈദേഹൻ മിഥിലാധിപൻ
വിശ്വാമിത്രാനുമതി പൂണ്ടങ്ങയോടിതു ചൊല്ലിനാൻ:— 6
‘അറിവില്ലേ വീര്യശുല്ക മകളെന്നാ പ്രതിജ്ഞയും,
മുന്നം ചൊടിച്ച രാജാക്കൾ കെല്പെന്യേ പിന്നൊഴിച്ചതും; 7
എൻെറയപ്പുത്രിയെബ്ഭൂപ, വിശ്വാമിത്രപുരോഗരായ്
പെട്ടെന്നു വന്നിതാ, നേടീ വീരർ നിന്നോമലുണ്ണികൾ. 8

Digitized By Kerala Sahitya Akademi

അപ്പള്ളിവില്ലോ, രാജാവേ, മുറിച്ചാൻ നേർനാട്ടക്കിലായ്
മഹാൻ രാമൻ മഹാബാഹോ, മഹാജനസഭാന്തരേ. 9
ഈ മഹാന്നേകണം വീര്യശുല്ക്കയാകിയ സീതയെ;
പ്രതിജ്ഞ പിന്നിടാവൂ ഞാനു; നല്ക,നുജ്ഞയിതിൽബ്ഭവാൻ! 10
വന്നുചേരുക,പാദ്ധ്യായപുരോഹിതരുമായ് ദ്രുതം;
മംഗളം തേ മഹാരാജ! കാണ്ക രാഘവരെബ്ഭവാൻ. 11
എൻപ്രീതിയെ നൃപാലേന്ദ്ര, നിറവേററിത്തരേണമേ;
ഇരുപുത്രരിലും പ്രീതി നേടാമല്ലോ ഭവാനുമേ.” 12
ഇത്തട്ടത്രേ, മധുരമായ്ച്ചൊല്ലീ വൈദേഹമന്നവൻ,
വിശ്വാമിത്രാനുമതിയിൽശ്ശതാനന്ദമഹാസ്ഥിതൻ.” 13
അദ്ദൂതവാക്ക് കേട്ടേററമാഹ്ലാദം പൂണ്ട മന്നവൻ
വസിഷ്ഠവാമദേവാദിമന്ത്രിമാരോട്ട ചൊല്ലിനാൻ:— 14
“കൌശികൻ കാവലായുള്ള കൌസല്യാനന്ദവർദ്ധനൻ
തംപി ലക്ഷ്മണനൊന്നിച്ചു വിദേഹത്തിൽ വസിയ്ക്കയാം. 15
മഹാനാം ജനകൻ കണ്ടു കാകുത്സ്ഥനുടെ വീര്യവും;
വാഞ്ഛിപ്പതുണ്ടാത്മജയെ രാഘവന്നു കൊടുക്കുവാൻ. 16
ആ മഹാനുടെയേപ്പോട്ട ഭവാന്മാക്കിഷ്ടമെങ്കിലോ,
പുരിയ്ക്കു പോക നാം വേഗം; വരൊല്ലാ കാലതാമസം.” 17
മന്ത്രിമാരപ്പടിയ്യെന്നാരെല്ലാ മാമുനിമാരുമായ്;
മന്ത്രിമാരോട്ടടൻ, യാത്ര നാളെയെന്നാൻ മുദാ നൃപൻ. 18
ജനകാമാത്യരവരോ, പാത്താരാ രാത്രിയേവരും,
സമസ്തവിഭവോദാരസൽക്കാരംകൊണ്ടു തുഷ്ടരായ്. 19

## അറുപത്തൊമ്പതാം സർഗ്ഗം: ദശരഥമിഥിലാഗമനം.

ആ രാവങ്ങു കഴിഞ്ഞാറേ, ബന്ധൂപാദ്ധ്യായയുക്തനായ്
നൃപൻ ദശരഥൻ ഹർഷാൽസ്സുമന്ത്രനൊടിതോതിനാൻ: 1
“എല്ലാ മുതൽപിടിക്കാരുമേററം പണമെടുത്തുടൻ
മുമ്പേ പോകട്ടെ സൂക്ഷിച്ചു, നാനാരത്നസമേതരായ്. 2
പുറപ്പെടട്ടേ നാലംഗപ്പടയും ദ്രുതമൊക്കവേ,
ഞാൻ ചൊല്ലുംപൊഴുതേ നല്ല പല്ലക്കുശകടാദിയും. 3
വസിഷ്ഠ-വാമദേവന്മാർ, ജാബാലി,യഥ കാശ്യപൻ,
മാർക്കണ്ഡേയൻ മഹാദീർഗ്ഘായുസ്സു, കാത്യായനർഷിയും 4

Digitized By Kerala Sahitya Akademi

ഈ വിപ്രർ മുമ്പേ പോകട്ടെ; പൂട്ടിനിർത്തുക മേ രഥം;
വൈകാതവണ്ണം വെംപിപ്പതുണ്ടല്ലോ രാജദൂതർ മാം.'' 5
നൃപൻെറയരുളപ്പാടാൽ, നാലംഗം പെട്ടമപ്പട
പിന്തുടന്നു മുനികളൊത്തെഴുന്നള്ളും മഹീന്ദ്രനെ. 6

നാലുനാലു വഴി പോയിട്ടു വിദേഹത്തിങ്കലെത്തിനാൻ;
ശ്രീമാൻ ജനകരാജാവും കേട്ടു പൂജയൊരുക്കിനാൻ. 7
വൃദ്ധഭൂഭൃദ്ദശരഥപ്പെരുമാളെയണഞ്ഞുടൻ
മോദിച്ചാ,നതിയാം ഹർഷം പൂണ്ടാൻ ജനകമന്നവൻ. 8
സന്തുഷ്ടനായ് നരശ്രേഷ്ഠൻ നരശ്രേഷ്ഠനൊടോതിനാൻ:—
''സ്വാഗതം തേ മഹാരാജ; ഭാഗ്യം, നീ വന്നു രാഘവ! 9
ഇരുപുത്രരിലും നേടാം വീര്യത്താലുള്ള തുഷ്ടി തേ.
ഭാഗ്യം, വന്നെത്തി തേജസ്വി വസിഷ്ഠൻ ഭഗവാനൃഷി 10
എല്ലാ ദ്വിജശ്രേഷ്ഠരൊടും, വാനോരൊത്തിന്ദ്രനാം വിധം!
ഭാഗ്യം, വിഘ്നങ്ങളോ മേ നീങ്ങി! ഭാഗ്യം, പൂജിതമെൻകുലം, 11
വീര്യമേറും മഹാന്മാരാം കാകുത്സ്ഥരൊടു ചാർച്ചയാൽ!
നാളെക്കാലത്തു രാജേന്ദ്ര, നടത്തിത്തരണം ഭവാൻ 12
ഋഷിസമ്മതമാം വേളി യാഗാന്തത്തിൽ നരോത്തമ.''
അദ്ദേഹത്തിൻെറയച്ചൊൽ കേട്ടൃഷിമദ്ധ്യേ നരാധിപൻ 13
ചൊൽവമ്പുള്ളവരിൽ ശ്രേഷ്ഠൻ ചൊന്നാൻ നൃപനൊടുത്തരം:—
''പ്രതിഗ്രഹം ദാതൃവശ,മിതു മുൻകേട്ടിരിപ്പു ഞാൻ; 14
ഭവാൻ കഥിക്കുംവിധമേ ഞങ്ങളോ ധർമ്മജ്ഞ, ചെയ്തിടാം.
യശസ്കരം ധർമ്മപരം നേർ ചൊൽവോനുടെ ഭാഷിതം 15
കേട്ടിട്ടത്യന്തമാശ്ചര്യപ്പെട്ടു വൈദേഹമന്നവൻ.

പിന്നീടൃഷികളെപ്പേരും, തമ്മിലൊത്തൊരുമിച്ചതിൽ
വാഴ്കയും ഹർഷത്തൊടാ രാത്രി മേവിനാർ സുഖമാംവിധം. 16
രാജാവും രാഘവന്മാരാം പുത്രരെക്കണ്ടു ഹൃഷ്ടനായ്
തികച്ചും പ്രീതനായ് വാണാൻ ചെലവിൽ ജനകസൽകൃതൻ. 17
തത്വജ്ഞനാം ജനകനും ധർമ്മത്തോടേ മഹാദ്യുതി
യാഗത്തിന്നിരുമക്കൾക്കും ക്രിയ ചെയ്കയിൽ മേവിനാൻ. 18

---

Digitized By Kerala Sahitya Akademi

## ഏഴപതാം സർഗ്ഗം: ഇക്ഷ്വാകുവംശകീർത്തനം.

കാലത്തൃഷികളാൽക്കർമ്മം കഴിയ്ക്കപ്പെട്ട മൈഥിലൻ,
വാഗ്മ്യാൻ ശതാനന്ദനൊട്ട ചൊന്നാൻ ചൊൽവിരുതുള്ളവൻ:— 1
"എൻതംപി വാഴ്വുണ്ടല്ലോ തേജസ്സേറും കുശധ്വജൻ
ചുററും നീർനെല്ലിയുള്ളിക്ഷുമതിയാററിൻ തടസ്ഥലേ, 2
സ്വർഗ്ഗസംകാശമായുള്ള നല്ല സാംകാശ്യമാം പുരേ,
പുഷ്പകാഖ്യവിമാനത്തിൽപ്പോലെ,യത്യന്തധാർമ്മികൻ; 3
അയാളെക്കാണണമെനിയ്ക്ക,യാളെൻയജ്ഞപാലകൻ;
അത്തേജസ്വിയുമീ പ്രീതി ഞാനൊത്തനുഭവിയ്ക്കണം." 4
രാജാജ്ഞയാൽ ദ്രുതാശ്വങ്ങളേറിപ്പോയാർ, ദൂതരന്നു,
ഇന്ദ്രാജ്ഞയാൽ വിഷ്ണുവിനെപ്പോലവേ, കൊണ്ടുപോരുവാൻ. 5
നൃപൻെറയരുളപ്പാടാൽ വന്നുചേന്നാക്കുശധ്വജൻ
മഹാത്മാവാം ജനകനെക്കണ്ടു ധർമ്മാനുരക്തനെ. 6
ശതാനന്ദനെയും ധർമ്മശീലനാം തമ്പുരാനെയും
വന്ദിച്ചവനിരുന്നാൻ നൽദ്ദിവ്യരാജോചിതാസനേ. 7
ഇരുന്നു വീരരാ ജ്യേഷ്ഠാനുജർ തേജസ്സു കൂടിയോർ
കല്പിച്ചയച്ചിതു സുദാമനനാം മന്ത്രിമുഖ്യനെ:— 8
'ചെല്ക, ഋദ്ധിഷ്നാമോജസ്സേറുമൈക്ഷ്വാകനെ ദ്രുതം
മന്ത്രീന്ദ്ര, കൊണ്ടുവന്നാലും പുത്രാമാത്യരൊടൊപ്പമേ.' 9
രഘുവംശം വളർത്തോനെ,പ്പള്ളിത്തംപിലണഞ്ഞവൻ
കണ്ടാൻ, കുംപിട്ടു വന്ദിച്ചിട്ടദ്ദേഹത്തോടിദോതിനാൻ;— 10
'അയോധ്യാധിപതേ, വീര, വൈദേഹൻ മിഥിലാധിപൻ
സോപാധ്യായപുരോധസ്സാമങ്ങയെക്കാത്തിരിയ്ക്കയാം.' 11
മന്ത്രിമുഖ്യൻെറ ചൊൽ കേട്ടു മുനിബന്ധുസമേതനായ്
ജനകൻെറ സമീപത്തെയ്ക്കെഴുന്നള്ളീ നൃപാലകൻ. 12
പിന്നീടു മന്ത്ര്യുപാധ്യായബന്ധുസംയുതനാ നൃപൻ
ചൊന്നാൻ ചൊൽവിരുതുള്ളോരിൽ ശ്രേഷ്ഠൻ വൈദേഹനോടിദം: 13
"ഇവിടെയ്ക്കറിയാമല്ലോ, വസിഷ്ഠൻ ഭഗവാനൃഷി
ഏതു കാര്യത്തിലും വക്താവിക്ഷ്വാകുകുലദൈവതം. 14
വിശ്വാമിത്രാനുമതി പൂണ്ടെല്ലാ മാമുനിമാരുമായ്,
ക്രമത്തിൽച്ചൊല്ലുമെൻവംശമീ വസിഷ്ഠൻ സ്വധാർമ്മികൻ." 15
ഐക്ഷ്വാകൻ വിരമിച്ചപ്പോഴം, വസിഷ്ഠൻ ഭഗവാനൃഷി
വാഗ്മ്യാനോടൊത്ത വൈദേഹനോടു വാക്യജ്ഞനോതിനാൻ:— 16

Digitized By Kerala Sahitya Akademi

"അവ്യക്തജാതൻ ബ്രഹ്മാവു ശാശ്വതൻ നിത്യനവ്യയൻ;
മരീചിയവിടെയ്ക്കുണ്ടായ്; മരീചിയ്ക്കുണ്ണി കശ്യപൻ. 17
വിവസ്വാൻ കശ്യപന്നുണ്ടായ്; വിവസ്വാന്റെ മകൻ, മനു:
അവനാണാദ്യനാം രാജാവി;—ക്ഷ്വാകു, മനുവിൻ മകൻ. 18
അറികി,ക്ഷ്വാകുവവനാണയോധ്യയ്ക്കാദിമന്നവൻ;
ഇക്ഷ്വാകുവിൻ മകൻ, ശ്രീമാൻ കുക്ഷിയെന്നു പുകഴ്ന്നവൻ. 19
ശ്രീമാൻ വികുക്ഷിയാണല്ലോ, കുക്ഷിയ്ക്കുണ്ടായ നന്ദനൻ;
വികുക്ഷിയ്ക്കുണ്ണിയോ, തേജസ്സേറും ബാണൻ പ്രതാപവാൻ. 20
ബാണന്നു, ഭൂരിതേജസ്സാമനരണ്യൻ പ്രതാപവാൻ;
അനരണ്യന്നു പൃഥുതാൻ: ത്രിശങ്കു പൃഥുവിൻ മകൻ. 21
പുത്രൻ ത്രിശങ്കുവിന്നുണ്ടായ് ധുന്ധുമാരനുരുപ്രഥൻ:
യുവനാശ്വൻ സുതേജസ്വിതാനത്രേ, ധുന്ധുമാരനായ്. 22
യുവനാശ്വന്റെ തനയൻ മാന്ധാതാവു മഹീപതി;
ശ്രീമാൻ സുസന്ധിയാണല്ലോ, മാന്ധാതാവിന്റെ നന്ദനൻ. 23
രണ്ടാം സുസന്ധിപുത്രന്മാർ: ധ്രുവസന്ധി, പ്രസേനജിൽ;
ധ്രുവസന്ധിയ്ക്കു പുകളൊത്തവൻ ഭരതനൊന്നവൻ. 24
ഭരതന്നതിതേജസ്വി പിറന്നാനസിതാഹ്വയൻ.
അദ്ദേഹത്തിന്നരികളായ്ത്തീർന്നാരീയയൽമന്നവർ: 25
ഹൈഹയന്മാർ താലജംഘർ ശശബിന്ദുക്കളാം ശൂരരും.
അവരായ്പ്പോരിലെതിർനിന്നാ നൃപൻ നാടു വിട്ടുപോയ് 26
ഹിമവാങ്കൽച്ചെന്നു പാർത്താൻ ഭൃഗുപ്രസ്രവണാന്തികേ:
ബലം ക്ഷയിച്ചിട്ടസിതക്ഷ്മാപനങ്ങു മരിച്ചുപോയ്. 27
തദ്ഭാര്യമാർക്കു രണ്ടാൾക്കും ഗർഭമുണ്ടായിരുന്നുപോൽ;
ഗർഭം പോക്കാനതിലൊരാൾ സപത്നിയ്ക്കേകിനാൾ ഗരം. 28
അന്നു, സുന്ദരമായുള്ള ഹിമവാനാം മഹാദ്രിയിൽ
പാർത്തിരുന്നു മുദിതനായ് ഭാർഗ്ഗവൻ ച്യവനൻ മുനി; 29
തണ്ടാരിതൾക്കണ്ണി മഹാഭാഗയാമസ്സപത്നിയോ,
ദേവാഭനാം ഭാർഗ്ഗവനെപ്പണിഞ്ഞു പുത്രകാംക്ഷയാ; 30
അക്കാളിന്ദിയടുക്കൽച്ചെന്നൃഷിയെക്കൈവണങ്ങിനാൾ.
അപ്പുത്രൈഷിണിയോടോതീ പുത്രജന്മത്തെയാ ദ്വിജൻ:— 31
'നിൻവയററിൽ മഹാഭാഗേ, വൈകാതെയുളവായ്വരും,
തേജസ്സും വീര്യവും കെല്പുമേററമുള്ളൊരു നന്മകൻ, 32
ഗരത്തോടൊപ്പമേ ശ്രീമാൻ; മാഴ്കേണ്ടാ നളിനേക്ഷണേ!'

Digitized By Kerala Sahitya Akademi

വണങ്ങിനാരം ച്യവനനെ രാജപുത്രി പതിവ്രത. 33
ഭർത്തൃശോകാർത്തയാം ദേവി പെറ്റു പിള്ളാടൊരുണ്ണിയെ:
ഗരം നല്കിയിരുന്നല്ലോ ഗർഭം ചോക്കാൻ സപത്നിയാരം, 34
അഗ്ഗരത്തോടുമുൽപന്നനവൻ സഗരസംജ്ഞനായ്.
സഗരന്നസമഞ്ജാഖ്യ,നസമഞ്ജനംശുമാൻ; 35
ദിലീപ,നംശുമൽപുത്രൻ; ദിലീപന്നു ഭഗീരഥൻ.
ഭഗീരഥൻ കകുത്സ്ഥാഖ്യൻ; കകുത്സ്ഥന്റെ മകൻ രഘു; 36
തേജസ്സേറും രഘുസുതൻ പ്രവൃദ്ധൻ നരഭോജിയായ്
കല്മാഷപാദനായ്ത്തീന്നാ;-നവന്നുണ്ടായി ശംഖണൻ. 37
സുദർശനൻ, ശംഖണജ;-നഗ്നിവർണ്ണൻ,സുദർശനാൽ;
ശീഘ്രഗൻതാനാഗ്നിവർണ്ണി; ശീഘ്രഗന്റെ മകൻ മരു. 38
പ്രശുശ്രുകൻ, മരുവിൽനിന്ന;-ംബരീഷൻ പ്രശുശ്രുകാൽ;
അംബരീഷന്റെ മകനോ, നഹുഷൻ മേദിനീശ്വരൻ 39
യയാതി, നഹുഷന്നുണ്ണി: നാഭാഗാഖ്യൻ, യയാതിജൻ;
അജൻ, നാഭാഗജ;-നജന്നുണ്ടായ് ദശരഥാഹ്വയൻ; 40
പിമ്പിദ്ദശരഥന്നുണ്ടായ് രാമലക്ഷ്മണസോദരർ
ആദിതൊട്ടേ വിശുദ്ധാഭിജനരത്യന്തധാർമ്മികർ 41
ഇക്ഷ്വാകുകുലരാജാക്കരം വീരന്മാർ സത്യവാദികരം.
നിന്പുത്രിമാരെയീ രാമലക്ഷ്മണർക്കായ് വരിപ്പു ഞാൻ:
ചേച്ചയുള്ളോരെ മർത്ത്യേന്ദ്ര, ചേച്ചയുള്ളോർക്കു നല്കു നീ.'' 42

---

## ഏഴപത്തൊന്നാം സർഗ്ഗം: ജനകവംശകീർത്തനം.

ഏവം കഥിക്കെ,ജ്ജനകൻ തൊഴുതുത്തരമോതിനാൻ:—
''കേട്ടുകൊള്ളുക, ഭദ്രം തേ, കഥിക്കാം ഞങ്ങരംതൻകുലം: 1
പെണ്ണുകൊടുക്കു മുനിശ്രേഷ്ഠ, കുലമൊട്ടൊഴിയാതെ താൻ
ചൊല്ലേണമല്ലോ കുലജൻ; ധരിക്കുക മാമുനേ: 2
നിമിയെന്നൊരു രാജാവു സർവസത്ത്വവരോത്തമൻ,
മൂപ്പാരിലും സ്വകർമ്മത്താൽപ്പുകഴ്ന്നോനതിധാർമ്മികൻ; 3
തൽപുത്രൻ മിഥി;യദ്ദേഹമല്ലോ മിഥില തീർത്തവൻ,
ഒന്നാമനാം ജനകനും; ജനകന്നങ്ങുദാവസു. 4
ഉദാവസുവിന്നുണ്ടായീ ധാർമ്മികൻ നന്ദിവർദ്ധനൻ;
സുകേതുവെന്നൊരാളത്രേ നന്ദിവർദ്ധനനന്ദനൻ. 5

Digitized By Kerala Sahitya Akademi

സുകേതുവിന്നോ, ധർമ്മിഷ്ഠൻ ദേവരാതൻ മഹാബലൻ;
ദേവരാതന്നുപഷ്ഠിയ്ക്കു ബൃഹദ്രഥസമാഹ്വയൻ. 6
ബൃഹദ്രഥഭവൻ ശൂരൻ മഹാവീരൻ, പ്രതാപവാൻ;
മഹാവീരന്നു സുധൃതി, ധൃതിമാൻ സത്യവിക്രമൻ. 7
സുധൃതിയ്ക്കോ ധൃഷ്ടകേതു ധർമ്മാത്മാവേ, സുധാർമ്മികൻ;
ധൃഷ്ടകേതുന്നുപഷ്ഠിയ്ക്കു ജാതൻ ഹര്യശ്വനെന്നവൻ. 8
മരു ഹര്യശ്വതനയൻ; മരുപുത്രൻ പ്രതിന്ധകൻ;
പ്രതിന്ധകസുതൻ കീർത്തിരഥരാജാവു ധാർമ്മികൻ. 9
നന്ദനൻ കീർത്തിരഥന്നു ദേവമീഢസമാഹ്വയൻ;
ദേവമീഢന്നു വിബുധൻ; വിബുധന്നു മഹീധ്രകൻ. 10
മഹീധ്രകസുതൻ കീർത്തിരാതഭൂപൻ, മഹാബലൻ;
കീർത്തിരാതന്നുപഷ്ഠിയ്ക്കു മഹാരോമാവു ജാതനായ്. 11
മഹാരോമാവിനുണ്ടായി സ്വർണ്ണരോമാവു ധാർമ്മികൻ;
സ്വർണ്ണരോമന്നുപഷ്ഠിയ്ക്കോ, ഹ്രസ്വരോമാവു ജാതനായ്. 12
ആ മഹാനായ ധർമ്മജ്ഞന്നുണ്ടായി രണ്ടു നന്ദനർ:
അവരിൽജ്ജ്യേഷ്ഠനീ ഞാ;—നെൻതംപി, വീരൻ കുശധ്വജൻ. 13
ജ്യേഷ്ഠനാമെന്നെ രാജ്യത്തിൽ വാഴിച്ചടവി പൂകിനാൻ,
കുശധ്വജന്റെ ഭരവുമെങ്കൽച്ചേർത്തച്ഛനാം നൃപൻ. 14
വൃദ്ധനച്ഛൻ മരിച്ചാറേ ധർമ്മത്താലേന്തിനേൻ ഭരം,
സുരാഭനാം തംപി കുശധ്വജനിൽ സ്നേഹമോടു ഞാൻ. 15

തെല്ലു കാലം കഴിഞ്ഞാറേ വന്നാൻ സാംകാശ്യമാം പുരാൽ,
സുധന്വാഭൂപൻ മിഥില വളയാൻവേണ്ടി വീര്യവാൻ: 16
ചൊന്നയച്ചാനെനിയ്ക്കാളെ, 'ശ്രേഷ്ഠമാം ശൈവചാപവും
പദ്മാക്ഷി സീതപ്പെൺതയ്യലേയും മേ തരികെ'ന്നവൻ. 17
നല്കാഞ്ഞതിന്നെന്നോടവൻ ബ്രഹ്മർഷേ, പടവെട്ടിനാൻ;
ആ നേരിട്ട സുധന്വാവാം ഭൂപനെക്കൊന്നു പോരിൽ ഞാൻ. 18
അസ്സുധന്വാക്ഷിതിപനെക്കൊന്നിട്ടു മുനിവര്യ, ഞാൻ
സാംകാശ്യം വീരനാം തംപി കുശധ്വജന്നു നല്കിനേൻ. 19
ഇയ്യാളെൻതംപി,യണ്ണൻ ഞാൻ മാമുനേ, മുനിപുംഗവ;
തരുവൻ തേ തുലോം പ്രീത്യാ വധുക്കളിരുപേരെയും: 20
രാമന്നു സീതയെ,ബ്ഭദ്രം, ലക്ഷ്മണന്നൂർമ്മിളാഖ്യയെ;
ദേവകന്യാഭയം വീര്യശുല്ക്കയെൻപുത്രി സീതയെ, 21

Digitized By Kerala Sahitya Akademi

രണ്ടാമത്തുർമ്മിളയെയും തരുവൻ, തിച്ച്, മൂന്നരു!
ഈ രാമലക്ഷ്മണന്മാൎക്ക ഗോദാനം പിതൃകാൎയ്യവും 22
ചെയ്യിയ്ക്കു രാജൻ; ഭദ്രം തേ; ചെയ്ക വൈവാഹികത്തെയും.
മകമിന്നു മഹാബാഹോ; മററന്നാളുത്തമായ് പ്രഭോ; 23
വേളിയന്നു കഴിപ്പിയ്ക്കുകി,വിടന്നു മഹീപതേ;
രാമലക്ഷ്മണരെച്ചൊല്ലിട്ടാനവും ചെയ്ക സൌഖ്യദം." 24

## എഴുപത്തിരണ്ടാം സൎഗ്ഗം: ഗോദാനകൎമ്മം.

വൈദേഹനേവം ചൊന്നപ്പോൾ, വിശ്വാമിത്രൻ മഹാമുനി
ആ വീരനൃപനോടോതീ വസിഷ്ഠനൊടുകൂടവേ:— 1
"നിനപ്പാനും ഗണിപ്പാനും വയ്യാത്തവ നരഷ്ഭ,
വിദേഹക്ഷ്വാകുവംശങ്ങ;—ളിവക്കില്ലാ കിടയ്ക്കൊരാൾ. 2
ചേരുമീ വേളിയാം ചാച്ച്; ചേരുമേ രൂപവായ്പിനാൽ,
ഈ രാമലക്ഷ്മണന്മാൎക്ക സീതോൎമ്മിളകൾ മന്നവ. 3
ഉണ്ടൊന്നുകൂടിച്ചൊൽവാൻ മേ കേളായതു നരോത്തമ:
കനിഷ്ഠനല്ലോ, ധൎമ്മജ്ഞനീ രാജാവു കുശധ്വജൻ; 4
ഇദ്ധാൎമ്മികൻെറയെതിരററഴകുള്ളിരുമക്കളെ
വേൾപ്പിപ്പാനായ് നരശ്രേഷ്ഠ, വരിപ്പൂ ഞങ്ങൾ മന്നവ: 5
കുമാരനാം ഭരതനും ശ്രീമാൻ ശത്രുഘ്നനും നൃപ,
വരിപ്പതാ, രണ്ട മഹാന്മാൎക്കാണാത്മജമാർകളെ. 6
ഇദ്ദാശരഥിമാരെല്ലാം രൂപയൌവനശാലികൾ
ലോകപാലസമാനന്മാർ ദേവതുല്യപരാക്രമർ. 7
ആ രണ്ട ചാച്ചയാൽക്കൂടികൂട്ടിച്ചേൎക്ക നൃപോത്തമ,
പൂതമിക്ഷ്വാകുവിൻ വംശം, പുണ്യവാനാം ഭവാൻെറയും." 8
വിശ്വാമിത്രോക്തി കേട്ടിട്ട, വസിഷ്ഠൻ സമ്മതിയ്ക്കവേ,
ജനകൻ തൊഴുകൈ പൂണ്ടാ മുനിവ്യാഘ്രരൊടോതിനാൻ:— 9
"ധന്യമീ വംശ:—മാജ്ഞാപിയ്ക്കുന്നുണ്ടല്ലോ മുനീന്ദ്രരേ,
ചേൎച്ചയുള്ള കുലച്ചാച്ച നിങ്ങൾ ഞങ്ങളൊടായ് സ്വയം! 10
ഏവമസ്തു; ശുഭം നിങ്ങൾക്കി,ക്കുശധ്വജമക്കളെ
വേട്ടകൊള്ളട്ടെ ഭരതശത്രുഘ്നരൊരുമിച്ചുതാൻ. 11

Digitized By Kerala Sahitya Akademi

നൃപാത്മജകൾ നാലാളെയൊരുനാൾതന്നെ മാമുനേ,
പരിഗ്രഹിയ്ക്കട്ടെ കരുത്തേറും നാൽവർ നൃപാത്മജർ. 12
ഉത്രം നാളിൽശ്ശുഭം വേളിയെന്നായ് ബ്രഹ്മൻ, മനീഷികൾ
ശ്ലാഘിച്ചിട്ടുണ്ടിതിന്നു ഭഗനല്ലോ പ്രജാപതി." 13

ഇവണ്ണം സൗമ്യമായ്ച്ചൊല്ലിയെണീററു തൊഴുകയ്യുമായ്
പറഞ്ഞാൻ ജനകക്ഷ്മാപനിരുമാമുനിമാരൊടും:— 14
"എങ്കൽച്ചെയ്തു മഹാധർമ്മം; ശിഷ്യൻ നിങ്ങൾക്കു ഞാനുമേ;
ഈ മൂന്നഗ്ര്യാസനത്തിന്മേൽ വാഴാം നിങ്ങൾക്കൃഷീന്ദ്രരേ. 15
ഇതെണ്ണട്ടോ ദശരഥന്നെ,നിഷ്കണ്ടകയോധ്യയും;
വാദമില്ലാധിപത്യത്തിൽ;—ച്ചെയ്യുകൊൾവിൻ യഥോചിതം!" 16
ഏവം വൈദേഹജനകൻ ചൊല്ലവേ രഘുനന്ദനൻ
നൃപൻ ദശരഥൻ ഹർഷാൽച്ചൊന്നാൻ ഭൂപനൊടുത്തരം:— 17
"നിങ്ങൾ നിസ്സീമഗുണരാം ഭ്രാതാക്കൾ മിഥിലേശ്വരർ;
നിങ്ങൾ പൂജിയ്ക്കയുംചെയ്തിതൃഷിരാജഗണങ്ങളെ. 18
സ്വസ്തി നേടുക, ഭദ്രം തേ; പോകുന്നേൻ പാർപ്പിടത്തിൽ ഞാൻ."
'ചെയ്യുവൻ ശ്രാദ്ധകർമ്മങ്ങളൊട്ടുക്കെ'ന്നിതുമോതിനാൻ. 19
യാത്രയപ്പേരുമാളോടു ചൊല്ലിദ്ദശരഥൻ നൃപൻ
ആ മുനീന്ദ്രരെ മുമ്പാക്കിപ്പോന്നാനാത്ത സുകീർത്തിമാൻ. 20

തമ്പാർപ്പിടം പുക്കഴകിൽ ശ്രാദ്ധകർമ്മം കഴിച്ചവൻ
ചെയ്താൻ കാലത്തെഴുന്നേററു വേണ്ടും ഗോദാനമുത്തമം: 21
ഓരോ പുത്രനെയും ചൊല്ലി ബ്രാഹ്മണർക്കു നരാധിപൻ
ധർമ്മത്താലേകിനാൻ നൂറായിരം ഗോക്കളെ മന്നവൻ; 22
കുട്ടിയും പൊന്നണിക്കൊമ്പും കറക്കാനോട്ടുപാത്രവും
ചേർന്നുള്ള നാലുലക്ഷം നൽപ്പൈക്കളെയും നരർഷഭൻ. 23
മറ്റേറെ മററു ധനവും ദ്വിജർക്കു രഘുനന്ദനൻ
പുത്രഗോദാനമുദ്ദേശിച്ചേകിനാൻ, പുത്രവത്സലൻ. 24
കൃതഗോദാനരാം പുത്രർ ചൂഴന്ന സുമുഖൻ നൃപൻ
ദിക്പാലർ ചൂഴ്ററ വിധാതാവുപോലെ വിളങ്ങിനാൻ. 25

Digitized By Kerala Sahitya Akademi

## എഴുപത്തിമൂന്നാം സൎഗ്ഗം: രാമാദിവിവാഹം.

എന്നാളീ നല്ല ഗോദാനമന്നരേന്ദ്രൻ നടത്തിയോ
അന്നാളിൽത്താൻ യുധാജിത്തു വന്നുചേൎന്നിതു ശൌൎയ്യവാൻ. 1
കേകയപ്രഭുവിൻ പുത്രൻ സാക്ഷാൽ ഭരതമാതുലൻ
കണ്ടിട്ടു കുശലം ചോദിച്ചേവം രാജാവൊടോതിനാൻ:— 2
‘രാജാവു കേകയാധീശൻ സ്നേഹാൽ കുശലമോതിനാൻ;
ഭവാൻ കുശലമിച്ഛിയ്ക്കുന്നോൎക്കിപ്പോഴുതനാമയം. 3
എൻഭാഗിനേയനെക്കാണ്മാനോൎപ്പു രാജേന്ദ്ര, മന്നവൻ;
അതിന്നയോദ്ധ്യയിൽപ്പോയേനല്ലോ ഞാൻ രഘുനന്ദന. 4
എന്നാലയോദ്ധ്യയിൽക്കേട്ടേൻ, നിന്നുണ്ണികൾ മഹീപതേ,
വേളിയ്ക്കായിട്ടു മിഥിലയ്ക്കങ്ങന്നൊന്നിച്ചു പോന്നതായ്; 5
ഉടൻ ഞാൻ സത്വരം പോന്നേൻ സ്വസ്രീയാലോകനത്തിനായ്.
ഈ വന്നൊരിഷ്ടാതിഥിയെക്കണ്ടു ദശരഥൻ നൃപൻ 6
മികച്ച സൽക്രിയകളാൽപ്പൂജിച്ചാൻ, പൂജനീയനെ.

ആ രാവിൽപ്പുലരിയാകും പുത്രരൊന്നിച്ചു പാൎത്ഥിവൻ 7
മഹൎഷിമാരെ മുമ്പാക്കി യജ്ഞവാടത്തിലെത്തിനാൻ.
മെയ്ക്കോപ്പെല്ലാമണിഞ്ഞുള്ള തമ്പിമാരൊത്തു രാമനും 8
വിജയാഗ്ര്യമുഹൂൎത്തത്തിൽ വിവാഹക്കാപ്പു കെട്ടിയോൻ
വസിഷ്ഠാദൃഷിവരരെ മുൻവശത്താക്കിയെത്തിനാൻ. 9

വസിഷ്ഠഭഗവാൻ ചെന്നു വൈദേഹനൊടിതോതിനാൻ:—
“ഭൂപൻ ദശരഥൻ ഭൂപ, ദാതാവെക്കാത്തുനില്പതാം, 10
കാപ്പുകെട്ടൽ കഴിഞ്ഞുള്ള പുത്രരൊത്തു നൃപോത്തമ.
കൊടുപ്പോനും വാങ്ങുവോനും ചേൎന്നേ കാൎയ്യം നടന്നിടൂ; 11
സ്വധൎമ്മം കൊള്ളുക,ൽകൃഷ്ടവേളിക്രിയ നടത്തി നീ.”
മഹാത്മാവാം വസിഷ്ഠൻറെയിച്ചൊൽ കേട്ടുടനോതിനാൻ 12
തേജസ്സേറുന്ന പരമോദാരൻ പരമധാൎമ്മികൻ:—
“പടിയ്ക്കൽക്കാവലാളാർ മേ? കാപ്പതാരുടെ ശാസനം? 13
നിനപ്പാനെന്തു തന്നില്ലത്തി?തും തേ നാട്ടുപോലെതാൻ!
വേദി പൂകിക്കഴിഞ്ഞല്ലോ സൎവമംഗളപൂൎവകം, 14
എരിതീജ്വാലകൾകണക്കെൻപെൺകുട്ടികൾ മാമുനേ.
ഒരുങ്ങിയങ്ങയെക്കാത്തുനില്പാണീ, വേദിയിങ്കൽ ഞാൻ; 15
വെക്കം തുടങ്ങാമെന്തിന്നു താമസിയ്ക്കുന്നു മന്നവൻ?”

Digitized By Kerala Sahitya Akademi

ജനകൻെറ വചസ്സേവം കേട്ടദ്ദശരഥൻ സ്വയം
ഉൾപ്പൂകിച്ചാൻ സുതരെയും മുനിമാരെയുമൊക്കവേ. 16
ഉടൻ വിദേഹപ്പെരുമാറാം വസിഷ്ഠനൊടിതോതിനാൻ:—
"സ്വാമിൻ, കഴിപ്പിയ്ക്ക മുനേ, മുനിമാരൊത്തു ധാർമ്മിക, 17
ലോകാഭിരാമൻ രാമനു വിവാഹക്രിയയൊക്കയും."
ആമെന്നോതി,ത്തപസ്സ്വരം വസിഷ്ഠൻ ഭഗവാനൃഷി 18
വിശ്വാമിത്രശതാനന്ദന്മാരാകും ധർമ്മശീലരെ
മുൻനിർത്തി,പ്പന്തലിൻമദ്ധ്യേ വേദി നന്നായ്ച്ചമച്ചുടൻ 19
അലംകരിച്ചാ,നാ വേദി ചുറ്റും ഗന്ധസുമങ്ങളാൽ;
തങ്കംകൊണ്ടുള്ള താലങ്ങ,ളങ്കുരാഢ്യങ്ങളാം കിണ്ടികളും, 20
ധൂപിച്ച ധൂപപാത്രങ്ങ,ളങ്കുരാഢ്യച്ചെരാതുകളും,
ശംഖപാത്രം, സ്രുവം, സ്രുക്കോടർഘ്യപാത്രങ്ങളങ്ങിനെ 21
മലർപ്പാത്രങ്ങളും, സൽകൃതാക്ഷതങ്ങളിവയാലുമേ.
ദർഭയൊപ്പം വിരിച്ചിട്ടു യഥാവിധി സമന്ത്രമായ്, 22
വേദിമേലഗ്നി കത്തിച്ചു വിധിമന്ത്രപുരസ്സരം
ഹോമിച്ചാനങ്ങു തേജസ്വി വസിഷ്ഠൻ ഭഗവാനൃഷി. 23

കൊണ്ടുവന്നഥ പണ്ടങ്ങളെല്ലാം ചാർത്തിയ സീതയെ
അഗ്നിയ്ക്കടുത്തു രാമൻെറ മുന്നിലായ് നിർത്തിയോതിനാൻ, 24
കൌസല്യാനന്ദകരനോടായിജ്ജനകമന്നവൻ:—
"ഇതാ, എന്മകളാം സീതയങ്ങയ്ക്കു സഹധർമ്മിണി; 25
വാങ്ങിയ്ക്കുകിവളെ,ബ്ഭദ്രം, കൈ പിടിയ്ക്കുക കയ്യിനാൽ;
നിഴൽപോലെ മഹാഭാഗ സതി പിന്തുടരും സദാ." 26
എന്നുരച്ചേകിനാൻ മന്നൻ മന്ത്രസംശുദ്ധമാം ജലം;
അപ്പോളൃഷികളും വിണ്ണോരും നന്നുനന്നെന്നു വാഴ്ത്തിനാർ; 27
മുഴങ്ങീ ദേവതൂര്യങ്ങളും; പൊഴിഞ്ഞൂ പുഷ്പവൃഷ്ടിയും.
ഏവം മന്ത്രോദകത്തോടേ സീതതന്നെക്കൊടുത്തുടൻ 28
ചൊല്ലീടിനാൻ പ്രഹർഷത്തിൽ മുങ്ങിജ്ജനകമന്നവൻ:—
"വത്സ ലക്ഷ്മണ, ഭദ്രം തേ, ഞാൻ തരുന്നൂർമ്മിളാഖ്യയെ 29
വാങ്ങൂ, പാണിഗ്രഹം ചെയ്യൂ, വരൊല്ലാ കാലതാമസം."
എന്നായ്പ്പറഞ്ഞു ജനകൻ ചൊന്നാൻ ഭരതനോടുമേ:— 30
"പിടിയ്ക്കു മാണ്ഡവിയുടെ കൈ കൈകൊണ്ടു രഘൂദ്വഹ."
ശത്രുഘ്നനോടും ധർമ്മാത്മാവോതിനാൻ മിഥിലേശ്വരൻ:— 31
"ചെയ്തുകൊൾക മഹാബാഹോ, ശ്രുതകീർത്തികരഗ്രഹം;
എല്ലാരും നിങ്ങൾ സൌമ്യന്മാരെല്ലാരും ചരിതവ്രതർ 32

Digitized By Kerala Sahitya Akademi

കഴിപ്പിൻ വേളി കാകുത്സ്ഥർ; വരൊല്ലാ കാലതാമസം.”
ജനകച്ചൊല്ലു കേട്ടിട്ടാ നാലുപേർ നാലുപേരുടെ 33
കൈ പിടിച്ചിതു കൈകൊണ്ടു വസിഷ്ഠാനുമതത്തൊടേ.
അഗ്നിവേദിനൃപന്മാരെപ്പെരിയോരൃഷിമാരെയും 34
സഭാര്യ്യരായിട്ടു വലംവെച്ചു രാഘവസത്തമർ
ചൊന്നവണ്ണമനുഷ്ഠിച്ചാർ വിവാഹം വിധിപൂർവകം. 35
വൻപുഷ്പവർഷമുണ്ടായീ വാനിൽനിന്നതിശോഭയിൽ;
മുഴങ്ങീ ദിവ്യതൂര്യ്യങ്ങളും; മുതിർന്നു പാട്ടുകൊട്ടൊലി; 36
ആടിനാരപ്സരസ്ത്രീകൾ; പാടീ ഗന്ധർവർ ഭംഗിയിൽ;
ആശ്ചര്യ്യമിതു കാണായീ രഘുപ്രവരവേളിയിൽ. 37
ഏറ്റം തൂര്യ്യധ്വനി മുഴങ്ങുംപോളഗ്നിയെ മൂന്നുരു
വലംവെച്ചുജ്ജ്വലിഷ്ഠന്മാർ കൈക്കൊണ്ടു ഭാര്യ്യമാർകളെ. 38
പിന്നെസ്സഭാര്യ്യരായ്പ്പോന്നാർ തമ്പിലെയ്ക്കക്കകുത്സ്ഥജർ;
കണ്ടു മന്നവനും പിമ്പേ പോന്നാൻ സസുഹൃദ്ബന്ധുവായ്. 39

---

## എഴുപത്തിനാലാം സർഗ്ഗം. ജാമദഗ്ന്യസമാഗമം

പിന്നെ രാത്രി കഴിഞ്ഞാറേ വിശ്വാമിത്രൻ മഹാമുനി
ഇരുഭൂപരൊടും ചൊല്ലീയുത്തരാദ്രിയ്ക്കു പോയിനാൻ. 1
കൗശികൻ പോയതിൽപ്പിന്നെപ്പോന്നാൻ ദശരഥൻ നൃപൻ
വിദേഹപ്പെരുമാളോടു യാത്ര ചൊല്ലിപ്പുരിക്കുടൻ. 2
പോരുന്നപോതാ നൃപനെപ്പിന്തുടർന്നാൻ നരാധിപൻ;
വിദേഹപ്പെരുമാൾ പിന്നെ സ്ത്രീധനം പെരുതേകിനാൻ: 3
നൂറുനൂറായിരം ഗോക്കളെയുമാ മിഥിലേശ്വരൻ
മികച്ച കംപിളികളും കോടിക്ഷൌമാംബരങ്ങളും 4
ആളാനതേർവാജിയെയും കന്യമാർക്കച്ഛനേകിനാൻ
അണിഞ്ഞു ദിവ്യമട്ടൊത്ത നൽദ്ദാസീദാസർതമ്മെയും; 5
വെള്ളി പൊൻ പവിഴം മുത്തീ ശ്രേഷ്ഠവസ്തുഗണത്തെയും
നല്കീടിനാൻ സ്ത്രീധനമായ്ച്ചിത്തമേറ്റം കളിത്തവൻ. 6
ഇല്ലോം ധനം നല്കി, നരേന്ദ്രനോടു വിട വാങ്ങിയും
തൻഗേഹമാകും മിഥില പുക്കാൻ മൈഥിലമന്നവൻ. 7

Digitized By Kerala Sahitya Akademi

അയോധ്യാപതി രാജാവോ, മഹാന്മാർ പുത്രരൊത്തുടൻ
സർവ്വർഷിമാരെ മുമ്പാക്കിപ്പോന്നാൻ സേനാനുഗാന്വിതൻ. 8
ആ രാഘവർഷിയുതനാം നരവ്യാഘ്രന്റെ യാത്രയിൽ
ക്രൂരസ്വരത്തോടേ കൂകിക്കൊണ്ടാരങ്ങിങ്ങു പക്ഷികൾ; 9
വലത്തുവെയ്ക്കയും ചെയ്താരെല്ലാമബ്ഭൗമമൃഗങ്ങളും.
വസിഷ്ഠനോടു ചോദിച്ചാനതു കണ്ടു നൃപർഷഭൻ:— 10
'ക്രൂരർ പക്ഷികൾ; ഘോരങ്ങൾ വലംവെപ്പൂ മൃഗങ്ങളും;
നെഞ്ചിളക്കമിതെന്താണ്? മനമിണ്ടൽപ്പെടുന്നു മേ.' 11
ഏവം ദശരഥക്ഷ്മാപവാക്കു കേട്ടു മഹർഷിയും
ചൊന്നാൻ മധുരമായ്:—'കേൾക്കുകെ,ന്തിതിൻഫലമെന്നു നീ: 12
പക്ഷിശബ്ദോപനതമാം ഘോരദിവ്യഭയത്തിനെ
ഈ മൃഗങ്ങൾ കെടുക്കുന്നു; സന്താപമിതു കൈവിടാം.' 13
അവർ സംഭാഷണം ചെയ്യെയൊരു കാററങ്ങടിക്കയായ്,
മണ്ണൊട്ടുക്ക വിറപ്പിച്ചും മാമരങ്ങളെ വീഴ്ത്തിയും. 14
മറഞ്ഞു സൂര്യനിരുളാൽ;—ദ്ദിക്കെല്ലാം തെളിവററതായ്;
വെണ്ണീററിൽ മൂടി മൂർച്ഛിച്ചപോലാ,യപ്പടയൊക്കയും. 15
വസിഷ്ഠാദ്യൃഷികൾ, നൃപൻ, സുതന്മാരിവരേ തദാ
ബോധംവിടാതിരുന്നുള്ളു; മററെല്ലാമങ്ങചേതനം! 16
അക്കൂരിരുട്ടിൽ വെണ്ണീററിലാണ്ടപോലായൊരപ്പട
കണ്ടു, വട്ടച്ചിടക്കെട്ടു പൂണ്ട ഭീമസ്വരൂപനെ, 17
മന്നോർമന്നരെ മട്ടിച്ച ഭാർഗ്ഗവൻ ജാമദഗ്ന്യനെ:
കൈലാസംപോലെ ദുർദ്ധർഷൻ, കാലത്തീപോലെ ദുസ്സഹൻ, 18
പ്രാകൃതന്മാർക്കു ദുഷ്പ്രേക്ഷ്യൻ, തേജസ്സാലുജ്ജ്വലിപ്പവൻ,
ഒരു വാർമിന്നൽനേർവില്ലും ഘോരാസ്ത്രവുമെടുത്തവൻ, 19
തോളിൽ വെണ്മഴുവും വെച്ചോൻ, മുപ്പുരാന്തകസന്നിഭൻ;
കത്തും തീയ്യൊക്കുമബ്ഭീമരൂപനെത്തത്ര കാൺകയാൽ 20
ജപഹോമപരന്മാരാം വസിഷ്ഠാദിദ്വിജർഷിമാർ
എല്ലാരുമൊത്തുചേർന്നിട്ടു തമ്മിൽച്ചൊല്ലിത്തുടങ്ങിനാർ:— 21
'ക്ഷത്രത്തെത്തീർക്കകില്ലല്ലീ, പിതൃനിഗ്രഹരോഷിതൻ?
മുന്നം ക്ഷത്രിയരെക്കൊന്നു പോക്കിയല്ലോ രുഷാർത്തികൾ 22
വീണ്ടും ക്ഷത്രക്ഷയം ചെയ്യാനോർത്തിട്ടുണ്ടാകയില്ലിവൻ.'

16

Digitized By Kerala Sahitya Akademi

എന്ന,ർഘ്യമേന്തി മുനിമാർ ഭീമനാം ജാമദഗ്ന്യനെ 23
‘ഹേ രാമ, രാമ’ എന്നേവം വിളിച്ചാർ മധുരസ്വരം.
മുനിമാരുടെ സൽക്കാരമതു വാങ്ങി പ്രതാപവാൻ 24
രാമനാദ്ദാശരഥിയാം രാമനോടോതി ഭാർഗ്ഗവൻ:—

## എഴുപത്തഞ്ചാം സർഗ്ഗം: ജാമദഗ്ന്യവാക്യം.

“രാമ, ദാശരഥേ, വീര, കേൾപ്പൂ നിൻവീർയ്യമദ്ഭുതം;
വില്ലൊന്നൊടിച്ച കഥയും കേട്ടേനൊട്ടൊഴിയാതെ ഞാൻ. 1
ഓർക്കാവതല്ലദ്ഭുത,മാ വില്ലൊടിച്ചതു ഹന്ത, നീ!
അതു കേട്ടിട്ടു വന്നേൻ മറെറാരു നൽവില്ലെടുത്തു ഞാൻ. 2
ജമദഗ്നിയുടേതാകുമപ്പെരുംകൊടുവില്ലിതാ,
കുലയ്ക്കുക ശരോപേതം; കാട്ടിത്തരിക നിൻബലം. 3
ഈ വിൽ കുലയ്ക്കുന്നതിലും നിൻബലം കണ്ടു രാഘവ,
ദ്വന്ദ്വയുദ്ധം തരാം വീർയ്യശ്ലാഘ്യനായ നിനക്കു ഞാൻ” 4
അവൻെറ ഭാഷിതമിതു കേട്ടുദ്ദശരഥൻ നൃപൻ
മുഖം കരിഞ്ഞാതുരനായ്ത്തൊഴുകൈ പൂണ്ടു ചൊല്ലിനാൻ:— 5
“ക്ഷത്രരോഷം ശമിച്ചോൻ, നീ തപസ്സേറിയൊരന്തണൻ;
പൈതങ്ങളാമെൻപുത്രന്മാർക്കഭയം നല്കീടേണമേ! 6
സ്വാധ്യായവ്രതസംയുക്തഭാർഗ്ഗവാന്വയജൻ ഭവാൻ
ശക്രങ്കൽശ്ശപഥം ചെയ്തു ശസ്ത്രം വെച്ചവനല്ലയോ! 7
ഏവം ധർമ്മിഷ്ഠനായ്ബ്ഭൂമി കശ്യപന്നു കൊടുത്തുടൻ
കാട്ടിൽപ്പോയി മഹേന്ദ്രത്തിൽപ്പാർത്തുപോന്നോനുമല്ലയോ! 8
എൻസർവ്വനാശത്തിന്നത്രേ വന്നതങ്ങുന്നു മാമുനേ:
ഇരിയ്ക്കാ, രാമനൊരുവൻ മരിച്ചാൽ ഞങ്ങളാരുമേ!” 9
ഏവം ദശരഥൻ ചൊല്ലെജ്ജാമദഗ്ന്യൻ പ്രതാപവാൻ
ആ വാക്കു വകവെയ്ക്കാതെ ചൊല്ലിനാൻ രാമനോടുതാൻ:— 10
“ഈ വില്ലു രണ്ടുമേ ശ്രേഷ്ഠം, ദിവ്യം ഭുവനവിശ്രുതം,
മുഖ്യം കെല്പൊത്തുറപ്പോടേ വിശ്വകർമ്മവിനിർമ്മിതം: 11
ഒന്നു, വാനോർ പടയ്ക്കുന്നും മുക്കണ്ണന്നു കൊടുത്തതാം;
മുപ്പുരഘ്നമതല്ലോ നീയൊടിച്ചതു നരസത്തമ. 12
ഇതു വൈഷ്ണവവില്ലാണു രാമ, പാരം സമുജ്ജ്വലം;
രുദ്രൻെറ വില്ലിനോടൊപ്പം കെല്പുണ്ടിതിന്നു രാഘവ. 13

Digitized By Kerala Sahitya Akademi

അന്നു വാനവർ ചോദിച്ചാർ പിതാമഹനോടവരും
ശ്രീകണ്ഠവൈകുണ്ഠരുടെ ബലാബലമറിഞ്ഞിടാൻ. 14
വാനോരുടെയഭിപ്രായമറിഞ്ഞിട്ടു പിതാമഹൻ
ആ രണ്ടുപേരെയും തമ്മിൽപ്പിണക്കീ സത്യവത്തമൻ. 15
പിണക്കത്താൽപ്പെരുംപോരും തുടങ്ങീ രോമഹർഷണം
ശ്രീകണ്ഠവൈകുണ്ഠരവർ, തങ്ങളിൽജ്ജയവാഞ്ഛയാൽ. 16
അന്നാകട്ടേ മയങ്ങിപ്പോയ് ശൈവവില്ലുഗ്രവിക്രമം;
ഹുംകാരാൽ സ്തബ്ധനായ്ത്തീൎന്നു മഹാദേവൻ ത്രിനേത്രനും. 17
അന്നേരമമരന്മാരും ചാരണർഷിഗണങ്ങളും
ചെന്നങ്ങപേക്ഷിച്ചതിനാലസ്സുരേശരടങ്ങിനാർ. 18
ശൈവവില്ലച്യുതബലാലടങ്ങിയതു കാണ്കയാൽ,
വിഷ്ണുതാൻ മീതെയെന്നെണ്ണീ വിണ്ണോരുമൃഷിമാർകളും. 19
അരിശം പൂണ്ടു ശിവനോ, വില്ലുമംപുമുരുപ്രഥൻ
വിദേഹത്തിൽദ്ദേവരാതരാജൎഷിവശമേകിനാൻ. 20

രാമ, വൈഷ്ണവമാകുന്നീ വില്ലോ പരപുരഞ്ജയം
ഋചീകഭാർഗ്ഗവൻപക്കലേല്പിച്ചാൻ വിഷ്ണുവുത്തമം; 21
ഋചീകൻ ദിവ്യമെതിരില്ലാത്ത പുത്രനു നല്കിനാൻ,
മഹാനാമെൻപിതാവാകും ജമദഗ്നിക്കു ദീപ്തിമാൻ. 22
എന്നച്ഛനായുധം വെച്ചു വന്തപസ്സിലിരിക്കവേ,
മൃതിപ്പെടുത്തിനാനല്ലോ ബുദ്ധികേടാലെയർജ്ജുനൻ. 23
അതിഘോരമസാമാന്യമച്ഛന്റെ കൊല കേട്ടു ഞാൻ
രുഷാ മുടിച്ചേൻ വളരെപ്രാവശ്യം ക്ഷത്രജാതിയെ. 24
ഭൂവുമെല്ലാം ജയിച്ചധ്വരാന്തേ ദക്ഷിണയായ്ത്തദാ
പുണ്യം ചെയ്യും മഹാത്മാവാം കശ്യപന്നേകി രാമ, ഞാൻ; 25
പിന്നെത്തപോബലം പൂണ്ടു മഹേന്ദ്രത്തിലിരിപ്പുമായ്.
വില്ലൊടിച്ചതു കേട്ടാശു വന്നേനവിടെനിന്നു ഞാൻ: 26
അച്ഛൻമുത്തച്ഛർവകയാമപ്പെരുംവിഷ്ണുവില്ലിതാ,
ക്ഷത്രധൎമ്മത്തെ മുൻനിൎത്തി രാമ, നീ വാങ്ങുകുത്തമം; 27
തൊടുക്ക പള്ളിവില്ലിന്മേൽശ്ശരം പരപുരഞ്ജയം;
ആളാവും നീയതിന്നെങ്കിൽ, ദ്വന്ദ്വം കാകുത്സ്ഥ, ഞാൻ തരാം.'' 28

Digitized By Kerala Sahitya Akademi

## എഴുപത്താറാം സർഗ്ഗം: ജാമദഗ്ന്യദർപ്പഹരണം.

അജ്ജാമദഗ്ന്യമൊഴി കേട്ടിട്ടു ദശരഥാത്മജൻ
താതാദരാലൊതുക്കത്തിലോതിനാൻ രാമനോടുടൻ:— 1
"കേട്ടിട്ടുണ്ടു, ഭവാൻ ചെയ്ത കർമ്മം ഞാൻ ഭൃഗുനന്ദന:
ഉചിതംതന്നെ,യച്ഛന്നു കടം വീട്ടിയതന്തണ. 2
ക്ഷത്രവൃത്തിയ്ക്കശക്തൻ നിർവ്വീര്യനൊന്നെ,ൻമഹസ്സിനെ
തള്ളുന്നുവല്ലോ നീ;യെന്നാൽക്കാണ്കിന്നെൻകെല്പു ഭാർഗ്ഗവ!" 3
എന്നോതി രാഘവൻ ക്രോധാൽബ്ഭാർഗ്ഗവൻെറ ശരാസനം
കരത്തിൽനിന്നു മേടിച്ചാൻ ശരവും ലഘുവിക്രമൻ; 4
ആ വില്ലുഥ കുലച്ചിട്ടു ശരം ഞാണോടിണക്കിനാൻ;
ക്രുദ്ധൻ രാമനുടൻ ജാമദഗ്ന്യരാമനൊടോതിനാൻ:— 5
"പൂജ്യൻ മേ ബ്രാഹ്മണത്വാൽ നീ, കൌശികച്ഛാർച്ഛയാലുമേ;
അതിനാൽ വധ്യ മേ രാമ, നിങ്കൽക്കൊല്ലും ശരം വിടാൻ. 6
ഇക്കാൽനടയെയോ രാമ, നാശിപ്പിയ്ക്കുകവേണ്ടു ഞാൻ,
തപോബലാർജ്ജിതാതുല്യഭുവനങ്ങളെയോ തവ? 7
മാററാർപ്പുരത്തെ വെല്ലുന്ന പള്ളിയമ്പിതു വൈഷ്ണവം
പാഴിൽ വീഴില്ല വീര്യത്താൽ ബലദർപ്പവിനാശനം." 8
അപ്പള്ളിവില്ലു കൈക്കൊണ്ടു രാമനെക്കാണ്മതിന്നുടൻ
കൂട്ടമിട്ടെത്തിനാർ ബ്രഹ്മപുരോഗരമരർഷികൾ; 9
അപ്സരസ്സുകൾ ഗന്ധർവ്വർ സിദ്ധചാരണകിന്നരർ
യക്ഷരക്ഷഃഫണികളും കാണ്മവാനാമഹാദ്ഭുതം. 10

ലോകം സ്തംഭിയ്ക്കുമാറന്നു രാമൻ വൻവില്ലെടുത്തതിൽ
നിർവ്വീര്യനായ്ബ്ഭാർഗ്ഗവനാം രാമൻ രാമനെ നോക്കിനാൻ. 11
തേജസ്സാൽ വീര്യമററോനായ് മരവിച്ച ഭൃഗൂദ്വഹൻ
മല്ലാക്ഷനാം രാമനൊടു ചൊല്ലിനാൻ മെല്ലെമെല്ലവേ:— 12
"പണ്ടു ഞാൻ മന്നുലകിനെക്കശ്യപന്നു കൊടുത്തനാൾ,
'എൻനാട്ടിൽപ്പാർക്കുവാൻ പാടില്ലെ'ന്നാനെന്നോടു കശ്യപൻ. 13
ഗുരുക്തികാരി ഞാൻ രാവിൽപ്പാർക്കമാറില്ല ഭൂമിയിൽ:
ചെയ്തേൻ പ്രതിജ്ഞ ഞാനൂഴി കശ്യപന്നേകി രാഘവ. 14
അതിനാൽ വീര, നീയീയെൻനട പോക്കായ്ക രാഘവ;
മനോജവത്തിൽപ്പോയ്ക്കൊള്ളാം ശ്രീമഹേന്ദ്രമലയ്ക്കു ഞാൻ. 15

Digitized By Kerala Sahitya Akademi

രാമ, നേരററ ലോകങ്ങൾ നേടിനേൻ ഞാൻ തപസ്സിനാൽ!
മുടിച്ചുകൊൾക നല്ലമ്പാലവ, രാമ സമരശാലാ. 16
അറിഞ്ഞേൻ, നക്ഷയൻ ദേവപ്രവരനാം മധുമാഥി നീ:
ഈ വില്ലെടുത്തുവല്ലോ നീ, സ്വസ്തിയങ്ങേക്കരിന്ദമ! 17
ഇതാ, വന്നെത്തി നോക്കുന്നു ദേവവൃന്ദങ്ങളൊക്കെയും,
എതിർകൈ, പോരിലെതിരാളിയില്ലാത്ത താങ്കളെ. 18
എനിക്കു ലജ്ജ പാറാനുമിടയില്ലാ കകുത്സ്ഥജ,
മുപ്പാർനാഥൻ ഭവാനെന്നെപ്പിന്തിരിപ്പിച്ചുകൊണ്ടതിൽ. 19
കിടയററ ശരം രാമ, വിട്ടുകൊള്ളുക സുവ്രത!
അമ്പെയ്തശേഷം പോയ്ക്കൊള്ളാം ശ്രീമഹേന്ദ്രമലയ്ക്കു ഞാൻ.” 20
ജമദഗ്നിസുതൻ രാമനേവം ചൊല്ലേ, പ്രതാപവാൻ
രാമൻ ദാശരഥി ശ്രീമാനെയ്തിതുത്തമമാം ശരം. 21
തപോജിതസ്വലോകങ്ങളവ രാമൻ മുടിച്ചതായ്
കണ്ടിട്ടബ്ഭാർഗ്ഗവൻ പോയാൻ ശ്രീമഹേന്ദ്രമലയ്ക്കുടൻ. 22
അപ്പോളിരുട്ടററവയായ് ദിഗ്വിദിക്കുകളൊക്കെയും!
വാഴ്ത്തി സുരർഷിവൃന്ദങ്ങൾ വില്ലുയർത്തിയ രാമനെ. 23
രാമനാം ദാശരഥിയെ വാഴ്ത്തിബ്ഭാർഗ്ഗവരാമനും
വലത്തുവെച്ചു പോയ്ക്കൊണ്ടാൻ സ്വസ്ഥാനത്തേക്കുതാൻ പ്രഭു. 24

---

## എഴുപത്തേഴാം സർഗ്ഗം: അയോധ്യാപ്രത്യാഗമനം.

രാമൻ പോയളവിൽശ്ശാന്തൻ രാമൻ ദശരഥാത്മജൻ,
അമേയൻ വരുണൻപക്കലേകിനാൻ വില്ലുമസ്ത്രവും. 1
പിന്നെ രാമൻ വസിഷ്ഠാദിമുനിമാരെപ്പണിഞ്ഞുടൻ,
ദീനനാമച്ഛനെക്കണ്ടു ചൊല്ലിനാൻ രഘുനന്ദനൻ:— 2
‘പോയല്ലോ ഭാർഗ്ഗവൻ രാമൻ! നാലംഗമിയലും പട
അയോധ്യയ്ക്കായ് നടക്കട്ടേ, നാഥനാം തവ രക്ഷയിൽ.’ 3
ഭൂപൻ ദശരഥൻ രാമഭാഷിതം കേട്ടു പുത്രനെ
കെട്ടിപ്പുണർന്നാൻ; ചുംബിച്ചാൻ കാകുത്സ്ഥന്റെ മൌലിയിൽ! 4
പോയ് രാമനെന്നു കേട്ടുള്ളംകുളിർത്തു മുദിതൻ നൃപൻ
പുനർജ്ജനിച്ചതായോർത്താൻ തന്നെയും മകനേയുമേ! 5
നടത്തിനാനപ്പടയെ;പ്പോന്നാൻ പുരിയിലേക്കുടൻ:
കൊടിക്കാൽ കൊടിയും തൂര്യഘോഷവും ചേർന്നു രമ്യമായ്, 6

Digitized By Kerala Sahitya Akademi

പാത തൂത്തു തളിച്ചങ്ങു പൂക്കൾ ചേലിൽ വിരിച്ചതായ്,
എഴുന്നള്ളത്തിൽ മോദിച്ച പൌരർ മംഗളവാദികൾ 7
നിറഞ്ഞതാമതുൾപ്പുക്കാൻ ജനൌഘാലംകൃതം നൃപൻ,
പൌരർ ദൂരാൽപ്പുരിയിലെ ദ്വിജരൊത്തെതിരേററവൻ. 8
ശ്രീമാന്മാർ മക്കൾ പിറകേ ചേർന്നോൻ, ശ്രീമാ,നുരുപ്രഥൻ,
പുക്കാൻ പനിമലയ്യൊത്ത കൊട്ടാരം വീണ്ടുമേ നൃപൻ! 9
നന്ദിച്ചാൻ ബന്ധുയുതനായ്ബ്ഭോഗ്യസംപൂജിതൻ ഗൃഹേ.
കൌസല്യ കൈകേയിയുമസ്സുമധ്യമ സുമിത്രയും 10
സ്നുഷോപചാരേ ശ്രദ്ധിച്ചാർ, മററു മന്നവമാതരും:
ധന്യയാം സീതയേയും പേരാളുമൂർമ്മിളയാളെയും 11
കൈക്കൊണ്ടു രാജ്ഞികൾ, കുശധ്വജനന്ദിനിമാരെയും;
മംഗളച്ചൊല്ലുകളൊടേ, വെൺവസ്ത്രത്താൽ വിളങ്ങുവോർ 12
ദേവാലയങ്ങളെ ക്ഷിപ്രം പൂജിച്ചാരവരേവരും.
വന്ദനീയരെയെല്ലാമേ വന്ദിച്ചാ രാജപുത്രിമാർ 13
രമിച്ചു ഭർത്താക്കളുമായ് രഹസ്സിൽസ്സുഖമേവരും.
കുമാരരും മഹാത്മാക്കൾ, വീര്യത്താൽ മന്നിൽ നിസ്തുലർ, 14
വേട്ടോർ, കൃതാസ്ത്രർ, സംപത്തും കൂട്ടുകാരുമിയന്നവർ
പിതൃശുശ്രൂഷയും ചെയ്തു വാഴ്കയായ് പുരുഷർഷഭർ. 15
പിന്നെക്കുറച്ചുനാൾ ചെന്നശേഷം ദശരഥൻ നൃപൻ
കൈകേയീസൂനു ഭരതനുണ്ണിയോടോതി രാഘവൻ:— 16
‘വീര, നിന്നെക്കൊണ്ടുപോകാൻ വന്നു പാർക്കുകയാണിതാ,
നിന്നമ്മാമൻ യുധാജിത്തു കേകയേശസുതൻ സുത.’ 17
അച്ഛന്റെയരുൾ കേട്ടിട്ടു ഭരതൻ കൈകയീസുതൻ
പോകാനൊരുങ്ങിനാനന്നു ശത്രുഘ്നനൊടു കൂടവേ। 18
അച്ഛനോടഗ്ര്യകർമ്മാവാം രാമനോടമ്മമാരൊടും
ചൊല്ലിശ്ശൂരൻ നരശ്രേഷ്ഠൻ പോയാൻ ശത്രുഘ്നയുക്തനായ്. 19
ഭരതൻ പോയതിൽപ്പിന്നെ രാമലക്ഷ്മണരൂർജ്ജിതർ
ശുശ്രൂഷ ചെയ്തുപോന്നാരദ്ദേവസംകാശനച്ഛനെ. 20
അച്ഛന്റെയാജ്ഞ മുൻനിർത്തിപ്പൌരകാര്യങ്ങളൊക്കയും
നടത്തീ ധർമ്മപരനാം രാമൻ പ്രിയഹിതങ്ങളും. 21
മാതാക്കൾക്കായ് മാതൃകാര്യം ചെയ്താ,വോളമൊതുങ്ങിയോൻ
കാലേ കാലേ ഗുരുക്കൾക്കായ്ഗ്ഗുരുകാര്യം നടത്തിനാൻ. 22

Digitized By Kerala Sahitya Akademi

അതിൽദ്ദശരഥൻ പ്രീതിപ്പെട്ടു, വാണിജർ, വിപ്രരും,
രാമൻെറ ശീലവൃത്തത്താൽ രാജ്യവാസികളേവരും. 23
അവർക്ക കീർത്തിമാൻ രാമൻ പാരിൽസ്സത്യപരാക്രമൻ,
ഭൂതങ്ങൾക്കാത്മഭൂവെന്നപോലെയായ് ഗുണവത്തരൻ. 24
മനസ്വി രാമനും നീണാൾ വിഹരിച്ചാൻ സസീതനായ്,
അവളുള്ളിൽ പ്രതിഷ്ഠിച്ചോന,വളിൽക്കരളൊട്ടിയോൻ: 25
സീത വല്ലഭയായ് രാമന്ന,ച്ഛൻ വേൾപ്പിച്ചതാകയാൽ;
ഗുണങ്ങളാൽ, മെയ്യഴകാൽ വളൻു പ്രീതി പിന്നെയും! 26
അവൾക്കും കണവൻ ചിത്തേ വാണുകൊണ്ടാനിരട്ടിയായ്.
അവൻെറയുള്ളിലെബ്ഭാവംപോലും സുവ്യക്തമുള്ളിനാൽ 27
ഏറെച്ചുട്ടതലായ്ക്കാണ്മോൾ സീത മൈഥിലി ജാനകി
രൂപത്തിൽദ്ദേവതാതുല്യ മൂർത്തശ്രീപോലിരിപ്പവൾ! 28
നൃപർഷിപുത്രൻ വിദുരാമനാ പ്രിയം
വളൻ രാജോത്തമകന്യയാളൊട്ടം
ഇണങ്ങി മോദേന വിളങ്ങിനാൻ തുലോം!
സുരേശ്വരൻ ശ്രീയൊടു വിഷ്ണുപോലവേ. 29

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi